# സ്പന്ദനം

യുവജനങ്ങൾക്ക് ഒരു മാർഗ്ഗരേഖ



എം. സി. വൈ. എം.

തിരുവനന്തപുരം മേജർ അതിരൂപതാ പ്രസിദ്ധീകരണം

www.malankaralibrary.com

# സ്പന്ദനം

യുവജനങ്ങൾക്കൊരു മാർഗ്ഗരേഖ

എം.സി.വൈ.എം.

തിരുവനന്തപുരം മേജർ അതിരൂപതാ പ്രസിദ്ധീകരണം

www.malankaralibrary.com

# സ്പന്ദനം

## യുവജനങ്ങൾക്കൊരു മാർഗ്ഗരേഖ


പ്രസാധനം

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിരൂപത

കലയും അച്ചടിയും

സെന്റ് മേരീസ് പ്രസ്
പട്ടം, തിരുവനന്തപുരം
ഫോൺ : 2446116, 2443374

കവർ

റോയി തണ്ണിത്തോട്

വില

35 രൂപ


www.malankaralibrary.com

# ഉൾപേജുകളിൽ

അവതാരിക

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ**

സന്ദേശം

**ഫാ. ജോൺ വിളയിൽ**

പ്രവേശിക

**ഫാ. തോമസ് കയ്യാലയ്ക്കൽ**

---


- ബൈബിൾ - ആമുഖ പഠനം
- വി. കുമ്പസാരവും വി. കുർബാനയും
- കത്തോലിക്കാ സഭ
- യുവജന ആദ്ധ്യാത്മികത
- മനുഷ്യജീവനെതിരെയുള്ള വെല്ലുവിളികൾ
- ലൈംഗികധാർമ്മികത
- കത്തോലിക്കാ സഭയും പെന്തക്കോസ്തു പ്രസ്ഥാനങ്ങളും
- ഈശ്വരാനുഭവവും നിരീശ്വര പ്രസ്ഥാനങ്ങളും
- മാധ്യമങ്ങളും സഭയിലെ യുവജനങ്ങളും
- ലഹരിവസ്തുക്കളുടെ ദുരുപയോഗം
- എം.സി.വൈ.എം.



*തയ്യാറാക്കിയവർ*

● ഡോ. ജോൺ വൈപ്പിൽ ● ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

● ഡോ. ഫിലിപ്പ് ചെമ്പകശ്ശേരിൽ ● ഡോ. തോമസ് കുളങ്ങര

● ഫാ. ജോസഫ് പൂവത്തുംതറയിൽ

● ഡോ. ജോൺ പടിപ്പുരയ്ക്കൽ ● ഡോ. വർഗീസ് നടുതല

● ഡോ. തോമസ് നായിക്കംപറമ്പിൽ ● ഡോ. എബ്രഹാം ജോസഫ്

● ജോസഫ് മുണ്ടയ്ക്കൽ ● ഫാ. ബോവസ് മാത്യു മേലൂട്ട്


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# നവീകരണത്തിന്റെ മാർഗ്ഗരേഖ

തിരുവനന്തപുരം മേജർ അതിരൂപതുടെ സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ വർഷം മേജർ അതിരൂപതയിലെ യുവജനങ്ങൾക്കായി ഒരു മാർഗ്ഗരേഖ 'സ്പന്ദനം' എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്നു. സഭയിലെ യുവജനങ്ങൾ ജീവിതത്തിൽ അറിയേണ്ടതും പഠിക്കേണ്ടതുമായ ചില അടിസ്ഥാനപരമായ വിഷയങ്ങളാണ് ഈ ഗ്രന്ഥത്തിൽ ചർച്ചചെയ്യുന്നത്. ഈ വിഷയങ്ങളിൽ മലങ്കര കത്തോലിക്കാസഭയുടെ നിലപാടുകൾ ഇതിൽ വിശദീകരിക്കുന്നു. സഭയുടെ മക്കളായിരിക്കുമ്പോൾ സഭയുടെ അടിസ്ഥാന വിശ്വാസത്തിൽ വളരാനുള്ള ക്ഷണം 'സ്പന്ദനം' നൽകുന്നു. പ്രതിലോമ ശക്തികൾ നമ്മുടെ യുവജനങ്ങളെ വഴിതെറ്റിക്കുകയും സമ്മർദ്ദ തന്ത്രങ്ങളിലൂടെ പ്രായോഗിക നിരീശ്വരത്വത്തിലേക്ക് നയിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഈ ചെറുഗ്രന്ഥത്തിന് ഏറെ പ്രസക്തിയുണ്ട്. 'സ്പന്ദനം' തിരുവനന്തപുരം മേജർ അതിരൂപതയിലെ എല്ലാ യുവജനങ്ങൾക്കും പഠനത്തിനായി നൽകുന്നു. നമ്മുടെ ഇടവകകളിലെ എല്ലാ യുവജനങ്ങളും ഈ ഗ്രന്ഥം വായിക്കേണ്ടതാണ്. പ്ലാറ്റിനം ജൂബിലിവർഷം മേജർ അതിരൂപതയെ സംബന്ധിച്ചിടത്തോളം നവീകരണത്തിന്റെ വർഷമാണ്. മേജർ അതിരൂപതയിലെ യുവജനങ്ങളുടെ ആത്മീയ നവീകരണത്തിന് ഈ ഗ്രന്ഥം സഹായകമാവട്ടെ എന്ന് ആശംസിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

+ Mar Cleemis I.

**+ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ**
മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

# ആത്മീയതയിലേക്ക് വളരുവാൻ...

മേജർ അതിരൂപതാ പ്ലാറ്റിനം ജൂബിലി വർഷത്തിൽ "സ്പന്ദനം" യുവജനങ്ങൾക്കായി സമർപ്പിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. മലങ്കര കത്തോലിക്കാ യുവജനങ്ങൾ അറിഞ്ഞിരിക്കേണ്ടതും പഠിച്ചിരിക്കേണ്ടതുമായ സഭയുടെ അടിസ്ഥാനതത്വങ്ങളാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം.

പ്രബുദ്ധരായ ഒരു യുവതലമുറയ്ക്ക് മാത്രമേ സമൂഹത്തെ ശരിയായ മാറ്റത്തിലേക്ക് നയിക്കാൻ സാധിക്കൂ. മാറ്റങ്ങൾ സ്വാഭാവികമായി നടക്കുന്ന പ്രതിഭാസമാണെങ്കിലും നന്മയിലേക്കും ദൈവികതയിലേക്കുമുള്ള മാറ്റങ്ങൾക്ക് ഏറെ പ്രയത്നം ആവശ്യമാണ്. കാലത്തിനൊത്തൊരു മാറ്റം, ഒഴുക്കിനു നേരെയുള്ള നീന്തൽപോലെയാണ്. ഒഴുക്കിനെതിരെ നീന്താൻ ദൈവവചനവും സഭയുടെ അടിസ്ഥാന പ്രബോധനങ്ങളും നമ്മെ നിർബന്ധിക്കുന്നു. ദൈവ വചനം നമുക്കുനേരെ നീട്ടുന്ന വെല്ലുവിളികളെ ധൈര്യപൂർവ്വം സ്വീകരിക്കാൻ ഇച്ഛാശക്തിയും ക്രൈസ്തവ ആദ്ധ്യാത്മികതയും ആവശ്യമാണ്.

ഏതൊരു സമൂഹത്തിന്റെയും ശക്തി അതിന്റെ യുവജനങ്ങളിലാണ്. അതിനാലാണ് രാഷ്ട്രീയ സംഘടനകളൊക്കെ യുവജനങ്ങളെ ഞങ്ങളുടെ പക്ഷത്താക്കാൻ ഏറെപണിപ്പെടുന്നതും ഏതു അതിക്രമങ്ങളും ചെയ്യിപ്പിക്കുന്നതും.

എം.സി.വൈ.എം. അംഗം എന്ന നിലയിൽ ഈ സമൂഹത്തോടും സഭയോടും നമുക്ക് ഏറെ കടമയും കർത്തവ്യങ്ങളുമുണ്ട്. നമുക്കേല്പിച്ചു തന്നിരിക്കുന്ന ഉത്തരവാദിത്വത്തെക്കുറിച്ച് നാം ബോധ്യമുള്ളവരായിരിക്കേണ്ടതുണ്ട്. ഉത്തരവാദിത്വങ്ങൾ വ്യത്യസ്തമാണെങ്കിലും എല്ലാറ്റിന്റേയും അടിസ്ഥാനം യുവാവായ യേശുക്രിസ്തുവിന്റെ വചനങ്ങളാണ്, ദൈവ കല്പനകളാണ്. വചനമായ യേശുക്രിസ്തുവിനെ അടുത്തറിയുകയും അവന്റെ പ്രബോ

www.malankaralibrary.com

ധനങ്ങൾ പഠിക്കുകയുമാണ് ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നട പ്പിലാക്കുന്നതിന്റെ ആദ്യപടി. അതിന് കൂട്ടായ പ്രാർത്ഥനയും പഠനവും ആവശ്യമാണ്. 'സ്പന്ദനത്തിന്റെ ലക്ഷ്യവും ഇതുതന്നെ'.

എല്ലാ ആഴ്ചയിലും നടത്തപ്പെടുന്ന യൂണിറ്റ് മീറ്റിങ്ങുകളിൽ മാസത്തിലെ ഒരു യൂണിറ്റ് മീറ്റിംങ് 'സ്പന്ദന' ത്തിലെ ഒരു അദ്ധ്യായം പഠിക്കുന്നതിനുവേണ്ടി മാറ്റിവക്കാവുന്നതാണ്. സൗക ര്യമുള്ള യൂണിറ്റിൽ ഞായറാഴ്ച വൈകുന്നേരങ്ങളിൽ വികാരിയ ച്ചന്റെ സഹായത്തോടെ ഈ ക്ലാസ് നടത്തിയാൽ എല്ലാവരുടെയും പങ്കാളിത്തവും കൃത്യനിഷ്ഠയും ഉറപ്പുവരുത്തുവാൻ സാധിക്കും. മറ്റ് യൂണിറ്റുകളിൽ സിസ്റ്റർ ആനിമേറ്ററിന്റേയോ ലേ ആനിമേറ്ററി ന്റെയോ നേതൃത്വം സ്വീകരിക്കാവുന്നതാണ്. ഓരോ സ്റ്റഡീക്ലാസ്സി ന്റേയും റിപ്പോർട്ടും ഹാജർ നിലവാരവും യൂണിറ്റ് സെക്രട്ടറി എഴു തിസൂക്ഷിക്കേണ്ടതും ജില്ലാ/മേജർ അതിരൂപതാ കാര്യാലയം ആവ ശ്യപ്പെടുന്ന സമയത്ത് സമർപ്പിക്കേണ്ടതുമാണ്. ഓരോ ക്ലാസ്സി ന്റെയും അവസാനം ക്രിയാത്മകമായ ചർച്ചകളും ഡിബേറ്റുകളും നടത്തപ്പെടേണ്ടതാണ്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ യൂണിറ്റ് ജില്ലാതലങ്ങളിൽ പരീക്ഷകൾ ക്രമീകരിക്കുന്നതും ലഭി ക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ പോയിന്റും ഗ്രേഡും കണ ക്കാക്കുന്നതുമാണ്. യൂണിറ്റിൽ 50 ശതമാനം മാർക്ക് ലഭിക്കുന്ന എല്ലാവരും ജില്ലാതല മത്സരത്തിന് യോഗ്യതനേടുന്നതും അതി രൂപതയിൽ ഈ പോയിന്റ് രചനാമത്സരങ്ങളുടെ പോയിന്റിനോ ടൊപ്പം ചേർക്കുന്നതുമാണ്. യൂണിറ്റുപരീക്ഷയിൽ പങ്കെടുക്കു ന്നവരെ മാത്രമേ ജില്ലാ/മേജർ അതിരൂപതാ കലോത്സവത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ. ഈ വർഷം നടത്തപ്പെടുന്ന രചനാമ ത്സരങ്ങളുടേയും കലോത്സവങ്ങളുടേയും വിഷയങ്ങളും സ്പന്ദ നത്തിലെ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും. യൂണിറ്റ് ശക്തീകരണം അംഗങ്ങളുടെ സമഗ്രമായ വളർച്ച എന്നീ ലക്ഷ്യങ്ങളോടെ ഈ വർഷം തുടക്കംകുറിക്കുന്ന സ്റ്റഡീക്ലാസ്സിനും സ്പന്ദനത്തിനും ഏവരുടേയും പിന്തുണയും പ്രോത്സഹനവും ആവശ്യപ്പെട്ടുകൊണ്ട്

സ്നേഹപൂർവം

**ഫാ. ജോൺവിളയിൽ**

ഡയറക്ടർ

www.malankaralibrary.com

പ്രവേശിക

# ഒരു പുതിയ സംസ്കാരത്തിനായി...

ജീവന്റെ സംസ്ക്കാരവും മരണത്തിന്റെ സംസ്ക്കാരവും തമ്മിൽ ഭീകരമായ സംഘട്ടനം നടക്കുന്ന കാലഘട്ടമാണിത്. നന്മയും തിന്മയും തമ്മിൽ വേർതിരിച്ചറിയുവാനുള്ള കഴിവ് യുവജനങ്ങൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നന്മയുടെ രൂപത്തിൽ തിന്മ അവരുടെ മുൻപിൽ അവതരിപ്പിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ ശരിയായ മൂല്യങ്ങൾ എന്താണെന്നും യഥാർത്ഥ ആവശ്യങ്ങൾ ഏതെല്ലാമെന്നും തിരിച്ചറിയാനുള്ള വിവേചനശക്തിയും വിമർശനബുദ്ധിയും യുവജനങ്ങൾ വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. ഒരു പുതിയ സംസ്ക്കാരം അവർ ആർജ്ജിച്ചെടുക്കേണ്ടിയിരിക്കുന്നു. വ്യക്തികളുടെയും സമൂഹങ്ങളുടെയും ഉള്ളിൽ നിന്ന് നവീകരിക്കുന്നതിലൂടെ മാത്രമേ പുതിയ സംസ്കാരം ഉടലെടുക്കുകയുള്ളൂ. ഈ സംസ്ക്കാരം എല്ലാ തലങ്ങളിലുമുള്ള പുതിയ ജീവിതശൈലി ആവശ്യപ്പെടുന്നു.

ഒരു പുതിയ സംസ്കാര രൂപീകരണത്തിന്റെ ആദ്യത്തെപടി മനഃസാക്ഷിയയുടെ രൂപീകരണമാണ്. ശരിയായ അറിവ് പകർന്നു കൊടുക്കുക എന്നത് മനഃസാക്ഷിരൂപീകരണവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവന്റെയും സ്നേഹത്തിന്റെയും അതുല്യമായ മൂല്യത്തെക്കുറിച്ച് ഓരോ യുവജനങ്ങളുടെയും മനസാക്ഷിയിൽ ഉത്തമമായ ബോധ്യവും അറിവും പകർന്നുകൊടുക്കാൻ ശ്രമിക്കുക എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. ഇത് സഭയിലെ യുവജനങ്ങൾക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന ഗ്രന്ഥമാണ്. നാളത്തെ സമൂഹത്തിന്റെ ഭാവി ഇന്നത്തെ യുവജനങ്ങളുടെ കരങ്ങളിലാണ്. അവരെ ശരിയായ വിശ്വാസത്തിന്റെ പാതയിൽ നയിക്കുന്നതിലൂടെ മാത്രമേ സമൂഹത്തിന്റെ ഭാവി ശോഭനമാകൂ. ഈ ഗ്രന്ഥത്തിൽ ചർച്ചചെയ്യുന്ന വിഷയങ്ങൾ മുഴുവനും ഒരു പുതിയ സംസ്കാരത്തിലേക്ക് വളരാൻ സഭയിലെ യുവജനങ്ങളെ സഹായിക്കുന്നത്. ഇത് അവരുടെ ജീവിതത്തിനുള്ള മാർഗ്ഗരേഖയാണ്. ഈ ഗ്രന്ഥം ജീവിതമാക്കാൻ സഭയിലെ യുവജനങ്ങൾ തയ്യാറാകു

www.malankaralibrary.com

മ്പോൾ സമൂഹത്തിന്റെ സ്പന്ദനങ്ങളായി അവർ മാറുകയാണ്. ഇവിടെ ആവശ്യം ആത്മപരിശോധനയാണ്. വിശ്വാസവും ജീവിതവും തമ്മിൽ എത്രമാത്രം പൊരുത്തവും പൊരുത്തക്കേടും നിലനിൽക്കുന്നു എന്ന് കർക്കശമായ ഒരു ആത്മപരിശോധന നടത്തുവാൻ സഭയിലെ ഓരോ യുവാവും യുവതിയും തയ്യാറാകണം.

ഈ ഗ്രന്ഥത്തിൽ ചർച്ചചെയ്യുന്ന വിഷയങ്ങൾ മുഴുവൻ സഭയിലെ യുവജനങ്ങൾ അടിസ്ഥാനപരമായ മനസ്സിലാക്കേണ്ടിയിരിക്കുന്ന അറിവുകളാണ്. ഈ വിഷയങ്ങളിലുള്ള കത്തോലിക്കാസഭയുടെ നിലപാടുകളാണ് ഇതിൽ വിശദീകരിക്കുന്നത്. സഭയുടെ നിലപാടുകൾ സഭയിലെ യുവജനങ്ങളുടെ നിലപാടുകൾ ആവുക എന്നതാണ് ഈ ഗ്രന്ഥം ലക്ഷ്യം വയ്ക്കുന്നത്. യേശുവിന്റെ കണ്ണിലൂടെ എന്തിനെയും കാണാൻ കഴിയുന്ന ഒരു ആത്മീയത സ്വന്തമാക്കാൻ യുവജനങ്ങളെ പ്രേരിപ്പിക്കുന്ന എന്നതു ഇതിന്റെ ലക്ഷ്യമാണ്. ബന്ധങ്ങൾപോലും സമ്പത്തിന്റെ പേരിൽ അളക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ നന്മയുടെയും ജീവന്റെയും സ്നേഹത്തിന്റെയും പുതിയസംസ്ക്കാരം രൂപപ്പെടുത്താൻ യുവജനങ്ങൾക്ക് സാധിക്കണം.

ലോക ജനസംഖ്യയിൽ 42 ശതമാനത്തോളം തിളയ്ക്കുന്ന രക്തമുള്ള യുവജനങ്ങളാണ്. യുവത്വം ജീവിതത്തിന്റെ വസന്തകാലഘട്ടമാണ്. യുവജനങ്ങളെ എന്നും പ്രോത്സാഹിപ്പിക്കുകയും സ്നേഹക്കുകയും ചെയ്തിരുന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പ ഒരിക്കൽ പറഞ്ഞു "യുവത്വം കാലഘട്ടത്തിന്റേതാണ്. അത് നിങ്ങളുടെ സ്വന്തമല്ല അത് വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ നിങ്ങൾക്ക് കഴിയണം". യുവത്വത്തിന്റെ കഴിവുകളും സിദ്ധികളും പക്വതയോടും പരിചിന്തനത്തോടും ഉപയോഗിക്കുവാൻ യുവജനങ്ങൾക്ക് സാധിക്കണം. പഴയതലമുറയിൽ നിന്നും പുതിയ തലമുറയ്ക്കുള്ള ധാർമ്മിക മൂല്യങ്ങളുടെ കുറവ് പരിഹരിക്കാൻ യുവജനങ്ങൾക്ക് മാത്രമേ സാധിക്കൂ. യുവത്വം ധർമ്മമാർഗ്ഗങ്ങളിലൂടെ ചരിച്ചാൽ മാത്രമേ സമൂഹത്തിന് ഉന്നതി ഉണ്ടാവുകയുള്ളൂ. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിൽ പിതാക്കന്മാർ യുവജനസമൂഹത്തെ ഉദ്ബോധിപ്പിച്ചുകൊണ്ട് പറഞ്ഞത് "ഒന്നുകിൽ നിങ്ങൾ നന്മയുടെ പുതിയ സമൂഹത്തെ സൃഷ്ടിക്കും. അല്ലെങ്കിൽ നിങ്ങളും സമൂഹവും നശിക്കും.

പൗലോസ്ശ്ലീഹായുടെ വചനം ഓർമ്മിക്കുക. "പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ. പ്രകാശത്തിന്റെ ഫലം

www.malankaralibrary.com

സകലനന്മയിലും നീതിയിലും സത്യത്തിലുമാണ് പ്രത്യക്ഷപ്പെടുന്നത്. കർത്താവിന് പ്രസാദകരമായിട്ടുള്ളവ വിവേചിച്ചറിയുവിൻ. അന്ധകാരത്തിന്റെ നിഷ്ഫലമായ പ്രവർത്തികളിൽ പങ്കുചേരരുത്. പകരം അവയെ കുറ്റപ്പെടുത്തുവിൻ" (എഫേ 5:9-11). മൃത്യു സംസ്കാരത്തിന്റെ അതിപ്രസരത്തിൽ ജീവന്റെ സംസ്കാരത്തിന് ഉദയം കൊടുക്കുവാൻ ചങ്കൂറ്റമുള്ള യുവജനങ്ങൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

സഭയിലെ യുവജനങ്ങളുടെ ആത്മീയ വളർച്ചയിൽ സഹായിക്കുന്ന ഈ ഗ്രന്ഥത്തിലെ ലേഖനങ്ങൾ എഴുതി സഹായിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. ഇതിന്റെ പ്രിന്റിംഗ് ജോലികൾ നിർവ്വഹിച്ച് ഞങ്ങളെ സഹായിച്ച വർഗ്ഗീസ് കാലായിൽ വടക്കേതിൽ അച്ചനോടും സെന്റ് മേരീസ് പ്രസ്സിലെ സഹോദരങ്ങളോടുമുള്ള നന്ദിയും അറിയിക്കുന്നു.

**ഫാ. തോമസ് കയ്യാലയ്ക്കൽ** (എഡിറ്റർ)

അസി. ഡയറക്ടർ

www.malankaralibrary.com

# ബൈബിൾ - ആമുഖ പഠനം

ഉല്പത്തി മുതൽ വെളിപാടുവരെയുള്ള 73 പുസ്തകങ്ങളുടെ സമാഹാരമായ ബൈബിൾ പുസ്തകങ്ങളുടെ പുസ്തകം, വി.ഗ്രന്ഥം, വി.ലിഖിതം, വേദപുസ്തകം എന്നീ നാമങ്ങളിൽ അറിയപ്പെടുന്നു. ക്രിസ്ത്യാനികളുടെ മതഗ്രന്ഥമായ ബൈബിൾ, ചെറിയപുസ്തകം എന്നർത്ഥമുള്ള BIBLION എന്ന ഗ്രീക്കു ഏകവചനത്തിന്റെ ബഹുവചനവുമായ BIBLIA എന്ന വാക്കിൽ നിന്ന് ഉത്ഭവിച്ചു.

**വിഭജനം**

73 പുസ്തകങ്ങളുടെ സമുച്ചയമായ ബൈബിളിനെ പൊതുവായി പഴയനിയമമെന്നും പുതിയ നിയമമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു.

പഴയനിമയത്തിന്റെ മൂലഭാഷ ഹീബ്രുവാണ്. സൃഷ്ടി മുതൽ ക്രിസ്തുവിന്റെ കാലഘട്ടംവരെയുള്ള ചരിത്രമാണിത്. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൽ രൂപം പ്രാപിച്ച 46 പുസ്തകങ്ങളുടെ സമാഹാരമാണിത്.

പുതിയനിമയത്തിന്റെ മൂലഭാഷ ഗ്രീക്കാണ്. ക്രിസ്തുവിന്റെ വരവു മുതൽ ആദിമ സഭയുടെ കാലഘട്ടം വരെയുള്ള 27 പുസ്തകങ്ങളുടെ സമാഹാരമാണിത്. രക്ഷകനായ ക്രിസ്തുവിന്റെ ജീവിതം, പ്രവൃത്തികൾ, പ്രബോധനം, അപ്പസ്തോലന്മാരുടെ പ്രവർത്തനം, പ്രേഷിത പ്രവർത്തനങ്ങൾ, ആദിമസഭയുടെ ഉത്ഭവവും വളർച്ചയും, സഭാദർശനങ്ങളും, ധാർമ്മിക പ്രബോധനങ്ങളും പുതിയനിയമ പുസ്തകങ്ങളിൽ കാണാവുന്നതാണ്.



www.malankaralibrary.com

പഴയനിയമം പുതിയനിയമത്തിന്റെ പശ്ചാത്തലവും മുന്നോടിയുമാണ്. പുതിയനിയമം പഴയനിയമത്തിന്റെ പൂർത്തീകരണവുമാണ്. എന്നാൽ പഴയ - പുതിയ നിയമങ്ങളുടെ കേന്ദ്രം ക്രിസ്തുവാണ്.

**യഹൂദ വിഭജനം**

യഹൂദമതപാരമ്പര്യപ്രകാരം ബൈബിളിനെ മൂന്നായി തിരിച്ചിരിക്കുന്നു.

a. *തോറാ (TORAH) - നിയമം (LAW)*

പഞ്ചഗ്രന്ഥി, മോശയുടെ പുസ്തകങ്ങൾ എന്നീ പേരുകളിലും തോറാ അറിയപ്പെടുന്നു. ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, നിയമാവർത്തനം എന്നീ 5 പുസ്തകങ്ങളുടെ സമാഹാരമാണിത്.

*b. നെബീം (NEBIIM) - പ്രവാചക ഗ്രന്ഥങ്ങൾ (Prophets)*

പ്രവാചകഗ്രന്ഥങ്ങളെ രണ്ടായി തിരിക്കാം

(i) പൂർവ്വപ്രവാചക ഗ്രന്ഥങ്ങൾ (Former Prophets)

ജോഷ്വാ, ന്യായാധിപന്മാർ 1, 2 സാമുവൽ, 1, 2 രാജാക്കന്മാർ

(ii) ഉത്തര പ്രവാചക ഗ്രന്ഥങ്ങൾ (Later Prophets)

ഏശയ്യാ, ജറെമിയാ, എസക്കിയേൽ എന്നീ മുഖ്യപ്രവാചകന്മാരും ഹോസിയാ, ജോയേൽ, ആമോസ്, ഒബാദിയാ, യോനാ, മിക്കാ, നാഹും, ഹബക്കുക്ക്, സെഫാനിയാ, ഹഗ്ഗായി, സഖറിയാ, മലാക്കി എന്നീ 12 പ്രവാചകന്മാരും (Minor Prophets)

*(c) കെത്തുബിം (KETUBIM) ലിഖിതങ്ങൾ (Writings)*

1,2 ദിനവൃത്താന്തം, എസ്രാ, നെഹമിയാ, എസ്തേർ, റൂത്ത്, ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകർ, ഉത്തമഗീതം, വിലാപങ്ങൾ, ദാനിയേൽ

**ക്രൈസ്തവ വിഭജനം**

*1. ചരിത്രപരം* (Historical Books)

പഞ്ചഗ്രന്ഥി, ജോഷ്വാ, ന്യായാധിപന്മാർ, റൂത്ത്, 1,2 സാമുവൽ, 1,2 രാജാക്കന്മാർ, 1,2 ദിനവൃത്താന്തം, എസ്രാ (എസ്ദ്രാസ് 1), നെഹമിയാ (എസ്ദ്രാസ് 2) തോബിത്, യൂദിത്ത്, എസ്തേർ, 1,2 മക്കബായർ.

ചരിത്രസംഭവത്തോടു നീതി പുലർത്തുക എന്നതിനേക്കാൾ തെരഞ്ഞെടുക്കപ്പെട്ട ദൈവജനത്തിന്റെ രക്ഷാകരചരിത്രമാണ് ഇവിടെ പ്രതിപാദ്യം. ദൈവജനമായ ഇസ്രായേലിന്റെ ഉടമ്പടി, അവിശ്വസ്തത, ശിക്ഷ, രക്ഷ എന്നീ



www.malankaralibrary.com

ക്രമത്തിലാണ് ഇസ്രായേൽ ചരിത്രം എഴുതപ്പെട്ടത്. അങ്ങനെ ചരിത്രം രക്ഷാ ചരിത്രമാകുന്നു.

*2. പ്രബോധനപരം* (Didactic Books)

ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ.

സമഗ്രവ്യക്തിത്വത്തിന്റെ വികാസത്തിനു പൂർണതയ്ക്കും വേണ്ട വിജ്ഞാനോക്തികളാണ് പ്രതിപാദ്യം. വിജ്ഞാന സമ്പാദനം, അതിലൂടെ സൗഭാഗ്യ ജീവിതത്തിനാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ എന്നിവ നൽകുന്നു.

*3. പ്രവചനപരം (Prophetical Books)*

(a) മുഖ്യപ്രവാചക ഗ്രന്ഥങ്ങൾ (Major Prophets)

ഏശയ്യാ, ജറമിയാ, എസക്കിയേൽ, ദാനിയേൽ

(b) ഉപപ്രവാചകന്മാർ (Minor Prophets)

(c) വിലാപങ്ങൾ

(d) ബാറൂക്ക്

ദാവീദിന്റെ ഭരണകാലത്തെ ഇസ്രായേലിന്റെ ആദ്ധ്യാത്മിക നേതൃത്വം നേതാക്കളിൽ നിന്ന് പ്രവാചകരിലേക്കു മാറി. ഭാവി പ്രവചിക്കുന്നവരെന്നതിനേക്കാൾ ദൈവത്തിന്റെ വക്താക്കളായി ഇവർ അറിയപ്പെട്ടു. ഉടമ്പടിയുടെ ആദ്യ ചൈതന്യത്തിലേക്കു ഇസ്രായേൽക്കാരെ തിരികെ എത്തിച്ചവരാണ് പ്രവാചകർ. വിഗ്രഹാരാധന, കപടഭക്തി, അനീതി എന്നിവയിൽ മുഴുകിയ ഇസ്രായേൽക്കാരെ ദൈവമാർഗ്ഗത്തിലേക്കു തിരികെ കൊണ്ടുവന്ന ഇവർ ദൈവത്തിന്റെ രക്ഷാസന്ദേശം അറിയിക്കുകയും ശിക്ഷയെപ്പറ്റി മുന്നറിയിപ്പു നൽകുകയും ചെയ്തു. 8-ാം നൂറ്റാണ്ടു മുതൽ 5- ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടമാണ് പ്രവാചകന്മാരുടെ കാലഘട്ടമായി വിശേഷിപ്പിക്കുന്നത്. സ്വന്തം പേരിൽ എഴുതിയില്ലായെങ്കിലും ശിഷ്യന്മാർ ശേഖരിച്ച് ഗുരുവിന്റെ പേരിൽ അറിയപ്പെട്ടു. എങ്കിലും പുസ്തകങ്ങളുടെ സാരാംശകതൃത്വം പ്രവാചകർക്കാണ്. മുഖ്യപ്രവാചകർ, ഉപപ്രവാചകർ എന്നിവ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ ആശ്രയിച്ചുള്ള തരംതിരിവാണ്. ആമോസും ഹോസിയായും ഉത്തര രാജ്യമായ ഇസ്രായേലിൽ പ്രസംഗിച്ചപ്പോൾ മറ്റുള്ളവർ യൂദയായിൽ പ്രസംഗിച്ചു.

ജറമിയായുടെ ഭാഗമായിരുന്ന വിലാപങ്ങൾ ജറമിയായോട് ചേർത്ത് ജറമിയായും വിലാപങ്ങളും ഒന്നായി കരുതി ട്രെന്റ് സുന്നഹദോസ് പഴയനിയമത്തിൽ 45 ഗ്രന്ഥങ്ങളുണ്ട് എന്ന് തീരുമാനിച്ചു. എന്നാൽ അവയെ രണ്ടായി കണക്കാക്കിയാൽ പഴയനിയമ പുസ്തകങ്ങളുടെ എണ്ണം 46.



www.malankaralibrary.com

### പുതിയനിയമ ഗ്രന്ഥങ്ങൾ

പ്രതീകങ്ങളിലൂടെ വെളിപ്പെടുത്തുന്ന, പഴയനിയമത്തിലെ ദൈവത്തിന്റെ രക്ഷാകരപദ്ധതി, അതിന്റെ പരിപൂർണ്ണതിൽ എത്തുന്നത് പുതിയനിയമത്തിലാണ് (ഹെബ്രാ. 1:1-2). ദൈവപുത്രനായ ക്രിസ്തുവിനെ കേന്ദ്രീകരിച്ചാണ് പുതിയ നിയമം മുഴുവനും. ക്രിസ്തുസംഭവത്തെ - ജനന - മരണ - ഉത്ഥാനം ലോകത്തിന്റെ അതിർത്തികൾ വരെയെത്തിക്കാൻ ആദ്യക്രിസ്തു സാക്ഷികൾ തീവ്രശ്രമം നടത്തി. വാമൊഴിയായും വരമൊഴിയായും ദൈവജനത്തിനു ലഭിച്ച ക്രിസ്തുസന്ദേശം, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ലിഖിതരൂപത്തിലാക്കപ്പെട്ടതാണ് പുതിയനിയമത്തിലെ 27 പുസ്തകങ്ങൾ. യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും, അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ് (യോഹ. 20,31) (2 തിമോ. 3,16-17). എ.ഡി. 30 മുതൽ 100 വരെയുള്ള കാലങ്ങളിൽ പുതിയ നിയമഗ്രന്ഥങ്ങൾ വിരചിതമായി.

### സുവിശേഷങ്ങളുടെ രൂപീകരണം

സുവിശേഷം, ഗ്രീക്ക് ഭാഷയിൽ ഏവൻഗേലിയോൻ (സദ്വാർത്ത) എന്നറിയപ്പെടുന്നു. സുവിശേഷങ്ങളുടെ രൂപീകരണഘട്ടങ്ങൾ മൂന്നായി തിരിക്കാം.

*(a) ഈശോയുടെ വാക്കുകളും ചെയ്തികളും*

സുവിശേഷങ്ങളുടെ ആരംഭവും അടിസ്ഥാനവും ഈശോയുടെ വാക്കുകളും ചെയ്തികളുമാണ്. തന്റെ സന്ദേശത്തെ ഒരു സദ്വാർത്തയായി ഈശോ വിശേഷിപ്പിക്കുന്നു (മത്താ. 11,5).

*(b) വാചിക പാരമ്പര്യം (Oral Tradition)*

“നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിക്കുവിൻ” എന്ന നാഥന്റെ കല്പനയനുസരിച്ച് ശിഷ്യന്മാർ ജനങ്ങളെ സുവിശേഷം അറിയിക്കുന്നു. ഓരോ അപ്പസ്തോലനും പ്രഘോഷിച്ച സ്ഥലങ്ങളിൽ ക്രിസ്തനുഭവം സ്വീകരിച്ച ചെറിയ സമൂഹങ്ങളും, ശ്ലീഹാപാരമ്പര്യവും രൂപപ്പെട്ടു. സുവിശേഷങ്ങളിൽ കാണുന്ന വാചികശൈലി അവയുടെ വാചിക പാരമ്പര്യത്തിലേക്കു വിരൽ ചൂണ്ടുന്നു (മത്താ. 7:27-29) (ലൂക്കോ. 6:47-49).

*(c) ലിഖിത പാരമ്പര്യം (Written Tradition)*

വിശ്വാസികളുടെ സമൂഹങ്ങൾ വർദ്ധിച്ചതനുസരിച്ച് എല്ലാ സ്ഥലത്തും പോയി സന്ദേശം അറിയിക്കുവാൻ ഈശോയെ നേരിട്ടുകണ്ട സാക്ഷികൾക്ക് അസാധ്യമായി. അപ്പസ്തോലന്മാരുടെ കാലഘട്ടത്തിന് സ്വാഭാവികമായ പര്യവസാനമുണ്ടായി. അടുത്ത തലമുറയ്ക്കുള്ള ഓർമ്മക്കുറിപ്പുകളായി, ഉപദേശങ്ങളായി, വേദോപദേശ സഹായകമായി ക്രിസ്താനുഭവം എഴുതിവച്ചു.



www.malankaralibrary.com

### സുവിശേഷങ്ങളുടെ രചന

സുവിശേഷകന്മാർ തങ്ങൾക്കു ലഭിച്ച ക്രിസ്താനുഭവം വിവിധ പ്രാദേശിക വിശ്വാസി സമൂഹത്തിന്റെ പ്രതിനിധികളായി, കാഴ്ചപ്പാട്, വിശ്വാസ വെളിച്ചം, ദൈവശാസ്ത്രവീക്ഷണം തനതായ ശൈലി എന്നിവയുടെ വെളിച്ചത്തിൽ രൂപം കൊടുത്തതാണ് സുവിശേഷങ്ങൾ. ആദ്യം എഴുതിയ സുവിശേഷം വി.മർക്കോസിന്റെ സുവിശേഷമാണ്. ഓരോ സുവിശേഷവും വ്യത്യസ്തമാണെങ്കിലും മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവരുടെ സുവിശേഷങ്ങൾ സമാന്തര സുവിശേഷങ്ങൾ (Synoptics Gospels) എന്നു വിളിക്കപ്പെടുന്നു. ക്രിസ്തു അരമായ ഭാഷയിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ, സുവിശേഷകന്മാർ ഗ്രീക്കുഭാഷയിൽ ഗ്രന്ഥരചന നടത്തി.

### സുവിശേഷങ്ങളിലെ ക്രിസ്തു

സുവിശേഷങ്ങളിലെ ക്രിസ്തു, ജനതകളുടെ പ്രതീക്ഷയും, പ്രവചനങ്ങളുടെ പൂർത്തീകരണവും, ചരിത്രത്തിന്റെ കേന്ദ്രബിന്ദുവും, മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനുമാണ്.

ദാവീദിന്റെ സിംഹാസനം പുനസ്ഥാപിക്കുന്നതിന് തങ്ങൾക്ക് രക്ഷകനായി ഒരു മിശിഹാ ജനിക്കുമെന്നു യഹൂദർ വിശ്വസിച്ചു. വരാനിരിക്കുന്ന മിശിഹായുടെ പ്രവചനങ്ങൾ പഴയനിയമത്തിലുടനീളം കാണാം. യുഗങ്ങളുടെ പ്രതീക്ഷയും പ്രവചനങ്ങളുടെ പൂർത്തീകരണവുമായി, സമയത്തിന്റെ തികവിൽ ക്രിസ്തു ജാതനായി.

അവിടുത്തെ ദൗത്യം, ശക്തിയും പ്രതാവുമുള്ള ഒരു രാജാവിന്റേതല്ല, സഹനം വഴി പാപത്തിനു പരിഹാരം ചെയ്യുന്ന ഒരു സഹനദാസന്റേതാണ്. പെസഹാ രഹസ്യത്തിലൂടെ അവിടുന്ന് മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നു വീണ്ടെടുത്തു.

### ഉത്തര കാനോനിക ഗ്രന്ഥങ്ങൾ (Deutero - Canonical Books)

ഹീബ്രു പഴയനിയമത്തിലുണ്ടായിരുന്നതിൽ കൂടുതലായി 7 പുസ്തകങ്ങൾ സെപ്ത്വജിന്തിൽ ഉണ്ടായിരുന്നു. കത്തോലിക്കാസഭ ഈ ഏഴു പുസ്തകങ്ങളെ പ്രാമാണികമായി സ്വീകരിച്ചു. ഇവയെ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്നു. ബാറൂക്ക്, തോബിത്,യൂദിത്ത്, 1,2 മക്കബായർ, ജ്ഞാനം, പ്രഭാഷകൻ, കൂടാതെ എസ്തേർ 10,4-16, 24 ദാനിയേൽ 3,24-90. കത്തോലിക്കർ ഒഴികെയുള്ള ക്രൈസ്തവർ ഉത്തര കാനോനിക ഗ്രന്ഥങ്ങളെ പഴയനിയമ ഭാഗമായി കണക്കാക്കുന്നില്ല.

ദൈവനിവേശിതമെന്നവകാശപ്പെട്ടവയും സഭയുടെ ഔദ്യോഗിക ലിസ്റ്റിൽ പെടാത്തതുമായ പുസ്തകങ്ങളെ അപ്രമാണിക ഗ്രന്ഥങ്ങൾ (Apocryphal) എന്നറിയപ്പെടുന്നു. ഉദാ : ആദത്തിന്റേയും ഹവ്വായുടെയും പുസ്തകങ്ങൾ, പത്രോ



www.malankaralibrary.com

സ്, തോമസ്, യാക്കോബ്, തുടങ്ങിയ അപ്പസ്തോലന്മാരുടെ സുവിശേഷങ്ങൾ, നടപടി പുസ്തകങ്ങൾ, ലേഖനങ്ങൾ തുടങ്ങിയവ ഗ്രീക്ക് ഹീബ്രു ബൈബിളിൽ പൊതുവായി ഉൾപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾക്ക് പൂർവ്വകാനോനിക ഗ്രന്ഥങ്ങൾ എന്നു പറയുന്നു. (Proto Canonical Books)

**ദൈവനിവേശനം (INSPIRATION)**

പരിശുദ്ധാത്മാവിന്റെ നിവേശത്താൽ എഴുതപ്പെട്ട ഗ്രന്ഥമാണ് ബൈബിൾ. വി.ഗ്രന്ഥം മുഴുവനും ദൈവനിവേശിതമാണ് (2 തിമോ. 3,16). തന്മൂലം വിശ്വാസിയുടെ ജീവിതത്തിനാധാരമാണ് ബൈബിൾ. ദൈവം വെളിപ്പെടുത്തുന്ന സത്യങ്ങൾ അബന്ധരഹിതമായും വിശ്വസ്ഥമായും രേഖപ്പെടുത്തുന്നതിന് വേദപുസ്തക രചയിതാക്കൾക്ക് പരിശുദ്ധാത്മാവിൽ നിന്ന് ലഭിക്കുന്ന പ്രചോദനവും സഹകരണവുമാണ് ദൈവനിവേശിതം.

പരിശുദ്ധാത്മാവിന്റെ നിവേശനത്താലാണ് വിശുദ്ധലിഖിതങ്ങൾ എഴുതപ്പെട്ടത്. തിരുസഭ ഇങ്ങനെ പഠിപ്പിക്കുന്നു. "പുതിയ നിയമത്തിലെയും പഴയനിയമത്തിലെയും എല്ലാ പുസ്തകങ്ങളും പൂർണമായും അവയുടെ എല്ലാ ഭാഗങ്ങളുൾപ്പെടെ സംപൂജ്യവും കാനോനികവുമാണ്; കാരണം, അവയുടെ രചന പരിശുദ്ധാത്മാവിന്റെ നിവേശനത്തിൽ നിന്നാണ്. ദൈവമാണ് അവയുടെ കർത്താവ്"(ദൈവാവിഷ്ക്കരണം 11).

ഇതോടൊപ്പംതന്നെ വിശുദ്ധ ലിഖിതരചനയിൽ മനുഷ്യർക്കുള്ള പങ്കും കൗൺസിൽ വ്യക്തമാക്കുന്നു. വിശുദ്ധ ലിഖിതം രചിക്കാൻവേണ്ടി ദൈവം ചിലരെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ടവർ സ്വന്തം ശക്തിയും കഴിവും ഉപയോഗിച്ചിട്ടുള്ളതിനാൽ കൗൺസിൽ പഠനം അനുസരിച്ച് അവരും യഥാർത്ഥ നിർമ്മാതാക്കളാണ്. ദൈവമാണ് വിശുദ്ധലിഖിത രചനയിൽ അവരിലും അവർ വഴിയും പ്രവർത്തിച്ചത്. ആയതിനാൽ ദൈവം ആവശ്യപ്പെട്ട എല്ലാകാര്യങ്ങളും, അവമാത്രവുമാണ് അവർ എഴുതിയിട്ടുള്ളത്. ദൈവമാണ് ബൈബിളിന്റെ പ്രഥമ ഗ്രന്ഥകർത്താവ്. എന്നാൽ അവതരണത്തിൽ മനുഷ്യകരങ്ങളുടെ പ്രവർത്തനം സുവ്യക്തമാണ്. ഉദാ: ഭാഷ, ശൈലി, അവതരണം. ബൈബിൾ ദൈവ മനുഷ്യഗ്രന്ഥമാണ്. രക്ഷയുടെ സന്ദേശം ബൈബിളിൽ അടങ്ങിയിരിക്കുന്നു.

**ആധികാരികത** (CANONICITY)

ദൈവനിവേശിത ഗ്രന്ഥങ്ങളെ നിർണ്ണയിക്കുന്നതിനുള്ള അധികാരം സഭയ്ക്കാണ്. സഭ ഇപ്രകാരം അംഗീകരിച്ച ഗ്രന്ഥങ്ങളെ കാനോനിക ഗ്രന്ഥങ്ങൾ, പ്രാമാണിക ഗ്രന്ഥങ്ങൾ, അംഗീകൃത ഗ്രന്ഥങ്ങൾ എന്നെല്ലാം അറിയപ്പെടുന്നു. അവിതർക്കിതമായ ദൈവനിവേശിതഗ്രന്ഥങ്ങളുടെ അംഗീകൃത ലിസ്റ്റ് 1546 ൽ ട്രന്റ് സുന്നഹദോസ് ഔദ്യോഗികമായി പ്രഖ്യാപിച്ചു.



www.malankaralibrary.com

**അബദ്ധരഹിതം** (INERRANCY)

ദൈവവചനമായ ബൈബിൾ അബദ്ധരഹിതവും വിശ്വസനീയവുമാണ്. ദൈവിക സത്യമാണ് ബൈബിളിന്റെ അന്തഃസത്ത. വി.ഗ്രന്ഥം ഔദ്യോഗികമായി വ്യാഖ്യാനിക്കുവാനുള്ള അധികാരം സഭയുടെ പ്രബോധനാധികാര സമിതിക്ക് (Magisterium) മാത്രമേയുള്ളൂ. വി.ലിഖിതങ്ങൾ ആരുടെയും വ്യാഖ്യാനത്തിനുള്ളതല്ല (2 പത്രോസ് 1,20-21). റോമൻ-ഗ്രീക്ക് -യഹൂദ സംസ്കാരങ്ങളിൽ ജീവിച്ച രചയിതാവിനെ ഭാഷ, ഭാവന, വിജ്ഞാനം എന്നിവ സ്വാധീനിച്ചു. ഗ്രന്ഥകർത്താവിന്റെ വ്യത്യസ്തമായ ചരിത്ര സാഹചര്യങ്ങൾ, വ്യക്തിത്വ, സ്വഭാവ വിശേഷങ്ങൾ എന്നിവ അബന്ധരാഹിത്യത്തിനു തടസ്സമാകുന്നില്ല. ബൈബിൾ വാക്കുകളെക്കാൾ സന്ദേശത്തിനു പ്രാധാന്യം നൽകുന്നു.

**തിരുസഭയും തിരുവചനവും**

ദൈവവചനത്തെ സംബന്ധിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നൽകിയിരിക്കുന്നത് "ദൈവാവിഷ്ക്കരണം" എന്ന പ്രമാണരേഖയാണ്. 1959ൽ കൗൺസിലിനൊരുക്കമായ ചർച്ചയിൽ തുടങ്ങിവെച്ച ദൈവാവിഷ്ക്കരണം എന്ന പ്രമാണരേഖ പ്രസിദ്ധീകരിക്കുന്നത് 1965 നവംബർ 18 നാണ്.

**പാരമ്പര്യവും വിശുദ്ധ ലിഖിതങ്ങളും**

പാരമ്പര്യവും വിശുദ്ധലിഖിതങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ അവ രണ്ടിന്റെയും ഉത്ഭവം ഒരേയൊരു ദിവ്യസ്രോതസ്സിൽനിന്നാണെന്ന് വ്യക്തമാക്കുന്നു. ഇവ രണ്ടും ഒന്നായിച്ചേർന്ന് ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. പാരമ്പര്യവും വിശുദ്ധലിഖിതങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ പശ്ചാത്തലത്തിൽ അവയുടെ പ്രാധാന്യത്തെപ്പറ്റി പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: "ദൈവാവിഷ്ക്കരണത്തിലെ എല്ലാ വസ്തുക്കളെയും സംബന്ധിച്ചുള്ള അസന്നിഗ്ദ്ധമായ ബോധം വിശുദ്ധ ലിഖിതങ്ങളിൽനിന്നു മാത്രമല്ല സഭയ്ക്കു ലഭിക്കുന്നത്. അതുകൊണ്ട്, വിശുദ്ധ ലിഖിതങ്ങളും പാരമ്പര്യവും ഒരേ ബഹുമാനത്തോടും ഒരേ ആദരവോടുംകൂടി നാം സ്വീകരിച്ചു വണങ്ങേണ്ടതാണ്" (ദൈവാവിഷ്ക്കരണം 9).

ലിഖതമായോ പാരമ്പര്യമായോ ലഭിച്ച ദൈവവചനത്തെ "ആധികാരികമായി വ്യാഖ്യാനിക്കേണ്ട ചുമതല സഭയുടെ ജീവിക്കുന്ന പ്രബോധനാധികാരത്തിനു മാത്രം നൽകപ്പെട്ട ഒന്നാകുന്നു" (ദൈവാവിഷ്ക്കരണം 10) പ്രമാണരേഖയുടെ കാഴ്ചപ്പാടനുസരിച്ച് ഈ പ്രബോധനാധികാരം ഒരിക്കലും ദൈവവചനത്തിന് ഉപരിയല്ല, പ്രത്യുത, അതിനെ സേവിക്കാനുള്ളതാണ്.

സഭയുടെ ദൗത്യം "ഭക്തിപൂർവ്വം വചനം ശ്രവിച്ച് പവിത്രമായി സംരക്ഷിക്കുകയും വിശ്വസ്തതയോടെ വിശദീകരിക്കുകയും ചെയ്യുക എന്നതാണ്".



www.malankaralibrary.com

ഇവിടെ വചനത്തിന്റെ സംരക്ഷണവും വിശദീകരണവും സഭയുടെ പ്രബോധ നാധികാരവും ദൈവത്തിന്റെ അതിവിശിഷ്ടമായ സംവിധാനത്തിൽ അപ രിത്യാജ്യമായ വിധത്തിൽ പരസ്പരം ബന്ധിതങ്ങളാണ്. തന്മൂലം ഒന്ന് മറ്റൊ ന്നിൽനിന്ന് വേർപെട്ടുനിൽക്കുക സാധ്യമല്ല. പ്രത്യുത, എല്ലാം ഒരുമിച്ച്, എന്നാൽ ഓരോന്നും സ്വന്തം രീതിയിൽ ഒരേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ആത്മരക്ഷ കൈവരുത്താൻ ഫലപ്രദമായി സഹായിക്കുന്നു" (ദൈവാവിഷ്ക്ക രണം 10).

### വിശുദ്ധ ലിഖിത വ്യാഖ്യാനം

ദൈവനിവേശത്തിന്റെ പശ്ചാത്തലത്തിൽവേണം വിശുദ്ധഗ്രന്ഥവ്യാഖ്യാന ത്തെക്കുറിച്ച് ചിന്തിക്കാൻ. വിശുദ്ധ ലിഖിതങ്ങളിൽ ദൈവം മനുഷ്യർവഴി മാനു ഷികരീതിയിലാണ് സംസാരിക്കുന്നത്. ദൈവം നമ്മോടു പറയാൻ ഉദ്ദേശിക്കു ന്നതെന്തെന്ന് മനസ്സിലാകണമെങ്കിൽ പ്രധാനമായും രണ്ട് കാര്യങ്ങൾ പരിശോ ധിക്കേണ്ടതുണ്ട്. വിശുദ്ധ ഗ്രന്ഥകാരൻ ഓരോന്നിനും എന്തർത്ഥമാണ് കൽപി ക്കുന്നതെന്നും അവരുടെ വാക്കുകളിലൂടെ ദൈവം എന്താണ് പ്രകാശിപ്പിക്കാൻ മനസ്സാകുന്നതെന്നും.

ഗ്രന്ഥകാരന്റെ ഉദ്ദേശം മനസ്സിലാക്കാൻ പരിശോധിക്കേണ്ടവയിൽ പ്രധാനം അവരുടെ സാഹിത്യരൂപമാണെന്ന് കൗൺസിൽ പഠിപ്പിക്കുന്നു. കാരണം, ലിഖി തങ്ങളിൽ സത്യം ആവിഷ്ക്കരിച്ച് പ്രകാശിപ്പിക്കാൻ ചരിത്രപരമോ പ്രവചനപ രമോ കവിതാപരമോ മറ്റേതെങ്കിലും സാഹിത്യരൂപമോ ആകാം വിശുദ്ധ ഗ്രന്ഥ കാരൻ ഉപയോഗിച്ചിട്ടുള്ളത്. ഇതു പരിശോധിച്ച് അറിയാനുള്ള കടമ വിശുദ്ധ ലിഖിത വ്യാഖ്യാതാവിനുണ്ട്. കാരണം, 'വിശുദ്ധലിഖിത രചയിതാവ് സ്വന്തം കാലത്തെ സാംസ്കാരിക പശ്ചാത്തലത്തിലും അന്നത്തെ സാഹിത്യരൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുമാണ് എഴുതിയിരിക്കുന്നത്. ആയതിനാൽ അദ്ദേഹം രച നയിലൂടെ അവതരിപ്പിക്കുന്നതു മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ കാലത്ത് ഒരു പ്രത്യേക സ്ഥലത്ത് നിലവിലിരുന്ന ഗ്രഹണരീതി, സംസാരരീതി, വർണ്ണനാസ മ്പ്രദായം എന്നിവ സസൂക്ഷ്മം മനസ്സിലാക്കേണ്ടതുണ്ട്.'

ഇവയ്ക്കെല്ലാം പുറമേ വിശുദ്ധ ലിഖിതങ്ങൾ പരിശുദ്ധാത്മാവിനാൽ എഴു തപ്പെട്ടവയാകയാൽ അതേ ആത്മാവിൽ തന്നെ വായിക്കുകയും വ്യാഖ്യാനി ക്കുകയും വേണം. ഇവിടെ വിശുദ്ധ ഗ്രന്ഥത്തിന്റെ ആകെയുള്ള ഉള്ളടക്കവും പൊരുത്തവും കണക്കിലെടുക്കണം. ബൈബിൾ ഒരേ സമയം പല പുസ്തക ങ്ങളുടെ ശേഖരവും ഒരൊറ്റ പുസ്തകവുമാണ്. ബൈബിളിൽത്തന്നെ ചില സ്ഥല ങ്ങളിൽ മറ്റു ഭാഗങ്ങൾക്കുള്ള വ്യാഖ്യാനം അന്തർലീനമാണ്. അവകൂടി കണ ക്കിലെടുക്കാൻ വ്യാഖ്യാതാവിന് കടമയുണ്ട്.



www.malankaralibrary.com

വിശുദ്ധ ലിഖിതങ്ങളിൽ ദൈവത്തിന്റെ കനിവും ദയയും പ്രകടമാണെന്ന് കൗൺസിൽ സ്ഥാപിക്കുന്നു. 'നിത്യനായ പിതാവിന്റെ വചനം ഒരിക്കൽ ബലഹീനമായ മനുഷ്യശരീരം സ്വീകരിച്ചപ്പോൾ മനുഷ്യസദൃശ്യനായതുപോലെ, ദൈവവചസുകൾ മാനുഷിക ഭാഷയിൽ അവതരിപ്പിക്കുമ്പോൾ അവ മനുഷ്യഭാഷണത്തോട് സദൃശ്യമാകും' എന്നാണ് കൗൺസിൽ പഠിപ്പിക്കുക (ദൈവാവിഷ്ക്കരണം 13).

**ബൈബിൾ സംബന്ധമായി എഴുതപ്പെട്ട ചാക്രിക ലേഖനങ്ങൾ**

1. പ്രോവിഡെന്തീസ്സിമൂസ് ദെയൂസ് (Providentissimus Deus) - ലെയോ XIII, 1893

2. പാഷെന്തി ഡോമിനിക്കാ ഗ്രേഗിസ് (Pascendi Dominica Gregis) - പീയൂസ് X, 1907

3. സ്പിരിത്തൂസ് പരാക്ലിത്തൂസ് (Spiritus Paraclitus) - ബെനഡിക്ട് XV, 1920

4. ദിവിനോ അഫ്ളാന്തെ സ്പിരിത്തു (Divino Afflante Spiritus) - ലെയോ XIII, 1893

5. ഹുമാനി ജെനേരിസ് (Humani Generis) - പീയൂസ് XII, 1950

**ബൈബിൾ തർജ്ജമകൾ**

| | | |
|---|---|---|
| 1. തർഗും (Targum = തർജ്ജമ) | - | അറമായ |
| 2. സെപ്ത്വജിന്ത് (Septuagint = എഴുപത്) | - | ഗ്രീക്ക് ഭാഷ |
| 3. പ്ശീത്ത (Pshitta = ലളിതം) | - | സുറിയാനി ഭാഷ |
| 4. വുൾഗാത്ത (Vulgate = സാധാരണം) | - | ലത്തീൻ ഭാഷ |

അറമായ, ഹീബ്രു, ഗ്രീക്ക് എന്നീ മൂന്നുഭാഷകൾ ബൈബിൾ രചനയ്ക്ക് ഉപയോഗിച്ചിട്ടുണ്ട്. പഴയനിയമം മുഖ്യമായും ഹീബ്രു ഭാഷയിലാണ്. ചുരുക്കം ചില ഭാഗങ്ങൾ അറമായ ഭാഷയിലുമുണ്ട്. മക്കബായർ ഒന്നാം ഭാഗവും വിജ്ഞാനഗ്രന്ഥവും ഗ്രീക്കിൽ രചിക്കപ്പെട്ടു. സുഭാഷിതത്തിന്റെ ഹീബ്രു മൂലം കണ്ടു കിട്ടിയിട്ടുണ്ട്.

പുതിയ നിയമത്തിലെ മത്തായിയുടെ സുവിശേഷം ഒഴിച്ച് മറ്റെല്ലാം ഗ്രീക്കു ഭാഷയിലാണ് എഴുതിയത്. ഇന്ന് നമുക്ക് കിട്ടിയിട്ടുള്ള മത്തായിയുടെ സുവിശേഷം ഗ്രീക്ക് മാത്രമാണ്. അറമായ ഭാഷയിൽ മത്തായി എഴുതിയത് ആരോ ഗ്രീക്കിൽ പരിഭാഷപ്പെടുത്തിയതാണ് ഇന്ന് നമുക്കുള്ള ആധാരഗ്രന്ഥം എന്നു കരുതുന്നു.

ബി.സി. 3,2 നൂറ്റാണ്ടുകളിൽ എഴുപത്തിരണ്ട് (എഴുപത്) പണ്ഡിതന്മാരുടെ ഒരു സംഘം അലക്സാണ്ട്രിയായിൽ വച്ച് ഹീബ്രു ബൈബിൾ ഗ്രീക്കുഭാഷയിലേക്ക് വിവർത്തനം ചെയ്തു. എഴുപതുപേർ ചെയ്ത ഈ തർജ്ജമയ്ക്ക്



www.malankaralibrary.com

സെപ്ത്വജിന്ത് ബൈബിൾ എന്നു പേരുണ്ട്. രണ്ടാം ശതകത്തിൽ സെപ്ത്വജിന്ത് ലത്തീനിലേക്കു പരിഭാഷപ്പെടുത്തി. വിശുദ്ധ ജെറോമാണ്, ഒരു സമ്പൂർണ്ണ ലത്തീൻ പരിഭാഷ തയ്യാറാക്കിയത്. ദാമസൂസ് മാർപ്പാപ്പയുടെ നിർദ്ദേശപ്രകാരം എ.ഡി. 405 ൽ അദ്ദേഹം പൂർത്തിയാക്കിയ ബൈബിളിന് ലത്തീൻ വുൾഗാത്താ എന്നാണ് പേര്. യൂറോപ്പിൽ ഉടനീളം ഇത് ആധികാരിക വേദപുസ്തകമായി ഒരു സഹസ്രാബ്ദത്തിലധികം ഉപയോഗിക്കപ്പെട്ടു.

മിഷനറിമാരുടെ അദ്ധ്വാനഫലമായി പത്താം ശതകത്തിൽ സിറിയൻ, കോപ്റ്റിക്, എത്യോപ്യൻ, ഗോഥിക്, അർമേനിയർ, ജോർജ്ജിയൻ, അറബി, ഇറാനീഷ്, ആൻഗ്ലോസാക്സൺ, ജർമ്മൻ തുടങ്ങിയ ഭാഷകളിൽ ബൈബിൾ പൂർണ്ണമായോ ഭാഗീകമായോ പരിഭാഷ ചെയ്യപ്പെട്ടു. 1226 ൽ ഫ്രഞ്ചിലും, 1461 ൽ ജർമ്മനിയിലും, 1471 ൽ ഇറ്റാലിയനിലും, 1478 ൽ സ്പാനിഷിലും സമ്പൂർണ്ണ ബൈബിൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഇംഗ്ലീഷിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ(1380-84) വൈക്ലിഫ് ലത്തീനിൽ നിന്ന് തർജ്ജിമ ചെയ്തതാണ്. 1534 ൽ ടിൻഡെയിലിന്റെ ബൈബിൾ പ്രസാധനം ചെയ്തു. റീസ് റൂവേ ബൈബിളിൽ 1609 ൽ പൂർത്തിയായി. 1611 ൽ ജയിംസ് രാജാവ് ആംഗലഭാഷയ്ക്ക് നൽകിയ സമ്മാനം സാഹിത്യഭാഷയിലുള്ള ബൈബിൾ വിവർത്തനം ആയിരുന്നു.

ഭാരതീയ ഭാഷകളിൽ ബംഗാളിയും മലയാളവുമാണ് ബൈബിളിന് ആദ്യം ആതിഥ്യം അരുളിയത്. 1801 ൽ സമ്പൂർണ്ണ ബൈബിൾ ബംഗാളി ഭാഷയിൽ വില്യംകാരി പ്രസിദ്ധീകരിച്ചു. 1807 മുതൽ മലയാളത്തിൽ ബൈബിൾ പരിഭാഷ ഭാഗികമായി ഉണ്ടായി. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ഭാരതീയ ഭാഷകളിലെല്ലാം ബൈബിൾ വിരചിതമായി.

**ബൈബിൾ മലയാള ഭാഷയിൽ**

1807 മുതൽ ബൈബിളിന്റെ ഭാഗിക വിവർത്തനങ്ങൾ മലയാളത്തിൽ ഉണ്ടായി. 1811 ൽ തിമപ്പാപ്പിള്ളയും ഫിലിപ്പോസച്ചനും വിവർത്തനം ചെയ്ത സുവിശേഷങ്ങൾ ഇതിൽപ്പെടുന്നു. സമ്പൂർണ്ണ ബൈബിൾ വിവർത്തനം കോട്ടയം സി.എം.എസ്. പ്രസിൽ നിന്ന് 1842 ൽ പുറത്തുവന്നു. 1859 ൽ ഡോ. ഹെർമ്മൻ ഗുണ്ടർട്ട് ബൈബിൾ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ 1910 ൽ സത്യവേദപുസ്തകം പ്രസിദ്ധീകരിച്ചു. സിറിയാനിയിൽ നിന്ന് ക.നി.മൂ.സ. മാണിക്കത്തനാർ പുതിയ നിയമവും പഴയ നിമയത്തിലെ പഞ്ചഗ്രന്ഥിയും വിവർത്തനം ചെയ്ത് 1935 ൽ പ്രസിദ്ധീകരിച്ചു. എസ്സ്.എച്ച് ലീഗിന്റെ ആഭിമുഖ്യത്തിൽ 1939ൽ ഫാ. മാത്യു വടക്കേൽ പഴയനിയമം മലയാളത്തിൽ വിവർത്തനം ചെയ്തു. 1963 ൽ തോമസ് മൂത്തേടൻ ലത്തീൻ വുൾഗാത്തായെ ആധാരമാക്കി സമ്പൂർണ്ണ ബൈബിൾ ഭാഷാന്തരം ചെയ്തു. 1978ൽ മാന്നാത്തു നിന്ന് സി.എം.ഐ. സഭയുടെ നേതൃത്വത്തിൽ ഗ്രീക്കു മൂലത്തിൽ നിന്നുള്ള വിവർത്തനമുണ്ടായി. കേരള കാത്തലിക് ബിഷപ്സ് കോൺഫ



www.malankaralibrary.com

റൻസ് ആവിഷ്ക്കരിച്ച പദ്ധതിയനുസരിച്ച് പി.ഒ.സി. നേതൃത്വം കൊടുത്ത് ഒരു സമ്പൂർണ്ണ ബൈബിൾ വിവർത്തനം 1981 ൽ ഉണ്ടായി. 1981 ൽ തന്നെ പാലായിലെ ഓശാന പബ്ലിക്കേഷൻ നടത്തിയ സമ്പൂർണ്ണ ബൈബിൾ വിവർത്തനം എടുത്തു പറയേണ്ട ഒന്നാണ്. മഞ്ഞുമേൽ നിന്ന് തയ്യാറാക്കിയ പുതിയനിയമം, ഫാ. സി.കെ. മറ്റത്തിന്റെ പുതിയ ഉടമ്പടി, മോൺ.നടുവത്തുശ്ശേരിയുടെ വിവർത്തനം എന്നിവയൊക്കെ ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലുണ്ടായ സംഗ്രഹ വിവർത്തനങ്ങളോ ഭാഗിക വിവർത്തനങ്ങളോ ആണ്.

കേരള കത്തോലിക്കാസഭ ഔദ്യോഗികമായി അംഗീകരിച്ച ബൈബിൾ K.C.B.C. ബൈബിൾ കമ്മീഷൻ 1981 ൽ പ്രസിദ്ധീകരിച്ച പി.ഒ.സി. സമ്പൂർണ്ണ ബൈബിളാണ്. ബൈബിൾ സംബന്ധമായ പ്രവർത്തനങ്ങൾക്ക് മാർപ്പാപ്പായെ സഹായിക്കാൻ റോമിൽ സ്ഥാപിതമായിരിക്കുന്ന കമ്മീഷനാണ് പൊന്തിഫിക്കൽ ബിബ്ലിക്കൻ കമ്മീഷൻ. ബൈബിൾ സംബന്ധമായ പ്രവർത്തനങ്ങൾക്ക് K.C.B.C. യെ സഹായിക്കാൻ കേരളത്തിൽ സ്ഥാപിതമായിരിക്കുന്ന കമ്മീഷനാണ് കെ.സി. ബി.സി. ബൈബിൾ കമ്മീഷൻ. ബൈബിൾ പ്രചാരണപ്രഘോഷണരംഗത്ത് കേരള ക്രൈസ്തവർക്ക് സഹകരിച്ച് പ്രവർത്തിക്കാനായി കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായിരിക്കുന്ന സൊസൈറ്റിയാണ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി.

***ചർച്ചയ്ക്ക് :***

1. സുവിശേഷങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന യേശുവിനെപറ്റി ചർച്ച ചെയ്യുക.
2. തിരുവചനവും സഭാ പാരമ്പര്യവും എങ്ങനെ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.



www.malankaralibrary.com

# വി. കുമ്പസാരവും വി. കുർബ്ബാനയും

അടയാളവും, പ്രതീകങ്ങളും മനുഷ്യജീവിതത്തിലെ ഒഴിവാക്കാനാവാത്ത ആശയവിനിമയ ഉപാധികൾ ആണ്. കുഞ്ഞിന്റെ മൂർദ്ധാവിൽ അമ്മ കൊടുക്കുന്ന ചുംബനം മാതൃസ്നേഹത്തിന്റെ പ്രകടനവും മനോഹരവുമായ അടയാളമായി ഓർമ്മിക്കപ്പെടുന്നതുപോലെ വിശാലമായ കടലുപോലെയുള്ള ദൈവത്തിന്റെ സ്നേഹം മനുഷ്യന് വെളിപ്പെട്ട് കിട്ടുന്നത് മൂർത്തമായ ചില അടയാളങ്ങളിലൂടെയാണ്. അത്തരം മനോഹരമായ ഏഴ് അടയാളങ്ങളെയാണ് സഭ ഏഴു കൂദാശകളെന്നു പേരു വിളിക്കുന്നത്. കൂദാശകളുടെ കൂദാശയാണ് വി.കുർബ്ബാന. . കണ്ണീരുകൊണ്ട് ഗുരുവിന്റെ പാദം കഴുകുന്നവർക്കാണ് ഓർമയുടെ അത്താഴം അവൻ വിളമ്പിക്കൊടുക്കുന്നത്. ആ കണ്ണീരിന്റെ സ്നാനമാണ് വി.കുമ്പസാരം.

**വി. കുമ്പസാരം**

ദൈവത്തോടും, അവനവനോടും, സമൂഹത്തോടുമുള്ള ഒരുവന്റെ അനുരഞ്ജനത്തിന്റെ കൂദാശയാണ് വി.കുമ്പസാരം. വിശുദ്ധമായ വേദപുസ്തകത്തിന്റെ അടിസ്ഥാനം ഈ കൂദാശകളുടെ പിന്നിലുണ്ട്. ജനങ്ങളുടെ പാപങ്ങൾക്കുവേണ്ടി മാപ്പിരക്കുന്ന മോശയും (പുറ.32: 31-32), ജനങ്ങളുടെ പാപങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന സോളമൻ രാജാവും (1 രാജ.8: 33 - 35) ഒക്കെ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടി ആചാര്യന്മാർ പാപമോചനം അർപ്പിക്കുന്നതിന്റെ സൂചനകൾ ആണ്. ലേവ്യപുസ്തകത്തിൽ 6-ാം അധ്യായത്തിൽ 1 മുതൽ 7 വരെ



www.malankaralibrary.com

പാപമോചനം നടത്തുന്ന പുരോഹിതൻമാരെ കുറിച്ചുള്ള സൂചനകളാണ്. പാപ മോചനത്തെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട സുവിശേഷഭാഗം മത്തായി 16:19. "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമി യിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും."

**vi. കുമ്പസാരം ചരിത്രത്തിൽ**

പാപമോചനത്തിനുള്ള രണ്ട് മാർഗ്ഗങ്ങൾ ആണ് ചരിത്രത്തിൽ ആദിമസഭ അവലംബിച്ചത്. ഒന്ന് - സഹോദരങ്ങൾ തമ്മിലുള്ള തിരുത്തലും, സമൂഹത്തിന്റെ പ്രാർത്ഥനയും, സമൂഹത്തോടുള്ള അനുതാപിയുടെ പാപങ്ങൾ ഏറ്റുപറച്ചിലും (മത്താ. 18:15-17, 19:20, ഗലാ. 6:1-2, യാക്കോ. 5:16-20, 1 യോഹ. 5:16). രണ്ട് - പൊതുവായ പാപമോചനം. രണ്ട് ഘട്ടങ്ങളാണ് രണ്ടാമത്തെ പാപമോചന രീതിയ്ക്ക് ഉണ്ടായിരുന്നത്. പാപിയെ സമൂഹത്തിൽ നിന്ന് വേർതിരിച്ച് മാന സാന്തരത്തിനായി ഒരുക്കുന്ന ഒന്നാമത്തെ ഘട്ടം (1 തെസ. 3:6-15, 1 തിമോത്തി. 1:20). ഇപ്രകാരം പുറത്താക്കപ്പെട്ട വ്യക്തി മാനസാന്തരപ്പെട്ടെന്ന് ബോധ്യപ്പെട്ടാൽ അയാളെ സമൂഹത്തിൽ വീണ്ടും കൂട്ടിച്ചേർത്ത് ദൈവത്തോടും, മനുഷ്യരോടും അനുരഞ്ജനപ്പെടുത്തുന്ന രണ്ടാമത്തെ ഘട്ടം (2 കോറി. 5: 2-15). കെട്ടുവാനും അഴിക്കാനുമുള്ള അധികാരത്തെ ആദിമസഭ ഇപ്രകാരമാണ് വ്യാഖ്യാനിച്ചത്.

പാപമോചന കൂദാശയ്ക്ക് വ്യക്തമായ സൂചനകൾ വന്നത് മൂന്നാം നൂറ്റാണ്ടോടു കൂടിയാണ്. കർത്താവിന്റെ ദിനത്തിൽ ഒന്നിച്ചു കൂടുമ്പോൾ പാപ ങ്ങൾ ഏറ്റുപറയണമെന്ന് ക്രിസ്തുവർഷം 100-ാമാണ്ടിൽ എഴുതപ്പെട്ട 'ഡിഡാക്കെ' എന്ന പുസ്തകത്തിൽ സൂചനകളുണ്ട്. ഏഴാം നൂറ്റാണ്ടുവരെ പര സ്യമായ ഏറ്റുപറച്ചിലാണ് സഭയിൽ ഉണ്ടായിരുന്നത്. പരസ്യകുമ്പസാരം പലർക്കും അസഹ്യമായതുകൂടി കുമ്പസാരത്തിന്റെ ആത്മീയ ചൈതന്യം നഷ്ടപ്പെട്ടു. ആറാം നൂറ്റാണ്ടിൽ ഐറിഷ് സന്യാസികൾ ആണ് രഹസ്യകുമ്പ സാരത്തിന് തുടക്കം കുറിച്ചത്. പിന്നീടാണ് ഇന്ന് നിലനിൽക്കുന്ന തരത്തിൽ കുമ്പസാരത്തിന്റെ രീതി സഭയിൽ പ്രബലമായത്.

**അനുരജ്ഞനം**

അനുരജ്ഞനമാണ് കുമ്പസാരമെന്ന കൂദാശയുടെ കാതൽ. പാപം ചെയ്യുന്ന വ്യക്തി തന്നോടുതന്നെയും തന്റെ കൂട്ടായ്മയോടും ഒടുവിൽ ദൈവത്തോടു മുള്ള ബന്ധത്തിലാണ് വിള്ളൽ വീഴ്ത്തുന്നത്. കുമ്പസാരത്തിൽ ഈ മൂന്ന് തല ങ്ങളിലും അനുരജ്ഞനം നടക്കുന്നു. പുരോഹിതനോടു പാപങ്ങൾ ഏറ്റുപറ യുന്നതിന്റെ കാതൽ ഇവിടെയാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ പുരോ ഹിതൻ അയാൾക്ക് ദൈവത്തിന്റെയും മനുഷ്യരുടെയും പ്രതിപുരുഷനാണ്. ഇതിന് അനുബന്ധമായ വേദഭാഗം 2 സാമു.12:13-14 ൽ ഉണ്ട്. പാപം ചെയ്യുന്ന ദാവീദിനെ നാഥാൻ പ്രവാചകൻ അവന്റെ ഇടർച്ചയെക്കുറിച്ച് ബോധ്യപ്പെടു



www.malankaralibrary.com

ത്തുന്നു. 13-ാമത്തെ വാക്യം ദാവീദിന്റെ ഏറ്റു പറച്ചിലാണ്. ഞാൻ കർത്താവിനെതിരായി പാപം ചെയ്തു. ദാവീദ് ഇത് പറയുന്നത് കർത്താവിനോടല്ല നാഥനോടാണ്. തൊട്ടടുത്ത വാക്യം പ്രവാചകന്റെ മറുപടിയാണ്. നാഥാൻ പറഞ്ഞു. നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു. പാപം ക്ഷമിച്ചെന്ന് ദാവീദിനോട് പറയുന്നതും കർത്താവല്ല പ്രവാചകനാണ്. പ്രവാചകൻ സംസാരം തുടരുന്നു അത് എങ്കിൽ ഈ പ്രവൃത്തികൾ കൊണ്ട് നീ കർത്താവിനെ അവഹേളിച്ചതിനാൽ നിന്റെ കുഞ്ഞ് മരിച്ചുപോകും. ഇവിടെ പാപത്തിന്റെ ശിക്ഷ വിധിക്കുന്നതും ദൈവമല്ല പ്രവാചകനാണ്. ഈ വചനഭാഗം നൽകുന്ന സൂചനകൾ ഇപ്രകാരമാണ്. കുറ്റം ചെയ്ത ദാവീദ് പാപം ഏറ്റുപറഞ്ഞത് മറ്റൊരു മനുഷ്യനായ പ്രവാചകനോടാണ്. പാപങ്ങൾക്ക് ശിക്ഷ വിധിച്ചതും, ക്ഷമിച്ചെന്ന് പറഞ്ഞതും മറ്റൊരു മനുഷ്യനായ പ്രവാചകനാണ്. ഒരു അനുതാപിയുടെ പാപങ്ങൾ ക്ഷമിക്കാനും, ശിക്ഷ വിധിക്കാനും, പാപങ്ങൾ കേൾക്കാനും ഉള്ള അധികാരം ഒരു മനുഷ്യനായ പ്രവാചകനുണ്ട്. പുരോഹിതന്റെ പാപമോചനാധികാരത്തെ പിൻതാങ്ങുന്ന ശക്തമായൊരു വചനഭാഗമാണ് ഇത്. "നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുവിൻ" എന്ന് യാക്കോബ് ശ്ലീഹായും ഓർമ്മിപ്പിക്കുന്നു. (യാക്കോബ് 5:16)

## വി.കുർബാന

ക്രിസ്തീയ ജീവിതത്തിന്റെ ആകെത്തുകയാണ് വി.കുർബാന. അത് കൂദാശകളുടെ കൂദാശയാണ്. നാലു സുവിശേഷകന്മാരും യഹൂദരുടെ പെസഹായുടെ പശ്ചാത്തലത്തിലാണ് വി.കുർബാനയെ മനസ്സിലാക്കിയത്. അവർക്ക് അത് പെസഹാ രഹസ്യമായിരുന്നു. യഹൂദരുടെ പെസഹാത്തിരുന്നാൾ ഈശോയ്ക്ക് പിതാവിലേക്കുള്ള കടന്നുപോകലിന്റെ ദിനമായിരുന്നു.

### ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ

ഓർമ്മകളുടെ ആഘോഷമാണ് വി.കുർബാന. രക്ഷാകരരഹസ്യത്തിന്റെ സമ്പൂർണ്ണമായ ഓർമ്മയാചരണമാണത്. ഒരു ഭൂതകാലസംഭവത്തിന്റെ മാനസികമായ അനുസ്മരണം മാത്രമല്ല ഇത് മറിച്ച് ഈ ആചരണത്തിലൂടെ ഓർമ്മിക്കുന്ന കാര്യങ്ങൾ ഓർമ്മിക്കുന്നവരുടെ ജീവിതത്തിലെ സാന്നിദ്ധ്യമായി മാറുകയാണ്. ഓർമ്മിക്കപ്പെട്ടവൻ ഓർമ്മിക്കുന്നവരുടെ മദ്ധ്യേ സന്നിഹിതനാവുകയാണ്.

വി.കുർബാനയിലൂടെ ഒരാൾ ഓർമ്മിക്കുന്നത് ദൈവം മനുഷ്യചരിത്രത്തിൽ ഇടപെട്ടു നിർവ്വഹിച്ച മുഴുവൻ രക്ഷാകര രഹസ്യങ്ങളെയുമാണ്. സൃഷ്ടിമുതൽ ക്രിസ്തുവിന്റെ രണ്ടാംവരവുവരെ സവിശേഷമായ രീതിയിൽ ഓർമ്മിക്കപ്പെടുന്നുണ്ട് വി.കുർബാനയിൽ. അത്തരത്തിൽ രക്ഷാകരമായ ഓർമ്മയാചരണമാണ് വി.കുർബാന.



www.malankaralibrary.com

**ഉടമ്പടി**

കരാറല്ല ഉടമ്പടി (Conennt is not contract) കരാറിൽ വ്യക്തിബന്ധങ്ങൾ കാര്യമാക്കപ്പെടുന്നില്ല. എന്നാൽ ഉടമ്പടി ഒരു വ്യക്തിപരമായ ബന്ധമാണ്. കുടുംബബന്ധംപോലെയോ ഒരു പക്ഷേ അതിലുപരിയോ ആയ ഒരു ബന്ധമാണ് ഉടമ്പടിയിലൂടെ സൃഷ്ടിക്കപ്പെടുന്നത്. പഴയ നിയമ ജനതയുമായി ചെയ്ത പഴയ ഉടമ്പടിയിൽ ജനം അവിശ്വസ്തരായതുകൊണ്ട് ദൈവം ആ ഉടമ്പടി പിൻവലിച്ചു. തകർന്ന ആ ബന്ധത്തിനു പകരം ക്രിസ്തുവാകുന്ന പുതിയ ബലിയിലൂടെ പുതിയനിയമ ജനതയുമായി ദൈവം സ്ഥാപിച്ച പുതിയ ഉടമ്പടിയാണ് വി.കുർബാന. യേശുവിന്റെ രക്തം കൊണ്ട് ഈ പുതിയ ഉടമ്പടിക്ക് ദൈവം മുദ്രവച്ചു.

**കൗദാശികമായ ബലി**

ദൈവത്തിനുമാത്രം സമർപ്പിക്കുന്നതാണ് ബലി. കുരിശിലെ ബലിയാണ് ഏറ്റവും നിർണ്ണായകമായ ബലി. വി.കുർബാന, കുരിശിലെ ബലിയുടെ തുടർച്ചയല്ല, അതിനോട് കൂട്ടിച്ചേർക്കുന്നതല്ല മറിച്ച് കുരിശിലെ ബലിയുടെ പുനരാവിഷ്ക്കരണമാണ്. അന്ത്യ അത്താഴം കുരിശിലെ ബലി തന്നെ ആയിരുന്നതുപോലെയാണ് വി.കുർബാനയും കുരിശിലെ ബലി തന്നെയാവുന്നത്. കുരിശിലെ ബലിയുടെ കൗദാശികമായ പുനരാവിഷ്ക്കരണമാണ് വി.കുർബാന.

ക്രിസ്തുവിന്റെ ബലിയെന്നതുപോലെ തന്നെ ഇത് സഭയുടെയും ബലിയാണ്. സഭയുടെ ശിരസായ മിശിഹാ, പിതാവിനർപ്പിക്കുന്ന ബലി ആയതുകൊണ്ടാണ് കുർബാനയെ സഭയുടെ ബലിയെന്നു വിളിക്കുന്നത്.

**കൂട്ടായ്മയുടെ കൂദാശ**

Holy Communion എന്ന പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ കൂട്ടായ്മയുടെ കൂദാശയാണ് വി.കുർബാന. വിവിധ അംഗങ്ങളായ ദൈവജനം ഒരു മേശക്കുചുറ്റും ഒരുമിച്ചുകൂടി ഒരപ്പത്തിൽ നിന്നും ഭക്ഷിച്ച് ഒരു കൂട്ടായ്മയായി രൂപപ്പെടുന്നു. അതുകൊണ്ടാണ് Eucharist makes the church, വി.കുർബാനയാണ് സഭയെ രൂപപ്പെടുത്തുന്നത് എന്ന് പിതാക്കന്മാർ പഠിപ്പിച്ചത്. വി.കുർബാന അർപ്പണത്തിലൂടെ, വിഭജിച്ചു നിൽക്കുന്നവർ ഒരപ്പത്തിൽ നിന്നു ഭക്ഷിച്ച് ഒരു കൂട്ടായ്മയായി രൂപപ്പെടുന്നു.

**അപ്പവും വീഞ്ഞും**

ബലിയുടെ അവിഭാജ്യമായ പ്രതീകമായി ക്രിസ്തു അപ്പവും വീഞ്ഞും തെരെഞ്ഞെടുത്തതെന്താണ്? തകർക്കപ്പെടുന്നതും ഞെരുക്കപ്പെടുന്നതുമായ ഭാവമാണ് ബലിയുടെ ആത്മീയത. സ്നേഹത്തിനുവേണ്ടി അപ്പമായി മുറിക്കപ്പെടേണ്ടതിന്റെയും നന്മയ്ക്കുവേണ്ടി മുന്തിരിപ്പഴംപോലെ തകർക്കപ്പെടേണ്ടതിന്റെയും സൂചനയാണിവ നൽകുന്നത്.



www.malankaralibrary.com

രണ്ടാമതായി അപ്പവും പാനീയവും ഭക്ഷണമെന്നനിലയിൽ ഒരു മനുഷ്യന് അവന്റെ ജീവിതത്തിൽ നിന്നും മാറ്റി നിർത്താൻ കഴിയുന്നവയല്ല. അപ്പംപോലെ ഒരാളുടെ ജീവിതത്തിലെ ഒഴിവാക്കാനാവാത്ത സാന്നിദ്ധ്യമായി ക്രിസ്തു മാറുകയാണ് വി.കുർബാനയിലൂടെ.

**ഉപസംഹാരം**

എല്ലാതിലുമുപരി ദൈവസാന്നിദ്ധ്യത്തിന്റെ കൂദാശയാണ് വി.കുർബാന. ഒരാൾ ദൈവത്താൽ നിറയുന്നതിന്റെ ആഘോഷമാണിത്. ദൈവം കൂടെയുണ്ട് എന്ന ചിന്തയാണ് ഏതൊരാളുടെയും ജീവിതത്തിലെ അതിജീവനത്തിന്റെ കരുത്ത്. കൂടെ വസിക്കുന്ന ദൈവത്തെ കൂടെ കൂട്ടുവാൻ നാം വി.കുർബാനയുടെ മക്കളാവേണ്ടതുണ്ടെന്ന് അതു നമ്മെ സദാ ഓർമ്മിപ്പിക്കട്ടെ.

***ചർച്ചയ്ക്ക് :***

1. കൂട്ടായ്മയുടെ കൂദാശയാണ് വി. കുർബാന. വി. കുമ്പസാരം എപ്രകാരമാണ് അതിനുവേണ്ടിയുള്ള ഒരുക്കത്തിന്റെ കൂദാശയാവുന്നത്.

2. പുരോഹിതൻ എപ്രകാരമാണ് ദൈവജനത്തിന്റേയും, ദൈവത്തിന്റേയും പ്രതിപുരുഷനാകുന്നത് എന്ന് ഹെബ്രായ ലേഖനം 5- ാം അദ്ധ്യായം 1 മുതൽ 4 വരെയുള്ള വാക്യങ്ങളും വെളിച്ചത്തിൽ ചർച്ച ചെയ്യുക.

3. കുർബാന എന്ന വാക്കിന്റെ ഗ്രീക്ക് മൂലപദം 'Eucharistia' കൃതജ്ഞതാർപ്പണം എന്നാണ്. വി. കുർബാനയിലൂടെ ഒരാൾ നിർവ്വഹിക്കുന്ന കൃതജ്ഞതാർപ്പണത്തെ സങ്കീർത്തനം 116:12-14 ന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുക.



www.malankaralibrary.com

# കത്തോലിക്കാ സഭ

എന്താണ് കത്തോലിക്കാസഭ? എങ്ങനെയാണ് അതിനെ നിർവ്വചിക്കുക? നിർവ്വചനരൂപേണ കുറേ വാക്കുകളിൽ കത്തോലിക്കാസഭയെന്തെന്ന് പറയുക എളുപ്പമല്ല. അതിന്റെ സ്വഭാവത്തിന്റെ ചില സവിശേഷതകൾ വിവരിച്ച് അതെന്തെന്ന ബോധ്യമുളവാക്കുകയേ സാധിക്കുകയുള്ളൂ.

**വിശ്വാസപ്രമാണത്തിൽ**

എല്ലാ പുരാതന എപ്പിസ്ക്കോപ്പൽ സഭകളും പൊതുവായി ഉപയോഗിക്കുന്ന വിശ്വാസപ്രമാണമാണ് നിഖ്യ- കോൺസ്റ്റാന്റിനോപ്പിൽ വിശ്വാസപ്രമാണം. ഇത് ക്രൈസ്തവസഭയുടെ അടിസ്ഥാന പ്രമാണമാണ്. ഇതിൽ ത്രിത്വത്തെപ്പറ്റിയുള്ള വിശ്വാസപ്രഖ്യാപനത്തിനുശേഷം തുടർന്നു ഏറ്റുപറയുന്നു.

കാതോലികവും ശ്ലൈഹികവും വിശുദ്ധവും ഏകവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. ഈ വിശ്വാസപ്രഖ്യാപനത്തിൽ ഏറ്റുപറയുന്ന സഭയുടെ ലക്ഷണങ്ങളിലേയ്ക്കു തിരിയുന്നതിനുമുമ്പ് ഇങ്ങനെയൊരു പ്രഖ്യാപനത്തിന്റെ പ്രാധാന്യം എന്തെന്ന് ചിന്തിക്കുമല്ലോ. സഭയെന്ന യാഥാർത്ഥ്യത്തെ പരിശുദ്ധ ത്രിത്വത്തിനോടൊപ്പം ഏറ്റുപറയുന്ന പാരമ്പര്യമാണ് ക്രിസ്ത്യാനിയുടേതെന്ന് വ്യക്തമാണല്ലോ. ത്രിയേക ദൈവത്തിൽ വിശ്വസിക്കുന്നതോടൊപ്പം സഭയിലും വിശ്വസിക്കുക ഒരു ക്രൈസ്തവന്റെ കടമയാണ്. സഭ ഒരു മാനുഷിക സംഘടനയെന്നല്ല ഒരു ദൈവസംവിധാനമെന്നാണ് മനസിലാക്കേണ്ടത്. അതുപോലെ ദൈവവിശ്വാസവും സഭയിലെ അംഗത്വവും കാര്യമായ ബന്ധമില്ലാത്ത രണ്ടു



www.malankaralibrary.com

വിശ്വാസകാര്യങ്ങളല്ല, ദൈവവിശ്വാസം സഭയിലൂടെ പ്രഖ്യാപിക്കുകയും സഭയിലൂടെ ജീവിക്കുകയും ചെയ്യണമെന്നാണിതിന്റെ അർത്ഥം. വ്യക്തിപരമായ തെരഞ്ഞെടുപ്പും സമർപ്പണവും വിശ്വാസത്തിന്റെ അവിഭാജ്യ ഘടകങ്ങളാണെങ്കിലും വിശ്വാസം ഒരു ജീവിതയാഥാർത്ഥ്യമായി തീരുന്നത് അത് സഭയിൽ ജീവിക്കുമ്പോഴാണ്. ദൈവത്തോട് വ്യക്തി ബന്ധപ്പെടുന്നതിൽ വ്യക്തിപരമായ അംശത്തിന്റെ പ്രാധാന്യം ഒട്ടും കുറയ്ക്കാതെതന്നെ അതിന്റെ സാമൂഹികമാനം എടുത്തുപറയേണ്ടിയിരിക്കുന്നുവെന്നാണ് ഇതിനർത്ഥം.

വിശ്വാസപ്രമാണത്തിൽ പുത്രനെ പിതാവിൽ നിന്നു ജനിച്ചുവെന്നും പരിശുദ്ധാത്മാവിനെ പിതാവിൽ നിന്നു പുറപ്പെടുന്നവനെന്നുമാണ് വിശേഷിപ്പിച്ചിട്ടുള്ളത്. പിതാവിൽ നിന്നുള്ള രണ്ട് നിത്യ പുറപ്പെടലുകളാണ് പുത്രനും പരിശുദ്ധാത്മാവും. ഈ രണ്ട് പുറപ്പെടലുകളും സഭാസ്ഥാപനത്തിലാണ് പൂർണ്ണത കൈവരിക്കുന്നത്. അതിനാൽ തന്നെയാണ് ത്രിയേക ദൈവത്തെപ്പറ്റിയുള്ള വിശ്വാസത്തിന്റെ ഭാഗമായി സഭയിലുള്ള വിശ്വാസം ഏറ്റു പറയുന്നത്. പിതാവിൽ നിന്നു ജനിച്ച പുത്രന്റെ സ്ഥലകാല മാനങ്ങളിലുള്ള ശരീരമാണ് സഭ. പിതാവിൽ നിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ആലയവുമാണ് സഭ. അതുകൊണ്ടാണ് പറയുന്നത് പിതാവിൽ നിന്നുള്ള പുറപ്പെടലുകളുടെ പൂർണ്ണതയാണ് സഭ എന്ന്. പുത്രനും പരിശുദ്ധാത്മാവും അയക്കപ്പെട്ടവരാണ്. അവരിലാണ് സഭയുടെ മിഷൻ ആരംഭിക്കുന്നത്. ഈ ദൗത്യത്തിന്റെ ലക്ഷ്യം എല്ലാ സൃഷ്ടികളും മനുഷ്യനിലൂടെ ദൈവവുമായി ഐക്യപ്പെടുക എന്നതാണ്.

**ദൈവത്തിന്റെ പദ്ധതിയിൽ തിരുസഭ**

സഭ എന്ന പദം എക്ലേസിയ (Ecclesia) എന്ന ലത്തീൻ പദത്തിന്റെ തർജ്ജമയാണ്. അതുതന്നെയും കാഹൾ (Kahal) എന്ന ഹെബ്രായ പദത്തിന്റെ പരിഭാഷയാണ്. വാക്കിന്റെ അർത്ഥം ഒരു സമ്മേളനം, വിളിച്ചു ചേർക്കപ്പെട്ടവരുടെ കൂട്ടം എന്നൊക്കെയാണ്. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവർ ദൈവസന്നിധിയിൽ സമ്മേളിക്കുന്നതിനാണ് എക്ളേസിയ അല്ലെങ്കിൽ സഭ എന്നു പറയുന്നത്. ദൈവസന്നിധിയിലെ സമ്മേളനമാകയാലത് ആരാധനാ സമ്മേളനവും കൂടിയാണ്. പഴയനിയമത്തിലും പുതിയ നിയമത്തിലും അനേകം പ്രതീകങ്ങളുപയോഗിച്ച് സഭയുടെ സ്വഭാവം വ്യക്തമാക്കുന്നുണ്ട്. അത് ഒരു പ്രാദേശിക സമൂഹമാണ് (1 കൊരി 1:2; 16:1) അത് വിശ്വാസികളുടെ സാർവ്വത്രിക സമ്മേളനമാണ്. (1 കൊരി 15:9, ഗലാ 1:13) അതു യേശുവിന്റെ ശരീരമാണ്, യേശു അതിന്റെ ശിരസ്സാണ് ( എഫേ 1:22) അത് ദൈവത്തിന്റെ അജഗണമാണ് (യോഹ 21:15-17). യേശുവാണ് ആ അജഗണത്തിന്റെ നല്ല ഇടയൻ (യോഹ 10:1 -10). സഭ ദൈവത്തിന്റെ വയലാണ് (1 കോറി 3:9), റോമ (11:13-26). അത് ദൈവത്തിന്റെ മുന്തിരിത്തോട്ടമാണ് (മത്താ 21:33-41). സഭ ദൈവത്തിന്റെ ഭവനമാണ് (ലൂക്കാ 14:28-31). അത് ദൈവത്തിന്റെ സൈന്യമാണ് (ലൂക്ക 14:31-32) സഭ



www.malankaralibrary.com

കർത്താവിന്റെ മണവാട്ടിയാണ് (വെളി 21:3) അത് ഉന്നതത്തിലെ ജറുസലേമാണ് (വെളി 21:3) അത് നമ്മുടെ അമ്മയാണ് (വെളി 12:1-6) ക്രിസ്തു സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു. സ്നേഹഭാജനമാണ് സഭ (ഗലാ 4:26). ഇങ്ങനെ അനേകം പ്രതീകങ്ങൾ ഉപയോഗിച്ച് വേദപുസ്തകം തിരുസഭയെ ചിത്രീകരിച്ചിരിക്കുന്നു.

**സഭയുടെ ആരംഭവും ദൗത്യവും**

ദൈവപിതാവിന്റെ അനന്തമായ തിരുമനസ്സിൽ രൂപപ്പെട്ടതാണ് സഭ. തന്റെ നന്മയിലും ആനന്ദത്തിലും മനുഷ്യനെ പങ്കുകാരനാക്കുവാൻ ആഗ്രഹിച്ച ദൈവം താനുമായുള്ള സംസർഗ്ഗത്തിന് മനുഷ്യനെ ക്ഷണിച്ചതോടെ സഭ ചരിത്രപരമായി രൂപപ്പെട്ടുവെന്ന് പറയാം. അത് വേദപുസ്തകത്തിൽ അബ്രഹാമിന്റെ വിളിയിലാണ് നിറവേറുന്നത്.

*കർത്താവ് അബ്രഹാമിനോടു പറഞ്ഞു:*

"നിന്റെ ദേശത്തിൽനിന്നും സ്വന്തക്കാരിൽനിന്നും പിതൃഭവനത്തിൽ നിന്നും പുറപ്പെട്ട് ഞാൻ നിനക്കു കാണിച്ചുതരുന്ന ദേശത്തേയ്ക്ക് പോകുക. ഞാൻ നിന്നെ ഒരു വലിയ ജനതയാക്കും. ഞാൻ നിന്നെ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തമമാക്കും. അങ്ങനെ നീ ഒരു അനുഗ്രഹമായിത്തീരും...... ഭൂമിയിലെ ജനതകളെല്ലാം നിന്നാൽ അനുഗ്രഹീതരായിത്തീരും." (ഉല്പത്തി 12:1-3)

സകല ജനതകളും അനുഗ്രഹീതരായിത്തീരുവാൻ വേണ്ടി ജനതകളുടെ മുമ്പിൽ രക്ഷയുടെ കൂദാശയായി നിൽക്കുന്ന സമൂഹമാകാനാണ് അബ്രഹാം വിളിക്കപ്പെട്ടതെന്ന് വ്യക്തം. ഇവിടെ ചരിത്രപരമായി സഭയുടെ ആരംഭം സംഭവിച്ചുവെന്ന് പറയാം. അതായത് സഭയ്ക്ക് പഴയനിയമത്തിൽ തന്നെ ഒരു പ്രാരംഭചരിത്രമുണ്ട്. എന്നാൽ ഈ വിളിതന്നെയും ലോകസൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ട ദൈവതിരുമനസിന്റെ തുടർച്ചയും സാക്ഷാത്ക്കാരവുമാണ്. കാരണം തന്നോട് സംസർഗ്ഗം ചെയ്യുന്നതിനും അങ്ങനെ ആനന്ദം അനുഭവിക്കുന്നതിനുമാണല്ലോ ലോകവും മനുഷ്യനും സൃഷ്ടിക്കപ്പെട്ടത്. എന്നാൽ യേശുക്രിസ്തുവെന്ന ദൈവപുത്രനിലൂടെയാണ് സഭാസ്ഥാപനം പൂർണ്ണതയിലെത്തിയത്. അവിടത്തെ സുവിശേഷഘോഷണവും, കുരിശുമരണവും ഉയിർപ്പും പരിശുദ്ധാത്മാവിന്റെ ആഗമനവും വഴി ഈ ഭൂമിയിൽ സഭ സംസ്ഥാപിതമായി. ചുരുക്കത്തിൽ, സൃഷ്ടിയിൽ നിഴൽ രൂപത്തിലും അബ്രഹാമിൽ ചരിത്രപരമായും രൂപീകരിക്കപ്പെട്ട സഭയുടെ സംസ്ഥാപനം യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുകയും സാക്ഷാത്കൃതമാകുകയും ചെയ്തു.

**മനുഷ്യരക്ഷയ്ക്ക് സഭ അവശ്യാവശ്യം**

ആരംഭകാലം മുതൽ സഭാപിതാക്കന്മാർ ആവർത്തിച്ചു പറയുന്ന സത്യമാണ്



www.malankaralibrary.com

മനുഷ്യരക്ഷയിൽ സഭയ്കുള്ള അനുപേക്ഷണീയ സ്ഥാനം. അതിനാൽ സഭയ്ക്കു പുറത്ത് രക്ഷയില്ല എന്നവർ പഠിപ്പിച്ചു. അതിനർത്ഥം ദൃശ്യ സഭയുടെ അംഗങ്ങളല്ലാത്ത ആരും നിത്യരക്ഷ പ്രാപിക്കുകയില്ല എന്നല്ല. രക്ഷ ദൈവത്തിന്റെ സ്വതന്ത്രമായ ദാനമാണ്. മനുഷ്യൻ സ്വന്ത യോഗ്യത കൊണ്ട് അവകാശപ്പെടുത്തുന്നതല്ല. അതിനാൽ ദൈവത്തിനുമാത്രം അറിയാവുന്ന രീതിയിൽ, അവിടുത്തേയ്ക്കു മാത്രം മനസ്സിലാകുന്ന തരത്തിൽ ആരേയും അവിടുന്ന് രക്ഷിച്ചെന്നു വരും. മാത്രമല്ല സ്വന്തം കുറ്റം കൊണ്ടല്ലാതെ ഒരാൾ സഭയുടെ അംഗമാകാതിരുന്നാൽ അയാളെ ശിക്ഷിക്കുക ന്യായയുക്തവുമല്ലല്ലോ. ഇക്കാരണത്താൽ ദൃശ്യസഭയുടെ അംഗങ്ങളല്ലാത്തവരും നമുക്കു മനസ്സിലാകാത്ത രീതികളിൽ രക്ഷപ്പെടുന്നുണ്ട്. എന്നാൽ അതുകൊണ്ട് സഭയുടെ ആവശ്യകത ഒരു വിധത്തിലും ഇല്ലാതാകുന്നില്ല. ദൈവം രക്ഷയ്ക്കുവേണ്ടി സ്ഥാപിച്ച സ്വാഭാവിക മാർഗ്ഗമാണ് സഭ. അക്കാരണത്താൽ തന്നെ എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കുകയും വിശ്വസിക്കുന്നവരെ സഭയുടെ അംഗങ്ങളാക്കുകയും ചെയ്യുക എന്നത് സഭയുടെ അവകാശം മാത്രമല്ല ദൈവദത്തമായ ഉത്തരവാദിത്വവുമാണ്. സഭയെ കാതോലികമാക്കുന്നതു തന്നെ അതിന്റെ പ്രേഷിത ദൗത്യനിർവ്വഹണത്താലാണ്.

**സഭയുടെ ലക്ഷണങ്ങൾ**

*വിശ്വാസപ്രമാണത്തിൽ സഭയെപ്പറ്റിയുള്ള വിശ്വാസം ഇങ്ങനെയാണ്.*

കാതോലികവും ശ്ലൈഹികവും വിശുദ്ധവുമായ ഏകവുമായ സഭയിൽ ഞാൻ വിശ്വസിക്കുന്നു.

സഭയുടെ നാല് ലക്ഷണങ്ങളാണ് ഈ പ്രഖ്യാപനത്തിലൂടെ ഏറ്റു പറയുന്നത്.

1. സഭ കാതോലികമാണ്
2. സഭ ശ്ലൈഹികമാണ്
3. സഭ വിശുദ്ധമാണ്
4. സഭ ഏകമാണ്

**1. സഭ കാതോലികമാണ്**

കാതോലികമെന്നാൽ സാർവ്വത്രികമെന്നർത്ഥം. അതായത് മുഴുമയുള്ളത്. സാകല്യമുള്ളത് എന്നാണ് കാതോലികമെന്ന വാക്കിന്റെ അർത്ഥം. രണ്ടർത്ഥത്തിലാണ് കാതോലികതയെ മനസ്സിലാക്കേണ്ടത്. പ്രഥമമായി യേശു സഭയിൽ സന്നിഹിതമായിരിക്കുന്നതുകൊണ്ടാണ് സഭ കാതോലികമായിരിക്കുന്നത്. യേശു എന്ന ശിരസ്സിനോട് ചേർന്ന് യേശുവിന്റെ ഏക ശരീരമായി സഭ നിലനിൽക്കുന്നതിനാൽ അത് കാതോലികമാണ്. അങ്ങനെ യേശുവിന്റെ പൂർണ്ണശരീരം ആയിരിക്കുന്നതിനാൽ സഭയിൽ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളെല്ലാം അവയുടെ പൂർണ



www.malankaralibrary.com

തയിൽ കാണാൻ കഴിയും. യേശു ആഗ്രഹിച്ച രക്ഷയുടെ മാർഗ്ഗങ്ങളെല്ലാം സഭയിലുണ്ട്. പൂർണമായ വിശ്വാസ പ്രഖ്യാപനം സഭയിലുണ്ട്. അതുപോലെ കൗദാശിക ജീവിതവും അപ്പസ്തോലിക പാരമ്പര്യത്തിൽ നിന്നും വരുന്ന പട്ടത്വ ശുശ്രൂഷയും സഭയിൽ പൂർണമായി നിലനിൽക്കുന്നു. അതിനാലാണ് സഭ കാതോലികമെന്നു പറയുന്നതിന് ഒരു കാരണം.

മറ്റൊരർത്ഥത്തിലും സഭ കാതോലികമാണ്. കാരണം മനുഷ്യകുലത്തോട് മുഴവനുമുള്ള ഒരു ദൗത്യവുമായി യേശുവിനാൽ അയക്കപ്പെട്ടവളാണ് സഭ. എല്ലാവരും ഈ സഭയിൽ ഉൾപ്പെടാൻ വേണ്ടിതന്നെയാണ് യേശു അയച്ചിരിക്കുന്നത്. ഭാഷാപരമോ ദേശസംബന്ധമായതോ വർഗപരമോ ആയ വ്യത്യാസങ്ങളെയെല്ലാം അവഗണിക്കുകയും അതിജീവിക്കുകയും ചെയ്യുന്ന രീതിയിലാണ് എല്ലാവരും സഭയുടെ അംഗങ്ങളാകുന്നത്. വർഗ്ഗവർണ്ണ പ്രാദേശിക ഭാഷാപര വ്യത്യാസങ്ങളൊന്നും സഭയിൽ ഇല്ല. എല്ലാവരും തുല്യരാണ്. എല്ലാവർക്കും ഒരേ അവകാശങ്ങളാണ്.

**2. സഭ അപ്പസ്തോലികമാണ്**

അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ സഭ അപ്പസ്തോലികമാണ്. മൂന്ന് വിധത്തിൽ അപ്പസ്തോലികയെപ്പറ്റി മനസ്സിലാക്കാൻ കഴിയും. ക്രിസ്തുവിനാൽ തെരഞ്ഞെടുക്കപ്പെട്ട സർവ്വ ജനതകളിലേക്കും അയക്കപ്പെട്ട അപ്പസ്തോലന്മാരെന്ന അടിസ്ഥാനത്തിലാണ് സഭ പണിയപ്പെട്ടത്. ആ അടിസ്ഥാനത്തിൽത്തന്നെ സഭ നിലനിൽക്കുകയും ചെയ്യുന്നു. അതിനാൽ സഭ അപ്പസ്തോലികമാണ്.

അയയ്ക്കപ്പെട്ടവരാണല്ലോ അപ്പസ്തോലന്മാർ, ദൗത്യവുമായി അയക്കപ്പെട്ടവർ. ഞാൻ നിങ്ങളോടു കല്പിച്ചതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ (മത്തായി 28:20) എന്ന് പറഞ്ഞ് പഠിപ്പിക്കാനുള്ള ദൗത്യവുമായാണ് യേശു അവരെ അയക്കുന്നത്. ശ്ലീഹന്മാർ ഔദ്യോഗിക പ്രബോധകരാണ്. അപ്പസ്തോലന്മാരിൽ നിന്ന് ലഭിച്ച ആ പ്രബോധനം പരമ്പരാഗതമായി, തെറ്റുകൂടാതെ കൈമാറുന്നതിനാൽ സഭ ശ്ലൈഹികമാണ്. സഭയിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ് ഇങ്ങനെ പ്രബോധനം കൈമാറാൻ സഭയെ സഹായിക്കുന്നത്.

യേശുവിന്റെ പുനരാഗമനം വരെ ഈ പ്രബോധനം അപ്പസ്തോലന്മാരുടെ പിൻഗാമികളിലൂടെ തുടർന്നുകൊണ്ടിരിക്കുന്നതിനാൽ സഭ ശ്ലൈഹികമാണ്. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെ തുടർന്ന് പ്രബോധിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്നതിനാൽ സഭ ശ്ലൈഹികമാണ്. വൈദികരുടെ സഹായത്തോടെ, സഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായോടുള്ള ഐക്യത്തിലാണ് മെത്രാന്മാർ ഈ ശ്ലൈഹിക ശുശ്രൂഷ നിർവ്വഹിക്കുന്നത്.



www.malankaralibrary.com

ശ്ലൈഹിക ശുശ്രൂഷയിൽ മൂന്നു അംശങ്ങളുണ്ട്. പ്രബോധനം, വിശുദ്ധീകരണം, വഴിനടത്തൽ. ഈ ശുശ്രൂഷകൾ പരമാദ്ധ്യക്ഷനായ മാർപ്പാപ്പയോടുള്ള ഐക്യത്തിലാണ് നിർവ്വഹിക്കുന്നത്. ഇങ്ങനെ മാർപ്പാപ്പയോടു ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് അവരുടെ അധികാരത്തിന് കുറവുണ്ടാകുകയല്ല സ്ഥിരതയും സാർവ്വത്രിക സ്വഭാവവും കൈവരുകയാണ് ചെയ്യുന്നത്.

ഇങ്ങനെ ശ്ലൈഹിക പിൻതുടർച്ചയുള്ള മെത്രാന്മാരുടെയും വൈദികരുടെയും സാന്നിദ്ധ്യം സഭയിൽ അസമത്വമുണ്ടാക്കുന്നില്ല. വൈദികരല്ലാത്തവർ രണ്ടാം തരം ക്രിസ്ത്യാനികളായി തരംതാണുപോകുന്നുമില്ല. സഭയിൽ മാമോദീസാ സ്വീകരിച്ച സകലമനുഷ്യരുടേയും ഇടയിൽ അടിസ്ഥാനപരമായ തുല്യത നിലനിൽക്കുന്നു. ഈ തുല്യതയെ നിഷേധിക്കാതെയുള്ള ശുശ്രൂഷയാണ് ശ്ലൈഹിക ശുശ്രൂഷ. ശരിയായ പരിശീലനം ലഭിച്ചവരും കഴിവുള്ളവരുമായ അല്മായർ വിശ്വാസരൂപീകരണത്തിലും ദൈവശാസ്ത്രം പഠിപ്പിക്കുന്നതിലും മാധ്യമങ്ങൾ ഉപയോഗിക്കുന്നതിലുമെല്ലാം സഹകരിക്കണമെന്നു തന്നെയാണ് സഭയുടെ ആഗ്രഹം (കാനൻ നിയമം പാശ്ചാത്യം 229).

### 3. സഭ വിശുദ്ധമാണ്

സഭ വിശുദ്ധമാണെന്നത് വിശ്വാസത്തിന്റെ ഭാഗമാണ്. എന്താണുദ്ദേശിക്കുന്നത്? യേശുവാണ് പൂർണ്ണമായ അർത്ഥത്തിൽ ഏകവിശുദ്ധൻ. അവിടുത്തെ മണവാട്ടിയാണ് സഭ. സഭയെ വിശുദ്ധീകരിക്കാൻ അവിടുന്നു സ്വയം അവൾക്ക് ദാനം ചെയ്തു. സഭയെ തന്നോടു യോജിപ്പിച്ച് തന്റെ ഏക ശരീരമാക്കിയിരിക്കുന്നു. പരിശുദ്ധാത്മാവെന്ന ദൈവികദാനം സഭയ്ക്ക് നൽകിയിരിക്കുന്നു. ഇക്കാരണങ്ങളാൽ സഭ ദൈവത്തിന്റെ വിശുദ്ധജനമാണ്. സഭയുടെ സന്താനങ്ങളെ വിശുദ്ധരെന്ന് ദൈവവചനം വിശേഷിപ്പിക്കുകയും ചെയ്യുന്നു (1 കോറി 6:1)

സഭ യേശുവിനാൽ വിശുദ്ധീകരിക്കപ്പെടുന്നതുപോലെ യേശുവിനോടൊപ്പം യേശുവിലൂടെ സഭ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. യേശുവിൽ എല്ലാ ജനങ്ങളും വിശുദ്ധീകരിക്കപ്പെട്ട് ദൈവമഹത്വം നിറവേറ്റുകയെന്ന ലക്ഷ്യത്തോടെയാണ് സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

സഭയിൽ വിശുദ്ധീകരണപ്രക്രിയ തുടർന്നു നടന്നുകൊണ്ടിരിക്കുന്നു. എന്നും വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹമാണ് സഭ. വിശുദ്ധിയുടെ വഴിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നവരാണ് സഭയുടെ അംഗങ്ങൾ. ഇക്കാരണങ്ങളാൽ സഭ വിശുദ്ധമാണ്. പുണ്യപൂർണ്ണത പ്രാപിച്ച അനേകം വിശുദ്ധരുടെ ഒരു ദീർഘനിരതന്നെ സഭയിലുണ്ടെന്ന സത്യവും സഭ വിശുദ്ധമാണെന്ന സത്യം പ്രഘോഷിക്കുന്നു.

### 4. സഭ ഏകമാണ്

സഭ ഏകമാണെന്ന വിശ്വാസത്തിന്റെ അടിസ്ഥാനം സഭയുടെ സ്രോതസ്സ് ഏകമാണെന്നതാണ്. പരിശുദ്ധ ത്രിത്വമാണ് സഭയുടെ മാതൃകയും സ്രോത



www.malankaralibrary.com

സും. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവത്തിന്റെ ഏകത്വത്തിന്റെ മാതൃകയിലാണ് സഭയിലെ ഏകത്വം നിലനിൽക്കുന്നത്. അത് വൈവിധ്യത്തിലെ ഏകത്വമാണ്, വൈവിധ്യം നിഷേധിക്കലല്ല. ആരംഭം മുതൽ സഭയിലെ വൈവിധ്യം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ആരാധനാരീതിയിലും, ഭരണസംവിധാനത്തിലും, ദൈവശാസ്ത്രചിന്തയിലും മറ്റനേകം കാര്യങ്ങളിലും സഭ വൈവിധ്യം പുലർത്തുന്നു. എന്നാൽ വൈവിധ്യമുള്ളതുകൊണ്ട് സഭയുടെ ഏകത്വം ഇല്ലാതാകുന്നില്ല.

സഭയുടെ ഏകത്വം ഉറപ്പുവരുത്തുന്ന അനേകം ഘടകങ്ങളുണ്ട്. വിശ്വാസത്തിലുള്ള ഏകത്വം, കൂദാശകളിലുള്ള ഏകത്വം, അപ്പസ്തോലിക പിൻതുടർച്ച വഴി നിലനിൽക്കുന്ന പൗരോഹിത്യ ശുശ്രൂഷ, സ്നേഹത്തിലുള്ള ഒന്നുചേരൽ

**കത്തോലിക്കാസഭയും സഭയുടെ ഏകത്വവും**

മുകളിൽപറഞ്ഞ ലക്ഷണങ്ങളിൽ പലതും കത്തോലിക്കാ സഭയ്ക്കു പുറത്തും വിവിധ അളവിൽ നിലനിൽക്കുന്നുവെന്നത് നിഷേധിക്കാനാവില്ല. ഉദാഹരണത്തിന് ശ്ലൈഹിക പിൻതുടർച്ച, വിശുദ്ധീകരണമാർഗ്ഗങ്ങളായ കൂദാശകൾ മുതലായവ അകത്തോലിക്കാ പൗരസ്ത്യസഭകളിലും നിലനിൽക്കുന്നുണ്ട്. എന്നാൽ ഏകത്വത്തിന്റെ കാര്യത്തിൽ കത്തോലിക്കാസഭയുടെ വീക്ഷണമല്ല ഈ സഭകൾ പുലർത്തുന്നത്.

സഭ ഏകമാണെന്നത് കത്തോലിക്കാ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവാണ്. സ്ഥലകാലമാനങ്ങളിലും ആരാധനാക്രമരീതിയിലും വ്യത്യസ്തതപുലർത്തുന്ന ക്രിസ്തീയ സമൂഹങ്ങളെ സഭകളെന്നു വിളിക്കാറുണ്ടെങ്കിലും അവ വ്യത്യസ്ത സഭാ യാഥാർത്ഥ്യങ്ങളല്ല. ഏക സഭയുടെ വ്യത്യസ്ത കൂട്ടായ്മകൾ മാത്രമാണ്. ഗലാത്തിയായിലെ സഭാകൂട്ടായ്മകളെ ഉദ്ദേശിച്ചാണ് പൗലോസ് ഗലാത്തിയായിലെ സഭകളെന്ന് സംബോധനചെയ്തുകൊണ്ട് തന്റെ ലേഖനം ആരംഭിക്കുന്നത്. (ഗലാ 1:2 ഗലാത്തിയായിലെ സഭകൾക്ക്). അതുകൊണ്ട് അവ വിവിധ സഭായാഥാർത്ഥ്യങ്ങളാകുന്നില്ല. ഏകദൈവം മൂന്നു ആളുകളായിരിക്കുന്നതിനാൽ മൂന്നു ദൈവങ്ങളാകാത്തതുപോലെയാണ് സഭയുടെ ഏകത്വവും. ഇത് കത്തോലിക്കാവിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണമാണ്. ഏക ദൈവത്തിൽ വിശ്വസിക്കുന്നുവെന്നു പറയുകയും സഭ ത്രിത്വരഹസ്യത്തിന്റെ മാതൃകയിൽ രൂപപ്പെട്ട സമൂഹമാണെന്ന് വിശദീകരിക്കുകയും ചെയ്യുന്നവർപോലും സഭയുടെ ഏകത്വം ഏറ്റുപറയാത്തത് വിചിത്രമാണ്. തമ്മിലടിച്ചും, അധികാരത്തിനുംവേണ്ടി വടംവലി നടത്തുകയും ചെയ്തിട്ട് സഭയെ സംബന്ധിക്കുന്ന ഭാഗം വിശ്വാസപ്രമാണത്തിൽ ഏറ്റുപറയാൻ എങ്ങനെ സാധിക്കും?

സഭ ഏകമാണ്, സഭയുടെ സ്രോതസ്സും മാതൃകയുമായ പരിശുദ്ധ ത്രിത്വം ഏകദൈവമായിരിക്കുന്നതുപോലെ സഭ യേശുവിന്റെ ശരീരവും യേശു ആ ശരീ



www.malankaralibrary.com

രത്തിന്റെ ശിരസ്സുമാണ്. ഒരു ശിരസ്സിന് ഒന്നിലധികം ശരീരമുണ്ടാകാനാകാത്തതുപോലെ സഭയ്ക്ക് പലതാകാൻ സാധിക്കുകയില്ല. സഭ യേശുവിന്റെ മണവാട്ടിയാണ്. യേശുവിന് പല മണവാട്ടികളുണ്ടാകാൻ സാധിക്കാത്തതിനാൽ സഭ ഏകമാകാതിരിക്കാൻ സാധിക്കുകയില്ല.

ഈ ഏകത്വം സഭയുടെ മറ്റു ലക്ഷണങ്ങളെയും ശക്തിപ്പെടുത്തുന്നു. ഏകത്വത്തിൽ നിന്ന് ശ്ലൈഹികതയും, വിശുദ്ധിയും കാതോലികതയും പൂർണ്ണമാകുന്നു. ഈ ഏകതയുടെ അടയാളമാണ് മാർപ്പാപ്പാസ്ഥാനം. എന്തിനാണീ അടയാളം എന്ന ചോദ്യമുയർന്നേക്കാം. സഭ ആദ്ധ്യാത്മിക സമൂഹമെന്നതുപോലെ ഒരു ഭൗതിക സമൂഹം കൂടി ആയിരിക്കുന്നതുതന്നെ അടയാളം അത്യന്താപേക്ഷിതമാക്കുന്നു. ഇങ്ങനെ സഭയുടെ ഏകത്വത്തിൽ വിശ്വസിക്കുകയും അതിന്റെ അടയാളമാകുന്ന മാർപ്പാപ്പാസ്ഥാനം ഏറ്റുപറയുകയും ചെയ്യുന്നതുവഴി ഒരു കത്തോലിക്കൻ സഭയുടെ എല്ലാ സവിശേഷതകളും ഒരുമിച്ച് സ്വീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു.

കാതോലികവും ശ്ലൈഹികവും വിശുദ്ധവും ഏകവുമാണ് സഭ. ഈ സവിശേഷതകളെല്ലാം പൂർണ്ണതയിൽ അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നവനാണ് കത്തോലിക്കാവിശ്വാസി.

### കത്തോലിക്കാസഭ: വ്യക്തിസഭകളുടെ കൂട്ടായ്മ

## (Communion of individual Churches)

നാം മുകളിൽ വിശദീകരിച്ച ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭ എവിടെയാണ് നിലനില്ക്കുന്നത്? ഈ ഭൂമിയിൽ, ഇവിടത്തെ വിശ്വാസികളുടെ സമൂഹത്തിൽ. അതായത് സഭയെന്നത് ഒരു യാഥാർത്ഥ്യമാണ്, മാനുഷികവും ദൈവികവുമായ വശങ്ങളുള്ള ഒരു യാഥാർത്ഥ്യം. സഭ ഒരു ആദർശമല്ല, വർത്തമാനകാല അസ്തിത്വത്തിൽ നിലനില്ക്കുന്ന പച്ചയായ യാഥാർത്ഥ്യമാണ്. അതിനാൽ ഈ സഭ, ഈ ഏകസഭ, വിവിധ സ്ഥലകാല-സാഹചര്യ-ഭാഷാ-സംസ്ക്കാര-പാരമ്പര്യ-ദർശന വൈവിധ്യ ങ്ങളെന്ന മൂർത്തിത്വത്തിൽ (Conereteness) സ്ഥിതിചെയ്യുന്നു. അതിനാൽ ഈ ഒരേ സഭയ്ക്ക് വൈവിധ്യമുണ്ട്. ഏക സഭ വിവിധ മൂർത്ത രൂപങ്ങൾ സ്വീകരിക്കുന്നുവെന്നർത്ഥം. ഇവ ഓരോന്നും സഭായാഥാർത്ഥ്യം പൂർണ്ണമായി ഉൾക്കൊള്ളുന്നതിനാൽ ഇവയെ ഓരോന്നിനെയും സഭയെന്ന്, കത്തോലിക്കാസഭയെന്ന് സംശയം കൂടാതെ വിളിക്കാനാകും. ആ അർത്ഥത്തിൽ സാർവ്വത്രിക കത്തോലിക്കാസഭ വിവിധ വ്യക്തിസഭകളുടെ കൂട്ടായ്മയാണ്.

ഇതെങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുക? ത്രിത്വ രഹസ്യത്തിലേയ്ക്ക് നോക്കിയേ നമുക്കിതു വിശദീകരിക്കാനാകൂ. ത്രിത്വത്തിൽ മൂന്നു ആളുകളുണ്ടല്ലോ. ഓരോ ആളും പൂർണ്ണഅർത്ഥത്തിൽ ദൈവമാണ്. എന്നാൽ മൂന്ന് ആളു



www.malankaralibrary.com

കളും കൂടെ ചേർന്ന് മൂന്നു ദൈവങ്ങൾ ഉണ്ടാകുന്നില്ല. ഇതുപോലെ തന്നെ വ്യക്തിസഭകളുടെ കൂട്ടായ്മയായ സാർവ്വത്രിക കത്തോലിക്കാസഭ ഏകസഭയായി, ക്രിസ്തുവിന്റെ ഏക ശരീരമായി, ഏക മണവാട്ടിയായി, നിലനില്ക്കുന്നു.

മറ്റൊരുദാഹരണം കൂടി ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ചൂണ്ടിക്കാട്ടാനാകും. സഭ യേശുവിന്റെ ശരീരമാണല്ലോ. യേശുവിനെ ലോകത്തിന്റെ മുമ്പിൽ പ്രകടമാക്കുന്ന ശരീരം. നമ്മുടെ ഓരോരുത്തരുടെയും ശരീരം നമ്മുടെ വ്യക്തിത്വത്തെ പ്രകടമാക്കുന്നതുപോലെ തന്നെ. അതിനാൽ അദൃശ്യനായ യേശുവിന്റെ പ്രതിരൂപമാണ് സഭ. നമ്മുടെ മുഖം പലസ്ഥലത്തുള്ള പല ആകൃതികളുള്ള കണ്ണാടികളിൽ പ്രതിഫലിക്കുന്നു. ഓരോ പ്രതിഫലനവും പ്രതിഫലനം തന്നെ. എന്നാൽ പല കണ്ണാടികൾകൂടി വിവിധ വ്യക്തികളെയല്ല പ്രതിഫലിപ്പിക്കുന്നത്. ഏതാണ്ട് ഇതുപോലെ വിവിധ വ്യക്തിസഭകൾ ഒരേ യേശുവിനെ പ്രതിഫലിപ്പിക്കുന്നു.

**മലങ്കര കത്തോലിക്കാസഭ**

മുകളിൽ കണ്ട ദർശനത്തിന്റെ വെളിച്ചത്തിലാണ് മലങ്കര കത്തോലിക്കാസഭയെ മനസ്സിലാക്കേണ്ടത്. കാതോലികവും, ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭ മലങ്കരയുടെ സ്ഥല-കാല-പാരമ്പര്യ-ഭാഷാ-സംസ്ക്കാര മൂർത്തിത്വത്തിൽ നിലനിൽക്കുന്നതാണ് മലങ്കര കത്തോലിക്കാസഭ. ഇത് കത്തോലിക്കാസഭയുടെ ഒരു ഭാഗമല്ല. കത്തോലിക്കാസഭയ്ക്ക് ഭാഗങ്ങളായി നിലനില്ക്കാനാകില്ല. ഒരു ശരീരത്തിന് പല അവയവങ്ങളായി വേറിട്ടു നില്ക്കാൻ കഴിയാത്തതുപോലെ തന്നെ. ഓരോ വ്യക്തിസഭയും സഭാത്മകതയുടെ ലക്ഷണങ്ങളെല്ലാം ഉൾക്കൊള്ളുന്നതുകൊണ്ട് ഒരു പൂർണ്ണകത്തോലിക്കാസഭയാണ്. മലങ്കര കത്തോലിക്കാ സഭയും പൂർണ്ണകത്തോലിക്കാസഭയാണ്. കത്തോലിക്കാസഭ മലങ്കരയുടെ മൂർത്തിത്വത്തിൽ സ്ഥിതിചെയ്യുന്നതാണ് മലങ്കര കത്തോലിക്കാസഭ.അതിനാൽ അത് പൂർണ്ണമായ അർത്ഥത്തിൽ കത്തോലിക്കാസഭയാണ്. മലങ്കരയുടെ സവിശേഷതകൾ ഉൾക്കൊള്ളുന്നതുകൊണ്ട് പൂർണ്ണ മലങ്കരസഭയുമാണ്.

***ചർച്ചയ്ക്ക് :***

1. കത്തോലിക്കാ സഭയുടെ പ്രത്യേകതകൾ നിങ്ങൾ അംഗങ്ങളായിരിക്കുന്ന ഇടവക കൂട്ടായ്മയിൽ എങ്ങനെ അനുഭവിച്ചറിയുന്നു.



www.malankaralibrary.com

# യുവജന ആദ്ധ്യാത്മികത

മനുഷ്യൻ സ്വഭാവത്താൽ തന്നെ ജിജ്ഞാസുവാണ്. അന്വേഷകനാണ്. ഗർഭപാത്രത്തിൽ നിന്നും പുറത്തുവരുന്ന ശിശു ഉറക്കെ കരയുന്നത്, താൻ എടുത്തെറിയപ്പെട്ട ലോകത്തോടുള്ള പ്രതികരണമായിട്ടാണ്. നിസ്സഹായത മാത്രമല്ല, "ഇനി എന്ത്"? എന്ന അന്വേഷണം കൂടി ആ നിലവിളിയിൽ അടങ്ങിയിരിക്കുന്നു. ജീവിതത്തിന്റെ സുഖവും, അർത്ഥവും, ആനന്ദവുമാണ് സർവ്വമനുഷ്യരുടേയും അന്വേഷണത്തിന്റെ ലക്ഷ്യം. പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യാവുന്ന തലങ്ങളിലേക്കാണ് മനസ്സിന്റെ അന്വേഷണം മുന്നമേ കടന്നുചെല്ലുന്നത്. ക്ഷണികങ്ങളായ സുഖങ്ങളും സന്തോഷങ്ങളും കൊണ്ട് അതൃപ്തരാകുന്ന മനുഷ്യർ കൂടുതൽ അഗാധതലങ്ങളിലേക്ക് അന്വേഷണത്തെ ആഴപ്പെടുത്തുന്നു. മുലപ്പാലും, ബിസ്കക്റ്റും, മിഠായിയും കൊടുത്തിട്ടും കരച്ചിൽ നിറുത്താത്ത കുഞ്ഞുങ്ങളോട് അമ്മമാർ കൗതുകമുണർത്തുന്ന കഥകൾ പറയുന്നു. 'എന്നിട്ട് എന്തുണ്ടായി"? എന്ന് ചോദിച്ചുകൊണ്ട് കുഞ്ഞുങ്ങൾ അർത്ഥങ്ങളുടെ ലോകത്തിലേക്ക് ഭാവനയേയും, ചിന്തയേയും വളർത്തുന്നു. സുഖങ്ങളുടെ പിന്നാലെ പരക്കംപായുമ്പോഴും ജീവിതയാഥാർത്ഥ്യങ്ങളുടെ നിലനിൽക്കുന്ന അർത്ഥങ്ങൾ തേടാനുള്ള പ്രവണത യുവത്വത്തിലേക്ക് കടക്കുന്ന മനസ്സുകളിൽ വർദ്ധിച്ചുവരുന്നു. പരമമായ അർത്ഥവും ആനന്ദവും ഇന്ദ്രിയവിധേയമായ ഭൗതികതലത്തിനും അപ്പുറത്ത് അന്വേഷിക്കുന്ന വഴികളെയാണ് ആത്മീയത (Spirituality) സൂചിപ്പിക്കുന്നത്. ദൈവത്തിലേക്ക്, ബ്രഹ്മനിലേക്ക് ആനന്ദത്തിലേക്കുള്ള ജിജ്ഞാസയും, ആ ലക്ഷ്യം നേടിയെടു



www.malankaralibrary.com

ക്കുവാനുള്ള സാധനയുമാണ് ആത്മീയത. മനുഷ്യനുൾപ്പെടുന്ന പ്രപഞ്ചത്തിന്റെ പരമമായ പൊരുൾ ആനന്ദമാണ്.

ഭൗതികതയിൽ ഒതുങ്ങിനിൽക്കുന്നതിൽ ഒരു അസംതൃപ്തി അനുഭവിക്കുന്നവർക്കു മാത്രമേ ബ്രഹ്മജിജ്ഞാസ, ആത്മീയയാത്ര ആരംഭിക്കാനാവൂ. 'അതുകൊണ്ട്, ഇനിയും ബ്രഹ്മ അന്വേഷണം" അഥാതോ ബ്രഹ്മജിജ്ഞാസ" എന്ന് പറഞ്ഞു കൊണ്ടാണ് ശങ്കരാചാര്യർ ആത്മീയ സാധന ആരംഭിക്കുന്നത് (ബ്രഹ്മസൂത്ര 1:11) ഇന്നത്തെ യുവജനങ്ങൾക്ക് സംഗതമായ ഒരു പക്ഷേ ആകർഷണീയവുമായ, ഒരു ആത്മീയ സാധനയുടെ രൂപരേഖ അവതരിപ്പിക്കുവാനാണ് ഈ ലേഖനത്തിൽ പരിശ്രമിക്കുന്നത്.

**മൂന്നു ചെറുപ്പക്കാർ**

ആത്മീയതയുടെ വഴികൾ തേടിയ മൂന്നു ചെറുപ്പക്കാരുടെ ഉദാഹരണങ്ങൾ നമുക്കൊന്നു പരിശോധിക്കാം. "നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" (മർക്കോ 10:17) എന്ന് ചോദിച്ചുകൊണ്ട് യേശുവിന്റെ മുമ്പിൽ മുട്ടുകുത്തിയ ധനികനായ യുവാവിന്റേതാണ് ആദ്യത്തെ ഉദാഹരണം. പ്രമാണങ്ങൾ എല്ലാം ചെറുപ്പം മുതൽ പാലിച്ചുകൊണ്ട് ജീവിച്ച ഒരു മത ഭക്തനായിരുന്നു ആ യുവാവ്. എന്നിട്ടും, നിത്യ ജീവൻ അവകാശമാക്കാൻ ഇതൊന്നുംപോരെ എന്നയാൾക്കു തോന്നിയിരിക്കണം. മതാത്മക തലത്തിൽ ചെയ്യേണ്ടതും ചെയ്യാവുന്നതുമൊക്കെ നിർവ്വഹിച്ചുകഴിഞ്ഞാലും ആത്മീയതയ്ക്കു വേണ്ടിയുള്ള ദാഹം നിലനിൽക്കും. ധാർമ്മിക നിയമങ്ങളും മത ജീവിതമാവശ്യപ്പെടുന്ന പരമ്പരാഗത ആചാര അനുഷ്ഠാന ക്രമങ്ങളും വിധിപ്രകാരം നിർവ്വഹിച്ചു കഴിഞ്ഞാലും നിത്യജീവനിലേക്ക്, ആനന്ദത്തിന്റെ പൂർണ്ണതയിലേക്ക് ഒരുവൻ പ്രവേശിക്കണമെന്നില്ല. മതാത്മകതയും ആത്മീയതും തമ്മിലുള്ള വ്യത്യാസത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ധാർമ്മിക നിയമങ്ങൾ, പ്രമാണങ്ങൾ, ആചാരവിധികൾ ഇവയൊക്കെ ആത്മീയതയ്ക്ക് എതിരല്ല. എങ്കിലും അവ പാലിക്കുന്നതിൽ തൃപ്തി കണ്ടെത്തുന്ന മനസ്സ് ആത്മീയതയിലേക്കുയരാൻ വളരെ പാടുപെടേണ്ടി വരും. ദൈവമല്ലാത്ത എല്ലാം ഉപേക്ഷിച്ചുകൊണ്ട്, ദൈവത്തെ മാത്രം ഏക നന്മയായി തിരിച്ചറിഞ്ഞുകൊണ്ട് എന്തു ത്യാഗവും സഹിച്ച് ദൈവവുമായി വ്യക്തിപരമായ ഒന്നാകലിലേക്ക് ഉയരാൻ അത്തരം മനസ്സുകൾക്ക് വളരെ പ്രയാസമാണ്. തന്നെ സ്നേഹപൂർവ്വം കടാക്ഷിച്ചുകൊണ്ട് "നിനക്ക് ഒരു കുറവുണ്ട്. പോയി, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക" (10,21) എന്ന് യേശു ആഹ്വാനം ചെയ്തപ്പോൾ അത് സ്വീകരിക്കാൻ ധനികനും മതഭക്തനുമായ യുവാവിനു കഴിഞ്ഞില്ല. യേശുവിനെ അനുഗമിക്കുവാൻ തയ്യാറാകാതെ ഈ വചനം കേട്ട് അവൻ വിഷമിച്ച് സങ്കടത്തോടെ തിരിച്ചുപോയി (10,22).



www.malankaralibrary.com

ദുർനടപ്പുകാരിയെങ്കിലും നിത്യജീവന്റെ ജലം കുടിക്കാൻ ഉൾദാഹം ഉണ്ടായിരുന്ന സമരിയാക്കാരി സ്ത്രീ ആണ് രണ്ടാമത്തെ ഉദാഹരണം. ഒരിക്കൽ കുടിച്ചാൽ ദാഹം പൂർണ്ണമായി ശമിക്കുകയും കുടിക്കുന്നവരുടെ ഉള്ളിൽ "നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന" അരുവിയായി തീരുകയും ചെയ്യുന്ന ജലം യേശു അവൾക്ക് വാഗ്ദാനം ചെയ്തു. അത് സ്വീകരിക്കുവാൻ വേണ്ട തുറവിയും ധൈര്യവും അവളുടെ മനസ്സിനുണ്ടായിരുന്നു. യേശുവിന്റെ വചനങ്ങൾ അവളുടെ ഭൂതകാല ജീവിതത്തെ ഒരു ദർപ്പണത്തിലൂടെയെന്നവണ്ണം അവളുടെ മുൻപിൽ അനാവൃതമാക്കി. സ്വകാര്യ ജീവിതത്തിലെ അപഥസഞ്ചാരങ്ങളേയും മത ജീവിതത്തിലെ അപൂർണ്ണതകളേയും അതിജീവിച്ച് ജീവന്റെ ഉറവയിലേക്ക് വരാൻ അവൾ തയ്യാറായി. ആത്മാവിലും സത്യത്തിലുമുള്ള ആരാധന യേശുവിൽ നിന്നും അവൾ പഠിച്ചു. ആത്മീയതയുടെ വഴിയിലൂടെ നടക്കാൻ ആരംഭിച്ച ആ സ്ത്രീക്കാണ് യേശു വരാനിരുന്ന ക്രിസ്തു താൻ തന്നെയാണെന്ന പരമമായ വെളിപാട് നൽകിയത്. (യോഹ 4:26) ഉടൻതന്നെ അവൾ പോയി മറ്റ് സമരിയാക്കാരോട് തന്റെ അനുഭവം പങ്കുവച്ചു. ആത്മീയതയുടെ നിറവിലേക്കുയരുന്ന വ്യക്തികൾ പൊയ്മുഖങ്ങളില്ലാത്ത തങ്ങളുടെ സുതാര്യ ജീവിതത്തിലൂടെ മറ്റുള്ളവരെ ദൈവത്തിലേക്കാനയിക്കും. ഈ മലയിലോ ജറുസലേമിലോ അല്ല, സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കുന്ന അവർ ജീവന്റെ അരുവികളായി, സത്യത്തിന്റെ കിരണങ്ങളായി ക്രിസ്തുവിന്റെ പ്രേഷിത ജോലി തുടരും.

യുവ ജനങ്ങളുടെ മദ്ധ്യസ്ഥനായ വി. ഫ്രാൻസീസ് അസ്സീസിയാണ് മൂന്നാമത്തെ ഉദാഹരണം. സമ്പന്നനായ പിതാവ് സന്തോഷത്തോടെ വച്ചു നീട്ടിയ ആഡംബരങ്ങളും സുഖസൗകര്യങ്ങളും, കൂട്ടുകാരോടൊപ്പം മദ്യ ലഹരിയിൽ ആടിപാടി ചിലവഴിച്ച ദിനരാത്രങ്ങളും ഫ്രാൻസീസിന്റെ അന്തർദാഹത്തെ ശമിപ്പിച്ചില്ല. "ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ" എന്ന ക്രിസ്തു വചനം അദ്ദേഹത്തെ ആത്മീയതയുടെ പാതയിൽ എത്തിച്ചു. ഭൗതികതയുടെയും, സുഖലോലുപതയുടെയും ഭാരത്താൽ ഇടിഞ്ഞുപൊളിഞ്ഞു കൊണ്ടിരുന്ന തന്റെ പള്ളി പുതുക്കിപ്പണിയാൻ കുരിശിൽകിടക്കുന്ന ക്രിസ്തു ഫ്രാൻസിസിനെ ക്ഷണിച്ചപ്പോൾ അയാൾക്ക് ആ ക്ഷണം നിരസിക്കാനായില്ല. എല്ലാവരിലും എല്ലാറ്റിലും ക്രിസ്തുവിനെ ദർശിച്ചുകൊണ്ട് അദ്ദേഹം ദാരിദ്ര്യത്തിന്റെ പാതയിലൂടെ തന്റെ നാഥനുമൊത്ത് സഞ്ചരിച്ചു. സ്നേഹത്തിന്റെ ലഹരിയിൽ പാട്ടുകൾ പാടി നൃത്തം ചെയ്ത് അസ്സീസ്സിയിലും അടുത്ത നാടുകളിലും നിറഞ്ഞു നിന്ന ആ ജീവിതം ലോകമെമ്പാടുമുള്ള യുവജനങ്ങൾക്ക് ഇന്നും ഒരു ഹരമാണ്, ആത്മീയ ലഹരിയാണ്.

### ആത്മീയതയുടെ വിവിധ വഴികൾ

ജീവിതത്തിന്റെ പരമമായ ലക്ഷ്യം പ്രാപിക്കുവാൻ, അല്ലെങ്കിൽ ദൈവവുമായി ഐക്യപ്പെടാൻ, വിവിധങ്ങളായ മാർഗ്ഗങ്ങൾ മനുഷ്യർ അവലംബിക്കുന്നു.



www.malankaralibrary.com

ഇത്തരം മാർഗ്ഗങ്ങളെ ആത്മീയതകൾ (Spiritualities) അല്ലെങ്കിൽ ആത്മീയ സാധനകൾ എന്ന് പറയാം. ഓരോ മതത്തിലും വ്യത്യസ്തങ്ങളായ ആത്മീയതകൾ നിലനിൽക്കുന്നുണ്ട്. ഇവയൊക്കെ പരസ്പര പൂരകങ്ങൾ ആയിരിക്കാം സാധകന്റെ അഭിരുചികൾക്കും ശേഷികൾക്കും യോജിച്ചവിധത്തിൽ വിവിധ ആത്മീയതകളുടെ അനുയോജ്യമായ വശങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഒരു വ്യക്തിക്ക് നൂതനമായ ഒരു ആത്മീയത വികസിപ്പിച്ചെടുക്കുവാൻ സാധിക്കും. ഭഗവദ്ഗീത ഹൈന്ദവമതത്തിലെ വിവിധ ആത്മീയ ധാരകളുടെ അതിവിദഗ്ദ്ധമായ ഒരു സംയോജനമാണ്. ഹൈന്ദവ ഭക്തി മാർഗ്ഗവും ഇസ്ലാമിക ഏക ദൈവവിശ്വാസവും സമ്മേളിച്ചിപ്പുകൊണ്ടാണ് ഗുരുനാനാക്ക് സിക്കുമതത്തിലെ ആത്മീയ സാധന രൂപപ്പെടുത്തിയത്. ക്രൈസ്തവ സഭകളിൽ വൈവിധ്യമാർന്ന നിരവധി ആത്മീയ സാധനകൾ രൂപം കൊണ്ടിട്ടുണ്ട്. ക്രിസ്തുവിന്റെ സുവിശേഷം ജീവിക്കുവാനുള്ള വിവിധ പരിശ്രമങ്ങളാണ് ഈ ആത്മീയതകൾ. ഇവ തമ്മിൽ അടിസ്ഥാന സാമ്യങ്ങളുണ്ട്. മാത്രമല്ല പരസ്പര പൂരകങ്ങളുമാണ്.

കത്തോലിക്കാ സഭയിൽ ഇന്ന് നിലനിൽക്കുന്ന ഏതാനും ആത്മീയ സാധനകളെ നമുക്കൊന്ന് പരിശോധിക്കാം. സുവിശേഷത്തെ ദാരിദ്ര്യത്തിന്റെ അരൂപിയിൽ ജീവിച്ചുകൊണ്ട് രക്ഷകനായ യേശുവിനെ അനുകരിക്കുവാനുള്ള പരിശ്രമമാണ് വി. ഫ്രാൻസിസ് അസ്സീസ്സി നടത്തിയത്. ശൂന്യവത്ക്കരണത്തിന്റേയും ഭൗതിക വസ്തുക്കളുടെ ഉടമസ്ഥതയിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന്റേയും കഠിനമായ ലാളിത്യത്തിന്റേയും പാത പിൻതുടർന്ന ഫ്രാൻസീസിനെ പിൻതുടരുവാൻ ധാരാളം പേരുണ്ടായി. സഹജീവികളേയും സസ്യമൃഗാദികളേയും സൂര്യചന്ദ്രാദികളേയും എല്ലാം സഹോദരീ സഹോദരന്മാരായി പരിഗണിച്ച ഫ്രാൻസീസ് നിസ്വനായ സ്നേഹ ഗായകനായി മനുഷ്യഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു. ശിഷ്യന്മാരുടെ അംഗസംഖ്യ വർദ്ധിച്ചപ്പോൾ അവർ വിവിധ ഫ്രാൻസിസ്കൻ സമൂഹങ്ങളായി സംഘടിക്കപ്പെട്ടു. എന്നാൽ അവയെയെല്ലാം കോർത്തിണക്കുന്നത് ഫ്രാൻസിസ്കൻ അദ്ധ്യാത്മികതയാണ്.

കാർമ്മൽ മലമുകളിൽ ഏകാന്തതയിലും പ്രാർത്ഥനയിലും സന്യാസീസന്യാസിനികൾ അതിപുരാതന കാലം മുതൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്നു. കർമ്മലീത്താ അദ്ധ്യാത്മികത ഈ പ്രാർത്ഥനാ ജീവിതത്തിന്റെ തുടർച്ചയാണ്. നിശ്ശബ്ദതയിലും പ്രാർത്ഥനയിലും ആത്മാവിന്റെ ദൈവ ഐക്യത്തിലേക്കുള്ള പുരോഗതി അവർ ലക്ഷ്യംവച്ചു. കർമ്മലീത്താ സഭയുടെയ നവീകരണത്തിന് നേതൃത്വം കൊടുത്ത കുരിശിന്റെ വിശുദ്ധ യോഹന്നാനും ആവിലായിലെ അമ്മത്രേസ്യായും പ്രാർത്ഥനാ ജീവിതത്തിലൂടെയുള്ള ആത്മാവിന്റെ പുരോഗതിയുടെ വിവിധപ്പടവുകൾ വിശദീകരിച്ചു. പ്രാർത്ഥനയ്ക്കും ധ്യാനത്തിനും കൂടുതൽ പ്രാധാന്യം നൽകുന്ന കർമ്മലീത്ത ആദ്ധ്യാത്മികത ഇന്നും അനേകരെ ആകർഷിക്കുന്നു. ഇതുപോലെ മറ്റ് ധാരാളം ആത്മീയ സാധനകൾ കത്തോലിക്കാസഭയിൽ വിശുദ്ധിയുടെ മാർഗ്ഗങ്ങളായി നിലകൊള്ളുന്നു.



www.malankaralibrary.com

അടുത്തകാലത്ത് നൂതനങ്ങളായ ധാരാളം ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ സഭയിൽ രൂപംകൊണ്ടിട്ടുണ്ട്. ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കും അഭിരുചികൾക്കും അനുയോജ്യമായ വിധത്തിൽ ദൈവരാജ്യ നിർമ്മിതിക്കു വേണ്ടി പരിശുദ്ധാത്മാവ് ദാനങ്ങൾ വർഷിക്കുന്നതിന്റെ തെളിവുകളാണ് ഈ പ്രസ്ഥാനങ്ങൾ. പരിശുദ്ധാത്മാവിന്റെ ആവാസത്താലുണ്ടായ ചൈതന്യവും വരദാനങ്ങളുമാണ് ആദിമ ക്രൈസ്തവസഭയെ ഒരു സ്നേഹക്കൂട്ടായ്മയായി നിലനിർത്തിയത്. സഭ കാലക്രമേണ കൂടുതൽ കൂടുതൽ വ്യവസ്ഥാപിതവും നൈയ്യാമികവുമായപ്പോൾ അതിന്റെ പെന്തക്കോസ്താനുഭവം കുറഞ്ഞുവന്നു. നവീനമായ പെന്തക്കോസ്താനുഭവത്തിന്റെ വിളംമ്പരമായിട്ടാണ് കഴിഞ്ഞ നൂറ്റാണ്ടിൽ പരിശുദ്ധാത്മാവിലുള്ള നവീകരണ പ്രസ്ഥാനം കത്തോലിക്കാ സഭയിൽ ആവിർഭവിച്ചത്. ഇത് കരിസ്മാറ്റിക് പ്രസ്ഥാനം എന്ന പേരിലും അറിയപ്പെടുന്നു. ആത്മാവിൽ നിറഞ്ഞ് ദൈവത്തെ സ്തുതിക്കുകയും ശരീരത്തിന്റെയും മനസിന്റെയും പൂർണ്ണശക്തിയോടെ പ്രാർത്ഥിക്കുകയും അതുവഴി രോഗശാന്തിയും ആന്തരിക പരിവർത്തനവും മറ്റ് വരദാനങ്ങളും പ്രാപിക്കുകയും ചെയ്യുന്നത്, ഈ പ്രസ്ഥാനത്തിന്റെ പ്രത്യേകതയാണ്. സ്വതന്ത്രമായും സ്വയം പ്രേരിതമായും നടത്തപ്പെടുന്ന ആരാധന, അതിൽ പങ്കെടുക്കുന്നവരുടെ വൈകാരികവും ശാരീരികവുമായ വിടുതൽ അനുഭവത്തിന് വഴിയൊരുക്കുന്നു. വചനപ്രഘോഷണവും ധ്യാനവും ആത്മാവിലുള്ള അഭിഷേകത്തിനും, വിശ്വാസത്തിലാഴപ്പെടുന്നതിനും ഹൃദയപരിവർത്തനത്തിനും കാര്യക്ഷമമായ മാർഗ്ഗങ്ങളായി കേരളത്തിലേയും ഭാരതത്തിലേയും സാധാരണ കത്തോലിക്കർക്ക് ക്രൈസ്തവ ജീവിതത്തിൽ കരിസ്മാറ്റിക് നവീകരണത്തിന്റെ ആദ്ധ്യാത്മികത ഏറ്റം സഹായകരമായി തീരുന്നു.

**കൂട്ടായ്മയുടെ ആദ്ധ്യാത്മികത**

ഇന്നത്തെ നമ്മുടെ യുവജനങ്ങൾക്ക് അനുയോജ്യമായ ഒരു ആദ്ധ്യാത്മികതയെപ്പറ്റി ചിന്തിക്കുമ്പോൾ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ "പുതിയ സഹസ്രാബ്ദത്തിന്റെ ആരംഭം" എന്ന പേരിൽ എഴുതിയ അപ്പസ്തോലിക ലേഖനത്തിൽ സഭയ്ക്കു മുഴുവനും വേണ്ടി നിർദ്ദേശിച്ച "കൂട്ടായ്മയുടെ ആദ്ധ്യാത്മികത" (Spirituality of communion) പ്രത്യേകം പരിഗണനീയമാണ്. സഭയിൽ ഇന്നുവരെ രൂപംകൊണ്ട് വികാസം പ്രാപിച്ച ആത്മീയ സാധനകൾ പൊതുവെ വ്യക്തികളുടെ ആത്മീയ പുരോഗതിയേയും വിശുദ്ധീകരണത്തെയും ലക്ഷ്യം വച്ചുള്ളതായിരുന്നു. ഓരോ വ്യക്തിയും പ്രാർത്ഥനയിലൂടെയും ധർമ്മാനുഷ്ഠാനങ്ങളിലൂടെയും സ്വയം വിശുദ്ധീകരിച്ചുകൊണ്ട് ദൈവ ഐക്യത്തിലേക്ക് വളരാനുള്ള ഊന്നൽ ആയിരുന്നു അവയ്ക്കുണ്ടായിരുന്നത്. ലോകം, ജഡം, പിശാച് ഇവയിൽ നിന്ന് പിന്മാറി മരുഭൂമിയിലോ, ആവൃത്തിയ്ക്കുള്ളിലോ താപസജീവിതം നയിക്കുവാനുള്ള പ്രവണത ക്രൈസ്തവ സഭയിൽ ഇന്നും തുടരുന്നു. ഇത്തരം സാധനകളിൽ സഹോദരനേയും, സഹോദരിയേയും ആത്മീയ വളർച്ചയ്ക്ക് തട



www.malankaralibrary.com

സ്സമായി പലപ്പോഴും കരുതിയിരുന്നു. "നിത്യരക്ഷ പ്രാപിക്കണമെങ്കിൽ, മനുഷ്യരിൽ നിന്ന് ഓടിപ്പോകുക" എന്ന് അർസേനിയോ സന്യാസി ആഹ്വാനം ചെയ്തു. "എനിക്ക് ഒരേസമയം ദൈവത്തോടുകൂടിയും മനുഷ്യരോടൊപ്പവും ആയിരിക്കാൻ സാധ്യമല്ല" എന്ന് ചില സഭാപിതാക്കന്മാർ പറഞ്ഞിട്ടുണ്ട്. ക്രിസ്താനുകരണം എന്ന പ്രസിദ്ധമായ കൃതിയിൽ തോമസ് ആകെംപിസ് ഇങ്ങനെ എഴുതി. "ഓരോ പ്രാവശ്യവും മനുഷ്യരുടെ കൂടെയായിരുന്നശേഷം എന്റെ വ്യക്തിത്വത്തിൽ കുറവുള്ളതായിട്ടാണ് ഞാൻ തിരിച്ചുവന്നത്.

എന്നാൽ രണ്ടാം വത്തിക്കാൻ സുനഹദോസിലൂടെ പരിശുദ്ധാത്മാവ് ക്രിസ്ത്യാനികളെ മുഴുവൻ പരസ്പര സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പാതയിലൂടെ വ്യക്തിപരമായും അതോടൊപ്പം സാമൂഹികമായും വിശുദ്ധീകരണം പ്രാപിക്കുവാൻ ക്ഷണിച്ചു. സമൂഹത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയല്ല, സഹോദരമധ്യത്തിലേക്ക് ഇറങ്ങി ചെല്ലുകയാണ് വിശുദ്ധീകരണത്തിന്റേയും ദൈവരാജ്യനിർമ്മിതിയുടെയും ഉത്തമ മാർഗ്ഗമെന്ന് സഭ പഠിപ്പിച്ചു. ജോൺ പോൾ രണ്ടാമന്റെ വാക്കുകളിൽ "സഭയെ സംബന്ധിച്ചിടത്തോളം എല്ലാ വഴികളും മനുഷ്യനിലേക്ക് നയിക്കുന്നു" . വിശ്വാസികൾ അവരുടെ കാലഘട്ടത്തിലുള്ള മനുഷ്യസമൂഹവുമായി ഏറ്റവും അടുത്ത് ഇടപഴകി ജീവിക്കണമെന്ന് രണ്ടാം വത്തിക്കാൻ സുനഹദോസ് പഠിപ്പിക്കുന്നു. തന്മൂലം വിശ്വാസികൾ തങ്ങളുടെ സമകാലീനരുമായി ഗാഢമായ ഐക്യത്തിൽ ജീവിക്കുകയും സംസ്കാരത്തിലൂടെ പ്രകടിതമാകുന്ന അവരുടെ ചിന്താരീതികളും വികാരഗതികളും നന്നായി ഗ്രഹിക്കുവാൻ പരിശ്രമിക്കുകയും ചെയ്യട്ടെ" (G.S.62)

സുവിശേഷം ഇന്നത്തെ ലോകത്തിൽ കാര്യക്ഷമമായി ജീവിക്കുന്നതിന് നൂതനമായ ഒരു ആദ്ധ്യാത്മികത രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യമുണ്ടെന്ന് വാൾട്ടർ കാസ്പർ, കാൾ റാനർ, പോൾ ആറാമൻ മാർപ്പാപ്പ തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കാസ്പറിന്റെ വീക്ഷണത്തിൽ മാനവകുലം ഇന്ന് സാർവ്വത്രികമായ ഒരു സംസ്ക്കാരത്തിലേക്ക് (Universal Civilization) നീങ്ങിക്കൊണ്ടിരിക്കുകയാണ്. ദൈവസ്നേഹത്തെയും പരസ്നേഹത്തെയും സംയോജിപ്പിച്ച് കൊണ്ടുള്ള ഒരു വിശ്വാസദർശനവും ആദ്ധ്യാത്മികതയുമാണ് ഇന്നത്തെ കാലഘട്ടത്തിന് ആവശ്യമായിരിക്കുന്നത്. അഗാധമായ വിശ്വാസത്തെയും ലോകത്തോടുള്ള ഏറ്റം വലിയ തുറവിയേയും സ്നേഹത്തിൽ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ ആദ്ധ്യാത്മികത രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള ഒരു ആദ്ധ്യാത്മികത കാൾ റാനറും വിഭാവന ചെയ്തിട്ടുണ്ട്. റാനറുടെ വീക്ഷണത്തിൽ പരിശുദ്ധാത്മാവിന്റെ അനുഭവം ആദിമസഭയിൽ എന്നപോലെ സംഘാതമായി വീണ്ടും അനുഭവിക്കുവാൻ സഹായകരമായ ഒരു ആദ്ധ്യാത്മികതയാണ് ഇന്നത്തെ സഭയ്ക്കു ആവശ്യമായിട്ടുള്ളത്. സഭാസമൂഹം മുഴുവൻ പരിശുദ്ധാത്മാവിന്റെ ആവാസത്താൽ നിറഞ്ഞ് സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കൂട്ടായ്മയിലേക്ക് വളരുവാൻ സഹായിക്കുന്ന സംഘാ



www.malankaralibrary.com

തമായ ഒരു ആദ്ധ്യാത്മികത (Collective Spirituality) ആണ് ഇന്നാവശ്യം. കൂട്ടായ്മയുടെ ആദ്ധ്യാത്മികതയെക്കുറിച്ച് പോൾ ആറാമൻ മാർപ്പാപ്പയും പലപ്രാവശ്യം സൂചിപ്പിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ സഭയിലെ സാധാരണ ജീവിതത്തിന് അപവാദമെന്നവണ്ണം അപൂർവ്വം ചില വ്യക്തികൾ വിശുദ്ധിയുടെ തലത്തിലേക്ക് ഉയർന്നു നിൽക്കുകയും ജനം അവരെ ആദരിക്കുകയും ചെയ്തു. എന്നാൽ ഇന്ന് ആവശ്യമായിരിക്കുന്നത് ജനത്തിന്റെ മുഴുവൻ വിശുദ്ധീകണമാണ്, ദൈവജനം മുഴുവനായി വിശുദ്ധരായി തീരുകയാണ്. വ്യക്തികളുടെ ഹൃദയങ്ങളിൽ ദൈവരാജ്യത്തെ അന്വേഷിക്കുന്നതോടൊപ്പം നമ്മുടെ മധ്യത്തിലും ദൈവരാജ്യം കണ്ടെത്താനാവണം. ഇതിനു സഹായകരമായ ഒരു ആദ്ധ്യാത്മികത ഇന്നാവശ്യമായിരിക്കുന്നു. ദൈവത്തിലേയ്ക്കുള്ള ഏറ്റവും ഉത്തമമായ വഴി നമ്മുടെ സഹോദരരാണ്. അയൽക്കാരെ ഒഴിവാക്കിക്കൊണ്ടോ, അവഗണിച്ചുകൊണ്ടോ അല്ല, പിന്നെയോ സ്നേഹബന്ധത്തിൽ അവരുമായി ഐക്യപ്പെട്ടുകൊണ്ടുവേണം ദൈവത്തിങ്കലേയ്ക്ക് നാം അടുക്കേണ്ടത്. സഹോദരങ്ങളോടൊപ്പം മാത്രമെ നമുക്ക് ദൈവത്തിലേക്ക് പോകുവാൻ കഴിയൂ. ദൈവത്തിലേക്ക് നടന്നടുക്കുവാനുള്ള നമ്മുടെ രണ്ട് കാലുകൾ നമ്മുടെ ഉള്ളിൽ വസിക്കുന്ന യേശുവും, നമ്മുടെ മധ്യത്തിൽ സ്ഥിതിചെയ്യുന്ന യേശുവുമാണെന്ന് പോൾ ആറാമൻ സ്പഷ്ടമായി പഠിപ്പിച്ചു.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കൂട്ടായ്മയുടെ ആദ്ധ്യാത്മികതയെകുറിച്ച് വിശദമായ പ്രബോധനം നൽകിയിട്ടുണ്ട്. "സമാഗതമാകുന്ന സഹസ്രാബ്ദത്തിൽ, ദൈവീക പദ്ധതിയോട് വിശ്വസ്തത പുലർത്താനും....... അതേസമയം ലോകത്തിന്റെ അഗാധമായ ആവശ്യങ്ങളോട് പ്രത്യുത്തരിക്കാനും ആഗ്രഹിക്കുന്ന സഭ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയവെല്ലുവിളി ഇതാണ്; സഭയെ കൂട്ടായ്മയുടെ ഭവനവും പാഠശാലയുമാക്കി തീർക്കുക. ഇതിന് പ്രായോഗിക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് മുമ്പായി നാം ചെയ്യേണ്ടത് കൂട്ടായ്മയുടെ ഒരു ആദ്ധ്യാത്മികതയെ പ്രോത്സാഹിപ്പിക്കുകയും അതിനെ വ്യക്തികളുടെയും ക്രിസ്തീയ സമൂഹങ്ങളുടെയും രൂപീകരണത്തിൽ പ്രധാന ആശയം അല്ലെങ്കിൽ ചാലകശക്തി (Guiding Principles) ആക്കുകയും ചെയ്യുക എന്നതാണ്." (പുതിയ സഹസ്രാബ്ദത്തിന്റെ ആരംഭം, 43)

കൂട്ടായ്മയുടെ ആദ്ധ്യാത്മികത പ്രാധാന്യം കൊടുക്കേണ്ട ചില കാര്യങ്ങൾ ജോൺ പോൾ രണ്ടാമൻ എടുത്തു പറയുന്നുണ്ട്. (പുതിയ സഹസ്രാബ്ദത്തിന്റെ ആരംഭം, 43-45) നമ്മിൽ വസിക്കുന്ന പരി. ത്രിത്വത്തിന്റെ രഹസ്യത്തെക്കുറിച്ചുള്ള അവബോധവും ധ്യാനവുമാണ് ഈ ആദ്ധ്യാത്മികതയുടെ അന്തസത്ത. പരി. ത്രിത്വത്തിന്റെ സ്നേഹ പ്രകാശത്തിന്റെ കിരണങ്ങളായിട്ടാണ് സഹോദരങ്ങളെ നാം ദർശിക്കേണ്ടത്. ക്രിസ്തുവിന്റെ മൗതീകശരീരത്തിന്റെ സജീവ അവയവങ്ങളായി സഹമനുഷ്യരെ പരിഗണിക്കാം. അപ്പോൾ മറ്റുള്ളവർ എന്റെ തന്നെ ഭാഗമാണ്, അവരുടെ സന്തോഷങ്ങളും ദുഃഖങ്ങളും, ആഗ്രഹങ്ങളും, ആവശ്യ



www.malankaralibrary.com

ങ്ങളും എല്ലാം എന്റേതുകൂടിയാണെന്ന് തിരിച്ചറിഞ്ഞ് അവരുമായി ഗാഢമായ സുഹൃദ്ബന്ധത്തിൽ വളരാൻ നമുക്ക് കഴിയും. കൂട്ടായ്മയുടെ ആദ്ധ്യാത്മികത സഹോദരങ്ങളിലുള്ള നന്മകളെ ദൈവത്തിന്റെ ദാനമായി കരുതി വിലമതിക്കാനും, സ്വാഗതം ചെയ്യാനും നമ്മെ പ്രാപ്തരാക്കുന്നു. വാസ്തവത്തിൽ ഈ നന്മകളെല്ലാം അവർക്കുവേണ്ടി മാത്രമല്ല, പിന്നെയോ നമുക്കുവേണ്ടി കൂടിയും എല്ലാവർക്കും വേണ്ടിയും ദൈവം നൽകിയ ദാനങ്ങളാണെന്ന സത്യം നാം മനസ്സിലാക്കണം. സഹോദരങ്ങൾക്ക് നമ്മുടെ ഹൃദയത്തിൽ സ്ഥലം കൊടുക്കുവാനും, പരസ്പരം ഭാരങ്ങൾ വഹിക്കുവാനും (ഗലാ.6,2) ഈ ആദ്ധ്യാത്മികത നമ്മെ പ്രാപ്തരാക്കുന്നു. പരസ്പരം മത്സരിക്കാനും മറ്റുള്ളവരോട് അവിശ്വാസവും അസൂയയും നിറഞ്ഞ് എതിർപ്പിലും കലഹത്തിലും ജീവിക്കുവാനും സ്വന്തം ജീവിത വിജയങ്ങളും നേട്ടങ്ങളും പരമപ്രധാനമായി കണ്ട് അതിനുവേണ്ടി എന്തും ചെയ്യുവാനുമുള്ള പ്രലോഭനങ്ങളെ ചെറുത്തുനിൽക്കാൻ കൂട്ടായ്മയുടെ ആദ്ധ്യാത്മികത നമ്മെ പ്രാപ്തരാക്കും. ഇത്തരം ഒരു ആത്മീയ സാധന നാം അഭ്യസിക്കുന്നില്ലെങ്കിൽ സഭയുടെ ബാഹ്യവും ഭൗതീകവുമായ സംവിധാനങ്ങളൊക്കെ അവയുടെ ലക്ഷ്യത്തിനുപകരിക്കുകയില്ലെന്ന് മാർപ്പാപ്പ തറപ്പിച്ചുപറയുന്നു. അവയെല്ലാം ആത്മാവില്ലാത്ത വെറും യാന്ത്രികഘടനകളായി തരംതാഴും. സഭാസംവിധാനങ്ങൾ ഐക്യം പ്രകടിപ്പിക്കുന്നതിനും, വളർത്തുന്നതിനുമുള്ള മാർഗ്ഗങ്ങളായി തീരേണ്ടതിനു പകരം സ്നേഹകൂട്ടായ്മയുടെ പൊയ്മുഖങ്ങളായി അധഃപതിക്കുന്നു.

**കൂട്ടായ്മയുടെ ആത്മീയതയും വചന ജീവിതവും**

വചനജീവിതത്തിന് കൂട്ടായ്മയുടെ ആദ്ധ്യാത്മികതയിൽ പ്രഥമസ്ഥാനം നല്കപ്പെട്ടിരിക്കുന്നു. ദൈവം പിതൃപുത്രപരിശുദ്ധാത്മ വ്യക്തികളുടെ കൂട്ടായ്മയാണെന്നും മാനവകുലം മുഴുവൻ പരസ്പരവും പ്രകൃതിയുമായും ദൈവവുമായും സ്നേഹകൂട്ടായ്മയിൽ ജീവിക്കുന്നതാണ് പരമമായ നന്മയും ആനന്ദനിദാനവുമെന്ന സത്യമാണ്, കൂട്ടായ്മയുടെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. ഈ സത്യം മനുഷ്യർ അന്വേഷിച്ച് കണ്ടുപിടിച്ചതല്ല. പിന്നെയോ അവർക്ക് ദൈവവചനത്തിലൂടെ വെളിപ്പെട്ടു കിട്ടിയതാണ്. മനുഷ്യരെപ്പറ്റിയുള്ള ഏറ്റവും മൂർത്തവും സാർവ്വത്രികവുമായ (Most concrete and universal) ദൈവഹിതം കൂട്ടായ്മയാണ്. ഈ സത്യവും, അത് പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളും, പ്രഥമവും പ്രധാനവുമായി നാം അറിയുന്നത് ദൈവവചനത്തിലൂടെയാണ്. ദൈവവചന നിർവ്വഹണമാണ് കൂട്ടായ്മയിലേക്കുള്ള രാജവീഥി.

ദൈവവചനത്തോട് വ്യത്യസ്ഥങ്ങളായ സമീപനങ്ങൾ സഭയിലും സമൂഹത്തിലും നിലനിന്നുകാണുന്നു. ഇവയെല്ലാം പരസ്പരവിരുദ്ധമോ, പരസ്പരം ഒഴിച്ചുനിർത്തുന്നവയോ ആയിരിക്കണമെന്നില്ല.സ്നേഹബന്ധങ്ങളിലൂടെ കൂട്ടായ്മയെ വളർത്തുന്നതിന് ഇവയൊക്കെ സഹായകരമായേക്കാം. എന്നാൽ അമിത



www.malankaralibrary.com

പ്രാധാന്യം നൽകിയാൽ ഇവ ഓരോന്നും യഥാർത്ഥ കൂട്ടായ്മക്ക് മാർഗ്ഗതടസ്സങ്ങളായിത്തീരുവാനും സാധ്യതയുണ്ട്. നാല് വ്യത്യസ്ത സമീപനങ്ങളെ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു.

*1. പഠനപ്രധാനമായ സമീപനം : (Acadamic approach)*

ദൈവവചനത്തെ അതിന്റെ ലിഖിതരൂപത്തിൽ വായിച്ച് വിശ്ലേഷണം ചെയ്ത്, ശാസ്ത്രീയ ഗവേഷണ മാർഗ്ഗങ്ങളുപയോഗിച്ച് അർത്ഥനിർണ്ണയം ചെയ്യുന്ന സമീപനമാണിത്. സാമാന്യബുദ്ധിയുപയോഗിച്ച് ബൈബിൾ പഠിക്കാനും മനഃപാഠമാക്കാനും വ്യാഖ്യാനിക്കുവാനും,മുള്ള പരിശ്രമങ്ങളും ഈ സമീപനത്തിൽ ഉൾപ്പെടുത്താം. പഠനപരവും സൈദ്ധാന്തികവുമായ തലത്തിൽ ഒതുങ്ങാൻ പ്രവണതയുള്ള ഈ സമീപനത്തിന് പ്രായോഗികജീവിതവുമായി വലിയ ബന്ധമുണ്ടാകണമെന്നില്ല.

*2. പ്രഘോഷണമുഖ്യമായ സമീപനം : (Proclamatery approach)*

ഈ സമീപനത്തിൽ ദൈവവചനം മുഖ്യമായും പ്രസംഗിക്കാനും മറ്റുള്ളവരെ ഉപദേശിക്കാനുമുള്ളതാണ്. വചനപ്രഘോഷണം ഒരു കലയായും തൊഴിലായും, അതിലുപരി ധനാഗമമാർഗ്ഗമായും പ്രയോഗിക്കുന്നവർ ഏറെയുണ്ട്. ചിലർക്ക് സദസ്സുകളിൽ തിളങ്ങാനും പ്രശംസയാർജ്ജിക്കുവാനുമുള്ള ഉപാധിയാണ് സുവിശേഷപ്രസംഗം. കേൾവിക്കാരിൽ ഇമ്പവും ഉണർവ്വും സന്നിവേശിപ്പിക്കാൻ പ്രാപ്തമായ ശൈലികളും ശബ്ദആന്തോളനങ്ങളും സാങ്കേതികവിദ്യകളുടെ അകമ്പടിയോടെ ആവിഷ്ക്കരിക്കാൻ ഈ സമീപനത്തിൽ വലിയ പരിശ്രമം നടക്കും. ഉണർവ്വുയോഗങ്ങളിലൂടെ കേൾവിക്കാരെ ഇളക്കിമറിക്കാൻ പ്രസംഗകർക്ക് സാധിച്ചേക്കാം. എന്നാൽ വചനം പ്രഘോഷകരുടെയോ ശ്രോതാക്കളുടെയോ ജീവിതത്തിൽ കാര്യമായ പരിവർത്തനം വരുത്തുകയോ ദൈവജനത്തെ കൂട്ടായ്മയിലേക്ക് നയിക്കുകയോ ചെയ്യണമെന്നില്ല.

*3. ആഘോഷപ്രധാനവും ആചാരപരവുമായ സമീപനം*
*(Celebratory and Ritualistic approach)*

ഗൃഹത്തിലും ദേവാലയത്തിലും വചനഗ്രന്ഥത്തിന് മുഖ്യസ്ഥാനം നൽകി പ്രതിഷ്ഠിക്കുന്നതിനും, ആരാധനാവേളയിൽ വിധികൃമങ്ങളനുസരിച്ച് നൈയ്യാമികകൃത്യതയോടെ പരമ്പരാഗത ഈണത്തിൽ വചനഭാഗങ്ങൾ പാരായണം ചെയ്യുന്നതിനും ഈ സമീപനത്തിൽ മുഖ്യശ്രദ്ധ നൽകപ്പെടുന്നു. വചനഗ്രന്ഥത്തെ പൂജ്യമായിക്കരുതി ചുംബിക്കുന്നതിനും അലങ്കരിച്ച് പള്ളിക്കകത്തും പുറത്തും ഘോഷയാത്രയിൽ സംവഹിക്കുന്നതിനും, അതുപോലെ വചനത്തിന്റെ ലിഖിതരൂപങ്ങൾക്ക് തികച്ചും വാചികമായ അർത്ഥം കല്പിക്കുന്നതിനും താല്പര്യമെടുക്കുന്ന ഈ സമീപനത്തിൽ വചനത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുന്നതിനോ അതിന്റെ സന്ദേശം ഉൾക്കൊണ്ട് അത് ജീവിതത്തിൽ പകർത്തു



www.malankaralibrary.com

ന്നതിനോ വേണ്ടത്ര പ്രാധാന്യം നൽകപ്പെടുന്നില്ല. മാത്രമല്ല തിരുവചനത്തെ ഒരുതരം വിഗ്രഹാരാധനയുടെ തലത്തിലേക്ക് കൊണ്ടുവരാനുള്ള പ്രവണതയും ഈ സമീപനത്തിലുണ്ട്.

*4. അവതാരോന്മുഖമായ സമീപനം (Incarnational approach)*

ദൈവവചനത്തിന്റെ സ്വഭാവികമായ ഉന്മുഖത മാംസം ധരിക്കുക എന്നതാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. മാംസം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് മൂർത്തവും ഇന്ദ്രിയഗോചരവും ചരിത്രപരവുമാ. യാഥാർത്ഥ്യത്തെയാണ്. അവൻ "ഉണ്ടാകട്ടെ എന്നു പറഞ്ഞപ്പോൾ സകലതും ഉണ്ടായി (ഉല്പത്തി 1) വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ 1:14) വചനത്തിന്റെ മനുഷ്യരൂപമായ യേശുക്രിസ്തുവാണ് എല്ലാ വചനാവതാരങ്ങളുടെയും മാതൃകയും മാർഗ്ഗവും. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന, യേശു പറഞ്ഞതും ചെയ്തതുമായ കാര്യങ്ങളുടെ ചുവടു പിടിച്ചാണ് മനുഷ്യർ പരസ്പരവും പ്രകൃതിയുമായും ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് ചരിത്രത്തിലൂടെയും യുഗാന്ത്യോന്മുഖമായും ചരിക്കേണ്ടത്. ദൈവവചനം യേശുക്രിസ്തുതന്നെയാണ്. പഴയ-പുതിയ നിയമങ്ങളുടെ കേന്ദ്രബിന്ദു വചനം മാംസമായ ക്രിസ്തുവാണ്. ക്രിസ്തുവിന്റെ വചനങ്ങളെയും പ്രവർത്തികളെയും വ്യക്തിജീവിതത്തിലും സമൂഹചരിത്രത്തിലും പ്രകൃതിയിലും മാംസമെടുക്കാൻ അനുഭവിക്കുന്നതുവഴിയാണ് കൂട്ടായ്മ (Communion) ഉണ്ടാകുന്നത്.

*5. ചില പ്രായോഗിക ചിന്തകൾ :*

കൂട്ടായ്മയുടെ രൂപീകരണത്തിനും വളർച്ചയ്ക്കും സഹായകരമായ വിധത്തിൽ വചനം ജീവിക്കുന്നതിന് ചില പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കട്ടെ. വ്യക്തിപരമായും, അതുപോലെ ചെറിയ ഗ്രൂപ്പുകളിൽ സംഘാതമായും ഇങ്ങനെ ചെയ്യാവുന്നതാണ്. (a) ഒരു വചനഭാഗം തെരഞ്ഞെടുത്ത് ധ്യാനപൂർവ്വം വായിക്കുകയും പുസ്കതകങ്ങളുടെയും അറിവുള്ളവരുടേയും സഹായത്തോടെ ആ ഭാഗത്തിന്റെ (text) മൂലരൂപത്തിലുള്ള അർത്ഥനിർണ്ണയം നടത്തുകയും ചെയ്യുക. ദൈവവചനത്തെ അതിന്റെ മൂലരൂപത്തിൽ ശരിയായി മനസിലാക്കാതെ ദുർവ്യഖ്യാനം ചെയ്യുന്നത് അപകടകരമാണ്. (b) വായിച്ച വചന ഭാഗത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ഇന്നത്തെ ജീവിത യാഥാർത്ഥ്യങ്ങളെ വ്യാഖ്യാനിക്കുക. ഉത്ഥാനം ചെയ്ത ക്രിസ്തു ഇന്ന് വചനത്തിലൂടെ നമ്മോട് നമ്മുടെ ജീവിതത്തെക്കുറിച്ച് സംസാരിക്കുന്നുണ്ട്. അന്ന് അന്നത്തെ സാഹചര്യങ്ങളിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത യേശു ഇന്ന് നമ്മുടെ സാഹചര്യത്തിൽ എന്ത് പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്ന് പര്യാലോചിക്കുക. (c) ഇതിന്റെ വെളിച്ചത്തിൽ, നമ്മുടെ സമൂഹത്തെ ഒരു സ്നേഹകൂട്ടായ്മയായി വളർത്താൻ, നമ്മൾ എന്ത് ചെയ്യണം എന്ന് കണ്ടുപിടിച്ച് അപ്രകാരം ചെയ്യുക. (d) വചനം ജീവിച്ച അനുഭവം ചെറിയ ഗ്രൂപ്പുകളിലും അവസരമുള്ളപ്പോൾ വലിയ സമൂഹങ്ങളിലും പങ്കുവെയ്ക്കുക.



www.malankaralibrary.com

ഇങ്ങനെ ചെയ്യുന്നതു പരസ്പര സ്നേഹത്തിലും കൂട്ടായ്മയിലും വളരുന്നതിന് ഏറ്റം സഹായകരമാണ്. കാരണം, വചനം ജീവിക്കുമ്പോൾ യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ഒരു തുടർച്ച സംഭവിക്കുന്നു. വചനം ജീവിക്കുന്നതിന്റെ തോതനുസരിച്ച് ഓരോ വ്യക്തിയും ക്രിസ്തുവായി രൂപാന്തരപ്പെടുകയും അതു വഴി ക്രിസ്തുവിന്റെ മൗതീകശരീരമായ സഭ വളരുകയും ചെയ്യുന്നു. സഭാപരമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതിന്റെ യഥാർത്ഥ അർത്ഥം വചനാത്മകമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. വചനം ജീവിക്കുന്നവരുടെ കൂട്ടായ്മയാണ് സഭ. എഴുതപ്പെട്ടവചനമാണ് സഭയുടെ യാഥാർത്ഥ്യത്തിനും വിശ്വസനീയതയ്ക്കും മാനദണ്ഡമായി (normative) നിലകൊള്ളുന്നത്. വചനഗ്രന്ഥത്തിൽ മാറ്റംവരുത്താൻ സഭയ്ക്ക് അധികാരമില്ലല്ലൊ.

**ഉപസംഹാരം**

ജീവിതത്തിന്റെ അർത്ഥവും ആനന്ദവും ഭൗതികതലത്തിൽ മാത്രം അന്വേഷിക്കുന്ന മനുഷ്യൻ അസംതൃപ്തിനായിത്തീരുന്നു. ഇതിനുമപ്പുറത്തേക്ക് നിത്യജീവന്റെ വഴികളിലേക്ക് അന്വേഷണം തുടരുന്നു. അവർ ദൈവവുമായി ഐക്യപ്പെടാൻ മാർഗ്ഗങ്ങൾ ആരായുന്നു. കത്തോലിക്കാ സഭാ പാരമ്പര്യത്തിൽ സുവിശേഷം ജീവിച്ചുകൊണ്ട് ആത്മശുദ്ധീകരണത്തിനും പുണ്യപൂർണതയ്ക്കുമായി യത്നിച്ചവർ നടന്നുനീങ്ങിയ വിവിധ വഴിത്താരകൾ ദൃശ്യമാണ്. വ്യത്യസ്തങ്ങളായ ഈ അദ്ധ്യാത്മീയതകൾ അല്ലെങ്കിൽ ആത്മീയസാധനകൾ പരസ്പരപൂരകങ്ങളായി നിലകൊള്ളുന്നു. മൂന്നാം സഹസ്രാബ്ദത്തിലേക്ക് പദമൂന്നിയ സഭാതനയർക്കെല്ലാം വേണ്ടി, ഈ യുഗത്തിന്റെ പ്രത്യേകതകൾക്കും ആവശ്യങ്ങൾക്കും അനുചിതമായ ഒരു ആദ്ധ്യാത്മികത ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ നിർദ്ദേശിച്ചു. കൂട്ടായ്മയുടെ ആദ്ധ്യാത്മികത പിരശുദ്ധ ത്രിത്വം നിത്യമായ സ്നേഹക്കൂട്ടായ്മയാണെന്നും ദൈവസ്നേഹം നിറഞ്ഞുകവിയുന്നതാണ് സൃഷ്ടിജാലങ്ങളെന്നും അദ്ദേഹം വിശ്വസിച്ചു. മാനവകുലം മുഴുവൻ സൃഷ്ടപ്രപഞ്ചത്തോടൊപ്പം സാർവ്വത്രിക സാഹോദര്യത്തിലേക്ക് വളരാനാണ് വിളിക്കപ്പെട്ടിരിക്കുന്നതെന്നും അതിന് കൂട്ടായ്മയുടെ ഒരു ആദ്ധ്യാത്മിയത അനിവാര്യമാണെന്നും അദ്ദേഹം പഠിപ്പിച്ചു. ദൈവസ്നേത്തെയും സാർവ്വത്രികമായ പരസ്നേഹത്തെയും, വിശ്വാസകുടുംബത്തിലെ ചരാചരങ്ങളോടുമുള്ള ഐക്യത്തെയും സംയോജിപ്പിക്കുന്ന ഈ ആദ്ധ്യാത്മീയതക്ക് വിവിധ മാനങ്ങളുണ്ട്. ദൈവവചനത്തിലാണ് ഈ ആദ്ധ്യാത്മികതയുടെ അടിസ്ഥാനങ്ങൾ നാം കണ്ടെത്തുക. വചനം ജീവിക്കുന്നതിലൂടെയാണ് ഈ ആത്മീയസാധന മുന്നോട്ടു പോകുന്നതും ലക്ഷ്യത്തിലെത്തുന്നതും. നമ്മുടെ യുവജനങ്ങൾക്ക് ഈ ആദ്ധ്യാത്മികത ക്ലേശകരമെങ്കിലും സംഗതവും, ആകർഷണീയവുമായി അനുഭവപ്പെടുകയില്ലേ?



www.malankaralibrary.com

**ചർച്ചാ വിഷയങ്ങൾ**

1. മതാത്മകതയും ആദ്ധ്യാത്മീകതയും തമ്മിലുള്ള സാമ്യ-വ്യാത്യാസങ്ങൾ എന്തെല്ലാം?
2. കത്തോലിക്കാ സഭയിൽ നിലനിൽക്കുന്ന വിവിധങ്ങളായ ചില ആദ്ധ്യാത്മീയതകളെ പരിശോധിക്കുക. അവയുടെ പ്രത്യേകതകൾ എന്തെല്ലാം?
3. നിങ്ങളെ ആകർഷിക്കുന്ന ചില ആത്മീയ നേതാക്കളുടെ സാധനകൾ ചർച്ച ചെയ്യുക. സംഗതവും സ്വീകാര്യവുമായി എന്തെല്ലാമാണെന്ന് നിങ്ങൾ അവയിൽ കാണുന്നത്?
4. കൂട്ടായ്മയുടെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനങ്ങളും വിവിധവശങ്ങളും വിശദീകരിക്കുക?
5. വചനജീവിതത്തിലൂടെ കൂടുതൽ ഐക്യപ്പെട്ട, മെച്ചമായ ഒരു ലോകത്തെ, വിശ്വമാനവകുടുംബത്തെ നമുക്കെങ്ങനെ കെട്ടിപ്പടുക്കാം? ഇതിൽ യുവജനങ്ങൾക്കുള്ള പ്രത്യേക ഉത്തരവാദിത്വവും പങ്കാളിത്വവും ചർച്ച ചെയ്യുക.



www.malankaralibrary.com

# മനുഷ്യജീവനെതിരെയുള്ള വെല്ലുവിളികൾ

**ദൈ**വത്തിന്റെ സൃഷ്ടിയിൽ ഏറ്റവും ശ്രേഷ്ഠവും പാവനവുമായ ഒന്നാണ് മനുഷ്യജീവൻ. ആരംഭംമുതൽ മനുഷ്യജീവൻ പാവനവും പരിശുദ്ധവുമാണ്. കാരണം, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യജീവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. കർത്താവ് അരുളിച്ചെയ്യുന്നു, "മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻ തന്നെ ചൊരിയും. കാരണം, എന്റെ (ദൈവത്തിന്റെ) ഛായയിലാണ് ഞാൻ മനുഷ്യനെ സൃഷ്ടിച്ചത് (ഉൽ. 9:5-6)

ദൈവം മാത്രമാണ് ജീവന്റെ ആരംഭം മുതൽ അവസാനം വരെ അതിന്റേ ഉടയവൻ. മനുഷ്യർ ജീവന്റെ കാവൽക്കാർ മാത്രമാണ്. അതു കൊണ്ട് നേരിട്ടോ അല്ലാതെയോ ജീവൻ നശിപ്പിക്കാൻ മനുഷ്യന് അധികാരമില്ല. "നീ എന്താണ് ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു. നിന്റെ കൈയിൽ നിന്ന് നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വായ് പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും" (ഉൽ. 4:10-11)

"കൊല്ലരുത്" (പുറ. 20:14) എന്ന കല്പനയിലൂടെ ദൈവം ജീവൻ പരിപോഷിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറയുന്നു. ജീവൻ നശിപ്പിക്കുകയോ അതിനെ നശിപ്പിക്കാനിടയാക്കുന്ന എന്തെങ്കിലും കാര്യം ചെയ്യുകയോ ചെയ്യുന്നത് ഈ കല്പനയുടെ ലംഘനമാണ്. ബോധപൂർവം ജീവൻ പരിപാലിക്കാതിരിക്കുന്നതും കൊലപാതകത്തിന് തുല്യമാണ്. കർത്താവ് മലയിലെ പ്രസംഗത്തിലൂടെ ഈ സത്യം ആവർത്തിക്കുകയും അതോടൊപ്പം ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിക്കുകയും ചെയ്തു (മത്താ. 5;21-29)



www.malankaralibrary.com

**കുടുംബം : ജീവൻ പരിപാലിക്കേണ്ട വേദി**

ദൈവത്തിന്റെ ദാനമാണ് ജീവൻ. ഈ ജീവൻ ആരംഭിക്കുന്നതും പരിപോഷിപ്പിക്കപ്പെടുന്നതും കുടുംബങ്ങളിലാണ്. കുടുംബങ്ങൾ ജീവന്റെ കളരിയാണ്. ജീവനെ സ്വീകരിക്കേണ്ടതും പരിപാലിച്ചു വളർത്തേണ്ടതും താലോലിക്കേണ്ടതുമായ കരങ്ങൾ കൊലക്കത്തിയുമായി നിൽക്കുന്ന ദാരുണകാഴ്ച ഇന്ന് കുടുംബങ്ങളിൽ ഏറിവരുന്നു. ഇത്തരം തിന്മകൾ നാം മനസ്സിലാക്കിയിരിക്കണം.

**ആത്മഹത്യ**

ഒരാൾ സ്വന്തം ജീവനെ സ്വന്തതീരുമാനപ്രകാരം സ്വയം നശിപ്പിക്കുന്നതാണ് ആത്മഹത്യ. ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം ഇന്ന്കൂടിവരുന്നു. ഔദ്യോഗിക റിപ്പോർട്ടനുസരിച്ച് ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ 35 പേർ പ്രതിദിനം ആത്മഹത്യ ചെയ്യുന്നു. 56 പേർ ദിനവും ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു.

**ധാർമ്മികപ്രശ്നം**

1. തനിക്കു ജീവൻ നൽകിയ ദൈവത്തോട് ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു. ജീവന്റെ പരമാധികാരി ദൈവമാണ്. ദൈവം നമ്മെ ഏൽപ്പിച്ച ജീവന്റെ ഉടമസ്ഥരല്ല നാം, പിന്നെയോ സൂക്ഷിപ്പുകാരാണ്. ആത്മഹത്യ ചെയ്യുന്നവർ ജീവനുമേലുള്ള ദൈവത്തിന്റെ ഉടമസ്ഥാധികാരത്തെ ചോദ്യം ചെയ്യുന്നു.
2. ദാനമായി കിട്ടിയ ജീവൻ സംരക്ഷിക്കുന്നതിനും തുടരുന്നതിനുമുള്ള ദൈവവിളിക്ക് എതിരാണ് ആത്മഹത്യ.
3. ആത്മഹത്യ ചെയ്യുന്ന വ്യക്തി തന്റെ കുടുംബം, രാഷ്ട്രം സുഹൃത്തുക്കൾ, സമൂഹംഎന്നിവയോടുള്ള ബന്ധങ്ങൾ വിച്ഛേദിക്കുകയും അതിലെ അംഗങ്ങളെ മുറിപ്പെടുത്തുകയും ചെയ്യുന്നു.
4. ആത്മഹത്യ സമൂഹത്തിന് ഒരു വലിയ ഉതപ്പാണ്. മറ്റുള്ളവർക്ക് ഉതപ്പ് നൽകുന്നത് ഗൗരവമായ തെറ്റാണ്.
5. "കൊല്ലരുത്" എന്ന കല്പനയുടെ ലംഘനമാണിത്. മറ്റുള്ളവരുടെ ജീവൻ നശിപ്പിക്കുന്നതുപോലെ ഗൗരവമായ പാപമാണ് സ്വന്തം ജീവൻ നശിപ്പിക്കുന്നത്.
6. നമ്മെ പരിപാലിക്കുന്ന ദൈവത്തിലുള്ള വിശ്വാസമില്ലായ്മയാണ് ആത്മഹത്യ സൂചിപ്പിക്കുന്നത്. ദൈവത്തിലുള്ള പ്രത്യാശ നഷ്ടപ്പെടുന്നവരാണ് ആത്മഹത്യചെയ്യുന്നത്. അങ്ങനെ അടിസ്ഥാന ക്രിസ്തീയ പുണ്യങ്ങളായ വിശ്വാസം, പ്രത്യാശ എന്നിവ നഷ്ടപ്പെടുത്തുന്നു.



www.malankaralibrary.com

7. ആത്മഹത്യയെക്കുറിച്ച് ആലോചിക്കുന്നതുപോലും തെറ്റാണ്.

**പരിഹാരമാർഗ്ഗങ്ങൾ**

1. ജീവിതത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാവുക.
2. ജീവിത്തിൽ എപ്പോഴും പ്രത്യാശയുള്ളവരാകുക.
3. ദൈവത്തിൻ ആഴമായി വിശ്വസിക്കുക.
4. സഹനങ്ങളും പരാജയങ്ങളും ജീവിത-വിജയത്തിനുള്ള ചവിട്ടുപടികളായി കാണുക.
5. സഹനത്തിന്റെ ദൈവികമായ ഭാവം ഉൾക്കൊള്ളുക.
6. നല്ല വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുക
7. അപ്രതീക്ഷിതമായ ഏതിനെയും ഏറ്റെടുക്കാനുള്ള മാനസ്സിക ഒരുക്കം നടത്തുക.
8. ഈ ലോകത്തിലെ ഒന്നുംതന്നെ(സ്ഥാനം, സമ്പത്ത്,സൗന്ദര്യം, സൽപേര് മുതലായവ) മനുഷ്യ ജീവനെക്കാൾ വലുതല്ലെന്ന ചിന്ത എപ്പോഴും പുലർത്തുക.

**ഗർഭഛിദ്രം**

ഗർഭാവസ്ഥയിലായിരിക്കുന്ന കുഞ്ഞിനെ നശിപ്പിക്കുന്നതാണ് ഗർഭഛിദ്രം. ഇത് കൊലപാതമാണ്. അതിനാൽ, അഞ്ചാം പ്രമാണത്തിനെതിരാണ്. എല്ലാ മതഗ്രന്ഥങ്ങളും ഗർഭഛിദ്രത്തെവലിയ പാപമായി കണക്കാക്കുന്നു.

"അല്ലയോ ഗർഭിണി നിന്റെ ഗർഭപാത്രത്തിൽ പതിച്ച് പിന്നീടവിടെ വസിക്കുന്ന ഗർഭത്തെ ഏത് രാക്ഷസൻ ഹനിക്കുന്നുവോ അവനെ അഗ്നിസന്നിധിയിൽ ഞാൻ നശിപ്പിക്കുന്നു." (ഋഗ്വേദം 10-ാം മണ്ഡലം 162-ാം സൂക്തം ഭ്രൂണഹത്യ ചെയ്തവന്റെ പാപം അവനെ ഭുജിക്കുന്നവനിലും വ്യാപിക്കുന്നു." (മനുസ്മൃതി 8-ൽ 317)"ഗർഭസ്ഥശിശുവിനെ വധിക്കുന്നത് ഭർത്താവിനെ വധിക്കുന്നതിന് തുല്യമാണ്. അടുത്ത ജന്മത്തിൽ അവൾ പന്നിയായി ജനിക്കും" (മനുനീതി 38-ൽ 181 = 185) "ദാരിദ്ര്യത്തെയോ മറ്റെന്തിനെയെങ്കിലുമോ ഭയന്ന് നിങ്ങൾ നിങ്ങളുടെ മക്കളെ വധിക്കാതിരിക്കുക. നിങ്ങൾക്കും അവർക്കും ഭക്ഷണം നൽകുന്നത് ഞാനാണ്" (ഖുറാൻ).

ഡിഡാക്കെയിൽ പറയുന്നു: "നീ ഗർഭചിദ്രത്താൽ ഭ്രൂണത്തെ കൊല്ലുകയോ, നവജാതശിശുവിനെ നശിപ്പിക്കുവാൻ ഇടവരുത്തുകയോ ചെയ്യരുത്." വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു; "ഗർഭധാരണത്തിന്റെ നിമിഷം മുതൽ അതീവശ്രദ്ധയോടെ ജീവൻ സംരക്ഷിക്കപ്പെടണം. ഗർഭഛിദ്രവും, ശിശുഹത്യയും വെറുക്കപ്പെടേണ്ട പാതകങ്ങളാണ്" (ജനതകളുടെ പ്രകാശം 51.3)



www.malankaralibrary.com

**ഗർഭഛിദ്രം കൊലപാതകമാണ്**

ബീജസങ്കലനം നടന്ന നിമിഷം മുതൽ ഭ്രൂണം മാതാപിതാക്കളിൽ നിന്ന് വ്യത്യസ്തമായ ഒരുമുനഷ്യവ്യക്തിയാണ്. അത് അപ്പോൾതന്നെ മനുഷ്യനല്ലെങ്കിൽ ഒരിക്കലും മനുഷ്യനാവുകയില്ല. അതിനാൽ ഗർഭചിദ്രം അറുംകൊലയാണ്. "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു" (ജെറ 1:5).

മന:പൂർവ്വം നടത്തുന്ന ഗർഭഛിദ്രം അതായത് ലക്ഷ്യമായോ മാർഗ്ഗമായോ തീരുമാനിക്കപ്പെടുന്നത് ഗൗരവതരമായവിധം ധാർമ്മിക നിയമത്തിനെതിരാണ്. ഗർഭഛിദ്രത്തിന് മന:പൂർവ്വം സഹായിക്കുന്നത് ഗൗരവപൂർണമായ കുറ്റമാണ്.

**ഓർമ്മിക്കുക**

1. ഗർഭഛിദ്രം (അബോർഷൻ) അറും കൊലയാണ്.
2. പരിശുദ്ധമായി സൂക്ഷിക്കേണ്ട ഗർഭപാത്രം കൊലക്കളമായിമാറുന്നു.
3. നശിപ്പിക്കപ്പെട്ട കുഞ്ഞുങ്ങളുടെ നിലവിളി ദൈവം കേൾക്കുകയും ദൈവം കൊലപാതകികളെ യഥാസമയം നീതിപൂർവ്വം ശിക്ഷിക്കുകയും ചെയ്യും ( സങ്കീ. 139:13-16)
4. "നിസ്സഹായരായ കുഞ്ഞുങ്ങളെ വധിച്ച മാതാപിതാക്കന്മാരെ നശിപ്പിക്കാൻ അങ്ങ് തിരുമനസ്സായി"
5. ഗർഭഛിദ്രത്തിനു സമ്മതിക്കുന്ന സ്ത്രീകളും, അതിന് പ്രേരിപ്പിക്കുന്ന വ്യക്തികളും, അത് നിർവഹിക്കുന്ന വ്യക്തിതകളും ഒരുപോലെ കൊലപാതകക്കുറ്റത്തിന് ഉത്തരവാദികളാണ്.
6. നിങ്ങൾക്ക് ഖുഞ്ഞുങ്ങളെ വേണ്ടെങ്കിൽ അതിനെ നശിപ്പിക്കരുത്. (എനിക്കുവേണ്ടാത്തത് നശിപ്പിക്കുക തെറ്റായ മനോഭാവമാണ്). അത്തരം കുഞ്ഞുങ്ങളെ ഇരുകൈകളും നീട്ടി വാങ്ങി വളർത്താൻ സന്മനസ്സുള്ള നിരവധിപേർ ഈ ലോകത്തിലുണ്ടെന്ന് ഓർക്കുക.
7. ബീജസങ്കലനം നടക്കുന്ന നിമിഷത്തിൽ തന്നെ അത് ഒരു മനുഷ്യവ്യക്തിയായി കഴിഞ്ഞു. അല്ലാതെ, മൂന്നാം മാസത്തിലോ ആറാം മാസത്തിലോ ഒൻപതാം മാസത്തിലോ അല്ല.
8. ഗർഭപാത്രത്തിലെ കുഞ്ഞിനുള്ള അവകാശമാണ് ജനിക്കുകയും ജീവിക്കുകയും ചെയ്യുക എന്നത്. അല്ലാലെ, അതു നിങ്ങളുടെ ഔദാര്യമല്ല.
9. ഗർഭഛിദ്രം നടത്തിയ പലരും പിന്നീട് മാനസിക അസ്വസ്ഥതകൾക്കും, അത്മഹത്യയ്ക്കും ഇരയായിട്ടുണ്ട്.
10. എന്റെ മാതാപിതാക്കൾ എന്നെ നശിപ്പിച്ചിരുന്നെങ്കിൽ ഞാൻ ഈ ഭൂമിയിൽ കാണുമായിരുന്നില്ല.



www.malankaralibrary.com

തിരുസ്സഭ ഗർഭഛിദ്രത്തെ വളരെ ഗൗരവതരമായ തിന്മയായിട്ട് വീക്ഷിക്കുന്നു. കാരണം, ഇത് അത്രമാത്രം മാരകമായ പാപമാണ്. പ്രായോഗികമായി ഈ പാപം മോചിക്കാനുള്ള അധികാരം ഉപാധികളോടെ മെത്രാൻ വൈദികർക്ക് നൽകിയിരിക്കുന്നു.

**ദയാവധം**

വാർദ്ധക്യത്തിലെത്തിയവരേയും, രോഗികളേയും, ശാരീരിക വൈകല്യമുള്ളവരേയും വധിക്കുന്ന പ്രവർത്തിയാണിത്. യഥാർത്ഥത്തിൽ ഒരു വ്യക്തിയെ മരണത്തിനു വിട്ടുകൊടുക്കലാണിത്. ഏതൊരു ജീവനെയും വിലമതിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്യേണ്ടവർ ഇത് ചെയ്യുമ്പോൾ അത് കൊലപാതകത്തിനു തുല്യമാണ്. സഹനം ഒഴിവാക്കാനും, അസൗകര്യങ്ങൾ ഇല്ലാതാക്കാനും ഒരു വ്യക്തിയെ സ്വന്തസമ്മതപ്രകാരമോ അല്ലാതെയോ കൊല്ലുന്നതാണ് ദവാവധം.

**ദയാവധം രണ്ട് തരത്തിൽ**

1. നേരിട്ടുള്ള ദയാവധം : കൊല്ലണമെന്നുള്ള ലക്ഷ്യത്തോടെ മാരകമായ മരുന്നു നൽകി രോഗിയെ കൊല്ലുന്നു.
2. നേരിട്ടല്ലാത്ത ദയാവധം: രോഗിക്ക് ആവശ്യമായ ശുശ്രൂഷകൾ - മരുന്ന്, ഭക്ഷണം, വെള്ളം, ആത്മീയ ശുശ്രൂഷകൾ - നൽകാതെ കൊല്ലുന്നു.

ദയാവധം പ്രത്യക്ഷമായി നടപ്പാക്കുന്നില്ലെങ്കിലം ദയാവധമനോഭാവം വർദ്ധിപ്പിച്ചു വരുന്നു. അതിന്റെ അടയാളമാണ് പെരുകുന്ന വൃദ്ധമന്ദിരങ്ങൾ.

**ധാർമ്മിക പ്രശ്നം**

1. ജീവന്റെ ഉടയവൻ ദൈവമാണ്, അതിന്റെമേൽ ആർക്കും അവകാശമില്ല.
2. ദയാവധം രോഗിയുടെ ഇഷ്ടപ്രകാരമാണെങ്കിൽ അത് ആത്മഹത്യയും, മറ്റുള്ളവരുടെ പ്രേരണയിലാണെങ്കിൽ അത് കൊലപാതകവുംആണ്. രണ്ടു തരത്തിലും ഇത് മാരകമായ പാപമാണ്.
3. ദയാവധത്തിൽ പങ്കാളികളാകുന്നവർ, നേരിട്ടോ അല്ലാതെയൊ അതിനു സഹായിക്കുന്നവർ എന്നിവരെല്ലാം ഒരുപോലെ ഈ തിന്മയുടെ ഉത്തരവാദികളാണ്.
4. സഹനം ജീവിതത്തിന്റെ ഭാഗമാണ്. അത് ജീവിതത്തിന് അർത്ഥം നൽകുന്നു.
5. വ്യക്തിയുടെ മാഹാത്മ്യത്തെ ഇത് ഹനിക്കുന്നു.
6. പാവനമായ കുടുംബബന്ധങ്ങൾ ഇതുമൂലം ശിഥിലമാകുന്നു.



www.malankaralibrary.com

7. പ്രായമായ മാതാപിതാക്കളും രോഗികളുമൊക്കെ സമൂഹത്തിന്റെ പുണ്യങ്ങളാണ്. അവരുടെ ജീവിതവും സഹനവും കുടുംബത്തിന്റെയും സമൂഹത്തിന്റെയും അടിത്തറയാണ്.

8. നാളെ ഞാനും രോഗിയും വൃദ്ധനുമാകുമെന്ന് ചിന്തിക്കുക.

**കൊലപാതകം**

കൊലപാതകം എന്നും ഒരുതിന്മയാണ്. ഒരാൾ മറ്റൊരാളുടെ ജീവനെ നശിപ്പിക്കുന്ന പ്രവർത്തിയാണിത്. മനുഷ്യചരിത്രത്തിൽ മനുഷ്യനെതിരായി നാം ആദ്യം കാണുന്ന പാപം കൊലപാതകമാണ്. ഇത് മനുഷ്യർക്കെതിരെയാണ് ചെയ്യുന്നതെങ്കിലും ആത്യന്തികമായി ദൈവത്തിനെതിരെയുള്ള പാപമാണ്. കാരണം, ദൈവമാണ് ജീവന്റെ ഉടയവൻ. ജീവൻ കൊടുക്കാനും എടുക്കാനുമുള്ള അവകാശം ദൈവത്തിനുമാത്രമുള്ളതാണ്. "നീ എന്താണ് ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്ന വിളിച്ചു കരയുന്നു. നിന്റെ കൈയിൽനിന്നും നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വായ് പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും" (ഉൽ. 4:10-11).

കൊലപാതകത്തെ ന്യായീകരിക്കാൻ ഒരു കാരണവും മതിയാവില്ല.. കാരണം, മനുഷ്യജീവനു തല്യമായി മറ്റൊന്നുമില്ല. അതുകൊണ്ടാണ് യേശുതമ്പുരാൻ കൊല്ലരുത് എന്നുമാത്രമല്ല, സഹോദരനെതിരായി കോപിക്കരുതെന്നുകൂടി നമ്മെ പഠിപ്പിച്ചത് "കൊല്ലരുത്; കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്ന് പൂർവികരോട് പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ. ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും" (മത്താ 5:21-22). കൊലപാതകം പലതരത്തിലാകാം. വാക്കുകൊണ്ടും, ചിന്തകൊണ്ടും, പ്രവർത്തികൊണ്ടും മറ്റുള്ളവരെ കൊക്കാൻ കഴിയും. ഇതെല്ലാം ദൈവഹിതത്തിനെതിരാണ്.

**യുദ്ധം**

ഒരു സമൂഹം മറ്റൊരു സമൂഹത്തെ ഇല്ലായ്മചെയ്യുന്ന പ്രക്രിയയാണ് യുദ്ധം. മന:പൂർവം മനുഷ്യജീവനെ നശിപ്പിക്കുന്നത് ഗൗരവപരമായ തെറ്റാണ്. യുദ്ധം മൂലമുണ്ടാകുന്ന തിന്മകളിൽനിന്ന്, അനീതികളിൽനിന്ന് ലോകത്തെ വിമുക്തമാക്കുന്നതിന് പ്രവർത്തിക്കുവാനും, പ്രാർത്ഥിക്കുവാനും സഭ ആഹ്വാനം ചെയ്യുന്നു.

സൈനികശക്തി ഉപയോഗിച്ച് രാഷ്ട്രങ്ങൾക്ക് നിയമാനുസൃതമായ പ്രതിരോധം നടത്തുന്നത് അനുവദനീയമാണ്. എന്നാൽ, സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി മറ്റൊരു രാജ്യത്തെ ആക്രമിക്കുന്നത് തിന്മയാണ്. മനുഷ്യജീവനെ നശിപ്പിക്കുന്ന ആയുധമത്സരം നമ്മൾ നടത്തരുത്. കാരണം, ഇത് സാധുക്കളുടെ മേൽ ഏറ്റവും ദുസ്സഹമായ ഭാരം ചുമത്തുന്നു. (വത്തിക്കാൻ കൗൺസിൽ 81).



www.malankaralibrary.com

യുദ്ധം വരുത്തി വയ്ക്കുന്നത് ഭീകരങ്ങളായ ദുരന്തങ്ങളാണ് (രോഗം, പട്ടിണി, പകർച്ചവ്യാധി...) ഒരു ജനയുടെ നീണ്ടകാലത്തെ പരിശ്രമമാണ് ഒരു യുദ്ധം മൂലം നശിപ്പിക്കപ്പെടുന്നത്. യുദ്ധക്കെടുതിയുടെ നാശനഷ്ടങ്ങൾ തീർക്കാൻ നൂറ്റാണ്ടുകൾ വേണം.

**അധാർമ്മികമായ കൃത്രിമ ജനനനിയന്ത്രണം**

അണുകുടുംബം എന്ന സങ്കല്പം ആധുനിക ലോകത്തിന്റെ ചിന്തയാണ്. അതിനുകാരണം അമിതമായ വ്യക്തി സ്വാതന്ത്ര്യവും സുമൂഹികബോധം ഇല്ലാത്തതുമാണ്. ദൈവം ലോകത്തെ സ്ഥാപിച്ചതുതന്നെ മനുഷ്യവംശത്തിന്റെ നിലനിൽപ്പിനും തുടർച്ചയ്ക്കും വേണ്ടിയാണ്. ഇത് സ്വാഭാവികമായ ക്രമമാണ്. എന്നാൽ, ഇതിനെ അസ്വഭാവിക മാർഗമുപയോഗിച്ച് മനുഷ്യർ തടയുമ്പോൾ അത് സ്രഷ്ടാവിന്റെ ഹിതത്തിനെതിരാണ്. അതിനാൽ അവ അധാർമ്മികമാണ്. ഗർഭഛിദ്രം, വന്ധീകരണം, ഗർഭനിരോധന ഉറകളുടെ ഉപയോഗം, ഗർഭനിരോധന ഗുളികകൾ ഉപയോഗിക്കുക തുടങ്ങിയവ ഇത്തരത്തിലുള്ള അധാർമ്മിക ജനനനിയന്ത്രണ മാർഗ്ഗങ്ങളാണ്. പ്രകൃതി പ്രദാനം ചെയ്തിരിക്കുന്ന സ്വാഭാവിക മാർഗ്ഗങ്ങളിലൂടെ ജനനനിയന്ത്രണം നടത്തുന്നത് തെറ്റല്ല. കാരണം, അത് ദൈവപദ്ധതിക്ക് വിധേയമാണ്.

**ധാർമ്മിക പ്രശ്നം**

1. ദാമ്പത്യബന്ധത്തിന്റെ ലക്ഷ്യത്തെ തകർക്കുന്നു.
2. മാതൃത്വത്തിനും, പിതൃത്വത്തിനും എതിരായ പ്രവർത്തിയാണ്.
3. സ്വാതന്ത്ര്യത്തോടും സന്തോഷത്തോടുകൂടി ചെയ്യുന്ന ഒരു പ്രവർത്തിയുടെ (ലൈംഗികബന്ധം) ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള വിമുഖതയാണിത് കാണിക്കുന്നത്.
4. ദമ്പതികളുടെ സ്നേഹം പങ്കുവയ്ക്കാനുള്ള പ്രവണതയെ തടസ്സപ്പെടുത്തുന്നു.
5. ദൈവസ്നേഹം പങ്കുവയ്ക്കാനുള്ളതാണ്. അണുകുടുംബത്തിൽ സ്നേഹം പങ്കുവയ്ക്കാനുള്ള സാധ്യതകൾ കുറയുന്നു.
6. സ്വാർത്ഥയുള്ളവരാണ് മറ്റുള്ളവരുടെ സാന്നിദ്ധ്യം ആഗ്രഹിക്കാത്തത്.
7. തിരുസ്സഭ എല്ലാതരത്തിലുമുള്ള കൃത്രിമ ഗർഭനിരോധന മാർഗ്ഗങ്ങളെയും എതിർക്കുന്നു.

ദൈവം തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം മനുഷ്യനെ സ്നേഹിച്ചു. എന്നതിൽനിന്ന് മനുഷ്യൻ എത്ര വിലയുള്ളവനാണ് എന്ന് നാം മനസ്സിലാക്കുന്നു. ലോകത്തിൽ ദൈവത്തെ വെളിപ്പെടുത്തുന്നത് മനുഷ്യനാണ്. സഭാപി



www.malankaralibrary.com

താവായ വി. ഇരനേയൂസ് പറയുന്നു: ജീവിക്കുന്ന മനുഷ്യർ ദൈവത്തിന്റെ മഹത്വമാണ്. ഓരോരുത്തരോടും സഹോദരന്റെ ജീവന്റെ കണക്ക് ചോദിക്കും. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നവർ എന്ന നിലയിൽ ജീവനെ സംരക്ഷിക്കുകയും, വളർത്തുകയും ചെയ്യേണ്ടത് മനുഷ്യന്റെ കടമയാണ്.

**കന്യകമറിയം : ജീവന്റെ സുവിശേഷം പ്രഘോഷിച്ചവൾ**

വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ ഉള്ളിൽ സ്വീകരിച്ച് ലോകത്തിന് നൽകിയ അമ്മയാണ് ജീവനെ സംരക്ഷിക്കുന്നതിൽ ഏറ്റവും വലിയ മാതൃക. വിവാഹത്തിനുമുമ്പ് പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടപ്പോൾ സമൂഹത്തിൽ നിന്ന് ഏറ്റ അപമാനഭാരമോ, ഉണ്ണിയേശുവിനെ സംരക്ഷിക്കുവാൻ ഏറ്റെടുത്ത ക്ലേശങ്ങളോ ഒന്നും അമ്മയെ തളർത്തിയില്ല. ഈ സഹനങ്ങളെല്ലാം ജീവൻ സംരക്ഷിക്കുന്നതിൽ അവൾക്ക് തടസ്സമായില്ല. ഇന്ന് താത്ക്കാലിക ലാഭത്തിനും, സുഖത്തിനും, ജീവനെ നശിപ്പിക്കുന്നവരുടെ എണ്ണം പെരുകുകയാണ്. പരി. അമ്മയുടെ ജീവിതം നമുക്ക് മാതൃകയാകട്ടെ.

**നാം ചെയ്യേണ്ടത്**

1. യുവജനങ്ങൾ ഏതവസരത്തിലും ജീവന്റെ മൂല്യം പ്രഘോഷിക്കാനും പരിപോഷിപ്പിക്കാനും സന്നദ്ധരാകണം. ജീവന്റെ മൂല്യത്തെ പ്രഘോഷിക്കുന്ന പ്രവാചകരാകുക.
2. വൃദ്ധരായ മാതാപിതാക്കളെ സമൂഹത്തിന്റെ പുണ്യങ്ങളായി കരുതി ശുശ്രൂഷിക്കുക.
3. ഗർഭഛിദ്രം, ആത്മഹത്യ മുതലായ തിന്മകൾക്കെതിരെ യൂണിറ്റ് തലത്തിലും, ജില്ലാതലത്തിലും ബോധവത്ക്കരണ പരിപാടികൾ നടത്തുക.
4. ജീവിതത്തെക്കുറിച്ച് ശുഭകരമായ ചിന്തകൾ പുലർത്തുക.
5. മരണസംസ്ക്കാരത്തിന്റെ പ്രവണതകളെ (യുദ്ധം, ലൈംഗീകമായ തിന്മകൾ, ലഹരി, അഴിമതി....) ശക്തമായി എതിർക്കുകയും, പ്രതികരിക്കുകയും ചെയ്യുക.

***ചർച്ചയ്ക്ക് :***

1. ഞാൻ വിവാഹിതയായ ഒരു യുവതിയാണ്. എന്റെ കുടുംബജീവിതം എന്നും പ്രശ്നങ്ങൾ നിറഞ്ഞതാണ്. എന്റെ കുടുംബത്തിൽ ആരുമെന്നെ സ്നേഹിക്കുന്നില്ല. അതുകൊണ്ട് പ്രാർത്ഥിക്കുവാൻപോലും എനിക്ക് താത്പര്യമില്ല. പലപ്പോഴും ഞാൻ ആത്മഹത്യയെക്കുറിച്ച് ചിന്തിട്ടുണ്ട്. പക്ഷേ, കുഞ്ഞുങ്ങളെക്കുറിച്ചോർത്തിട്ടാണ് ഞാൻ ഇതുവരെ ചെയ്യാതിരുന്നത്. ഇനിയും ഇങ്ങനെ തുടർന്നാൽ ഞാൻ ആത്മഹത്യ ചെയ്യും. ഇങ്ങനെ പറയുന്ന ഒരു വ്യക്തിക്ക് നിങ്ങൾ എന്തുപദേശം കൊടുക്കാമെന്ന് പറയുക.



www.malankaralibrary.com

2. ആത്മഹത്യയുടെ പിന്നിലുള്ള കാരണങ്ങൾ, ആത്മഹത്യ സമൂഹത്തിലും, കുടുംബത്തിലും, സൃഷ്ടിക്കുന്ന അനന്തരഫലങ്ങൾ എന്നിവ ചർച്ച ചെയ്യുക.

3. ഗർഭഛിദ്രത്തെ സംബന്ധിക്കുന്ന വീഡിയോ സി.ഡി., പുസ്തകങ്ങൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് പഠനം നടത്തുകയും, ചർച്ച ചെയ്യുകയും ചെയ്യുക.

4. യുദ്ധങ്ങൾ സൃഷ്ടിക്കുന്ന ഭീകരത, സമൂഹത്തിന്റെ തകർച്ച മുതലായവ ചർച്ച ചെയ്ത് പേപ്പർ തയ്യാറാക്കുക.

5. ജീവനെതിരെയുള്ള വെല്ലുവിളികൾ - ഏതൊക്കെ രീതിയിൽ സംഭവിക്കുന്നുവെന്ന് മാധ്യമങ്ങളുടെ (പത്ര- ദൃശ്യമാധ്യമങ്ങൾ) വെളിച്ചത്തിൽ അവലോകനം ചെയ്യുക.

6. ജീവന്റെ പ്രവാചകരാകാൻ യൂണിറ്റ് തലത്തിലും, വ്യക്തിപരമായ രീതിയിലും എന്തെല്ലാം ചെയ്യുവാൻ കഴിയും.



www.malankaralibrary.com

# ലൈംഗിക ധാർമ്മിക

**ലൈംഗികത - വിശുദ്ധ ഗ്രന്ഥത്തിന്റെ ഉപദേശം**

സൃഷ്ടിയ്ക്ക് അതിന്റെ ആരംഭത്തിൽ ഉണ്ടായിരുന്ന പൂർണ്ണതയും വിശുദ്ധിയും പുനഃസ്ഥാപിക്കുവാനാണ് തന്റെ രക്ഷാകരവേലയിലൂടെ യേശു ശ്രമിച്ചത്. അവിടുന്നു വാഗ്ദാനം ചെയ്ത അഷ്ടഭാഗ്യങ്ങളിൽ നാം വായിക്കുന്നു: "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" (മത്താ. 5:8). വ്യഭിചാരം ചെയ്യരുത്, എന്ന കല്പനയുടെ ലക്ഷ്യം വ്യക്തമാക്കി, അതിന് കൂറേക്കൂടി ആഴമായ അർത്ഥം യേശു കല്പിക്കുന്നു. അനുചിതമായ പ്രവൃത്തികൾ മാത്രമല്ല, ചിന്തപോലും ദൈവരാജ്യത്തിൽ അസ്വീകാര്യമാണ് എന്ന് അവിടുന്ന് അരുൾ ചെയ്യുന്നു. "വ്യഭിചാരം ചെയ്യരുത് എന്നു കല്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു; ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു" (മത്താ. 5:27-28). തന്നിൽ സമാരംഭിച്ച ദൈവരാജ്യത്തിൽ ജീവിതവിശുദ്ധിക്ക് അതിപ്രധാനമായ സ്ഥാനമത്രേ യേശു കല്പിച്ചിരിക്കുന്നത്.

ജീവിത വിശുദ്ധിക്കുള്ള യേശുവിന്റെ ആഹ്വാനത്തെ അപ്പസ്തോലന്മാർ പൂർണ്ണമായും ഉൾക്കൊണ്ടിരുന്നു. പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുകയാണ് ക്രൈസ്തവന്റെ ധർമ്മം എന്ന് അപ്പസ്തോലൻ പൗലോസ് പഠിപ്പിക്കുന്നു. "നിങ്ങളിൽ വസിക്കുന്ന



www.malankaralibrary.com

ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരി. 6:19-20). അവിവാഹിതരും വിവാഹിതരും ഉൾപ്പെട്ട ജീവിതത്തിന്റെ എല്ലാ അവസ്ഥകളിൽ ഉള്ളവരും പൂർണ്ണമായ വിശുദ്ധി പാലിക്കണമെന്ന് അപ്പസ്തോലൻ പൗലോസ് ഉപദേശിക്കുന്നുണ്ട് (1 കൊരി 7:1-30).

ജീവിതത്തെ മുഴുവൻ ചൂഴ്ന്നു നിൽക്കുന്നതാണ് വിശുദ്ധിയെങ്കിലും ലൈംഗികമേഖലയിലെ വിശുദ്ധിയെ സംബന്ധിച്ച് പഴയ നിയമത്തിലും പുതിയ നിയമത്തിലും വിശദമായ പ്രബോധനങ്ങളുണ്ട്. പഴയനിയമത്തിലെ ആറും ഒൻപതും കല്പനകളും അവയുടെ വിശദീകരണങ്ങളും ഈ വസ്തുതയാണ് നമ്മെ പഠിപ്പിക്കുന്നത്. പുതിയനിയമത്തിൽ യേശുവിന്റെ പ്രബോധനങ്ങളും ലേഖനങ്ങളിലെ ഉപദേശങ്ങളും ദൈവരാജ്യത്തിൽ ലൈംഗിക വിശുദ്ധിക്കുള്ള സവിശേഷമായ പ്രാധാന്യത്തിലേക്കാണ് വിശ്വാസിയുടെ ശ്രദ്ധയെ നയിക്കുന്നത്. താഴെപ്പറയുന്ന വിശുദ്ധഗ്രന്ഥഭാഗങ്ങൾ ലൈംഗികമേഖലയിലെ ശ്രേഷ്ഠമായ പെരുമാറ്റമാണ് ആവശ്യപ്പെടുക:

മർക്കോ. 10: 11-12, 1 കൊരി. 5: 1-13, റോമാ. 1: 18-32, ഗല. 5: 16-26, എഫേ. 5: 1-33, 1 തെസ. 4: 1-8

**എന്താണ് ലൈംഗികത?**

ലൈംഗികതയുടെ ശരിയായ വിനിയോഗവും ജീവിതത്തിന്റെ വിശുദ്ധിയുമാണു വി. ഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും കാതൽ. മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ച ദൈവത്തിന്റെ പ്രവൃത്തിയിൽ നിന്നത്രേ ലൈംഗികതയെ സംബന്ധിച്ച ദൈവികപദ്ധതി നാം മനസ്സിലാക്കുന്നത്. മനുഷ്യനിൽ ലൈംഗികതയുടെ ശക്തിയും സിദ്ധിയും നിക്ഷേപിച്ചതു ദൈവമാണ്. ലൈംഗികത ഇതര അവയവങ്ങളെപ്പോലെ ശരീരത്തിന്റെ ഏതെങ്കിലും പ്രത്യേക ഭാഗങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന ഒന്നല്ല; സ്ത്രീയിലും പുരുഷനിലും നൽകിയിരിക്കുന്ന സമഗ്രമായ ശക്തിയാണ്. സ്ത്രീയുടെയും പുരുഷന്റെയും അനന്യത അവരുടെ ലൈംഗികതയുടെ വ്യതിരിക്തതയിലാണു നാം കണ്ടെത്തുക. സ്ത്രീയായോ പുരുഷനായോ മാത്രമേ ഒരാൾക്കു അസ്തിത്വമുള്ളു. സ്ത്രീക്കും പുരുഷനും ആത്മസാക്ഷാത്കാരത്തിനും പൂർണ്ണതയ്ക്കുമുള്ള മാർഗ്ഗമാണു അവരുടെ ലൈംഗികമായ അസ്തിത്വം. അവരവരുടെ ലൈംഗികതയുടെ അനന്യതമൂലം പരസ്പര പൂരകത്വത്തിലൂടെയാണു സ്ത്രീയും പുരുഷനും സമ്പൂർണ്ണത കണ്ടെത്തുന്നത്. ലൈംഗികത വ്യക്തിത്വ വളർച്ചയുടെയും ആത്മസാക്ഷാത്കാരത്തിന്റെയും മാർഗ്ഗമാണ്. മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ സമഗ്രത ഉണ്ടാകുമ്പോഴേ ഒരാൾ പൂർണ്ണത പ്രാപിക്കുകയുള്ളൂ.



www.malankaralibrary.com

ലൈംഗികതയെ തിന്മയായി കണ്ടിരുന്ന കാലഘട്ടമുണ്ടായിരുന്നു. ബൈബിൾ പഠനങ്ങളും ആധുനിക മനഃശാസ്ത്രവും ജീവശാസ്ത്രവും ലൈംഗികതയുടെ ക്രിയാത്മകമായ വശങ്ങളിലേക്കു വെളിച്ചം വീശി. ലൈംഗികത അനുഗ്രഹവും ദൈവദാനവുമാണെന്നു ബൈബിൾ വ്യക്തമാക്കുന്നു. ഉത്തമഗീതത്തിന്റെ കാതൽ ലൈംഗികതയുടെ ശ്രേഷ്ഠതയാണ്. മനുഷ്യന്റെ വ്യക്തിത്വത്തെ ലൈംഗികത ആഴമായി സ്വാധീനിക്കുന്നു എന്ന് മനഃശാസ്ത്രം വ്യക്തമാക്കുന്നു. ലൈംഗികത വ്യക്തിത്വ സമഗ്രതയിലേക്ക് ഉൾച്ചേർന്നു പോകണം. ലൈംഗികമായി ഒരു വ്യക്തി അസംതൃപ്തനോ അസംതൃപ്തയോ ആണെങ്കിൽ അതു വ്യക്തിത്വവികാസത്തെയും വ്യക്ത്യന്തരബന്ധങ്ങളെയും ബാധിക്കുമെന്നും മനഃശാസ്ത്രപഠനങ്ങൾ വ്യക്തമാക്കുന്നു. ലൈംഗിക മേഖലയിൽ ഏതെങ്കിലും തരത്തിലുള്ള മുറിവേൽക്കുന്ന വ്യക്തി മാനസിക-ശാരീരിക വേദനകൾക്ക് ഇരയായിത്തീരുന്നു. ജീവശാസ്ത്രമാകട്ടെ മനുഷ്യന്റെ ശാരീരികമായ രൂപീകരണത്തിൽ പോലുമുള്ള സ്ത്രീപുരുഷ വ്യത്യാസങ്ങളും സ്ത്രീയുടെയും പുരുഷന്റെയും അനന്യതയും വ്യക്തമാക്കുന്നു.

ലൈംഗികത ഇതരരുമായി ബന്ധപ്പെടാനുള്ളതത്രേ. പക്ഷേ സ്നേഹത്തിൽ മാത്രമേ ലൈംഗികത വളർച്ചയും പൂർണ്ണതയും കണ്ടെത്തുകയുള്ളൂ. സ്നേഹരഹിതമായ ലൈംഗികത സ്വാർത്ഥത നിറഞ്ഞതായിരിക്കും. ചൂഷണവും അനിയന്ത്രിതമായ കാമാസക്തിയും അവിടെ തേർവാഴ്ച നടത്തും. ലൈംഗികതയുടെ പൂർണ്ണമായ അർത്ഥം നിറവേറുന്നതു വിവാഹജീവിതത്തിലാണ്. വിവാഹജീവിതത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം ശാരീരിക-മാനസിക-ആത്മിക മേഖലകളിൽ പൂർണ്ണവും തുറവിയുള്ളതുമാണ്. ദൈവത്തോടു സഹകരിച്ച് പുതിയ ജീവനെ, മനുഷ്യവ്യക്തിയെ നല്കുന്ന ക്രിയാത്മക ബന്ധമാണു വിവാഹത്തിലുള്ളത്. യഹോവയും ഇസ്രായേലും തമ്മിലും (ഏശ. 54; ജെറ. 3: 6-13; ഹോസി. 2:3) ക്രിസ്തുവും സഭയും തമ്മിലുള്ള (എഫേ. 5: 22-33) ബന്ധം വ്യക്തമാക്കാൻ വിവാഹബന്ധമെന്ന മാതൃകയാണു വി. ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത് (സഭ ആധുനിക ലോകത്തിൽ 48; കുടുംബം ഒരു കൂട്ടായ്മ, 12-13). വിവാഹ ബന്ധത്തിനും ജീവിതത്തിനും വി. ഗ്രന്ഥം കല്പിച്ചിരിക്കുന്ന ശ്രേഷ്ഠമായ സ്ഥാനമാണ് ഇത് വ്യക്തമാക്കുക.

ചുരുക്കത്തിൽ ലൈംഗികത പരസ്പര പൂരകത്വത്തിലും സ്നേഹപൂർണ്ണമായ പങ്കിടീലിനും സന്താനോൽപാദനത്തിനും വേണ്ടിയുള്ളതാണ് (സഭ ആധുനിക ലോകത്തിൽ 48).

ജീവിതാവസ്ഥയ്ക്കു ചേർന്നവിധം ചാരിത്ര്യശുദ്ധി (chastity) എന്ന പുണ്യത്തിൽ ജീവിക്കുവാൻ വി. ഗ്രന്ഥവും സഭാപ്രബോധനങ്ങളും നമ്മെ ആഹ്വാനം ചെയ്യുന്നു. നിയോഗത്തിലും കാഴ്ചപ്പാടിലും വിശുദ്ധി പാലിക്കുകയും മിതത്വം അഭ്യസിക്കുകയും ചെയ്യുന്നവർക്കേ ചാരിത്യ്രശുദ്ധി പാലിക്കാനാവൂ.



www.malankaralibrary.com

## ലൈംഗികത - വിവിധ തലങ്ങളും അർത്ഥവും ലക്ഷ്യവും

ലൈംഗികതയുടെ വിവിധതലങ്ങളും, അതിന്റെ അർത്ഥവും ലക്ഷ്യങ്ങളുമറിഞ്ഞ് പൂർത്തീകരിക്കുമ്പോഴാണ് ധാർമ്മികത വ്യക്തമാകുന്നത്. ലൈംഗികതയുടെ പ്രജനനതലം ഉത്തരവാദിത്വത്തോടെയും, വൈകാരിക, വ്യക്തിതലങ്ങൾ പക്വതയോടെയും സമീപിക്കേണ്ടതാണ്.

ഒരു വ്യക്തിയിൽ നിഷിപ്തമായിരിക്കുന്ന പ്രജനനശേഷി, ശാരീരികവും മാനസികവുമായ ക്രമീകരണങ്ങൾ, ശാരീരികാവയവങ്ങൾ എന്നിവയെല്ലാം പ്രജനനതലത്തിൽപ്പെടുന്നു. ഇവിടെ സ്ത്രീപുരുഷന്മാർക്ക് പരസ്പര പൂരകദൗത്യമാണുള്ളത്. പ്രത്യുൽപ്പാദനോന്മുഖമായി ഇവർ നിയന്ത്രിക്കപ്പെടുന്നു. പരസ്പരം പൂരകമായി നിലകൊള്ളാനും ഇടപഴകാനും ഇണചേരാനുമുള്ള സ്നേഹദാഹം പരമകാഷ്ഠയിൽ എത്തുന്നത് പ്രജനനതയിലാണ്. പരസ്പര പങ്കാളിത്വത്തോടെ ഒരു കുഞ്ഞിന് ജന്മം നൽകി സമർപ്പണ ജീവിതത്തിനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. അങ്ങനെയിത് ജീവദായകമായ സ്നേഹവും ദാനവും ഉൾക്കൊള്ളുന്നു. സാമാന്യ ലൈംഗികതയും പ്രജനനതയും രണ്ടുതലങ്ങളാണ്. ഒരു വ്യക്തിയിൽ ഇവ രണ്ടും പ്രവർത്തിക്കുന്നു.

സംഭ്രമം, ഭാവുകത്വം, അഭിനിവേശം എന്നീ ഘടകങ്ങളെ ഉൾക്കൊള്ളുന്നതാണ് വൈകാരികതലം. ഈ മൂന്ന് തലങ്ങളുടെയും സംയോജിതമായ പ്രവർത്തനത്തെ വൈകാരിക പ്രവർത്തനം എന്ന് വിശേഷിപ്പിക്കുന്നു. സ്ത്രീപുരുഷ പരസ്പരാകർഷണം ഒരു വ്യക്തിയിൽ പൂർണ്ണമായാണ് നടക്കുന്നത്. ഇതിനെ ഒരു പുരുഷൻ സ്ത്രീയിലേക്കും, തിരിച്ചും ആകർഷിക്കപ്പെടുന്ന ശാരീരികതലം, പ്രത്യേകതരത്തിലുള്ള വ്യക്തിയെ തിരഞ്ഞെടുക്കുവാനും ശ്രദ്ധിക്കുവാനുമുള്ള ആഗ്രഹമായ ലാക്ഷണികതലം, മനസ്സിനിണങ്ങിയ ജീവിതപങ്കാളിയെ ബോധപൂർവ്വം തെരഞ്ഞെടുക്കുന്ന തെരഞ്ഞെടുപ്പുതലം എന്നിങ്ങനെ വിശേഷിപ്പിക്കുന്നു.

മൃഗങ്ങളിൽ ലൈംഗികത ഒരു വാസനയാണെങ്കിൽ മനുഷ്യനിൽ ഇത് വൈയക്തിക തീരുമാനമാണ്. 'ഞാൻ-നീ' ബന്ധത്തിന്റെ പ്രകടനമാണ്. ഇവിടെ മനുഷ്യൻ തന്റെ സ്വത്വത്തെ മറ്റൊരാളിലേക്ക് സ്വതന്ത്രവും ബോധപൂർവ്വകവുമായി പങ്കുവയ്ക്കുന്നു. സ്നേഹപൂർവ്വകമായ ഈ പങ്കുവയ്ക്കൽ ചോദനയനുസരിച്ച് മാത്രമല്ല ബുദ്ധിയുടെ നിയന്ത്രണത്തിന് വിധേയമായി നടത്തുന്നു. ലൈംഗികതയുടെ വ്യക്തിതലത്തിൽ കൂട്ടായ്മയും ഒന്നുചേരലും ആഴമായ രീതിയിൽ നടക്കുന്നു. തന്നെത്തന്നെ അറിയുവാനും അപരനെ തിരിച്ചറിയുവാനുമുള്ള വേദിയാണ് ലൈംഗികതയുടെ വ്യക്തിതലം. പരസ്പരം ദാനം ചെയ്യാനും സ്വീകരിക്കാനും തയ്യാറാകുന്ന വ്യക്തിത്വങ്ങളാണ് ഇവിടെ ഒന്നുചേരുന്നത്.



www.malankaralibrary.com

ലൈംഗികതയുടെ വിവിധതലങ്ങളെന്നതുപോലെ തന്നെ പ്രാധാന്യമേറിയതാണ് ലൈംഗികതയുടെ ലക്ഷ്യവും. വംശവർദ്ധന ലൈംഗികതയുടെ പ്രാഥമികലക്ഷ്യവും അർത്ഥവുമാണ്. സ്നേഹവിനിമയമാണ് ലൈംഗികതയുടെ മറ്റൊരു ലക്ഷ്യം. ഈ സ്നേഹപ്രകടനം ലൈംഗികതയുടെ മാനുഷിക ലക്ഷ്യങ്ങളിലൊന്നാണ്. സുദൃഢവും ശാശ്വതവുമായ ബന്ധങ്ങൾക്ക് രൂപം നൽകാൻ സ്നേഹത്തിലൂടെ മനുഷ്യൻ ശ്രമിക്കുന്നു. സ്നേഹം ഈ ലക്ഷ്യത്തിന് വേണ്ടി പ്രവർത്തിക്കുമ്പോഴാണ് അത് ദാമ്പത്യസ്നേഹവും കുടുംബ ജീവിതവുമായി രൂപപ്പെടുന്നത്. സ്നേഹിക്കുന്ന വ്യക്തിയുമായി ലൈംഗികമായി ബന്ധപ്പെടാനാണ് മനുഷ്യൻ ആഗ്രഹിക്കുന്നത്. സ്നേഹം കൂടാതെ വികാരത്തിനടിപ്പെട്ട് ലൈംഗികബന്ധത്തിലേർപ്പെടുന്ന വ്യക്തി മനുഷ്യത്വത്തിൽ നിന്ന് വ്യതിചലിച്ച് മൃഗീയത വെളിപ്പെടുത്തുന്നു.

മനുഷ്യന്റെ ലൈംഗികതയ്ക്ക് സാമൂഹ്യലക്ഷ്യവുമുണ്ട്. സമൂഹജീവിയായ മനുഷ്യൻ ഒരു സമൂഹത്തിൽ ജനിച്ച്, വളർന്ന്, ആ സമൂഹത്തിലെ അംഗമായിത്തീരുന്നു. സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റി സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയാണ് സാമൂഹികമാനം കൊണ്ട് അർത്ഥമാക്കുന്നത്.

മനുഷ്യന് ലൈംഗികതയെക്കുറിച്ച് പക്വമായ വീക്ഷണം അനിവാര്യമാണ്. ദൈവദാനമായ ലൈംഗികതയെ മനുഷ്യൻ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യണം. ലൈംഗികത സന്തോഷത്തിനുള്ള മാർഗ്ഗം മാത്രമായി കാണുന്ന വീക്ഷണങ്ങൾ എന്നും നിലവിലിരുന്നു. ഈ വീക്ഷണത്തിന്റെ ഫലമായാണ് ലൈംഗികത ചൂഷണം ചെയ്യപ്പെടുകയും വില്പനച്ചരക്കായി മാറുകയും മാനുഷികതയുടെ മഹത്വം നശിക്കുകയും ചെയ്യുന്നത്. ദൈവികദാനമായ ലൈംഗികത എന്ന മഹാദാനത്തെ ശ്രേഷ്ഠമായി കരുതി ആദരവോടും ബഹുമാനത്തോടും കൂടെ മനുഷ്യൻ സമീപിക്കണം.

സ്നേഹവും ലൈംഗികതയും തമ്മിൽ വളരെയേറെ ബന്ധമുണ്ടെങ്കിലും ലൈംഗിക വികാരത്തിന് അടിസ്ഥാനം സ്നേഹമല്ല. കാമം എന്ന വികാരമാണ് ഇവിടെ പ്രധാനം. ലൈംഗികതയുമായി ബന്ധപ്പെട്ട മനുഷ്യസ്നേഹത്തെ പ്രേമം എന്നു വിശേഷിപ്പിക്കാം. ദാമ്പത്യസ്നേഹത്തിൽ ഇത് അടങ്ങിയിരിക്കുന്നു. സ്നേഹം അതിൽത്തന്നെ മാംസബദ്ധമല്ലെങ്കിലും ലൈംഗികമായി പ്രകടിപ്പിക്കുമ്പോൾ മാംസബദ്ധിതമായി മാറുന്നു. മനുഷ്യനിലെ എല്ലാ വികാരങ്ങളിലും പ്രവർത്തനങ്ങളിലും ഈ ശരീരികത്വം വ്യക്തമാണ്. സ്നേഹവികാരവും ലൈംഗികവികാരവും ഒന്നല്ലെങ്കിലും ലൈംഗികതയിൽ അധിഷ്ഠിതമാണ്.

ലൈംഗികതയോട് ബന്ധപ്പെട്ട മനുഷ്യപ്രേമം സ്വാഭാവികമായ ഒരു വികാരമാണ്. ശുദ്ധവും ദൈവികവുമായ വികാരം സ്നേഹത്തിലേക്കാണ്



www.malankaralibrary.com

ഉയരേണ്ടത്. മാംസബദ്ധമായ സ്നേഹ വികാരങ്ങളിലൂടെ വളർന്ന് ദൈവസ്നേഹത്തിന്റെ സ്ഥായീഭവത്തിൽ എത്തിച്ചേരണം. സ്നേഹവും ലൈംഗികതയും പൂവണിയുന്നത് വിവാഹത്തിലാണ്. സ്നേഹം പ്രകടിപ്പിക്കാനുള്ള ഒരു വേദിയാണ് ലൈംഗികത. സ്നേഹം ലൈംഗികതയ്ക്ക് അതീതവും ലൈംഗികത സ്നേഹത്തിന് അധീനവുമാണ്. സ്നേഹവിരുദ്ധ ലൈംഗിക പ്രവർത്തികളെല്ലാം ലൈംഗിക ധാർമ്മികതയ്ക്ക് എതിരാണ്.

സ്നേഹം വ്യക്തികൾ തമ്മിലുള്ളതാണ്. ലൈംഗികത ഒരുവനെ വ്യക്തിയാക്കി മാറ്റുന്നു. മാനുഷികസത്തയുടെ ബഹ്യപ്രകടനങ്ങളാണ് ലൈംഗികതയും സ്നേഹവും. മനുഷ്യൻ സ്നേഹിക്കുന്നത് ലൈംഗിക വ്യക്തികൾ എന്നനിലയിലാണ്. സ്നേഹത്തിന് വ്യക്തികൾ തമ്മിൽ അന്തരമുണ്ട്. അപ്പൻ സ്നേഹിക്കുന്നതുപോലെ അല്ല അമ്മ സ്നേഹിക്കുന്നത്. മക്കളെ സ്നേഹിക്കുന്നതുപോലെ അല്ല ഒരുവൻ ഭാര്യയെ സ്നേഹിക്കുന്നത്. ബന്ധങ്ങൾ സൃഷ്ടിക്കുന്നതിലും ലൈംഗികതയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ട്.

സ്നേഹിക്കുമ്പോൾ അപരനിലേക്കുള്ള തുറവിയാണ് സംഭവിക്കുന്നത്. ഈ സ്നേഹത്തിന്റെ കൂട്ടായ്മ ഒന്നാകുവാനും പരസ്പരം പങ്കുവയ്ക്കുവാനും സഹായിക്കുന്നു. ഇപ്രകാരം സ്നേഹത്തിന്റെ നിറവിൽ ലൈംഗികത പൂർണ്ണഫലമണിയുന്നു. മാനുഷികതലത്തിൽ അപരനെ സ്നേഹിക്കുന്നത് ലൈംഗികത മാറ്റിവച്ചിട്ടല്ല. സ്നേഹത്തിൽ പൂർണ്ണത പ്രാപിക്കുന്നതിനുസരിച്ച് ലൈംഗികതയുടെ മഹത്വം കൂടുന്നു. ഇങ്ങനെ ലൈംഗികതയുടെ ഉദാത്തീകരണം സംഭവിക്കുന്നു.

പരസ്പരം സ്നേഹിക്കുന്നത് അപരനിൽ സുരക്ഷിതത്വവും ആശ്രയബോധവും കണ്ടെത്തുമ്പോഴാണ്. ഇത് പരസ്പര സൗഹൃദത്തിന്റെ തുടക്കമാകുന്നു. സ്നേഹപ്രവർത്തികളുടെ ലക്ഷ്യം പരിശുദ്ധിയുടെ ജീവിതമായിരിക്കണം. സ്നേഹത്തിലായിരുന്ന് സ്വാർത്ഥത വെടിഞ്ഞ് പരസ്പരശുശ്രൂഷയിൽ ആയിരിക്കുന്നതുമാണിത്.

**ലൈംഗിക മേഖലയിലെ തിന്മകൾ**

**അമിതമായ ലൈംഗിക ആസ്ക്തി:** ലൈംഗിക സന്തോഷത്തിനുവേണ്ടിയുള്ള അമിതവും അവ്യവസ്ഥിതവുമായ ആഗ്രഹം തിന്മയാണ്. ലൈംഗികതയുടെ പ്രജനനപരവും സ്ത്രീയും പുരുഷനും ഒന്നാകുന്ന വൈവാഹിക ലക്ഷ്യവും ഇവിടെയില്ല. വ്യക്തിപരമായ ജീവിതത്തിലും, കുടുംബ സാമൂഹിക ബന്ധങ്ങളിലും അമിതമായ ലൈംഗികാസക്തി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ലൈംഗികതയെക്കുറിച്ചുള്ള അറിവില്ലായ്മയോ ലൈംഗികമായ അസംതൃപ്തിയോ സ്വന്തം ലൈംഗികതയെക്കുറിച്ചുള്ള തീർച്ചയില്ലായ്മയോ ആവാം ഈ തിന്മയ്ക്കു പിന്നിലുള്ളത്. അനേകം പാപങ്ങളിലേക്കും



www.malankaralibrary.com

അപകടങ്ങളിലേക്കും മനുഷ്യനെ നയിക്കുന്ന ഘടകമാണ് അമിതമായ ലൈംഗികാസക്തി.

**സ്വയംഭോഗം (Masturbation)** സന്തോഷമോ ആശ്വാസമോ ലഭിക്കുന്നതിനു വേണ്ടി തനിച്ചോ മറ്റുള്ളവരോടൊത്തോ ലൈംഗികോദ്ദീപനം സാധിച്ച് സംതൃപ്തി അനുഭവിക്കുന്നതിനെയാണു സ്വയംഭോഗം (ഹസ്തമൈഥുനം) എന്നു വിളിക്കുന്നത്. സ്വന്തം ലൈംഗികതയിലൂടെ സ്വയം സംതൃപ്തി കണ്ടെത്താനാണു ഇവിടെ ശ്രമം നടക്കുന്നത്. എതിർവർഗ്ഗത്തിൽ പ്പെട്ട വ്യക്തിയുമായി പങ്കുവച്ച് പൂർണ്ണത തേടേണ്ട ലൈംഗിക ചോദനയെ തന്നിൽ തന്നെ കേന്ദ്രീകരിച്ചു നിർത്തുകയാണു ഒരാൾ ചെയ്യുന്നത്. വിവാഹിതരിലും പ്രായപൂർത്തിയായവരിലും സ്വയംഭോഗസ്വഭാവം ഉള്ളവർ ഉണ്ടെങ്കിലും കൗമാരപ്രായക്കാരുടെ ഇടയിലാണു ഈ ശീലം ഏറെ ശക്തമായിരിക്കുന്നത്. വളർച്ചയുടെ കാലഘട്ടത്തിലെ ശരീരിക-മാനസിക പ്രത്യേകതകളാകാം കൗമരപ്രായക്കാരുടെ ഇടയിൽ സ്വയംഭോഗശീലം ഉളവാകാൻ കാരണം. ലൈംഗികമായ കൗതുകവും ലൈംഗികവ്യക്തിത്വം ഉറപ്പാക്കാനുള്ള വ്യഗ്രതയും കൗമാരക്കാരിലുണ്ട്. അതുകൊണ്ട് ഇവർക്കു തക്കതായ ലൈംഗികവിജ്ഞാനം ലഭ്യമാക്കണം. അതുപോലെ സ്നേഹത്തിലും പരോന്മുഖതയിലും വളരുവാൻ കുട്ടികൾക്കു പ്രായോഗികമായ നിർദ്ദേശം നൽകണം. അവരോടു കരുണാപൂർവ്വം പെരുമാറി, സ്നേഹത്തിനു ക്രിയാത്മകമായ ആവിഷ്ക്കാരം നൽകുന്ന പ്രവൃത്തികളിലേക്കു കുട്ടികളെ നയിക്കണം. അതേസമയം സാഹചര്യങ്ങളിലും പ്രായത്തിലും സാധൂകരണം തേടി സ്വയംഭോഗത്തിന്റെ തിന്മയെ നിസ്സാരമാക്കികാണുന്ന പ്രവണത ആശാസ്യമല്ല. സഭാപ്രബോധനം അനുസരിച്ച് സ്വയംഭോഗം അതിൽ തന്നെ ഗൗരവതരവും ക്രമവിരുദ്ധവുമായ പ്രവൃത്തിയാണ് (മനുഷ്യ വ്യക്തി- Personae Humanae, PH 9).

**അവിവാഹിതരുടെ ലൈംഗിക ബന്ധം (Fornication):** ലൈംഗിക സന്തോഷം തേടി അവിവാഹിതനായ പുരുഷനും അവിവാഹിതയായ സ്ത്രീയും തമ്മിൽ നടത്തുന്ന ലൈംഗിക ബന്ധമത്രേ ഇത്. ഇതു വ്യക്തിയുടെയും ലൈംഗികതയുടെയും മഹത്വത്തിനു എതിരാണ്. കാരണം ലൈംഗിക പ്രവൃത്തിയുടെ ഉദ്ദേശം ദമ്പതികളുടെ നന്മയും കുട്ടികളുടെ പ്രജനനവും പരിശീലനവുമാണ്. ഇതു ഗൗരവതരമായ ഉതപ്പ് ഉളവാക്കുന്ന തിന്മയാണ്. കാരണം യുവതീയുവാക്കളുടെ അപഭ്രംശത്തിനു ഇതു കാരണമാകുന്നു.

**അശ്ലീല രചനകൾ (Pornography):** ലൈംഗിക പ്രവൃത്തികളെ അവയുടെ യഥാർത്ഥ പശ്ചാത്തലത്തിൽ നിന്നു മാറ്റി മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കുകയത്രേ ഇവിടെ ചെയ്യുക. സാഹിത്യരചനകളിൽ പരിമിത പ്പെട്ടിരുന്ന അശ്ലീലം മാദ്ധ്യമങ്ങളുടെ വളർച്ചയോടെ ദൃശ്യ-ശ്രാവ്യമേഖലകളി ലേക്കെല്ലാം കടന്നു കഴിഞ്ഞു. വൈവാഹിക പ്രവർത്തിയുടെ മഹത്വത്തിനു



www.malankaralibrary.com

എതിരാണ് അശ്ലീലസൃഷ്ടികൾ. ഇതിൽ ഉൾപ്പെടുന്നവരെല്ലാം തരംതാണ സന്തോഷത്തിനും അനുവദനീയമല്ലാത്ത ലാഭത്തിനും വേണ്ടി തിന്മയുടെ ഇരകളാകുന്നു. മനുഷ്യമഹത്വത്തിനു എതിരായ ഇത്തരം പ്രവർത്തികൾക്കു എതിരേ ശരിയായ ധാർമ്മിക ഉദ്ബോധനവും ബോധവൽക്കരണവും ആവശ്യമാണ്. അതുപോലെ അശ്ലീലസൃഷ്ടിയുടെ നിർമ്മാണവും വിതരണവും തടയുന്നതിനു രാഷ്ട്രനിയമത്തിൽ വ്യവസ്ഥകൾ ഉണ്ടാക്കണം.

**സ്വവർഗ്ഗ സംഭോഗം (Homosexuality) :** ഒരേ ലിംഗത്തിൽപ്പെട്ടവർക്ക് - പുരുഷനു പുരുഷനോടും സ്ത്രീക്കു സ്ത്രീയോടും - പരസ്പരമുള്ള ആകർഷണവും ലൈംഗിക അനുഭവുമാണു സ്വവർഗ്ഗസംഭോഗം. ചിലർക്കു സ്വന്തം ലിംഗത്തിൽപ്പെട്ടവരുമായി മാത്രമേ ലൈംഗികബന്ധം സാധ്യമാകൂ. എന്നാൽ മറ്റുചിലർക്കു എതിർ ലിംഗത്തിൽപ്പെട്ടവരുമായും ലൈംഗികബന്ധം പുലർത്താനാവും (Bisexual). പഴയനിയമവും (ഉല്പ. 19:1-29; ലേവ്യ. 18: 22, 20:13) പുതിയനിയമവും (റോമ. 1:26-27, 1 കോരി. 6:10, 1 തിമോ. 1:10) ഇതിനെ ഗൗരവമായ തിന്മയായും അസ്വാഭാവികമായ പ്രവൃത്തിയായും കാണുന്നു. സ്വവർഗ്ഗസംഭോഗം "ആന്തരാർത്ഥത്തിൽ ക്രമവിരുദ്ധമാണെന്നു യാതൊരു വിധത്തിലും അതു സാധുകരണാർഹമല്ലെന്നും" സഭാപാരമ്പര്യം പഠിപ്പിക്കുന്നു (PH 8).

സ്വവർഗ്ഗസംഭോഗത്തിന്റെ കാരണങ്ങൾ പലതാണ്. "വികല വിദ്യാഭ്യാസം കൊണ്ടോ, സ്വാഭാവികമായ ലൈംഗികവളർച്ചയുടെ അഭാവംകൊണ്ടോ, തഴക്കംകൊണ്ടോ, ദുർമാതൃകകൾകൊണ്ടോ, ഏതാദൃശമായ മറ്റുകാരണങ്ങൾ കൊണ്ടോ പ്രസ്തുത വ്യാമോഹത്തിനു വിധേയരാകുന്നവരാണു ഒരു കൂട്ടർ. ഇതു താൽക്കാലികങ്ങളാവാം; അഥവാ പരിഹാര്യങ്ങളെങ്കിലുമാവാം. രണ്ടാമത്തെ കൂട്ടർ, ഏതോ ആജന്മവാസമൂലമോ, ശരീരഘടനയിലെ മാറ്റപ്പെടാൻ വയ്യാത്ത ഏതോ വൈകല്യം മൂലമോ സ്വവർഗ്ഗസംഭോഗാസക്തിയിൽ ഉറച്ചുപോയിട്ടുള്ളവരാണ് (PH 8). ഈ രണ്ടാമത്തെ കൂട്ടരുടെ സ്വഭാവം പ്രകൃതി സഹജമാണെന്നു വാദിക്കുന്നവരുണ്ട്. എന്നാൽ സ്വവർഗ്ഗസംഭോഗത്തിന്റെ യഥാർത്ഥ മാനസിക ഉത്ഭവകാരണങ്ങൾ ഇപ്പോഴും വളരെയേറെ അജ്ഞാതമാണ്. അജപാലകരുടെ ശ്രദ്ധ ഏറെ അർഹിക്കുന്നവരാണു സ്വവർഗ്ഗസംഭോഗികൾ. സഹതാപവും സ്നേഹവും നിറഞ്ഞ പെരുമാറ്റം അവരിൽ മാറ്റം ഉളവാക്കും. പ്രാർത്ഥനയുടെയും അപരോന്മുഖതയുടെയും മാർഗ്ഗം അവർക്കും ഉപദേശിച്ചു കൊടുക്കണം. മറ്റുള്ളവരോടു ഇടപെടാനും ത്യാഗപൂർണ്ണമായ ജീവിതം നയിക്കാനും വേണ്ട ലക്ഷ്യബോധം അവർക്കു ലഭ്യമാകണം (CDF, On the Pastoral Care of Homosexual Persons).

**അഗമ്യഗമനം (Incest):** അടുത്ത ബന്ധുക്കൾ, പ്രത്യേകിച്ച്, രക്തബന്ധ മുള്ളവരും, വിവാഹബന്ധം വിലക്കപ്പെട്ട ബന്ധുത്വമുറ അഥവാ കരിന്തല



www.malankaralibrary.com

യിലുള്ള വരുമായുള്ള (degree) ലൈംഗികബന്ധം (Incest) ക്രൈസ്തവ പാരമ്പര്യം എന്നും ഗൗരവതരമായ പാപമായി കണ്ടിരുന്നു. പഴയനിയമത്തിൽ വധശിഷ നൽകുന്ന പാപമായിരുന്നു ഇത് (ലേവ്യ 18:6-18). അഗമ്യഗമനത്തിനെതിരെ ശക്തമായ നടപടി എടുക്കുവാൻ അപ്പസ്തോലൻ പൗലോസ് ആവശ്യപ്പെടുന്നുണ്ട് (1 കൊറി. 5:1-6). അഗമ്യഗമനം കുടുംബ ബന്ധങ്ങളെ തകർക്കുകയും മാനുഷികമല്ലാത്ത താഴ്ന്ന നിലവാരത്തിലേക്കു സമൂഹത്തെ നയിക്കുകയും ചെയ്യുന്നു.

**സ്വാതന്ത്ര്യമായ ലൈംഗിക ബന്ധങ്ങൾ (Free Unions) :** യാതൊരു ഉത്തരവാദിത്വവും നിയമപരമോ സാമൂഹികമോ ആയ വ്യവസ്ഥയുമില്ലാതെ പുലർത്തുന്ന ലൈംഗിക ബന്ധം ഗൗരവതരമായ തെറ്റാണ്. ഉപസ്ത്രീ ഗമനം (Concubinage) പരീക്ഷണ വിവാഹം (Trial Marriage) ഉൾപ്പെടെ പലതരത്തിലുള്ള രൂപങ്ങൾ നിലവിലുണ്ട്. വിവാഹം കഴിക്കാതെ ഭാര്യാഭർത്താക്കന്മാരെപ്പോലെ ലൈംഗിക ബന്ധം പുലർത്തിയുള്ള ജീവിതത്തിനു സാധൂകരണം ഇല്ല. ഇത്തരത്തിലുള്ള ജീവിതം വിവാഹത്തിന്റെ നിഷേധവും ദീർഘകാല പ്രതിബദ്ധത ഏറ്റെടുക്കാനുള്ള വിമുഖതയാണു കാണിക്കുക. വിവാഹത്തിന്റെ മഹത്വത്തെ നിഷേധിക്കുകയും കുടുംബമെന്ന ആശയത്തെത്തന്നെ ഇവ ചോദ്യം ചെയ്യുകയും ചെയ്യുന്നു.

കുട്ടികളെയും കൗമാരക്കാരെയും ലൈംഗികമായ ദുരുപയോഗിക്കുന്ന രീതിയും ഗൗരവതരമായ തെറ്റാണ്. പ്രത്യേകിച്ച് അവരുടെ പരിശീലനത്തിനു ചുമതലയുള്ളവർ ചെയ്യുമ്പോൾ അതു ഉതപ്പുളവാക്കുന്ന പ്രവൃതത്തിയും ഉത്തരവാദിത്വരാഹിത്യമായിരിക്കും. കുട്ടികളുടെയും കൗമാരക്കാരുടെയും ശാരീരികവും ധാർമ്മികവുമായ സമഗ്രതയ്ക്കു എതിരായ പ്രവൃത്തിയാണു ഇത്. ജീവിതകാലം മുഴുവൻ ഈ തിന്മയുടെ മുറിവ് അവരിൽ കാണും.

വേശ്യാവൃത്തി, വ്യഭിചാരം തുടങ്ങി വളരെയേറെ തിന്മകളും വൈകൃതങ്ങളും ലൈംഗിക മേഖലയിലുണ്ട്. വ്യക്തികളും സമൂഹവും ലൈംഗികതയുടെ ശ്രേഷ്ഠത തിരിച്ചറിഞ്ഞ് ശരിയായ രീതിയിൽ ചിന്തിക്കുകയും പെരുമാറുകയും ചെയ്യുകയാണ് ലൈംഗിക തിന്മകൾക്കെതിരായ പ്രതിവിധി.

**ഉപസംഹാരം**

ഒരു കാലത്തു ലൈംഗികതയെ തിന്മയായും ലൈംഗികതയുടെ മേഖലയിലെ എല്ലാ പാപങ്ങളെയും പെരുപ്പിച്ചുകാണിക്കുകയും ചെയ്തിരുന്നു. ഇന്നു സാഹിത്യവും മാദ്ധ്യമങ്ങളും കലാരൂപങ്ങളും നിരുത്തരവാദിത്തപരമായി ലൈംഗികതയെ കൈകാര്യം ചെയ്യുന്നില്ലേ? അതിനെ ഒരു ശാരീരിക ആവശ്യമായി മാത്രം കാണുകയും അതിന്റെ നിറവേറ്റലിനു യാതൊരു ധാർമ്മിക പരിഗണനയും പാലിക്കാതെ വരുകയും ചെയ്യുമ്പോൾ ക്രമക്കേടുകൾ



www.malankaralibrary.com

ആരംഭിക്കുകയായി. ലൈംഗികതയിൽനിന്നു സ്ത്രീ പുരുഷന്മാർ സ്നേഹവും വൈവാഹികമായ ഐക്യവും പ്രതിബദ്ധതാപൂർണ്ണമായ പ്രജനനോദ്ദേശവും ഒഴിവാക്കുമ്പോൾ അതു സ്നേഹരഹിതമായ ശാരീരികാഭിലാഷം മാത്രമാകും. ഇന്നു സ്നേഹമെന്നു വിശേഷിക്കപ്പെടുന്നതു ഈ വികാരമല്ലേ?

ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന അളവറ്റ ശക്തിയാണു ലൈംഗികത. ക്രിയാത്മകവും ഭാവാത്മകവുമായ സിദ്ധിയും കഴിവുമത്രേ ഇത്. ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യേണ്ട താലന്തത്രേ ലൈംഗികശക്തി. കുടുംബത്തിലും വിവാഹ ജീവിതത്തിലുമാണ് ലൈംഗികതയുടെ സമഗ്രമായ അർത്ഥം നമുക്കു കണ്ടെത്താനാവുന്നതും അതിന്റെ വിനിയോഗം പൂർണ്ണതയിലെത്തുന്നതും. സ്വഭാവിക നിയമത്തിനും ദൈവികപദ്ധതിക്കും അനുയോജ്യമായി ലൈംഗികത വിനിയോഗിക്കപ്പെടുമ്പോഴാണു വ്യക്തി ആത്മ സാക്ഷാത്ക്കാരവും, കുടുംബവും സമൂഹവും സമാധാനവും കണ്ടെത്തുക.

***ചർച്ചയ്ക്ക് :***

1. ലൈംഗികതയെ സംബന്ധിച്ച് ദൈവത്തിന്റെ പദ്ധതിയെന്താണ്?
2. ലൈംഗിക വിശുദ്ധിയുടെ അർത്ഥമെന്ത്?
3. ലൈംഗീക തിന്മകൾ സമൂഹത്തിലുണ്ടാക്കുന്ന ദോഷഫലങ്ങളെപ്പറ്റി ചർച്ച ചെയ്യുക?



www.malankaralibrary.com

# കത്തോലിക്കാ സഭയും പെന്തക്കോസ്ത് പ്രസ്ഥാനങ്ങളും

**ലോ**കത്തിൽ ക്രിസ്തുവിന്റെ സഭയുടെ ആരംഭം കുറിക്കപ്പെടുന്നത് പെന്തക്കുസ്താ നാളിൽ പരിശുദ്ധാത്മാവിന്റെ വരവോടുകൂടിയാണ്. ക്രിസ്തു മൂലക്കല്ലും അപ്പസ്തോലന്മാർ അടിസ്ഥാനവുമായുള്ള ഈ സഭ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ പ്രേരിതയായി, പരിശുദ്ധാത്മ ശക്തിയാൽ, പിതാവായ ദൈവത്തിലേക്ക് തീർത്ഥാടനം ചെയ്യുന്നവളാണ്. ക്രിസ്തുവിന്റെ മണവാട്ടിയും, മൗതിക ശരീരവുമാണ് ഈ സഭ. സുവിശേഷ സന്ദേശം ലോകമെങ്ങുമുള്ള മുഷ്യരോട് പ്രഘോഷിക്കുവാൻ ദൗത്യം ഭരമേൽപ്പിക്കപ്പെട്ടവളാണ് ഈ സഭ. ക്രിസ്തുവിനെ ഏകരക്ഷകനായി സ്വീകരിച്ച് മാമ്മോദീസാ സ്വീകരിക്കുന്ന ഒരാൾ സഭയുടെ ഭാഗമായിത്തീരുന്നു. യേശുക്രിസ്തുവിലും പരിശുദ്ധ ത്രിത്വത്തിലും ഉള്ള വിശ്വാസവും വിശ്വാസത്തിനും ദൈവവചനത്തിനും അനുസൃതമായ ജീവിതവുമാണ് ഒരാളെ ക്രിസ്ത്യാനിയാക്കുന്നത്. ഒരാൾ ക്രിസ്ത്യാനിയാകുമ്പോൾത്തന്നെ അയാൾക്കു ലഭിക്കുന്ന ഒരു ദൗത്യമാണ് താൻ അനുഭവിച്ച ക്രിസ്താനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നത്. അങ്ങനെ പങ്കുവയ്ക്കുമ്പോൾ ആ അനുഭവത്തിൽ പങ്കുചേരാനായി സ്വാതന്ത്ര്യത്തോടും സന്മനസ്സോടും കൂടി കച്ചടന്നുവരുന്നവരെ മാത്രം വിശ്വാസം പഠിപ്പിച്ച് മാമ്മോദീസാ നൽകി സഭയുടെ ഭാഗമാക്കുന്നു. ഇതിനെ മതപരിവർത്തനം എന്ന പേരിൽ ചിലർ എതിർക്കുന്നുണ്ടെങ്കിലും അനുഭവിച്ചറിഞ്ഞ സത്യം ഒരു ക്രിസ്ത്യാനിക്ക് തന്റെ ഹൃദയത്തിൽ മൂടിവയ്ക്കാനാവില്ല. അങ്ങനെ 'ഒരിടയനും ഒരു തൊഴുത്തും' എന്ന ദൈവരാജ്യ സങ്കല്പത്തിന്റെ സാഫല്യത്തിനായി സഭ പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഈ പ്രവർത്തനത്തെ ക്രിസ്തുവിന്റെ അനുയായികളെന്ന



www.malankaralibrary.com

പേരിൽ തന്നെ അപൂർണ്ണമാക്കാൻ ശ്രമിക്കുന്ന പ്രസ്ഥാനങ്ങളാണ് പെന്ത ക്കോസ്ത് പ്രസ്ഥാനങ്ങൾ.

**ചരിത്രവീഥികളിലെ സഭ:**

പന്തക്കുസ്താ നാളിൽ രൂപം കൊണ്ട സഭ അപ്പസ്തോലന്മാരുടെയും അവ രുടെ പിൻഗാമികളുടെയും പ്രവർത്തനങ്ങളാൽ ലോകം മുഴുവൻ വളർന്നു. ഈ സഭ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കത്തോലിക്കാസഭ അല്ലെങ്കിൽ സാർവ്വത്രികസഭ എന്നു വിളിക്കപ്പെട്ടു. ഈ സഭയാണ് ആദിമുതലുള്ള സഭ. കാതോലികവും അപ്പസ്തോലികവും വിശുദ്ധവുമാണ് ഈ സഭ.

റോമൻ സാമ്രാജ്യത്തിന്റെ ഉള്ളിലാണ് പ്രധാനമായും ആദിമസഭ വളർന്ന ത്. ചരിത്രപരമായ കാരണങ്ങളാൽ റോമൻ സാമ്രാജ്യം രണ്ടായി വിഭജിക്കപ്പെ ട്ടപ്പോൾ സഭയിലും ആ വിഭജനം പ്രകടമായി. അങ്ങനെയാണ് പാശ്ചാത്യസ ഭയും പൗരസ്ത്യസഭയുമുണ്ടായത്. ഇത് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു വിഭജനമായിരുന്നില്ല. മറിച്ച് ചരിത്രപരവും പ്രായോഗികവുമായിരുന്നു. ഇന്ന് ലോകത്തിൽ കാണുന്ന പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങൾ എല്ലാംതന്നെ കാലാകാ ലങ്ങളിൽ തെറ്റിദ്ധാരണകൾ മൂലമോ അധികാരമോഹത്താലോ വിശ്വാസ വിപ രീതം മൂലമോ ആദിമ കത്തോലിക്കാ സഭയിൽ നിന്ന് വേർപിരിഞ്ഞവയാണ്.

പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യസഭയിലാണ് പ്രൊട്ടസ്റ്റന്റലിസം ഉടലെ ടുത്തത്. പാശ്ചാത്യ ലോകത്തുണ്ടായിരുന്ന ലത്തീൻ കത്തോലിക്കാ സഭയിൽ നിന്നും പിളർന്നു മാറിയവയാണ് പെന്തക്കോസ്ത് സമൂഹങ്ങളുടെ മാതൃസഭ കളായ പ്രൊട്ടസ്റ്റന്റ് സഭകൾ. ജർമ്മനിയിൽ മാർട്ടിൻ ലൂഥറും സ്വിറ്റ്സർലണ്ടിൽ ജോൺ കാൽവിനും ഇംഗ്ലണ്ടിൽ ഹെൻട്രി എട്ടാമൻ രാജാവുമാണ് ഈ വിഭജനത്തിന് ചുക്കാൻ പിടിച്ചത്. അങ്ങനെ പതിനാറാം നൂറ്റാണ്ടിൽ പാശ്ചാ ത്യസഭയിൽ നിന്നും സ്വയം വേർപെട്ടു മാറിയ പ്രൊട്ടസ്റ്റന്റ് സഭകളാണ് പെന്ത ക്കോസ്ത് പ്രസ്ഥാനത്തിന്റെ മുന്നോടികൾ.

ലൂഥറൻസഭ, കാൽവിനിസം,ആംഗ്ലിക്കൻസഭ, പ്രെസ്ബിറ്റേറിയൻസഭ, ബാപ് റ്റിസ്റ്റ് സഭ, മെതഡിസ്റ്റ് സഭ, സാൽവേർഷൻ ആർമി, പേർപാടുകാർ അഥവാ ബ്രദറൻ സഭ തുടങ്ങിയ പല സഭകളും ഇങ്ങനെ ജന്മമെടുത്തവയാണ്. ആയിര ത്തിതൊള്ളായിരാമാണ്ടോടെ അമേരിക്കയിലാണ് പെന്തക്കോസ്ത് പ്രസ്ഥാനം രൂപം കൊള്ളുന്നത്. ഇവർക്കുള്ളിലെ രണ്ടു പ്രധാന ഗ്രൂപ്പുകളാണ് അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചും, ഓഫ് ഗോഡും. 1941 ലാണ് ഇവയുടെ തുടക്കം.

കേരളത്തിൽ പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് വെറും നൂറു വർഷത്തെ പാരമ്പര്യമേയുള്ളൂ. 1895-96 കാലഘട്ടങ്ങളിൽ സി.എം.എസ്. മാർതോമാ സഭ കളിൽ നടന്ന ഉണർവ്വുയോഗങ്ങളാണ് കേരളത്തിൽ പെന്തക്കോസ്തുകാരുടെ ഉദയത്തിന് വഴി തെളിച്ചത്. 1909 ൽ കേരളത്തിൽ ആദ്യമായി തോമസ് ബാരറ്റ് എന്നീ വിദേശ പെന്തക്കോസ്തുകാരൻ കടന്നുവന്നു. 1913ൽ പാസ്റ്റർ ജോർജ്ജ്ബർഗ്ഗ്, റോബർട്ട് എഫ്.കുക്കു എന്നിവർ അമേരിക്കയിൽ നിന്നുവന്ന്



www.malankaralibrary.com

കേരളത്തിലെ പല സ്ഥലങ്ങളിലും പെന്തക്കോസ്തു സന്ദേശം പ്രചരിപ്പിച്ചു. 1926 ആയപ്പോഴേക്കും ഒന്നിച്ചു പ്രവർത്തിച്ചവർ തമ്മിൽ പിണങ്ങി പലവഴിക്കാവുകയും തന്നിഷ്ടം പോലെ പഠിപ്പിക്കാനും സമൂഹങ്ങൾ സ്ഥാപിക്കാനും തുടങ്ങി. അങ്ങനെയാണ് പെന്തക്കോസ്തു പ്രസ്ഥാനം കേരളമെങ്ങും 'പിളർന്നു' വ്യാപിച്ചത്.

പെന്തക്കോസ്ത് പ്രസ്ഥാനങ്ങളുടെ സഭാവിരുദ്ധ പ്രവർത്തനങ്ങൾ :-

1. കത്തോലിക്കാ സഭ സത്യമായതിനാൽ അതിനെ എതിർക്കുക എന്നതാണ് പെന്തക്കോസ്തുകാരുടെ നയവും കർമ്മപരിപാടിയും.

2. തിരുവചനത്തിലെ ചില ഭാഗങ്ങൾ വിട്ടുകളഞ്ഞ് അതിന്റെ ആത്മാവു ചോർത്തിക്കളഞ്ഞ് ശിഷ്ടഭാഗം മാത്രം ഉയർത്തിക്കാട്ടി, തന്നിഷ്ടം പോലെ വ്യാഖ്യാനിച്ച് അവർ ക്രിസതുവിന്റെ സഭയെ വെല്ലുവിളിക്കുന്നു.

3. അസത്യങ്ങളും അർദ്ധസത്യങ്ങളും വൈകാരികതയുടെ മേമ്പൊടിയോടെ ഇവർ ദുർബലമാനസരായ സാധാരണ ജനങ്ങളുടെ മനസ്സിൽ കുത്തിവച്ച് അവരെ സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ ശ്രമിക്കുന്നു.

4. കത്തോലിക്കാ സഭയുടെ മഹത്വത്തിനും ദൈവിക ചൈതന്യത്തിനും മങ്ങലേൽപ്പിക്കാമെന്ന മിഥ്യാധാരണയിൽ വിശ്വാസസത്യങ്ങളെ യുക്തിഭദ്രമെന്ന് തോന്നിപ്പിക്കുന്ന നുണപ്രചാരണങ്ങളിലൂടെ ഇവർ വെല്ലുവിളിക്കുന്നു.

5. പെന്തക്കോസ്തുകാരല്ലാത്തവരെല്ലാം മാനസാന്തരപ്പെടാത്തവരും രക്ഷിക്കപ്പെടാത്തവരും പാപികളുമാണെന്ന് ഇവർ പ്രചരിപ്പിക്കുന്നു.

6. സത്യസഭയ്ക്കും സത്യവിശ്വാസത്തിനും എതിരേ പ്രവർത്തിക്കുന്നവരെക്കുറിച്ച് ബൈബിളിലുള്ള മുന്നറിയിപ്പുകൾ ഇവർ അവഗണിക്കുന്നു.

7. സത്യസഭാവിശ്വാസികളുടെ ജീവിതത്തിലുണ്ടാകുന്ന വേദനകളും പ്രയാസങ്ങളും ഭക്തിയുടെ മുഖം മൂടിയണിഞ്ഞ് സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിപ്പിക്കാനുള്ള വേദിയാക്കി മാറ്റി അവരെ ചൂഷണം ചെയ്യുന്നു.

8. സ്വന്തം കൂട്ടായ്മയിലുള്ള ആളുകളുടെ എണ്ണം വർദ്ധിക്കുന്നത് നേതാക്കന്മാരുടെ വരുമാന വർദ്ധനവിനുള്ള ഉപാധിയായി കരുതുന്നു.

9. ആരാധനയിൽ അമിത വൈകാരികത കലർത്തി വ്യക്തി ദൗർബല്യങ്ങളെ ചൂഷണം ചെയ്യുകയും വൈകാരിക വിക്ഷോഭങ്ങളെ ആത്മീയ അനുഭവമെന്ന് തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു.

10. പ്രസ്ഥാനത്തിൽ ചേർക്കുന്നതിനായി പ്രലോഭനവും ഭീഷണിയും പീഡനവും ശാപവും ഉൾപ്പെടെയുള്ള കുത്സിതമാർഗ്ഗങ്ങൾ അവലംബിക്കാൻ ഇവർ മടിക്കുന്നില്ല.

11. ഉപരിപ്ലവമായ ലളിതജീവിതവും ഭക്തിയും പെരുപ്പിച്ചുകാട്ടി ആളുകളെ സ്വാധീനിക്കുന്നു.



www.malankaralibrary.com

12. വിശ്വാസത്തെയും രക്ഷയെയും കുറിച്ച് വളരെ സങ്കുചിതമായ നിലപാടുകൾ ഇവർ വച്ചു പുലർത്തുന്നു. തങ്ങളിലുള്ള തിന്മകൾ തിരുത്താനോ പുറമേനിന്നുള്ള നന്മകൾ സ്വീകരിക്കാനോ ഇവർ തയ്യാറാവുന്നില്ല.

കത്തോലിക്കാസഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതുമായ ഏതാണ്ടെല്ലാ വിശ്വാസസത്യങ്ങളും രക്ഷാകര രഹസ്യാനുഷ്ഠാനങ്ങളും പെന്തക്കോസ്തുകാർ ചോദ്യം ചെയ്യുന്നുണ്ട്. കത്തോലിക്കാ സഭയുടെ സമ്പൂർണ്ണ ബൈബിളിന്റെ ആധികാരികതയും സഭാ പാരമ്പര്യത്തെയും ഇവർ വെല്ലുവിളിക്കുന്നു. രക്ഷാകരചരിത്രത്തിൽ പരിശുദ്ധ മറിയത്തിന്റെ സ്ഥാനം, ശിശുസ്നാനം, കൂദാശകൾ, വിശുദ്ധരോടുള്ള മദ്ധ്യസ്ഥത, പെരുന്നാളുകൾ, ഉത്ഭവപാപം, കരിശടികൾ, പാരമ്പര്യ ആരാധനാ രീതികൾ, രക്ഷയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ, അപ്പസ്തോലിക പിൻതുടർച്ച, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന തുടങ്ങി ഒട്ടനവധി കാര്യങ്ങൾ പെന്തക്കോസ്തുകാർക്ക് തർക്കവിഷയങ്ങളാണ്.

**കത്തോലിക്കർ അറിയേണ്ടവ**

രണ്ടായിരം വർഷത്തെ പാരമ്പര്യമാണ് ക്രിസ്തുവിന്റെ സഭയായ കത്തോലിക്കാ സഭയ്ക്കുള്ളത്. കേവലം നൂറുവർഷത്തെ പഴക്കം പോലും അവകാശപ്പെടാനില്ലാത്ത പെന്തക്കോസ്തു പ്രസ്ഥാനങ്ങൾക്ക് എന്തെല്ലാം ഗൂഢതന്ത്രങ്ങൾ മെനഞ്ഞ് വിശ്വാസികളെ വഴിതെറ്റിക്കാൻ ശ്രമിച്ചാലും ക്രിസ്തുവിന്റെ സഭയും അതിന്റെ സംവിധാനങ്ങളും യുഗാന്ത്യം വരെ ഉണ്ടാവും. നരക കവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല എന്ന ഈശോയുടെ വാക്കുകളാണ് ഈ സത്യത്തിനാധാരം (മത്താ 16:16-18).

ബൈബിളും പാരമ്പര്യവും തമ്മിലുള്ള ബന്ധം മറ്റൊരു പ്രധാനപ്പെട്ട വസ്തുതയാണ്. ഇവ രണ്ടുമാണ് സഭയുടെ വിശ്വാസത്തിന്റെ ഉറവിടങ്ങൾ. പെന്തക്കോസ്തുകാർ അന്ധമായി പാരമ്പര്യത്തെ എതിർക്കുന്നവരാണ്. നാമോർത്തിരിക്കേണ്ട ഒരു സുപ്രധാന സത്യം ബൈബിൾ എഴുതപ്പെടുന്നതുവരെ ക്രിസ്തുവിന്റെ സഭയിലെ പുണ്യപ്പെട്ട പിതാക്കന്മാർ ക്രിസ്തു മാർഗ്ഗത്തിൽ ജീവിച്ചത് എഴുതപ്പെട്ട ബൈബിൾ നോക്കിയല്ല, മറിച്ച് ശ്ലീഹന്മാർ പകർന്നുകൊടുത്ത പാരമ്പര്യമനുസരിച്ചാണ്. അങ്ങനെ നോക്കിയാൽ വി.ഗ്രന്ഥം പോലും പാരമ്പര്യത്തിന്റെ ഭാഗമാണെന്നു പറയാം. എ.ഡി. മുപ്പതുകളിൽ സംഭവിച്ച ക്രിസ്തുവിന്റെ മരണത്തിനുശേഷം എ.ഡി. 90 നോടടുത്ത് ബൈബിൾ രചന പൂർത്തിയാവുന്നതുവരെയുള്ള കാലഘട്ടത്തിലാണ് ലിഖിതരൂപത്തിലുള്ള പാരമ്പര്യങ്ങളേക്കാൾ അലിഖിത രൂപത്തിലുള്ള പാരമ്പര്യങ്ങളിൽ അധിഷ്ഠിതമായി സഭ വളർന്നത്. അതിനാൽ സഭയിൽ ലിഖിതവും അലിഖിതവുമായ പാരമ്പര്യങ്ങളുണ്ടെന്നുള്ളത് നിസ്തർക്കമാണ്. അതുകൊണ്ട് അലിഖിത പാരമ്പര്യങ്ങളിലൂടെ പകർന്നു കിട്ടിയ വിശ്വാസത്തിന്റെ ദർശനങ്ങളെ കണ്ണുമടച്ച് എതിർക്കുന്നത് ഭോഷത്തമാണ്. 'ഞങ്ങൾ വചനം മുഖേനയോ കത്തു മുഖേനയോ പഠിപ്പിച്ച പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുവിൻ" (2 തെസ 2:15, 3:6, 1 തിമോ 6:20, 2 തിമോ 2:2)



www.malankaralibrary.com

പതിനാറാം നൂറ്റാണ്ടിൽ സത്യസഭയെ എതിർത്ത് രൂപംകൊണ്ട പ്രൊട്ടസ്റ്റന്റു കാർ അന്നുവരെ സഭ ഉപയോഗിച്ചുകൊണ്ടിരുന്ന പഴയനിയമത്തിലെ എല്ലാ പുസ്തകങ്ങളും സ്വീകരിക്കുന്നതിനും പകരം യഹൂദർ അംഗീകരിച്ചവയെ മാത്രം സ്വീകരിച്ചു. അങ്ങനെ പ്രൊട്ടസ്റ്റന്റു ബൈബിളിൽ പഴയനിയമത്തിലെ പുസ്ത കങ്ങളുടെ എണ്ണം 39 ആയി കുറഞ്ഞു. ഒരു പുസ്തകം ബൈബിളിൽ ഉൾപ്പെടു ത്താൻ സഭ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ശ്രദ്ധിക്കുക:

1. ദൈവ നിവേശിതത്വം
2. വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിക്കുന്ന സത്യങ്ങളുടെ സാന്നിദ്ധ്യം
3. ആരംഭകാലം മുതൽ സഭയിൽ ആ പുസ്തകത്തിനുള്ള ഉപയോഗം.

പെന്തക്കോസ്തുകാർ ഉന്നയിക്കുന്ന വാദം കത്തോലിക്കർ ബൈബിളിൽ പിന്നീട് കൂട്ടിച്ചേർക്കലുകൾ നടത്തിയാണ് പഴയനിയമത്തിൽ 46 പുസ്തകങ്ങൾ ഉണ്ടായതെന്നാണ്. അതിന്റെ യഥാർത്ഥകാരണം കത്തോലിക്കർ ബൈബിളിൽ കൂട്ടിച്ചേർത്തുകൊണ്ടല്ല മറിച്ച് 16-ാം നൂറ്റാണ്ടിലുണ്ടായ പ്രൊട്ടസ്റ്റന്റുകാരും 14-ാം നൂറ്റാണ്ടിലുണ്ടായ പെന്തക്കോസ്തുകാരും തങ്ങൾക്കിഷ്ടമില്ലാത്തവ വിട്ടുകള ഞ്ഞതാണ് എന്ന് നാം തിരിച്ചറിയണം. ദൈവവചനത്തെ വികലമാക്കിയത്, വിക ലമാക്കിക്കൊണ്ടിരിക്കുന്നത് പെന്തക്കോസ്തുകാരാണ് എന്ന് നാം മനസ്സിലാ ക്കണം. അവികലമായ സത്യവേദപുസ്തകത്തിന്റെയും വിശുദ്ധ പാരമ്പര്യങ്ങ ളുടെയും വെളിച്ചത്തിൽ കത്തോലിക്കാ സഭയുടെ സത്യവിശ്വാസം വളരെ വ്യക്ത മായി വിശദീകരിക്കാൻ കഴിയുമെന്നും നാം മനസ്സിലാക്കണം.

പെന്തക്കോസ്തുകാർ ഉന്നയിക്കുന്ന വാദഗതികൾ കേൾക്കുമ്പോൾ പരിഭ്ര മിക്കുകയല്ലേ വേണ്ടത്. അവർ ഉന്നയിക്കുന്ന ചോദ്യത്തിലെ യഥാർത്ഥ പ്രശ്നം എന്താണെന്നു കണ്ടുപിടിക്കണം. ആ പ്രശ്നത്തിനു മറുപടി പറയാനറിയില്ലെ ങ്കിൽ അവർ പറയുന്നതെല്ലാം ശരിയെന്നു കരുതുകയല്ല വേണ്ടത്. മറിച്ച്, കത്തോ ലിക്കാ സഭയ്ക്ക് അതെപ്പറ്റി എന്താണ് പറയാനുള്ളത് എന്നു മനസ്സിലാക്കാൻ മിനിമം പരിശ്രമമെങ്കിലും നമ്മുടെ ഭാഗത്തുനിന്നുണ്ടാവണം. അതിനുള്ള സംവി ധാനങ്ങൾ ഇന്ന് നമുക്ക് ലഭ്യമാണ്. അങ്ങനെ സംശയരഹിതമായ മനസ്സോടെ, സത്യവിശ്വാസത്തോടെ തുടർന്നു ജീവിക്കാൻ നമുക്കു കഴിയണം.

കത്തോലിക്കാരായ നാം ദൈവഹിതം നിറവേറ്റാൻ വേണ്ടി വിളിക്കപ്പെട്ടവ രാണ്. "നന്മ പ്രവർത്തിച്ചുകൊണ്ട് മൂഢരായ മനുഷ്യരുടെ അജ്ഞതയെ നിശ ബ്ദമാക്കണം എന്നതാണ് ദൈവഹിതം" (1 പത്രോ. 2:15)" "ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്, പ്രവചനങ്ങളെ നിന്ദിക്കരുത്. എല്ലാം പരിശോധിച്ചു നോക്കു വിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ"(1 തെസ. 5: 19-21). ഇവിടെ പ്രവചന ങ്ങൾ എന്നു പറയുന്നത് ദൈവാത്മാവിൽ നിന്നുള്ള പ്രവചനങ്ങളാണ്.

സുവിശേഷ വൽക്കരണത്തിൽ കത്തോലിക്കർ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.



www.malankaralibrary.com

വിശ്വാസികളുടെ പുനഃസുവിശേഷവൽക്കരണത്തിനും അവിശ്വാസികളുടെ സുവിശേഷവൽക്കരണത്തിലും നാം പ്രത്യേക ശ്രദ്ധ നൽകണം. സുവിശേഷ വൽക്കരണ ചൈതന്യം ഉജ്ജ്വലിപ്പിക്കണം. അപ്പോൾ കുടുംബ പ്രശ്നങ്ങൾ ഉണ്ടാക്കി സത്യവിശ്വാസികളെ പെന്തക്കോസ്തുകാരാക്കുന്ന ഗൂഢതന്ത്രങ്ങളിൽ നിന്ന് വിശ്വാസികളെ രക്ഷിക്കാൻ കഴിയും.

സാംസ്കാരികാനുരൂപണം നല്ലതുതന്നെ. എന്നാൽ പാപകരമായ സാംസ്കാരികാരൂപണം വർജ്ജിക്കണം. ഏതു നന്മയും ഏതു സംസ്കാരത്തിൽ നിന്നും ഉൾക്കൊള്ളാം. പക്ഷെ സത്യവിശ്വാസത്തിനു നിരക്കാത്തത് ഒരിടത്തു നിന്നും സ്വീകരിക്കരുത്. കാരണം സഭ കർത്താവിന്റെ മൗതിക ശരീരമാണ്. മതങ്ങളുടെ മിക്സിസം അല്ല.

ആധുനികതയിലൂടെ കടന്നുവരുന്ന പാപങ്ങളെ ചെറുക്കാനും ആഡംബര ഭ്രമം ഉപേക്ഷിക്കാനും സഭയ്ക്കു കഴിയണം. ആഘോഷങ്ങൾ ലളിതമാക്കണം. സഭ എന്നും പാവങ്ങളും പക്ഷത്താണ്. ഈ സത്യം എല്ലാവർക്കും അനുഭവ വേദ്യമാക്കണം. സഭയുടെ സമ്പത്ത് ക്രിസ്തുവാണ്, ഭൗതിക ധനമല്ല എന്നു തിരിച്ചറിയാനാവണം. ക്രിസ്തുവിന്റെ സ്വഭാവമാണ് കത്തോലിക്കാ സഭയുടെ സ്വഭാവം. അപ്പോൾ കത്തോലിക്കരുടെ സ്വഭാവം ക്രിസ്തു സ്വഭാവമായി രൂപാന്തരപ്പെടണം. അങ്ങനെയായാൽ സത്യക്രിസ്ത്യാനിയായി ജീവിക്കാനുള്ള ധാർമ്മിക ബലം നമുക്കു കൈവരും.

**പെന്തക്കോസ്തു പ്രസ്ഥാനങ്ങളോട് ചോദിക്കേണ്ടത്**

99 നീതിമാന്മാരെ വിട്ടിട്ട് കാണാതായതിനെ തിരയുന്നതാണ് കർത്തൃശുശ്രൂഷ. ഇടയനോടൊപ്പം നിൽക്കുന്ന സുരക്ഷിതരായ ആടുകളുടെ നിഴലുപറ്റി സുവിശേഷം പറയാൻ വലിയ പ്രയാസമില്ല. കർത്താവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ, പറയുന്ന വാക്കിന് അൽപ്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ ഇന്ത്യയിലെ ലക്ഷക്കണക്കിന് ആദിവാസികളുടെ കുടിലുകൾ കയറിയിറങ്ങി ദൈവവചനം പറയുക. ചെങ്കൽച്ചൂളയിലെ തെമ്മാടികളോടും ചുവന്ന തെരുവിൽ ജീവിക്കാൻ വേണ്ടി മാനം വിൽക്കുന്ന അമ്മപെങ്ങന്മാരോടും, ജയിൽമുറികളിൽ ജീവിതം വിറങ്ങലിക്കുന്ന തടവുപുള്ളികളോടും ദൈവവചനം പറയാൻ നെഞ്ചുറപ്പ് കാട്ടുക. അതിനു സാധിക്കണമെങ്കിൽ ഉള്ളിൽ ദൈവസ്നേഹം ഒരു അഗ്നി കുണ്ഠം പോലെ എരിഞ്ഞുകത്തണം; യേശുവിന്റെ സ്നേഹത്താൽ നിർബന്ധിക്കപ്പെടണം.

**ഉപസംഹാരം**

കത്തോലിക്കർ ഈ വചനങ്ങൾ ധ്യാനിക്കട്ടെ "എന്തെന്നാൽ ആദ്യ വിശ്വാസത്തെ അവസാനം വരെ മുറുകെ പിടിക്കുമെങ്കിൽ മാത്രമേ നാം ക്രിസ്തുവിൽ പങ്കുകാരാവുകയുള്ളൂ" (ഹെബ്രാ. 3:14)" നിങ്ങൾ സമചിത്തതയോടെ



www.malankaralibrary.com

ഉണർന്നിരിക്കുവിൻ. നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ (1 പത്രോ. 5:8-9). "നിങ്ങളുടെ എതിരാളികളിൽ നിന്നുണ്ടാവുന്ന യാതൊന്നിനെയും ഭയപ്പെടേണ്ട. ദൈവത്തിൽ നിന്നുള്ള അടയാളമാണത്. അവർക്കു നാശത്തിന്റേയും നിങ്ങൾക്കു രക്ഷയുടേയും" (ഫിലി 1:28). ആകയാൽ സഹോദരരേ നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പിക്കുന്നതിൽ കൂടുതൽ ഉൽസാഹമുള്ളവരായിരിക്കുവിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരിക്കലും വീണുപോവുകയില്ല. നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ അനശ്വരമായ രാജ്യത്തിലേക്ക് അനായാസം നിങ്ങൾക്ക് പ്രവേശനം ലഭിക്കുകയും ചെയ്യും" (2 പത്രോ. 1:10-11). എന്തൊക്കെ എതിർപ്പുകളുണ്ടായാലും ആശ്വാസം പകരുന്ന ഒരു ചിന്ത പരിശുദ്ധാത്മാവ് സദാ ഉണർന്നിരിപ്പുണ്ട് എന്നതാണ്. ആത്മാവാണ് സഭയെ നയിക്കുന്ന സഹായകൻ.

*ചർച്ചയ്ക്ക് :*

1. കത്തോലിക്കാ സഭയിൽ ഇല്ലാത്തതും എന്നാൽ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിൽ മാത്രം ലഭിക്കുന്നതുമായ ഒരു ആത്മീയയാനുഭവം യഥാർത്ഥത്തിൽ ഉണ്ടോ? ഉണ്ടെങ്കിൽ എന്താണത്.

2. പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിലേക്ക് കത്തോലിക്കാ സഭാവിശ്വാസികൾ കടന്നുപോകുന്ന ഒരു സ്ഥിതിവിശേഷം ഇപ്പോൾ നിലവിലുണ്ടോ? ഉണ്ടെങ്കിൽ ഏതളവുവരെ? കത്തോലിക്കാ സഭയിലെ യുവജനങ്ങൾക്ക് ക്രിയാത്മകമായി എന്തുചെയ്യാൻ കഴിയും?

3. പെന്തക്കോസ്തു പ്രസ്ഥാനങ്ങൾ പ്രധാനമായി ഉപയോഗിക്കുന്ന സ്തുതിപ്പിന്റെ വൈകാരികത കലർന്ന ആരാധനാ രീതിയോടും കത്തോലിക്കാസഭയിൽ കരിസ്മാറ്റിക് പ്രസ്ഥാനമെന്ന പേരിൽ നിലനിൽക്കുന്ന ആരാധനാ രീതിയോടും ഇന്നത്തെ യുവജനങ്ങൾക്ക് താൽപര്യമുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? ഇല്ലെങ്കിൽ എന്തുകൊണ്ട്?

4. യുവജനങ്ങൾ ഇന്ന് ആഗ്രഹിക്കുന്ന ദൈവാനുഭവത്തെക്കുറിച്ചുള്ള സങ്കൽപ്പമെന്താണ്?



www.malankaralibrary.com

# ഈശ്വരാനുഭവവും നിരീശ്വരവാദ പ്രസ്ഥാനങ്ങളും

മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരമായ തുറവി പരിമിതമായ മനുഷ്യാനുഭവങ്ങൾക്ക് അതീതമായ യാഥാർത്ഥ്യത്തിലേയ്ക്കാണ്. ഈ തുറവിയെ വിശാലമായ അർത്ഥത്തിൽ വിശ്വാസം എന്ന് വിളിക്കാം. ഈ തുറവിയുടെ സ്ഥലകാല, സംസ്കാരബന്ധിതമായ ആവിഷ്കാരങ്ങളാണ് മതങ്ങൾ. ഈ തുറവിയുടെ നിഷേധമാണ് തത്വത്തിൽ നിരീശ്വരവാദം. മനുഷ്യചരിത്രത്തിലെ പൊതുവായ ദൈവനിഷേധ സിദ്ധാന്തങ്ങളിലും പ്രസ്ഥാനങ്ങളിലും, വിശിഷ്യാ വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ അന്തർലീനമായ യുക്തിഭദ്രതാ രാഹിത്യത്തെയും മനുഷ്യന്റെ അസ്തിത്വപരമായ ദൈവാഭിമുഖ്യത്തിന്റെ അത്യന്താപേക്ഷിതയെയും കുറിച്ചുള്ള ഒരു പൊതുവിശകലനമാണ് ഈ അദ്ധ്യായം.

**രണ്ടാം വത്തിക്കാൻ സുനഹദോസും നിരീശ്വരവാദവും.**

ചരിത്രത്തിൽ നിരീശ്വരവാദം വിവിധ രൂപങ്ങളിലും ഭാവങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. രണ്ടാംവത്തിക്കാൻ സുനഹദോസ് വിവിധ രീതിയിലുള്ള ഈശ്വരനിഷേധ സമീപനങ്ങളെക്കുറിച്ചും അവയുടെ കാരണങ്ങളെക്കുറിച്ചും അവയോട് സഭയ്ക്കുണ്ടായിരിക്കേണ്ട പ്രതികരണങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. (സഭ ആധുനിക ലോകത്തിന്റെ, 19, 20, 21 ഖണ്ഡികകൾ)

19-ാം ഖണ്ഡിക പരാമർശിക്കുന്നത് നിരീശ്വരത്വത്തിന്റെ രൂപങ്ങളെക്കുറിച്ചും മൂലങ്ങളെക്കുറിച്ചുമാണ്. മനുഷ്യമഹത്വം അടങ്ങിയിരിക്കുന്നത് അവൻ ദൈവ



www.malankaralibrary.com

വുമായി ഐക്യപ്പെടുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിലാണ്. എന്നാൽ ചിലരെങ്കിലും ദൈവവുമായി മനുഷ്യനുള്ള ഈ അവഗാഢ ബന്ധത്തെ നിരസിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നുണ്ട്. അതുകൊണ്ട് നിരീശ്വരത്വം നമ്മുടെ ഗൗരവമായ പരിഗണന അർഹിക്കുന്നു. വിവിധതരത്തിലുള്ള ഈശ്വരനിധേഷങ്ങളുണ്ട്. പ്രകടമായ ഈശ്വര നിഷേധം (ഉദാ. യുക്തിവാദികൾ). മനുഷ്യന് ഈശ്വരനെ അറിയുവാൻ സാധിക്കില്ല എന്ന വാദം (ആജ്ഞേയ വാദം); ശാസ്ത്രീയ വിചിന്തനത്തിലൂടെയുള്ള സത്യാന്വേഷണത്തിനു മാത്രമേ സാധുതയുള്ളൂ എന്ന വാദം (ശാസ്ത്രവാദം); ആത്യന്തികമായ സത്യമില്ല എന്ന നിലപാട് (ആപേക്ഷികവാദം); മനുഷ്യനാണ് സർവ്വവും എന്ന കാഴ്ചപ്പാട് (അതിശയോക്തിപരമായ മാനവീയകത); ദൈവത്തെക്കുറിച്ചുള്ള വികലമായ ധാരണകൾ (ബിംബാരാധന); ദൈവം തങ്ങളുടെ ജീവിതത്തിൽ സംഗതമായ ഒരു വിഷയമേ അല്ല എന്ന നിലപാട് (തെറ്റായ നിഷ്പക്ഷത); ഈ ലോകത്തിലെ തിന്മകളോടുള്ള പ്രതിഷേധത്തിൽ നിന്നും ഉടലെടുക്കുന്ന ദൈവനിഷേധം; ആധുനിക സംസ്കാരത്തിന്റെ കാതലായ ഭൗതികത, തുടങ്ങിയവ.

### വ്യവസ്ഥാപിത നിരീശ്വരത്വം

20-ാം ഖണ്ഡികയിൽ പ്രമാണരേഖ വ്യവസ്ഥാപിത നിരീശ്വരത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. “മനുഷ്യന്റെ അന്ത്യം അവൻ തന്നെ ആയിരിക്കുന്നതിലും അവന്റെ ചരിത്രത്തിന്റെ വിധാതാവും സ്രഷ്ടാവുമായിരിക്കുന്നതിലുമാണ് യഥാർത്ഥ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്” എന്നും അതിനാൽ പ്രപഞ്ചയാഥാർത്ഥ്യങ്ങളുടെ കാരണക്കാരനും ലക്ഷ്യവുമായി ഒരു യാഥാർത്ഥ്യത്തെ അംഗീകരിക്കുവാൻ സാദ്ധ്യമല്ല എന്നും ക്രമവൽകൃതമായ രീതിയിൽ സംസ്ഥാപിക്കുവാനുള്ള ശ്രമമാണ് വ്യവസ്ഥാപിത നിരീശ്വരത്വം. ഇങ്ങനെയുള്ള ശ്രമങ്ങളിൽ, ഒരു പ്രത്യേക സിദ്ധാന്തത്തെക്കുറിച്ച് കൗൺസിൽ എടുത്തു പറയുന്നു. പേരെടുത്തു പറയുന്നില്ലെങ്കിലും ഈ പരാമർശം കമ്മ്യൂണിസ്റ്റു സിദ്ധാന്തത്തെക്കുറിച്ചാണ്.” മനുഷ്യന്റെ വിമോചനം അതിപ്രധാനമായി സാമ്പത്തികവും സാമൂഹികവുമായ സ്വാതന്ത്ര്യത്തിൽ മുൻകൂട്ടി കാണുന്ന ഒരു വിഭാഗക്കാർ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. വഞ്ചനാത്മകമായ ഭാവി ജീവിതത്തെക്കുറിച്ചുള്ള മനുഷ്യന്റെ പ്രതീക്ഷയെ തട്ടിയുണർത്തി അതുവഴി അവനെ ഭൗമികമായ ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽനിന്നും വ്യതിചലിപ്പിക്കുന്ന മതം അതിന്റെ സ്വഭാവത്താലെ മനുഷ്യ വിമോചനത്തെ തടത്തുനിർത്തുന്നു എന്ന് ഈ സിദ്ധാന്തം പഠിപ്പിക്കുന്നു”. (20-ാം ഖണ്ഡിക).

### കമ്മ്യൂണിസ്റ്റ് നിരീശ്വരത്വം

കമ്മ്യൂണിസ്റ്റ് സിദ്ധാന്തം സത്താപരമായി തന്നെ ദൈവനിഷേധകമാണ്.



www.malankaralibrary.com

ഈ സിദ്ധാന്തത്തിന്റെ താത്വികമായ പേര് വൈരുദ്ധ്യാത്മക ഭൗതികവാദം എന്നാണല്ലോ. അടിസ്ഥാനപരമായി ഇത് യഥാർത്ഥ്യത്തെക്കുറിച്ചുള്ള ഒരു സിദ്ധാന്തമാണ് (തത്വമീമാംസ). യാഥാർത്ഥ്യം അതിന്റെ സത്തയിൽ പദാർത്ഥമാണ് എന്ന് ഇത് വാദിക്കുന്നു. പ്രപഞ്ചത്തിനതീതമായ ഒരു യാഥാർത്ഥ്യമില്ല. പ്രപഞ്ചത്തിന്റെ സത്ത ഭൗതികമാണ്, പദാർത്ഥമാണ്. ഈ പദാർത്ഥം നിരന്തരം പരിണാമത്തിന് വിധേയമാണ്. ഈ പരിണാമത്തിന് ഒരു ക്രമമുണ്ട്, ഒരു നിയമമുണ്ട്. വൈരുദ്ധ്യാത്മകതയാണ് ഈ നിയമത്തിന്റെ കാതൽ. ഏതൊരു വസ്തുവിനും മറ്റൊന്നായി തീരാനുള്ള ഒരു അടിസ്ഥാന ചലനാത്മകത അതിനുള്ളിലുണ്ട് എന്നതാണ് ഈ വൈരുദ്ധ്യാത്മകതയ്ക്ക് പിൻബലമായ ചിന്ത. അങ്ങനെ, യാഥാർത്ഥ്യമെന്നത് പദാർത്ഥമാണെന്നും ഈ പദാർത്ഥത്തിന്റെ നിരന്തരമായ വൈരുദ്ധ്യാത്മക ചലനത്തിലൂടെ ഈ പ്രപഞ്ചവും മനുഷ്യനുൾപ്പെടെയുള്ള സർവ്വ പ്രപഞ്ചയാഥാർത്ഥ്യങ്ങളും പരിണമിച്ചു എന്നുമാണ് വൈരുദ്ധ്യാത്മക ഭൗതിക വാദം പഠിപ്പിക്കുന്നത്. മനുഷ്യ ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത് മനുഷ്യന്റെ ഭൗതികാവശ്യങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന സാമൂഹിക ശക്തികളുടെ സംഘട്ടനമാണ്. ഭൗതിക യാഥാർത്ഥ്യങ്ങളുടെ നിരന്തരമായ ചലനത്തിൽ പ്രത്യക്ഷപ്പെടുന്ന, സ്ഥായീഭാവമില്ലാത്ത, വെള്ളത്തിലെ കുമിള സമാനമായ പ്രതിഭാസങ്ങളാണ് സർവ്വവിധ ആശയങ്ങളും - ദൈവമുൾപ്പെടെ. അങ്ങനെ കമ്മ്യൂണിസ്റ്റു സിദ്ധാന്തം അടിസ്ഥാനപരമായി നിരീശ്വരത്വമാണ്.

രണ്ടാമതായി, മാർക്സിന്റെ സാമൂഹിക വിശകലനം മതത്തെയും ദൈവത്തെയും നിശിതമായി വിമർശിക്കുന്നു. മാർക്സ് പ്രധാനമായും ഒരു സാമൂഹിക ധനതത്വശാസ്ത്ര സൈദ്ധാന്തികനായിരുന്നു. ഏതൊരു സാമൂഹിക മാറ്റത്തിന്റെയും അടിസ്ഥാന നിബന്ധന മതനിർമ്മൂലനമാണ് എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. അതായത് മതം ഇല്ലാതായെങ്കിലേ സമൂഹത്തെ പരിവർത്തനം ചെയ്യാൻ സാധിക്കൂ എന്നതായിരുന്നു അദ്ദേഹത്തിന്റെ വാദം. ഈ പശ്ചാത്തലത്തിലാണ്, "മതം മനുഷ്യനെ മയയ്ക്കുന്ന കറുപ്പാണ്" എന്ന് അദ്ദേഹം പ്രസ്താവിച്ചത്. മാർക്സിന്റെ സാമൂഹിക വിശകലനത്തിൽ, സമൂഹത്തിൽ പ്രധാനമായും രണ്ടു വർഗ്ഗങ്ങളാണുള്ളത്. മുതലാളിമാരും തൊഴിലാളികളും. തൊഴിലാളികൾ മുതലാളിയുടെ നിരന്തരചൂഷണത്തിന് വിധേയരാണ്. ഈ ചൂഷണം ഉളവാക്കുന്ന ദാരിദ്ര്യത്തിൽ നിന്നും വേദനയിൽ നിന്നും അസ്വസ്ഥതയിൽ നിന്നും രക്ഷപ്പെടുവാൻ തൊഴിലാളിവർഗ്ഗം മതത്തെ സൃഷ്ടിക്കുന്നു. മതം അവർക്ക് മിഥ്യയായ ആശ്വാസവും പ്രതീക്ഷയും നൽകുന്നു. ഈ ലോകത്തിലെ ദാരിദ്ര്യവും വേദനയും നിസ്സാരമാണ്. വേദനയില്ലാത്ത, ദാരിദ്ര്യമില്ലാത്ത മറ്റൊരു സുന്ദര ജീവിതം നമ്മെ കാത്തിരിക്കുന്നു - മരണത്തിനപ്പുറം. അതാണ് പ്രധാനം. ഇതാണ് മാർക്സിന്റെ സാമൂഹിക ദർശന



www.malankaralibrary.com

ത്തിലെ മത വിശകലനം. അതിനാൽ, തൊഴിലാളികൾ തങ്ങളുടെ ചൂഷിതാവസ്ഥ മനസ്സിലാക്കണമെങ്കിൽ ചൂഷകരെ തിരിച്ചറിയണമെങ്കിൽ, അതിനെതിരെ ആഞ്ഞടിക്കണമെങ്കിൽ, ആദ്യമായി മതമാകുന്ന ലഹരിയിൽ നിന്ന്, മിഥ്യാ സംതൃപ്തിയിൽ നിന്ന് പുറത്തു കടക്കണം. അതിനാൽ മതമാണ് മനുഷ്യന്റെ പ്രധാന ശത്രു. ചുരുക്കത്തിൽ മാർക്സിയൻ ലോക ദർശനത്തിലെ ഏറ്റവും വലിയ വില്ലന്മാർ ദൈവവും മതവുമാണ്.

മൂന്നാമതായി മാർക്സിന്റെ സമീപനത്തിലെ ധാർമ്മിക വൈകല്യം ഗൗരവമായതാണ്. തൊഴിലാളി വർഗ്ഗത്തിന്റെ പൊതുവായ നന്മ പ്രത്യക്ഷത്തിൽ മാർക്സിന്റെ ഒരു പ്രധാന പരിഗണനയായി മനസ്സിലാക്കാമെങ്കിലും മനുഷ്യവ്യക്തി മാർക്സിന്റെ സാമൂഹിക ദർശനത്തിൽ അവഗണിക്കപ്പെടാവുന്ന ഒരു യാഥാർത്ഥ്യമാണ്. പൊതു നന്മയ്ക്കായി വ്യക്തികളെ അവഗണിക്കാം, നശിപ്പിക്കാം. ഈയൊരു സമീപനമാണ് മാർക്സിയൻ ശൈലിയിൽ അക്രമത്തെ സാധൂകരിക്കുന്നത്. സാമൂഹിക പരിവർത്തന പ്രക്രിയയിൽ അക്രമം ഒഴിച്ചുകൂടാനാവാത്ത ഒരു മാർഗ്ഗമാണെന്നു തന്നെ മാർക്സ് പഠിപ്പിക്കുന്നു. ലക്ഷ്യമാണ് പ്രധാനം. മാർഗ്ഗമല്ല.

ദൈവത്തെയും മതത്തെയും കുറിച്ചുള്ള മാർക്സിന്റെ വിചിന്തനങ്ങളിൽ യുക്തിഭദ്രതയുടെ ഗൗരവമായ അഭാവം ദർശിക്കാം. ദൈവമില്ല എന്നു സ്ഥാപിക്കുവാൻ മാർക്സ് കാരണങ്ങൾ നല്കുന്നില്ല. മാർക്സിന്റെ നിരീശ്വരവാദം അടിസ്ഥാനമില്ലാത്ത ഒരു അനുമാനം മാത്രം. അതുപോലെ മതത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള പരാമർശനങ്ങളിൽ ഗൗരവമായ പഠനവും ശാസ്ത്രീയതയും അധികാരികതയും ദൃശ്യമല്ല. ചരിത്രത്തിലെ വളരെ പ്രത്യേകമായ ഒരു കാലഘട്ടത്തിൽ വളരെ പ്രത്യേകമായ ഒരു സാമൂഹിക പശ്ചാത്തലത്തിൽ പ്രതിഫലിച്ച മതാഭിമുഖ്യങ്ങളെയും സമീപനങ്ങളെയും സാമാന്യവൽക്കരിക്കുന്ന ഹേത്വാഭാസമാണ് മാർക്സിന് സംഭവിച്ചത്. മാർക്സിന്റെ വളരെ ആപേക്ഷികമായ, അപക്വമായ ഒരു മതവിശകലനവും അതിന്റെ വളരെ വികലമായ നിഗമനവുമാണ് കമ്മ്യൂണിസ്റ്റ് നിരീശ്വരവാദം.

**സഭയുടെ പ്രതികരണം**

ഇങ്ങനെയുള്ള ദൈവനിഷേധകമായ സിദ്ധാന്തങ്ങളോട് സഭയ്ക്കുള്ള പ്രതികരണം എന്തായിരിക്കണമെന്ന് വത്തിക്കാൻ പ്രമാണ രേഖകളുടെ, സഭ ആധുനിക ലോകത്തിൽ എന്ന അദ്ധ്യായത്തിന്റെ 21-ാം ഖണ്ഡികയിൽ വ്യക്തമായി പറയുന്നുണ്ട്". ദൈവത്തോടും മനുഷ്യനോടും വിശ്വസ്തയായ സഭയ്ക്ക് മനുഷ്യന്റെ ബുദ്ധിക്കും സാധാരണ അനുഭവങ്ങൾക്കും വിരുദ്ധവും മനുഷ്യനെ അവന്റെ നൈസർഗിക ശ്രേഷ്ഠതയിൽ നിന്നു തള്ളിയിറക്കുന്നതുമായ ഇത്തരം വിഷലിപ്ത സിദ്ധാന്തങ്ങളെയും പ്രവർത്തന പരിപാടികളെയും, ദുഃഖ



www.malankaralibrary.com

ത്തോടെയെങ്കിലും കഴിയുന്നത്ര ശക്തിയോടെ നിരാകരിക്കുന്നതിൽ നിന്ന് വിരമിക്കാൻ സാദ്ധ്യമല്ല".

മനുഷ്യാസ്തിത്വത്തിന്റെ നിഗൂഢ അർത്ഥങ്ങളും ലക്ഷ്യങ്ങളും മനസ്സിലാക്കുവാൻ ആത്മാർത്ഥമായ ശ്രമം നടത്തുന്ന ഒരു സത്യാന്വേഷിക്ക് ഒരിക്കലും ഈശ്വര നിഷേധാത്മകമായ ഒരു നിഗമനത്തിൽ എത്തിച്ചേരുക സാധ്യമല്ല. മനുഷ്യാനുഭവത്തിലെ സാമ്പത്തികമായ പരിണിതഫലമാണ് ദൈവവും മതവുമൊക്കെ എന്ന മാർക്സിയൻ സിദ്ധാന്തവും, അല്ല, മാനസികമായ പരിമിതിയുടെ ഫലങ്ങളാണ് അവയൊക്കെ എന്ന ഫ്രോയിഡയൻ സിദ്ധാന്തവുമെല്ലാം മനുഷ്യനെകുറിച്ചുള്ള പാർശ്വ വീക്ഷണങ്ങൾ സൃഷ്ടിക്കുന്ന വികലതകളാണ്. മനുഷ്യനെ അവന്റെ സമഗ്രതയിൽ നാം പഠിക്കണം. മനുഷ്യജീവിതത്തിന്റെ ഉറവിടം, ലക്ഷ്യം, ആഴമുള്ള ജീവിതാനുഭവങ്ങളുടെ അർത്ഥം, ഉദാത്തമായ സ്നേഹത്തിന്റെയും മനുഷ്യബന്ധങ്ങളുടെയും ലക്ഷ്യം ഇവയെക്കുറിച്ചുള്ള നിഷ്പക്ഷമായ വിചിന്തനം സ്വാഭാവികമായും ദൈവമെന്ന യാഥാർത്ഥ്യത്തിലാണ് നമ്മെ കൊണ്ടെത്തിക്കുക. കാരണം മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവവും അസ്തിത്വപരമായ ഒരു അത്യന്താപേക്ഷിതയാണ്. ദൈവത്തിൽ എത്തിച്ചേരാനുള്ള ഉൾവിളി മനുഷ്യനിൽ നൈസർഗികമാണ്. ഇത് അവന്റെ അസ്തിത്വപരമായ പരിമിതിയുടെ സ്വാഭാവിക പരിണിതഫലമാണ്. ഇതിന് ധനതത്വശാസ്ത്രപരമായ, മതശാസ്ത്രപരമായ വ്യാഖ്യാനങ്ങളൊക്കെ എത്രയോ അപര്യാപ്തമാണ്. എന്തിനേറെ, എന്റെ മുൻപിലുള്ള ഒരു ചെറിയ പൂവിതളിന്റെ സൗന്ദര്യവും, ഘടനയും സങ്കീർണ്ണതയും അപരിമേയനായ പ്രപഞ്ചസ്രഷ്ടാവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള എത്രയോ ശക്തമായ തെളിവാണ്! തെറ്റു ചെയ്യുമ്പോൾ ഞാൻ എന്റെ ഹൃദയത്തിന്റ അഗാധതയിൽ അനുഭവിക്കുന്ന അസ്വസ്ഥതയും നന്മ ചെയ്യുമ്പോൾ എന്റെ ഉള്ളലൂറുന്ന സംതൃപ്തിയും ഈ ദൈവസാന്നിദ്ധ്യത്തിന്റെ സാക്ഷ്യമല്ലാതെന്താണ്! അറിയുവാനുള്ള എന്റെ ത്വര തന്നെ പരിമിതികളില്ലാത്ത ദൈവമെന്ന യാഥാർത്ഥ്യത്തിൽ എത്തിച്ചേരാനുള്ള എന്റെ ജന്മവാസനയുടെ പ്രതിഫലനമല്ലേ?

ഈ അപരിമേയ യാഥാർത്ഥ്യത്തെ അറിയുന്നതും അംഗീകരിക്കുന്നതും സ്നേഹിക്കുന്നതുമാണ് മനുഷ്യമാഹാത്മ്യത്തിന്റെ മൂർത്തഭാവം. മനുഷ്യാന്തസിന്റെ ഏറ്റവും സമഗ്രമായ അംഗീകാരം അവൻ ദൈവസൃഷ്ടിയാണ്. ദൈവസന്താനമാണ് എന്ന യാഥാർത്ഥ്യത്തിലാണ് അടങ്ങിയിരിക്കുന്നത്. ദൈവത്തോട് മക്കളെപ്പോലെ ബന്ധപ്പെടാനും ദൈവികാനന്ദത്തിൽ പങ്കുചേരാനും വിളിക്കപ്പെട്ടിരിക്കുന്നതാണ് മനുഷ്യന്റെ മഹിമ. അതിനാൽ മനുഷ്യജന്മത്തിന്റെ



www.malankaralibrary.com

ലക്ഷ്യം തന്നെ, ദൈവമക്കളുടെ അന്തസിൽ ജീവിച്ച് ദൈവത്തിൽ വിലയം പ്രാപിക്കുക എന്നതാണ്. അതിനാലാണ് ദൈവനിഷേധാത്മകമായ സിദ്ധാന്തങ്ങളും സമീപനങ്ങളും മനുഷ്യമാഹാത്മ്യത്തിന്റെ ഏറ്റവും വലിയ ഭീഷണിയായി നാം മനസ്സിലാക്കേണ്ടത്. ഈ സമീപനങ്ങൾക്ക് ആപേക്ഷികമായ മറ്റെന്ത് നന്മകളുണ്ടായാലും അടിസ്ഥാനപരമായി അവ ദൈവനിഷേധകമായതിനാൽ നമുക്കവ സ്വീകരിക്കുവാനാവില്ല.

**വിശ്വാസികളുടെ കടമ**

നിരീശ്വരത്വം മനുഷ്യനെ സംബന്ധിച്ച്, നൈസർഗികമായ ഒരു പ്രതിഭാസം അല്ലാത്തതിനാൽ അതിന്റെ ആവിർഭാവത്തിലും വളർച്ചയിലും, പരോക്ഷമായെങ്കിലും വിശ്വാസികൾക്ക് പങ്കുണ്ട് എന്ന് രണ്ടാം വത്തിക്കാൻ സുനഹദോസ് അഭിപ്രായപ്പെടുന്നു (19-ാം ഖണ്ഡിക). വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തെ ഗൗരവമായി പരിഗണിക്കാതിരിക്കുക, വികലമായ വിശ്വാസ പ്രബോധനം നടത്തുക, മതപരവും, ധാർമ്മികവും, സാമൂഹികവുമായ ജീവിതത്തിൽ വീഴ്ചകൾ സംഭവിക്കുക, മുതലായവയൊക്കെ പരോക്ഷമായെങ്കിലും നിരീശ്വരത്വത്തിന് വഴിയൊരുക്കുന്ന കാരണങ്ങളാണ്. അതിനാൽ നിരീശ്വരത്വം ഈശ്വര വിശ്വാസികൾക്ക് ഒരു വെല്ലുവിളികൂടിയാണ്. നിരീശ്വരത്വത്തെ ബൗദ്ധികമായി പ്രതിരോധിക്കുന്നതിനോടൊപ്പം തന്നെ, അതിനേക്കാൾ പ്രധാനമായി, സ്വന്തം വിശ്വാസജീവിതത്തെ കൂടുതൽ ഉദാത്തമാക്കുവാനുള്ള വെല്ലുവിളി. കൗൺസിലിന്റെ വളരെ പ്രസക്തമായ ഒരു ഉദ്ധരണിയോടുകൂടി ഈ വിചിന്തനം സമാഹരിക്കാം. 21-ാം ഖണ്ഡികയിൽ സഭാപിതാക്കന്മാർ ഇപ്രകാരം ഉപദേശിക്കുന്നു. "നിരീശ്വരത്വത്തിനുള്ള പ്രതിവിധി സഭാപഠനങ്ങളുടെ ശരിയായ അവതരണത്തിലും, സഭയുടെയും അവളുടെ അംഗങ്ങളുടെയും കളങ്കമില്ലാത്ത ജീവിതത്തിലുമാണ് തേടേണ്ടത്. സഭയെ നിരന്തരം നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാരൂപിയാൽ ആനീതയായി, ദൈവപിതാവിനെയും, അവിടുത്തെ അവതീർണ്ണനായ തിരുസുതനെയും അവതരിപ്പിക്കുക, അതും ഏതാണ്ട് ദൃശ്യമായ വിധം ചെയ്യുക എന്നത് സഭയുടെ ചുമതലയാണ്. സജീവവും പരിപക്വവുമായ വിശ്വാസത്തിന്റെ സാക്ഷ്യത്താൽ, അതായത് ബുദ്ധിമുട്ടുകളെ തെളിവായി കണ്ട് കീഴടക്കുവാൻ പരിശീലിച്ചിട്ടുള്ള വിശ്വാസത്താൽ, ഈ ഫലം മുഖ്യമായി നേടിയെടുക്കാവുന്നതാണ്. വിശ്വാസികളുടെ ജീവിതം മുഴുവനിലേക്കും, അതിന്റെ ഭൗതിക രൂപ പ്രഭാവങ്ങളിലേക്കും ചൂഴ്ന്നിറങ്ങാൻ അവസരം നൽകിയും എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരോടുമുള്ള നീതിയിലേക്കും സ്നേഹത്തിലേയ്ക്കും അവനെ പ്രവർത്തനോന്മുഖനാക്കിയും ഈ വിശ്വാസം അതിന്റെ ഫലദായകത്വം തെളിയിക്കണം".



www.malankaralibrary.com

*ചർച്ചയ്ക്ക് :*

1. നാം ജീവിക്കുന്ന സമൂഹത്തിലെ ദൈവനിഷേധാത്മകമായ സമീപനങ്ങളെ, സിദ്ധാന്തങ്ങളെ, കൂട്ടായ്മകളെ വിവേചിച്ചറിയുക, വിലയിരുത്തുക.
2. "ആത്മാർത്ഥതയുള്ള ഒരു കമ്മ്യൂണിസ്റ്റുകാരന് ഒരേസമയം കമ്മ്യൂണിസ്റ്റുകാരനും ഈശ്വര വിശ്വാസിയുമായിരിക്കുവാൻ സാധിക്കുകയില്ല. അതുപോലെ ആത്മാർത്ഥതയുള്ള ഒരു ഈശ്വാസവിശ്വാസിക്ക് ഒരേസമയം ഈശ്വര വിശ്വാസിയും കമ്മ്യൂണിസ്റ്റുകാരനും ആയിരിക്കുവാനാകില്ല" പ്രതികരിക്കുക.
3. ഈശ്വരവിശ്വാസം മനുഷ്യനിൽ നൈസർഗികമാണ്. സമർത്ഥിക്കുക.
4. നിരീശ്വരത്വത്തിന്റെ ആവിർഭാവത്തിലും വളർച്ചയിലും വിശ്വാസികളുടെ പങ്ക്? അതിനുള്ള പ്രതിവിധി?



www.malankaralibrary.com

# മാധ്യമങ്ങളും സഭയിലെ യുവജനങ്ങളും

ആധുനിക ജീവിതത്തിന്റെ അവിഭാജ്യഘടകമായി തീർന്നിരിക്കുകയാണ് മാധ്യമങ്ങൾ. അറിയിക്കുക, അഭ്യസ്തവിദ്യരാക്കുക, ആനന്ദിപ്പിക്കുക എന്നീ മൂന്നു പ്രധാന ലക്ഷ്യങ്ങളുമായാണ് ഈ അടുത്തകാലം വരെ ഔദ്യോഗിക മാധ്യമങ്ങൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ, സ്വകാര്യ ചാനലുകളും എഫ്. എം. നിലയങ്ങളും പെരുകിയതോടെ മത്സരിച്ച് മുന്നിലെത്തുക എന്ന ഒരു ലക്ഷ്യവുംകൂടി മാധ്യമങ്ങളുടെ നിയോഗമായിത്തീർന്നു.

പരിപാടികൾ മൂല്യാധിഷ്ഠിതമാക്കാൻ കടുത്ത മത്സരം പല മാധ്യമങ്ങളെയും അനുവദിക്കുന്നില്ല. സംസ്ക്കാരസമ്പന്നരായ കുറച്ചു ശ്രോതാക്കളും പ്രേക്ഷകരുമല്ല മാധ്യമ സൃഷ്ടികളുടെ ഉപഭോക്താക്കൾ. 'ജനകോടികളുടെ വിശ്വസ്ഥ സ്ഥാപനമാകാൻ' ഓരോ മാധ്യ സംഘവും കിണഞ്ഞു പ്രയത്നിക്കുന്നു. വില കുറഞ്ഞ മൂല്യങ്ങൾക്ക് വ്യാപകപ്രചാരം ഉണ്ട് എന്നു മനസ്സിലാക്കുന്ന മാധ്യമ സ്ഥാപനങ്ങൾ ഉന്നത നിലവാരത്തിനും പാരമ്പര്യത്തിലെ ഉദാത്ത മൂല്യങ്ങൾക്കും വില കൽപിക്കുന്നില്ല. ഇത് വരും തലമുറകൾക്ക് ദോഷം ചെയ്യുമെന്നതിൽ തർക്കമില്ല. എന്നാൽ മാധ്യമ വിമുക്തലോകം തികച്ചും അപ്രായോഗികമായ ഒരു സമീപനമാണ്. നിരന്തമായ നിരീക്ഷണത്തിലൂടെ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ വഴി അവയെ തിരുത്താനുള്ള ഉത്തരവാദിത്തം സമൂഹം ഏറ്റെടുക്കണം.

എന്താണ് സംസ്കാരമെന്നും, ആരാണ് അതിന്റെ സൂക്ഷിപ്പുകാരെന്നും



www.malankaralibrary.com

ചോദിക്കുന്നവരുണ്ട്. ജനാധിപത്യ യുഗത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തിന് മൂക്കു കയർ ഇടുന്നതിന് തുല്യമാണ് മാധ്യമങ്ങളുടെ മേലുള്ള നിയന്ത്രണങ്ങൾ എന്നും ഒരു പക്ഷമുണ്ട്. മാധ്യമങ്ങൾ സ്വയം നിയന്ത്രണരേഖകൾ തീരുമാനിക്കുകയും പാലിക്കുകയും വേണം എന്ന ചിന്തയും നിലവിലുണ്ട്. ജനാധിപത്യത്തിനു നൽകേണ്ട വില നിതാന്ത ജാഗ്രതയാണ്. ഈ ജാഗ്രത മാധ്യമങ്ങളുടെ സ്വാധീനത്തിലും ഉണ്ടാകണം.

ഒരു ജനതയുടെ സംസ്കൃതി ഏറ്റവും വ്യക്തമായി പ്രതിഫലിപ്പിക്കുന്നത് മാധ്യമങ്ങളാണ്. നാം വായിക്കുന്ന പത്രങ്ങളും നാം കേൾക്കുന്ന റേഡിയൊയും കാണുന്ന ടെലിവിഷനും സിനിമയും നമ്മുടെ അഭിരുചികളെ ആശ്രയിച്ചാണ് രൂപം കൊള്ളുന്നത്. അതോടൊപ്പം മെല്ലെയാണെങ്കിലും അവ നമ്മെ പുതിയ അഭിരുചികൾ പഠിപ്പിക്കുന്നു. പരസ്യങ്ങളുടെ പങ്ക് ഈ പ്രക്രിയയിൽ ഏറെ പ്രകടമാണ്. ഇതുവരെ ഉപയോഗിച്ച ബ്രാൻഡിനെ ലജ്ജയോടെ തിരസ്കരിക്കാനും പുതിയവ വാങ്ങിക്കൂട്ടാനും അവ നമ്മളെയും പ്രേരിപ്പിക്കുന്നു.

ഉപഭോഗ സംസ്കാരത്തിൽ മൂന്നു കാരണങ്ങൾ കൊണ്ടാണ് ജനം ഓരോന്ന് വാങ്ങുന്നത്.

1) എല്ലാവർക്കും ഉണ്ട്; എന്നാൽ ഞാനും വാങ്ങും.

2) ആർക്കുമില്ല; അതിനാൽ ഞാനാദ്യം വാങ്ങും.

3) എനിക്കാവശ്യമുണ്ട്; അതുകൊണ്ട് ഞാൻ വാങ്ങും

അപ്പോൾ നമ്മൾ വാങ്ങുന്ന വസ്തുക്കളിൽ മൂന്നിലൊന്ന് മാത്രമേ നമ്മുടെ ആവശ്യംകൊണ്ട് നമ്മൾ വാങ്ങുന്നുള്ളൂവെന്ന് ഓർക്കുക.

മാധ്യമങ്ങളുടെ മുൻഗണനാ ക്രമങ്ങൾ പെട്ടെന്നാണ് നമ്മുടെ മുൻഗണനാ ക്രമത്തെ തകിടം മറിയ്ക്കുന്നത്. കശ്മീർ സംസ്ഥാനത്ത് മുൻസ്പീക്കറെ വെടി വച്ച് കൊന്നത് ഉൾപ്പേജിൽ ഒതുക്കുകയും മോഡേൺ ബ്രഡ്ഡിന് 25 പൈസ കൂടും എന്നത് മുഖ്യതലക്കെട്ടാവുകയും ചെയ്യുന്നത് ഈ മുൻഗണനാ ക്രമത്തിൽ മാദ്ധ്യമങ്ങൾ വരുത്തുന്ന മാറ്റം കാരണമാണ്. അപ്പം കൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നത് എന്ന് മാധ്യമക്കാരോട് പറഞ്ഞിട്ട് കാര്യമില്ല. പട്ടി മനുഷ്യനെ കടിച്ചാൽ വാർത്തയാകുന്നില്ല. എന്നാൽ മനുഷ്യൻ പട്ടിയെ കടിച്ചാൽ അത് വാർത്തയാവുമെന്ന് പണ്ട് ചാൾസ് എ. ഡാന പറഞ്ഞിട്ടുണ്ട്.

കുടുംബനാഥൻ കുടുംബാംഗങ്ങളെ കൊല ചെയ്തശേഷം ജീവനൊടുക്കിയാൽ മാധ്യമങ്ങൾ അതിനെ ആദ്യപേജിൽ കൂട്ട ആത്മഹത്യ ആയി അവതരിപ്പിക്കും. റാഗിംഗിനിടയിൽ കൊല്ലപ്പെട്ട വിദ്യാർത്ഥിയുടെ ശരീര ഭാഗങ്ങൾ കൊലയാളിയായ മുതിർന്ന വിദ്യാർത്ഥി എപ്രകാരമാണ് മുറിച്ച് പായ്ക്കറ്റിൽ ആക്കി മറവു ചെയ്തത് എന്ന് ആദ്യത്തെ താളിൽ വിസ്തരിച്ച് എഴുതുന്ന പത്രം, കൊല



www.malankaralibrary.com

പാതകത്തിനൊരു കറസ്പോണ്ടൻസ് കോഴ്സ് നടത്തുകയാണെന്ന് തോന്നിപ്പിക്കുന്നു. തിരുവനന്തപുരത്ത് ശ്രീ പത്മനാഭസ്വാമിക്ഷേത്രക്കുളത്തിൽ കാവൽക്കാരനെ ഒരു ഭ്രാന്തൻ മുക്കിക്കൊല്ലുന്നതിന്റെ സജീവ ചിത്രീകരണം വൈകിട്ട് 7 ന് മറക്കാതെ കാണുക എന്ന് ഒരു ചാനൽ അറിയിച്ചതും ഓർത്തു പോകുന്നു.

ധാരാളം പണം നൽകുന്ന തന്ത്രശാലികളായ രാഷ്ട്രീയക്കാരുടെ പരസ്യങ്ങൾ ഒന്നും രണ്ടും പേജുകളിൽ പൂർണ്ണകായത്തിൽ കാണിക്കുന്നതും നമ്മുടെ മുൻഗണനകളെ സ്വാധീനിക്കും. യഥാർത്ഥ വിഷയങ്ങളിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടാൻ രാഷ്ട്രീയക്കാർ നടത്തുന്ന പോർവിളികളും സഭ്യേതര പ്രയോഗങ്ങളും വാർത്തയാക്കുന്നവർ "ജീർണ്ണലിസ"ത്തിന്റെ വക്താക്കളല്ലേ?

എന്നാൽ മാധ്യമങ്ങൾ നടത്തുന്ന സത്കർമ്മങ്ങൾ വിസ്മരിച്ചു കൂടാ. പ്രകൃതിദുരന്തവും, ദേശീയവിപത്തുകളും ഉണ്ടാകുമ്പോൾ സർക്കാർ പിരിവിനെ അവഗണിച്ചുകൊണ്ട് മാധ്യമങ്ങൾ നയിക്കുന്ന ദുരിതാശ്വാസ പ്രവർത്തനത്തിന് ജനം പിന്തുണ നൽകുന്നത് ശ്രദ്ധേയമാണ്. ഒരിക്കൽ എൻ.ഡി. ടി.വി. ഒരു ദുഃഖകഥ വാർത്തയ്ക്കിടയിൽ ഉൾപ്പെടുത്തി. രാജസ്ഥാനിൽ നിന്നൊരു നിർധനകുടുംബം ഡൽഹിയിലെ എ.ഐ.എം.എസിൽ. രോഗിയായ കുട്ടിയുമായി എത്തി. ഉള്ളതെല്ലാം വിറ്റുപെറുക്കി കുട്ടിയുടെ ജീവൻ രക്ഷിച്ചു. എന്നാൽ ആശുപത്രി ചെലവായി 60,000 രൂപയുടെ ബിൽ കിട്ടിയപ്പോൾ അവർ വാവിട്ടു കരഞ്ഞു. മാതാപിതാക്കളിൽ ഒരാൾ പുറത്തുപോയി ജോലി ചെയ്ത് പണമുണ്ടാക്കാൻ അധികൃതർ നിർദ്ദേശിച്ചു. കല്ലുവെട്ടി ജീവിച്ചിരുന്ന അന്യസംസ്ഥാനക്കാർക്ക് ഡൽഹിയിൽ എവിടെയാണ് ജോലി ഇരിക്കുന്നത്? ഈ കഥ പുറത്തുവന്ന രാത്രി വെളുക്കുന്നതിന് മുമ്പ് പ്രേക്ഷകർ എത്തിച്ച പണം കൊണ്ട് ബിൽ കൊടുക്കാൻ അവർക്കു സാധിച്ചു. നന്മയുടെ പക്ഷത്ത് മാധ്യമങ്ങൾ നിന്നാൽ ജനപിന്തുണ ഉറപ്പാണ്.

സത്യാന്വേഷിയായ ഒരു വ്യക്തിക്ക് ഒരു പത്രവും ചാനലും തൃപ്തി നൽകുന്നില്ല. കാരണം ഓരോ മാധ്യമ സ്ഥാപനവും വ്യക്തമായ ആശയങ്ങളുടെയും കച്ചവട പരിഗണനകളുടെ പിൻബലത്തിലാണ് അവരുടെ ഉൽപന്നം ജനസമക്ഷം അവതരിപ്പിക്കുന്നത്. ഇതും പൗരന്മാരുടെ ജാഗ്രത അത്യാവശമാക്കുന്നു. ഒരു ദിവസം മൂന്നും നാലും പത്രങ്ങൾ വായിച്ചുകഴിഞ്ഞാൽ വായനക്കാരൻ ആശയക്കുഴപ്പത്തിലാകുന്നു. സത്യം ഇവയുടെ താളുകൾക്കിടയിൽ എവിടെയോ കുടുങ്ങിക്കിടക്കുന്നു എന്ന തോന്നൽ അയാളിൽ അവശേഷിക്കുന്നു.

ടെലിവിഷൻ കണ്ണുകളുടെ ച്യൂയിങ് ഗം ആണ് എന്ന് അമേരിക്കൻ ചിന്തകനായ ഫ്രാങ്ക് ലോയിഡ് റൈറ്റ് പറഞ്ഞു. രുചി പോയാലും ചവച്ചുകൊണ്ടിരിക്കാൻ പ്രത്യേകിച്ചൊരു കാരണവുമില്ല. ആവർത്തന



www.malankaralibrary.com

സ്വഭാവമുള്ള ഒരു തരം അഡിക്ഷനാണ് ടി.വി. ദൃശ്യചാരുതയോ, വിസ്മയം ജനിപ്പിക്കുന്നതോ, ജിജ്ഞാസ ഉണർത്തുന്നതോ ആയ ഒന്നും നൽകാത്തപ്പൊഴും കണ്ണും മിഴിച്ചിരിപ്പിക്കുന്നതിനാലാണ് ടി.വി.യെ വിഡ്ഢിപ്പെട്ടി അഥവാ Idiot box എന്ന് വിശേഷിപ്പിക്കാറുള്ളത്. നേരാംവണ്ണം ഉപയോഗിച്ചാൽ ഇത് ഒരു മാന്ത്രികപ്പെട്ടിയാക്കാം.

കാതുകൊണ്ട് കാണാൻ സഹായിക്കുന്ന മാധ്യമമാണ് റേഡിയൊ. യാന്ത്രികമായി ജോലി ചെയ്യുമ്പോൾ പശ്ചാത്തലത്തിൽ റേഡിയൊ അതിന്റെ ജോലി ചെയ്യുന്നു. എഫ്. എം. നിലയങ്ങളുടെ വരവ് യുവാക്കളെ മുന്നിൽ കണ്ടുകൊണ്ടാണ്. തങ്ങൾ ചെലവഴിക്കുന്ന സമയം പ്രയോജനകരമാണോ എന്ന് അവർ പലപ്പോഴും ചിന്തിക്കാറില്ല. ചിന്തകളുടെയും മൂല്യങ്ങളുടെയും ലോകത്തേക്ക് യുവജനങ്ങളെ കൈപിടിച്ചുകൊണ്ടു പോകാൻ ചാനലുകൾക്ക് താൽപര്യമില്ല. അതിനുള്ള ക്രമീകരണങ്ങളുമില്ല. തട്ടുപൊളിപ്പൻ പാട്ടുകളും ഗെയിമുകളും റിയാലിറ്റി ഷോകളും കൂടി ദൃശ്യ-ശ്രവ്യ വിരുന്ന് ഒരുക്കുക മാത്രമാണ് പലരുടെയും ലക്ഷ്യം. പിന്നെ കണ്ണുനീർ സീരിയലുകൾ, യക്ഷിക്കഥകൾ, രാപ്പടങ്ങൾ! അതിനിടയിൽ പുത്തൻ സമൂഹസൃഷ്ടിക്ക് ഉതകുന്ന പരിപാടികൾ ഒരുക്കാൻ പലരും മെനക്കെടുന്നില്ല.

നല്ല ഭാഷപോലും വളരുന്ന തലമുറയ്ക്ക് ലഭ്യമാക്കാൻ നമ്മുടെ ചാനലുകൾ ശ്രമിക്കുന്നില്ല. വിശാലമായ ഈ ഭൂമിയിൽ, മതനിരപേക്ഷ രാഷ്ട്രത്തിൽ കഴിയുന്നത്ര നന്മ ചെയ്തു കഴിയാൻ ആഗ്രഹിക്കുന്ന ഒരു ന്യൂനപക്ഷമാണ് ക്രിസ്ത്യാനികൾ. അവരുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ആചാര്യന്മാരെയും നിന്ദിക്കുന്ന പരാമർശങ്ങളും പരിഹസിച്ചുകൊണ്ടുള്ള പരിപാടികളും ചാനലുകളിൽ വരുന്നത് വേദനയോടുകൂടി മാത്രമെ കാണാൻ കഴിയൂ. അത്തരം സന്ദർഭങ്ങളിൽ സഭയുടെ യുവത്വം എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത്? കൂടെക്കൂടി ചിരിക്കുന്നവരുണ്ട്. നിസാരമായി കാണുന്നവരുണ്ട്. കോപംകൊണ്ട് അസ്വസ്ഥരാകുന്നവരുണ്ട്. മാധ്യമങ്ങളുടെ കുറവുകൾ തിരിച്ചറിയുന്നതോടൊപ്പം സ്വയം ആത്മ വിമർശനത്തിന് സഭയുടെ മക്കൾ തയ്യാറാവുമോ?

നമ്മൾ കാണുന്നതുപോലെ എല്ലാവരും കണ്ടുകൊള്ളണം എന്നു കരുതുന്നത് മൗഢ്യമാണ്. വിശകലനത്തിനും വിശദീകരണത്തിനും യുവാക്കൾ തയ്യാറാകണം. പ്രതികരണശേഷി സജീവമാക്കി വയ്ക്കുക, പത്രാധിപർക്ക് ഒരു കത്തെഴുതുവാൻ, ചാനൽ അധികൃതരെ അമർഷം അറിയിക്കുവാൻ, സഭയുടെ നേരെ ഒളിഞ്ഞും തെളിഞ്ഞും ആക്രമണം നടത്തുന്നവരെ വസ്തുതകൾ നിരത്തി സമചിത്തതയോടെ നേരിടാൻ... ഇതിനെല്ലാം യുവാക്കൾ ഉണ്ടാകണം. അല്ലാതെ, മാധ്യമങ്ങളെ ബഹിഷ്കരിച്ചുകൊണ്ട് നടക്കുന്നതാണ് മധുര പ്രതികാരം എന്നു വിചാരിച്ചാൽ അടങ്ങുന്നവരല്ല മറുപക്ഷത്ത് എന്നു ഓർക്കണം.



www.malankaralibrary.com

സഭയ്ക്കോ, സമുദായത്തിനോ, രാജ്യത്തിനോ, മാനവികതയ്ക്കോ ദോഷം ചെയ്യുന്ന ഒരുപരിപാടി ശ്രദ്ധയിൽപ്പെട്ടാൽ അത് സ്പോൺസർ ചെയ്ത സ്ഥാപനത്തിന് പരാതി നൽകുക. നടപടി ഉണ്ടാകും.

മാധ്യമങ്ങൾ നൽകുന്ന തൊഴിലവസരങ്ങൾ നമ്മുടെ യുവാക്കൾ പ്രയോജനപ്പെടുത്തണം. കലാകാരന്മാരും എഴുത്തുകാരും സംവിധായകരും എല്ലാം നമ്മുടെ യുവാക്കളുടെ ഇടയിൽനിന്ന് മുന്നോട്ടു വരണം. മാധ്യമ സ്ഥാപനങ്ങളിൽ അവരുടെ സാന്നിധ്യം പ്രബലമായി വളരണം. അജ്ഞതയിൽനിന്നുണ്ടാകുന്ന ദോഷങ്ങൾ പരിഹരിക്കാൻ ഇത് സഹായകമാണ്.

മേൽപറഞ്ഞ മാധ്യമങ്ങളുടെയെല്ലാം മിശ്രിതമായ ഇന്റർനെറ്റിനെ നമ്മൾ വിസ്മരിച്ചുകൂടാ. അറിവിന്റെ രാജവീഥിയായി വാനോളം പുകഴ്ത്തപ്പെട്ട ഇന്റർനെറ്റിനെ വിവേചന ബുദ്ധിയോടുകൂടി ഉപയോഗിച്ചില്ലെങ്കിൽ യുവതലമുറയുടെ ഭാവി ദുരന്തമായിത്തീരും. വിവരവും വിവരക്കേടും തിരിച്ചറിയാത്തവിധം കലർന്നു കിടക്കുകയാണ് കമ്പ്യൂട്ടർ ശൃംഖലകളുടെ ഈ ഭ്രമാത്മക വലയത്തിൽ. അബദ്ധ ജഡിലവും അപകടങ്ങൾ നിറഞ്ഞതുമായ ഒരു ലോകത്തേക്കാണ് ഇന്റർനെറ്റ് ജാലകങ്ങൾ തുറക്കുന്നത്. ആ ലോകത്ത് സുരക്ഷിതരായി യാത്രചെയ്യാൻ നമ്മുടെ കുട്ടികൾക്ക് കഴിയണം. തിന്മയുടെ അടിമകളെ സൃഷ്ടിക്കുന്ന അസംഖ്യം വെബ്സൈറ്റുകൾക്കിടയിൽ നന്മയുടെ അനവധി തുരുത്തുകൾ ഉണ്ട്. അവയെ തിരിച്ചറിയുവാനുള്ള വിചിന്തനാവബോധം നമ്മൾ വളർത്തണം.

ഇന്റർനെറ്റിലൂടെ അധാർമ്മികതയും ലൈംഗിക അരാജകത്വവും വളരുന്നു എന്നു കരുതുന്നവരുണ്ട്. ഓരോരുത്തർക്കും അവരവരുടെ വിഷയം/വിഷം തെരഞ്ഞെടുക്കാം എന്നതാണ് നെറ്റിലെ അധോലോകം ഉദ്ഘോഷിക്കുന്നത്. വൈരാഗ്യം വളർത്തുന്ന സൈറ്റുകളും ബ്ലോഗുകളും ചാറ്റ് റൂമുകളും നെറ്റിൽ സുലഭമാണ്. 2001 ൽ ജർമ്മനിയിൽ നടന്ന ഞെട്ടിപ്പിക്കുന്ന ഒരു സംഭവം ഓർമ്മയിൽ നിന്ന് മായുകയില്ല. ആർമിൻ മെയ്വ്സ് എന്ന ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധൻ ഇന്റർനെറ്റിൽ ഒരു പരസ്യം ചെയ്തു. തനിക്ക് ആരെയെങ്കിലും കൊന്നു തിന്നണം! ബർനഡ് യർഗൺ ബ്രാൻഡസ് എന്ന ഒരു വ്യക്തി ഇതിന് തയ്യാറായി മുന്നോട്ടു വന്നു. ഇരുവരും ഒന്നിച്ചുകൂടി. ആർമിൻ കൊലനടത്തി പത്തു മാസം കൊണ്ട് ഇരയുടെ മാംസം ഭക്ഷിച്ചു. അടുത്ത ഇരയ്ക്കുവേണ്ടി പരസ്യം ചെയ്തപ്പോൾ ആണ് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടതും അറസ്റ്റിലായതും. സമ്മതത്തോടുകൂടി നടത്തിയ കൊലയ്ക്കും നരഭോജനത്തിനും ഉള്ള ശിക്ഷ ജർമ്മൻ നിയമപുസ്തകങ്ങളിൽ ഇല്ലായിരുന്നു. ഒടുവിൽ വളരെ പണിപ്പെട്ടാണ് എട്ടര വർഷം കഠിനതടവിന് ആർമിനിനെ വിധിച്ചത്. മാധ്യമങ്ങൾക്ക് നിയന്ത്രണങ്ങൾ ആവശ്യമാണ് എന്ന് ഈ ഭയാനക സംഭവം തെളിയിക്കുന്നു. സഭയുടെയും



www.malankaralibrary.com

വിശ്വാസികളുടെയും സാമീപ്യവും സാന്നിദ്ധ്യവും ഒട്ടും കുറവുള്ള പ്രദേശങ്ങളിലല്ല ഇത്തരം മനുഷ്യത്വ ഹീനമായ സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത്. ഈ സത്യം യുവാക്കളെയും അവരെ ആത്മീയതയിലേക്ക് നയിക്കേണ്ടവരെയും കൂടുതൽ ജാഗരൂകരാക്കണം.

നല്ല പരിപാടികൾ കേൾക്കാനും കാണാനും മുതിർന്നവരുടെ സഹായം തേടണം. നന്മയുടെ തീരത്തേക്ക് അണയാൻ സഹായിക്കുന്ന പത്രപംക്തികളും വാർത്തകളും ഗുരുജനങ്ങൾ യുവതലമുറയ്ക്കായ് കണ്ടെത്തണം. അറിവിന്റെ പ്രകാശധാരയുമായി കാത്തിരിക്കുന്ന വെബ്സൈറ്റുകൾ ശ്രദ്ധയിൽപ്പെടുത്താനും സൃഷ്ടിക്കുവാനും സമൂഹനന്മയും മനുഷ്യരാശിയുടെ രക്ഷയും കൊതിക്കുന്നവർ തയ്യാറാകണം.

മാധ്യമങ്ങളെക്കുറിച്ച് സാമാന്യമായി ഒരു വസ്തുത പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. മാധ്യമങ്ങൾ ഗുണമാണോ ദോഷമാണോ ചെയ്യുന്നത് എന്ന് നിശ്ചയിക്കുന്നത് നമ്മൾ ഓരോരുത്തരുമാണ്. നമ്മൾ എടുക്കുന്ന തീരുമാനങ്ങളും അവ നടപ്പിലാക്കാൻ കാട്ടുന്ന ഇച്ഛാശക്തിയുമാണ് നാളെയുടെ വാഗ്ദാനങ്ങളെ സുരക്ഷിതമായി ജീവിതയാത്ര ചെയ്യാൻ സഹായിക്കുന്നത്.

*തുടർ ചർച്ചയും പ്രവർത്തനങ്ങളും*

1. മാധ്യമങ്ങൾ ദൈനംദിന ജീവിതത്തെയും ദർശനത്തെയും എങ്ങനെ സ്വാധീനിക്കുന്നു?
2. ടെലിവിഷൻ എങ്ങനെയൊരു മാന്ത്രികപ്പെട്ടി ആക്കാം?
3. ഇന്റർനെറ്റിന്റെ നന്മകൾ യുവതലമുറയ്ക്ക് ലഭ്യമാകുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം?
4. മാധ്യമങ്ങൾ ഒരുക്കുന്ന അവസരങ്ങൾ സഭയുടെ യുവതീയുവാക്കൾക്ക് എങ്ങനെ പ്രയോജനപ്പെടുത്താം?
5. ഒരു പൊതുപ്രശ്നത്തെ സംബന്ധിച്ച് ഏതെങ്കിലും ഒരു മുഖ്യധാരാപത്രത്തിന് എഴുതുന്ന കത്ത് തയ്യാറാക്കുക?



www.malankaralibrary.com

# ലഹരി വസ്തുക്കളുടെ ദുരുപയോഗം

സമകാലീന സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന തിന്മകളിലൊന്നാണ് ലഹരി. മനുഷ്യവംശത്തിനുമേൽ നിപതിച്ചിരിക്കുന്ന ഏറ്റവും വലിയ ദുരന്തമായാണ് ഗാന്ധിജി ഇതിനെ കണ്ടത്. 'മയക്കുമരുന്നും മദ്യപാനവും പിശാചിന്റെ രണ്ടു കൈകളാണ്. ഇവകൊണ്ടാണ് അവ തന്റെ അടിമകളെ ബുദ്ധിശൂന്യതയിലേക്കു അടിച്ചു വീഴ്ത്തുന്നത്" (ഗാന്ധിസാഹിത്യസംഗ്രഹം P. 675)

കലാലയ വദ്യാർത്ഥികൾക്കിടയിൽ ലഹരിയുടെ ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണിന്ന്. വെറുമൊരു രസത്തിനായോ പരീക്ഷണത്തിനായോ ഒക്കെയാവാം ഇതാരംഭിക്കുക. ക്രമേണ മയക്കുമരുന്നും മദ്യവും പുകവലിയും യുവജനങ്ങളെ അവരറിയാതെ തന്നെ അടിമകളാക്കുന്നു. ഭാവിവാഗ്ദാനങ്ങൾ തങ്ങളുടെയും അന്യരുടെയും ജീവിതം തകർത്ത് ഒട്ടേറെ സാമൂഹികപ്രശ്നങ്ങളുളവാക്കുന്നു. ഈ ദൂഷിതവലയത്തിൽ നിന്നും യുവാക്കളെ മോചിപ്പിച്ചെങ്കിലേ ഭാവിജീവിതം സുരക്ഷിതമാകൂ. അതിനു ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും അതുളവാക്കുന്ന വിപത്തുക്കളെക്കുറിച്ചും യുവജനങ്ങൾ അറിഞ്ഞിരിക്കണം.

**യുവാക്കളും ലഹരിയും**

* യുവത്വം വെല്ലുവിളികളുടെ കാലഘട്ടമാണ്. ഇവയെ വിജയപൂർവ്വം നേരിടാനായില്ലെങ്കിൽ ജീവിതയാത്രയിൽ ഇടർച്ചകളുണ്ടാകും.



www.malankaralibrary.com

* ലോഡ്ജിലും ഹോസ്റ്റലിലും നിന്നു പഠിക്കുന്ന യുവാക്കളിലാണ് ലഹരിയുടെ ഉപയോഗം കൂടുതൽ കണ്ടുവരുന്നത്.

* ലഹരിയോടുള്ള ഒരുവന്റെ മമത അവനെ ക്രമേണ അതിന്റെ ആശ്രയത്വത്തിലും അടിമത്തത്തിലും ആക്കും എന്നതാണ് ഇതിന്റെ ഏറ്റവും വലിയ ദുരന്തവശം.

* ലഹരി ഉപയോഗിക്കുന്ന വ്യക്തിയും ലഹരിവസ്തുവും തമ്മിൽ നടക്കുന്ന പരസ്പരപ്രവർത്തനം വഴി വ്യക്തിയിൽ ഉണ്ടാകുന്ന മാനസിക ശാരീരിക അവസ്ഥാ വിശേഷമാണ് ആശ്രയത്വം.

* വ്യക്തിക്ക് ഇതിനോടുള്ള ആഗ്രഹം വിട്ടുമാറാതെ കൂടുതൽ കൂടുതൽ ഉപയോഗിക്കാനുള്ള പ്രവണത ഉണ്ടാകുന്നതിനാലാണ് അടിമപ്പെടൽ (addiction) ഉണ്ടാകുന്നത്.

### A. പുകവലി

* പാശ്ചാത്യ ലോകത്ത് പുകവലിക്കാരുടെ എണ്ണം കുറഞ്ഞു വരുമ്പോൾ മൂന്നാം ലോകത്ത് ഇതു പകർച്ച വ്യാധിയായി മാറുകയാണ്.

* പുകയിലെ പ്രധാന ആൽക്കലോയിഡ് നിക്കോട്ടിനാണ്. ($C_{10}H_{12}N_2$) കാർബൺ, ഹൈഡ്രജൻ, നൈട്രജൻ എന്നിവയുടെ സംയുക്തം.

* ഒരാൾ ഒരു സിഗരറ്റോ ബീഡിയോ വലിക്കുമ്പോൾ ഏതാണ്ടു 2 മില്ലിഗ്രാം നിക്കോട്ടിൻ ശരീരത്തിൽ പ്രവേശിക്കുന്നു. 60 മില്ലിഗ്രാം നിക്കോട്ടിൻ ഒരാളെ മൃത്യുവിനിരയാക്കും. രണ്ടു കടുത്ത തുള്ളി നിക്കോട്ടിൻ വിഷമുണ്ടായാൽ ഒരു നായ ചത്തുമലയ്ക്കുമത്രേ!

* പുകയിൽ ഒട്ടേറെ മാരക വിഷങ്ങളടങ്ങിയിട്ടുണ്ട്. സൾഫർ, പൊട്ടാസ്, അമോണിയ, ഹൈഡ്രജൻ എന്നിങ്ങനെ.

* ഇന്നുണ്ടാകുന്ന അകാലമരണങ്ങൾക്ക്, ഒരുപക്ഷേ ടൈഫോയിഡ്, കോളറ, ക്ഷയം എന്നീ പകർച്ചവ്യാധികളേക്കാൾ പ്രധാന കാരണം പുകവലിയാണ്. (ചാക്കോച്ചൻ കളപ്പുര 'ലഹരി' p. 174)

**എന്തുകൊണ്ട്?**

പുകവലിക്കു പിന്നിൽ പുകവലിയുടെ ഫലത്തിൽ നിന്നുണ്ടാകുന്ന രണ്ട് അടിസ്ഥാന കാരണങ്ങളുണ്ട്.

1. ധനാത്മകം (positive effect) ആസ്വാദനാനുഭവം ഉണ്ടാക്കും.

2. നിഷേധാത്മകം (negative effect) സമ്മർദ്ദവും പിരിമുറുക്കവും കുറയ്ക്കും.

* ചിലർ ഇത് ഉത്തേജനത്തിനും പ്രവർത്തനക്ഷമതയ്ക്കുമായി ഉപയോഗിക്കുന്നു.



www.malankaralibrary.com

* മറ്റേതെങ്കിലും വസ്തുക്കൾ കൊടുത്ത് തുടക്കത്തിൽ തന്നെ ഇതിൽ നിന്നു പിന്തിരിപ്പിക്കാവുന്നതാണ്. (നാരങ്ങാവെള്ളം, വ്യായാമം, പ്രാണായാമം എന്നിവ)

* മനഃശാസ്ത്രപ്രകാരം നിർബന്ധിത മുലകുടിമാറ്റത്തോടുള്ള (compulsory weaning) പ്രതിഷേധമാണിത്. ഇക്കൂട്ടർ ഒരിക്കലും വെറുതെയിരിക്കില്ല. എപ്പോഴും എന്തെങ്കിലും വലിച്ചുകൊണ്ടോ ചവച്ചുകൊണ്ടോ ഇരിക്കണം. കയ്യിൽ പെൻസിലോ പേനയോ മറ്റു വസ്തുക്കളോ കൊടുത്ത് ഈ പ്രവണത മാറ്റിയെടുക്കാവുന്നതാണ്.

**ഇതര കാരണങ്ങൾ**

* വ്യക്തിത്വ സവിശേഷത (മാനസിക ബുദ്ധിമുട്ട്, സംഘർഷം, etc...)

* അനുകരണഭ്രമം

* അനുഭവത്തിനോ, പരീക്ഷണത്തിനോ, സാഹസികതയ്ക്കോ വേണ്ടി.

* കുടുംബ പശ്ചാത്തലം

* കൂട്ടുകാരുടെ സ്വാധീനം

* മാന്യതയ്ക്കും ഫാഷനും തങ്ങളുടെ വളർച്ച മറ്റുള്ളവരെ അറിയിക്കുന്നതിനും വേണ്ടി.

**എപ്പോഴൊക്കെ?**

| | | |
|---|---|---|
| * കൂട്ടുകാരുടെ കൂടെ | : | മാന്യതയ്ക്ക്, ആളാകാൻ, അംഗീകാരത്തിന് |
| * ഇടവേളകളിൽ | : | ക്ഷീണമകറ്റി ഉന്മേഷമേകാൻ |
| * തനിയേ | : | ഏകാന്തതയും വിഷാദവുമകറ്റാൻ |
| * സമ്മർദ്ദം, സംഘർഷം | : | രക്ഷ നേടുന്നതിന് |
| * ഭക്ഷണശേഷം | : | ഒരു രസത്തിനുവേണ്ടി |
| * ഉറക്കം കഴിഞ്ഞ് | : | ഉന്മേഷത്തിനു വേണ്ടി |

**ദൂഷ്യഫലങ്ങൾ**

1. ക്യാൻസർ : രണ്ടുതരം ക്യാൻസറുണ്ടാക്കുന്നു.

*a. ശ്വാസകോശാർബ്ബുദം*

* പുകയിലെ ടാറാണ് ഇതിന്റെ കാരണം

* ഇത് ശ്വാസകോശത്തിലെ ഭിത്തികളിൽ പറ്റിപ്പിടിച്ച് കോശ വളർച്ചയിൽ ക്രമം തെറ്റിക്കുന്നു. നാരുപോലുള്ള സിലികളിൽ പറ്റിപ്പിടിച്ച് അവയെ തമ്മിലൊട്ടിക്കുന്നു. പൊടിപടലം തുടച്ചു നീക്കാനുള്ള അവയുടെ കഴിവു ക്രമേണ നശിക്കുന്നു. വായു സഞ്ചികളിൽ പൊടിപടലം അടിഞ്ഞുകൂടി കോശങ്ങൾ വളരുന്നു. ഇതു ശ്വാസകോശത്തിലെ ക്യാൻസറിനു കാരണമാകുന്നു.



www.malankaralibrary.com

*b. വായിലെ ക്യാൻസർ*

* പുകയില മുറുക്കാണ് പ്രധാന കാരണം. ഇതു വായിലിട്ടു ചവയ്ക്കുമ്പോൾ വായിൽ പുണ്ണുണ്ടാകുന്നു. അതു പൊട്ടിയാണു ക്യാൻസർ ഉണ്ടാകുന്നത്.
* വൃക്കകൾ, അന്നനാളം, ശ്വാസനാളം, തൊണ്ട, മൂത്രസഞ്ചി തുടങ്ങിയ അവയവങ്ങളിലും രോഗം പിടിപെടാം.
* യുവാക്കളിലാണ് ഇതേറ്റവുമധികം കാണപ്പെടുന്നത്.

*2. ഹൃദ്രോഗം :*

* പുകയിലടങ്ങിയിരിക്കുന്ന നിക്കോട്ടിനും കാർബൺ മോണോക്സൈഡു മാണിതിനു കാരണം.,
* നിക്കോട്ടിൻ ഹൃദയമിടിപ്പ് വർദ്ധിപ്പിച്ച് ഹൃദയത്തിന്റെ ജോലിഭാരം കൂട്ടുന്നു.
* കാർബൺ മോണോക്സൈഡ് ഹൃദയത്തിലേക്കുള്ള രക്തപ്രവാഹം കുറയ്ക്കുന്നു. തന്മൂലം രക്തക്കുഴൽ ഭിത്തിയിൽ കൊഴുപ്പു വസ്തുക്കൾ വർദ്ധിക്കുന്നു. ഇത് രക്തത്തിന്റെ ഒട്ടൽ കൂട്ടുകയും രക്തക്കുഴലുകളിൽ രക്തം കട്ടയാക്കുകയും ചെയ്യും. ഇതു ഹൃദയസ്തംഭന സാധ്യത വർദ്ധിപ്പിക്കുന്നു.

3. ആമാശയവ്രണങ്ങളും ത്വക്ക് രോഗങ്ങളും ശ്വാസകോശരോഗങ്ങളുമുണ്ടാക്കുന്നു. ഇവയൊക്കെ ഒരാളെ മാനസികത്തകർച്ചയിലേക്ക് നയിച്ചേക്കാം. അലസത - മന്ദത - ആശങ്ക - അപകർഷത.

4. വലിക്കുന്നയാൾ ഉള്ളിലാക്കുന്നതിനേക്കാൾ കൂടുതൽ പുക പുറത്തേക്കു പോകുന്നു. മറ്റുള്ളവരുടെ (Passive smokers) ആരോഗ്യത്തെയാണ് ഇതു സാരമായി ബാധിക്കുന്നത്. ഉദാ:ബസ്സിലും സിനിമാതിയേറ്ററിലും മറ്റുമുള്ള പുകവലി.

* കുഞ്ഞുങ്ങളുള്ള വീട്ടിൽ : പുകവലി കുഞ്ഞിനെ സാരമായി ബാധിക്കും. ബുദ്ധിമാന്ദ്യം ഉണ്ടാകും, വളർച്ച തടയും.

5. ആയുസ്സ് കുറയ്ക്കുന്നു : പുകവലിക്കുന്നയാളുടെ സമയത്തിന് മണിക്കൂറിൽ 55 മിനിട്ടേയുള്ളൂ. അയാൾ വലിക്കുന്ന ഓരോ സിഗററ്റും സ്വന്തം ആയുസ്സിൽ നിന്നും 5 മിനിട്ടു വീതം വെട്ടിക്കുറക്കും. വലിയുടെ തോതു കുടുന്തോറും ആയുസ്സു കുറഞ്ഞിരിക്കും. (ലഹരി P. 189)

6. രാഷ്ട്രത്തിനു സാമ്പത്തിക നഷ്ടം വരുത്തുന്നു : പുകവലിക്കാരുടെ ചികിത്സക്കായി ധാരാളം പണം ചെലവഴിക്കേണ്ടി വരുന്നു.

## B. മയക്കുമരുന്ന്

* യുവജനങ്ങൾക്കിടയിലാണ് ഇതിന്റെ ഉപയോഗം ഏറ്റവും കൂടുതൽ. ആദ്യ പരീക്ഷണങ്ങൾ അവരെ അനുഭൂതിയിലേക്കോ ലൈംഗിക വികാരത്തിലേക്കോ നയിക്കാം. അങ്ങനെ ഇതു നല്ലതാണെന്ന ചിന്ത യുവാക്കൾക്കിടയിലുണ്ടാകുന്നു.



www.malankaralibrary.com

* ഒരിക്കലുപയോഗിച്ചു കഴിഞ്ഞാൽ പിന്നെ പിന്മാറാൻ ബുദ്ധിമുട്ടാണ്. (Addictionologism)
* ക്രമേണ വീര്യം കൂടിയ മരുന്നുകളുപയോഗിച്ചു തുടങ്ങുന്നു.
* ഇതിനു കൂടുതൽ പണം വേണം - പണസമ്പാദനത്തിനായി മോഷണവും അക്രമവും കൊലപാതകവും നടത്തുന്നു.
* വസ്തുവിന്റെ സ്വഭാവത്തിലും എടുക്കുന്നയാളിന്റെ സൗകര്യത്തിനും അനുസഹരിച്ച് ഇതു പല രീതിയിൽ ഉപയോഗിക്കാറുണ്ട്. പൊടിയോ ആവിയോ ആക്കി വലിക്കാം; ഗുളികയോ ദ്രാവകമോ ആക്കി ഉള്ളിലാക്കാം; കുത്തിവയ്ക്കാം. പാമ്പിനെക്കൊണ്ട് കടിപ്പിക്കാം.

*ദുരുപയോഗം :* മയക്കുമരുന്നുകൾ മരുന്നായി നൽകാറുണ്ട്. എന്നാൽ ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ അളവിലും രീതിയിലും കൂടുതലുമുപയോഗിക്കുമ്പോൾ അതു ദുരുപയോഗമായി മാറുന്നു. കഞ്ചാവ്, കറുപ്പ്, കൊക്കെയ്ൻ, ചരസ്, എൽ.എസ്.ഡി. എന്നിവ ഉദാഹരണങ്ങൾ.

***കാരണങ്ങൾ***

* അനുഭൂതിയോ ഉത്തേജനമോ കിട്ടാൻ
* നിരാശയും പ്രതിസന്ധിയുമകറ്റാൻ
* ജിജ്ഞാസകൊണ്ട്
* പരീക്ഷണാർത്ഥം
* അനുകരണഭ്രമം
* സുഹൃത്തുക്കളുടെ സ്വാധീനം
* സമ്പർക്ക മാധ്യമങ്ങൾ
* പലപ്പോഴും അജ്ഞതമൂലം
* ആത്മവിശ്വാസമില്ലായ്മ, പ്രതികൂല സമ്മർദ്ദങ്ങൾ എന്നിവയാൽ
* യുവജനങ്ങൾക്കിടയിൽ ഇത് ഏറെ ലഭ്യമായതുകൊണ്ട്.

***പ്രത്യാഘാതങ്ങൾ***

* ശാരീരിക - മാനസിക ആശ്രിതത്വം - അളവു കൂട്ടുന്നു - വ്യക്തിയുടെ തകർച്ച.
* ബുദ്ധിമാന്ദ്യം വരുത്തി ആരോഗ്യത്തെ തകർക്കുന്നു.
* ശാരീരിക- മാനസിക രോഗങ്ങൾ
* ലൈംഗികാരാജകത്വം
* കുറ്റകൃത്യങ്ങൾ
* കുത്തിവയ്പിലൂടെ എയ്ഡ്സ് പകർച്ച



www.malankaralibrary.com

*   സാമൂഹിക പ്രശ്നങ്ങൾ : വ്യക്തിബന്ധത്തിലെ പാളിച്ചകൾ, കുടുംബ പ്രശ്നങ്ങൾ, ധാർമ്മികാധഃപതനം, ജീവിത പ്രശ്നങ്ങൾ എന്നിവ.

*   ജനിക്കാൻ പോകുന്ന കുട്ടികളിൽ വൈകല്യങ്ങളുണ്ടാക്കും, ബുദ്ധിമാന്ദ്യം, വളർച്ചാ മുരടിപ്പ് എന്നിങ്ങനെ.

***എങ്ങനെയെല്ലാം തിരിച്ചറിയാം :***

*   പെരുമാറ്റത്തിലൂടെയും പ്രവർത്തനത്തിലൂടെയും
*   സമയത്തു വീട്ടിൽ വരാതെയിരിക്കും
*   ജോലിയിലും പഠനത്തിലും ശ്രദ്ധ കുറയും
*   വസ്ത്രധാരണത്തിലും സ്വശരീരത്തിലും ശ്രദ്ധയില്ലായ്മ
*   പൊതുവെ അടുക്കും ചിട്ടയുമില്ല
*   ഉറക്കമില്ലായ്മ, വിശപ്പില്ലായ്മ, തൂക്കം കുറച്ചിൽ
*   കക്കൂസിലും, കുളിമുറിയിലും കൂടുതൽ സമയം ചെലവഴിക്കും.
*   മുറിയിൽ തീപ്പെട്ടി, തിരി, സിഗരറ്റുകുറ്റി, സിഗരറ്റ് പായ്ക്കറ്റിലെ അലുമിനിയം, പേപ്പർ, സൂചി, സിറിഞ്ച്, ഉറക്കഗുളിക, ക്ലാവുപിടിച്ചു കറുത്ത നാണയത്തുട്ടുകൾ എന്നിവ കാണപ്പെടും.
*   വീട്ടിൽ നിന്നു വിലകൂടിയ സാധനങ്ങൾ മോഷണം പോകുന്നു.
*   വാച്ച്, മാല തുടങ്ങിയ വിലപിടിപ്പുള്ള സാധനങ്ങൾ വിൽക്കുന്നു.
*   കണ്ണിൽനിന്നും മൂക്കിൽ നിന്നും നീരൊലിപ്പ്
*   ഇടയ്ക്കിടെ ഛർദ്ദി, വയറ്റിളക്കം, ജലദോഷം, ചുമ
*   ശരീരത്തിൽ കുത്തിവച്ച പാടുകൾ; വസ്ത്രങ്ങളിൽ രക്തക്കറ
*   ആവശ്യത്തിലേറെ പണം ചോദിക്കും.

***പ്രതിവിധികൾ***

1. ഉപയോഗം തുടങ്ങുന്നതിനുമുമ്പ് അതു തടയുകയാണ് ഏറ്റവും നല്ല മാർഗ്ഗം

2. മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തുക.

3. കോളേജുകളോടും ബോർഡിംഗുകളോടും ചേർന്ന് കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കുക.

4. ഉത്തമ വ്യക്തിബന്ധങ്ങൾ കെട്ടിപ്പടുത്ത് വ്യക്തിത്വ വികലതകളകറ്റുക.

5. ശാരീരിക മാനസിക ആരോഗ്യം വളർത്തുക. ആശങ്ക, അപകർഷത, നിരാശ, ഉത്കണ്ഠ എന്നിവയകറ്റി പ്രത്യാശയും വിശ്വാസവും നിറയ്ക്കുക.



www.malankaralibrary.com

6. ദുരുപയോഗം കുറയ്ക്കാനും തടയാനും ഗവൺമെന്റും ഇതര സംഘടന കളും ശ്രദ്ധിക്കുക. കുടുംബം, സ്ക്കൂൾ, സന്നദ്ധസംഘടന എന്നിവയിലൂടെ പൊതുജന പങ്കാളിത്തം പ്രയോജനപ്പെടുത്തുക.

7. മയക്കുമരുന്നിനടിമകളായവരെ പുനരധിവസിപ്പിക്കുക. അവരെ തിരികെ കൊണ്ടുവരുന്നതിന് നിരന്തരമായ പ്രേരണയും പ്രോത്സാഹനവും നൽകുക.

* മയക്കുമരുന്നിലേക്ക് വഴുതി വീഴാനുള്ള എല്ലാ പഴുതുകളുമടയ്ക്കുക.

* ഇതിനു സഹായകരമായ ആൾക്കാരെ പരിശീലിപ്പിച്ചെടുക്കുക.

8. സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ ഏകപക്ഷീയ മാർഗ്ഗങ്ങൾ സ്വീകരിക്കാതെ ദൂഷ്യഫലത്തെക്കുറച്ച് ജനത്തെ നിരന്തരം ബോധവൽക്കരിക്കുക.

9. ധർമ്മബോധത്തിലും ആദ്ധ്യാത്മികതയിലും അടിയുറച്ച യുവതലമുറയെ വാർത്തെടുക്കുക.

10. നിയമങ്ങൾ കർശനമാക്കി മയക്കുമരുന്നുപയോഗവും കൈവശം വയ്ക്കലും തടയുക.

## C. മദ്യപാനം

* കലാലയാന്തരീക്ഷത്തിൽ വളരുന്ന യുവാക്കൾ ഇതിലേക്കു പലതരത്തിൽ പ്രലോഭിക്കപ്പെടുന്നു.

* മുതിർന്നവരുടെ മദ്യപാനവും, സമൂഹത്തിലിതിനുള്ള മാന്യതയും യുവാക്കളെ മദ്യപാനത്തിലേക്ക് വലിച്ചിഴക്കുന്നു.

* കലാലയാന്തരീക്ഷത്തിൽ ലഹരി സത്ക്കാരം വ്യാപകമാണിന്ന്.

* പലപ്പോഴുമിത് യുവജനങ്ങളെക്കൊണ്ട് കാര്യം കാണാനുള്ള തന്ത്രത്തിന്റെ ഭാഗമാണ്. രാഷ്ട്രീയ പാർട്ടികൾ രാഷ്ട്രീയ പ്രവർത്തനത്തിനും, സമരത്തിനു വിപ്ലവാവേശം പകരുന്നതിനും കമാന- തോരണങ്ങൾ കെട്ടുന്നതിനുമൊക്കെ യുവാക്കളെ മദ്യം മുഖേന ദുരുപയോഗിക്കുന്നു.

**കാരണങ്ങൾ**

* വ്യക്തിപരം : അപകർഷതാബോധം, ദുരനുഭവം, നഷ്ടബോധം, ഉത്കണ്ഠ, കുറ്റബോധം, ഏകാന്തത, വ്യക്തിത്വവികലത, ആത്മവിശ്വാസമില്ലായ്മ.

* പാശ്ചാത്യാനുകരണഭ്രമം : വിവാഹസന്ദർഭത്തിലും ആഘോഷാവസരങ്ങളിലുമൊക്കെ മദ്യം സ്റ്റാറ്റസ് സിംബലായി മാറി.

* സുഹൃത്തുക്കളുടെ സ്വാധീനം

* പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, തുടങ്ങിയ ജീവിത പ്രശ്നങ്ങൾ



www.malankaralibrary.com

* കുടുംബ പ്രശ്നങ്ങൾ, അസ്വസ്ഥതകൾ
* ഇതര ജീവിത സാഹചര്യങ്ങൾ

*ദൂഷ്യഫലങ്ങൾ*

* കരളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു
* ഹൃദയസ്തംഭനമുളവാക്കുന്നു.
* ആമാശയത്തെ ബാധിക്കുന്നു. വയറ്റിൽ എരിച്ചിലും പുകച്ചിലും ഉണ്ടാക്കും. പോഷകക്കുറവ്, വിളർച്ച, ദഹനക്കേട് എന്നീ രോഗങ്ങളുമുളവാക്കും.
* വിറ്റാമിൻ ചോർത്തിക്കളഞ്ഞ് രോഗങ്ങളുളവാക്കുന്നു.
* രക്താണുക്കളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു. തന്മൂലം മുറിവുകൾ ഉണങ്ങാതെ വ്രണമായി മാറാറുണ്ട്.
* തലച്ചോറിനേയും നാഡീവ്യൂഹത്തേയും ബാധിക്കുന്നു. വിവേചനാശക്തി, ആത്മനിയന്ത്രണം, സുബോധം, ഏകാഗ്രത, ഓർമ്മശക്തി എന്നിവയില്ലാതാക്കും.
* മാനസിക തകർച്ചയിലേക്കു നയിക്കുന്നു : വിഭ്രാന്തി, പേടി, പിരിമുറുക്കം, ആത്മഹത്യാ പ്രവണത.
* സാമൂഹിക പ്രശ്നങ്ങൾ :

  a. റോഡപകടങ്ങൾ
  b. ലൈംഗികാരാജകത്വം
  c. അക്രമവാസനകൾ
  d. സാമൂഹികാസ്വസ്ഥത

* കുറ്റകൃത്യങ്ങളിൽ 50% മദ്യപാനം മൂലമാണ്.
* ആത്യന്തികമായി കനത്ത സാമ്പത്തികനഷ്ടം ഫണ്ടാക്കുന്നു.

*പരിഹാരമാർഗ്ഗങ്ങൾ*

*a. ചെയ്യേണ്ടത്*

* ആസക്തി രോഗമായിക്കണ്ട് ചികിത്സാ നേടാൻ ആളെ പ്രേരിപ്പിക്കുക.
* എല്ലാറ്റിനും ആളെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല.
* ഒഴിവു സമയം ക്രിയാത്മകമായി ഉപയോഗിക്കാൻ പഠിപ്പിക്കുക
* ക്ഷമാശീലം പുലർത്തുക. സാവധാനമേ ആസക്തിയിൽ നിന്നു മോചനമുണ്ടാകൂ. ഒറ്റ ദിവസം കൊണ്ടു മാറ്റിയെടുക്കാനാവില്ല.
* കുടുംബത്തിൽ ആരോഗ്യപരമായ അന്തരീക്ഷം പുലർത്തുക. ആസക്തനെ അകറ്റിനിർത്താനോ ഒറ്റപ്പെടുത്താനോ ശ്രമിക്കരുത്.



www.malankaralibrary.com

* സ്നേഹവും പരിഗണനയും അംഗീകാരവും നൽകുക. വിവേകപൂർവ്വം പിന്തിരിപ്പിച്ചു കൊണ്ടുവരാൻ ഇതു സഹായകമാകും.

*b. ചെയ്യരുതാത്തത് :*

* മദ്യപനെ കുറ്റപ്പെടുത്തിയോ കൊച്ചാക്കിയോ സംസാരിക്കരുത്. ഇതു അപകർഷതയും കുറ്റബോധവും വളർത്തും.
* കുടുംബാംഗങ്ങൾ ഒരിക്കലും ലഹരിസാധനങ്ങൾ വിളമ്പുകയോ മദ്യപനോടൊത്തു കുടിക്കുകയോ അരുത്.
* മദ്യപന്റെ ഉത്തരവാദിത്വങ്ങൾ ഒരിക്കലും ഏറ്റെടുക്കരുത്. ഇതു മദ്യപനിൽ നിരുത്തരവാദിത്തവും അലസതയും വളർത്തും.
* മദ്യപന്റെ പ്രശ്നങ്ങൾ കുടുംബാംഗങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കാൻ അനുവദിക്കരുത്.
* കുടുംബാംഗങ്ങളുടെ കാരുണ്യമോ ബലഹീനതയോ ചൂഷണം ചെയ്യാൻ ആസക്തന് അനുവദിക്കരുത്. പണം ദുർവ്യയം ചെയ്യാൻ ഇത് ഇടയാക്കും.
* ഭീഷണിയോ, ഭയപ്പെടുത്തലോ, ഉപദേശമോ, ശിക്ഷയോ വഴിയായി മദ്യപനെ വശത്താക്കാൻ ശ്രമിക്കരുത്.
* ആശ്രയത്വം, പുരോഗമിക്കുന്ന രോഗമായതിനാൽ ചികിത്സ നീട്ടിക്കൊണ്ടു പോകരുത്.

***ചികിത്സാപദ്ധതി***

(Ref: ഡോ. ജി. കോലാത്ത് 'പ്രകാശതീരം തേടി') ആൽക്കഹോളിക് അനോണിമസ് എന്ന വിശ്രുത ഗ്രന്ഥത്തിൽ (ഡോ. ബോസ്ഡിൽ, 1939) പ്രതിപാദിക്കുന്ന 12 പടികളാണ് ഇവിടെ നിർദ്ദേശിക്കുക. മദ്യപാന ചികിത്സാപദ്ധതിയുടെ അടിസ്ഥാന പ്രമാണമായി മദ്യപാനികൾ പാലിക്കേണ്ടതാണ് ഈ പടികളോരോന്നും

* അംഗീകരിക്കുക : മദ്യപാനി മദ്യത്തിനു പരിപൂർണ്ണമായി അടിമയായെന്നും അതുമൂലം ജീവിതം നിയന്ത്രണാതീതമായെന്നും സമ്മതിക്കുക.
* പ്രത്യാശിക്കുക : വീണ്ടും നല്ല ജീവിതത്തിലേക്കു കൊണ്ടുവരാൻ തങ്ങളേക്കാൾ വലിയ ഒരു ശക്തിക്കു മാത്രമേ സാധിക്കൂ എന്നു വിശ്വസിക്കുക.
* സമർപ്പിക്കുക : തങ്ങളുടെ നിശ്ചയങ്ങളും ആഗ്രഹങ്ങളും ജീവിതവും ദൈവത്തിന്റെ സംരക്ഷണയ്ക്കു വിട്ടുകൊടുക്കാൻ തീരുമാനിക്കുക.
* ആത്മശോധന : കഴിഞ്ഞകാല ജീവിതത്തിലെ ധാർമ്മിക നിലവാരത്തെപ്പറ്റി ഭയരഹിതമായ ഒരാത്മപരിശോധന നടത്തുക.



www.malankaralibrary.com

* കുറ്റം സമ്മതിക്കുക : തെറ്റുകൾ ദൈവത്തോടും തങ്ങളോടും മൂന്നാമതൊരാളോടും കൃത്യമായി ഏറ്റുപറഞ്ഞു സമ്മതിക്കുക.
* പരിവർത്തനത്തിന് ഒരുങ്ങിയിരിക്കുക : തങ്ങളിലെ സ്വഭാവ വൈകല്യങ്ങൾ ദൈവം മാറ്റിത്തരുമെന്ന വിശ്വാസത്തോടെ എപ്പോഴും അതിനായി ഒരുങ്ങിയിരിക്കുക.
* പ്രാർത്ഥനയുടെ തലം : തങ്ങളുടെ തെറ്റുകൾ മാറ്റിത്തരണമേയെന്ന് വിനയപൂർവ്വം ദൈവത്തോടർത്ഥിക്കുക.
* അനുരജ്ഞനപ്പെടുക : കഴിഞ്ഞകാലത്തു തങ്ങൾ ഉപദ്രവിച്ചിട്ടുള്ള എല്ലാവരുടേയും ഒരു പട്ടിക തയ്യാറാക്കി അതിനെല്ലാം പരിഹാരം ചെയ്യാൻ തയ്യാറാവുക.
* പുതിയ ജീവിതശൈലി : തങ്ങൾ തെറ്റുചെയ്തിട്ടുള്ള ആളുകളുടെ വികാരങ്ങളെ മുറിപ്പെടുത്തുകയോ വേദനിപ്പിക്കുകയോ ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ തങ്ങൾ ചെയ്ത തെറ്റുകൾക്കു നേരിട്ടു പരിഹാരം ചെയ്യുക.
* വളർച്ചയുടെ പടികൾ : ചെയ്തികളെപ്പറ്റിയുള്ള ആത്മശോധന തുടരുക. തെറ്റുചെയ്തെന്നു ബോധ്യം വന്നാൽ അതു തുറന്നു സമ്മതിക്കുക.

ഈശ്വരനുമായുള്ള ബന്ധം ശക്തിപ്പെടുത്തുക : പ്രാർത്ഥനയും ധ്യാനവും വഴി ദൈവവുമായി കൂടുതൽ ബന്ധം സ്ഥാപിക്കുന്നു. തങ്ങൾക്കുള്ള ഹിതമെന്തെന്നു അതു പ്രായോഗികമാക്കാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

ജീവിതം തന്നെ സന്ദേശമാക്കുക : കഴിഞ്ഞ 11 പടികളിൽ നിന്നു ലഭിച്ച ആത്മീയ പ്രചോദനത്തിന്റെയും ഉണർവ്വിന്റെയും അടിസ്ഥാനത്തിൽ ഈ സദ്വാർത്ത മറ്റു മദ്യപാനികളെ അറിയിക്കുക. ജീവിതത്തിലുടനീളം ഈ തത്വങ്ങൾ പ്രാവർത്തികമാക്കുക.

മദ്യപാനാസക്തർക്കു മാത്രമല്ല ഭക്ഷണാസക്തി. ലൈംഗികാസക്തി എന്നീ രോഗങ്ങളുള്ളവർക്കും ഈ ചികിത്സാ ക്രമം പ്രയോജനപ്പെടും. ഇതൊരു ജീവിത ക്രമമാണ്. ജീവിതത്തിന് അടുക്കും ചിട്ടയും നൽകുന്നു. ലജ്ജ, ഭയം, മിഥ്യാഭിമാനം എന്നീ മാനസിക വൈകല്യങ്ങളകറ്റുന്നു.

**d. പാൻമസാലകൾ**

* 20 -ാം നൂറ്റാണ്ടിന്റെ പ്ലേഗ് എന്നറിയപ്പെടുന്നു.
* ശാരീരികമായും, മാനസികമായും, സാമ്പത്തികമായും, സാമൂഹികമായും ഒരാളെ നശിപ്പിക്കുന്നു.
* പ്രതിമാസം 370 ക്വിന്റലിലധികം കേരളത്തിൽ വിറ്റഴിക്കപ്പെടുന്നു.
* 25% കോളജ് വിദ്യാർത്ഥികൾ ഇത് ഉപയോഗിക്കുന്നു.
* ഇന്ത്യയിൽ ബീഹാർ, രാജസ്ഥാൻ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ പാൻമസാലകൾ നിരോധിച്ചു കഴിഞ്ഞു.



www.malankaralibrary.com

* ശംഭു, തുളസി, പാസ്പാസ്, പാൻപരാഗ്, വിമൽ, ഹാൻസ്, ഖൈനി, മണിക്ചന്ദ്, ഗുഢ്ക, മൂല്ചന്ദ്, രജ്ഞിനി, നമ്പർ വൺ തുടങ്ങി 50 ൽപ്പരം പേരിൽ ഇത് വിറ്റഴിക്കപ്പെടുന്നു.

* 120, 220, 320, 420 (മുറുക്കാൻ) തുടങ്ങിയ പേരിൽ അത്യധികം മാരകമായ പാൻമസാലകളും ഉണ്ട്.

*ദൂഷ്യഫലങ്ങൾ*

ബുദ്ധിമണ്ഡലത്തിന്റെ കുറവ്, മന്ദത, ശരീരത്തിന്റെ നിയന്ത്രണം നഷ്ടപ്പെടൽ, കോശങ്ങളുടെ മരണം, ചിന്താശക്തിക്കുറവ്, രോഗപ്രതിരോധശേഷിക്കുറവ്.

*മനോരോഗങ്ങൾ*

പൊട്ടിത്തെറിക്കുന്ന സ്വഭാവം, ഉറക്കമില്ലായ്മ, നിരാശ, നിർവന്ധബുദ്ധി, നശീകരണ വാസന, അമിതമായ ദേഷ്യം, ആത്മഹത്യ ചിന്ത, ലൈംഗികശേഷിക്കുറവ്, സംശയരോഗം, ലൈംഗികവൈകൃതം, വ്യക്തിത്വ വൈകല്യം.

*ഉപസംഹാരം*

കേരളത്തിലെ ജനസംഖ്യയിൽ പകുതിയോളം യുവജനങ്ങളാണ്. അതിൽ 50% ത്തോളം പേർ ഏതെങ്കിലും ലഹരിയുമായി പരീക്ഷണം നടത്താറുണ്ട്. യുവാക്കൾ ഇതിന്റെ പിന്നിലെ ചൂഷണത്തെപ്പറ്റിയും ഇതിന്റെസ ദൂഷ്യവശങ്ങളെപ്പറ്റിയും അധികം ബോധവാന്മാരല്ല. അതിനാൽ വ്യാപകമായ ബോധവൽക്കരണം ആവശ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളും, യുവജനസംഘടനകളും സമ്പർക്ക മാധ്യമങ്ങളും, സാംസ്കാരിക സംഘങ്ങളുമെല്ലാം കൈകോർത്ത് നീങ്ങിയാൽ ഭാവിതലമുറയെ രക്ഷിക്കാനാകും. യുവാക്കളുടെ പാഠ്യപദ്ധതിയിൽ ഈ വിഷയം ഉൾപ്പെടുത്തുന്നതും നന്ന്.

മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. (ഉല്പത്തി 1:26) അവന്റെ ആരോഗ്യം ദൈവത്തിന്റെ വിശിഷ്ടമായ ദാനവുമത്രേ. ലഹരി ഉപയോഗത്തിലൂടെ അതിനെ നശിപ്പിച്ചു കളയാൻ അവനൊരിക്കലും അവകാശമില്ല. ഉപരി, മനുഷ്യശരീരത്തെ ബഹുമാനിച്ച് ആദരിക്കാനും പരിരക്ഷിക്കാനും അവൻ കടപ്പെട്ടിരിക്കുന്നു. (Catechism of the Catholic Church, p 2288-2291).

*ചർച്ചയ്ക്ക് :*

1. ലഹരി വസ്തുക്കളുടെ ഉപയോഗം വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും വരുത്തിവയ്ക്കുന്ന തകർച്ചകൾ എന്തെല്ലാം?
2. ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയാൻ നിങ്ങൾക്ക് എന്ത് ചെയ്യാൻ സാധിക്കും?



www.malankaralibrary.com

# മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനം

മലങ്കര കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമാണ് എം.സി.വൈ.എം. (മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്). മലങ്കര സഭയുടെ ദൗത്യവും നിയോഗവും ഏറ്റുവാങ്ങിയ യുവജനസഭയാണ് എം.സി.വൈ.എം. സഭയുടെ ചരിത്രവും പാരമ്പര്യവും ആരാധനക്രമവും ഈ ദൗത്യവും നിയോഗവും ഏറ്റെടുക്കുവാൻ യുവജനങ്ങളെ സജ്ജരാക്കുന്നു. പ്രസ്ഥാനത്തിന്റെ നാമം തന്നെ ഈ ദൗത്യവും നിയോഗവും വെളിവാക്കുന്നു. പ്രസ്ഥാനത്തിന്റെ പേരുവെളിവാക്കുന്ന അർത്ഥതലങ്ങൾ പഠിക്കുവാനുള്ള പരിശ്രമമാണ് ഈ അദ്ധ്യായത്തിൽ നടത്തുന്നത്.

**മലങ്കര**

യേശു അവിടുത്തെ മഹത്വത്തോടെയുള്ള ഉത്ഥാനത്തിനുശേഷം തന്റെ ശിഷ്യസമൂഹത്തെ പരിശുദ്ധാത്മാവിനെ നല്കി ലോകാതിർത്തികളിലേക്ക് സുവിശേഷ ദൗത്യവുമായി അയച്ചു. ഭാരതത്തിലെ അതിരപുരാതന ക്രൈസ്തവസമൂഹം വിശ്വസിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് ക്രിസ്തു ശിഷ്യനായ വി.തോമസ് കേരളത്തിൽ വന്നുവെന്നതും സുവിശേഷപ്രവർത്തനം നടത്തിയെന്നതും. സുവിശേഷ ദൗത്യവുമായി തോമാശ്ലീഹാ ക്രിസ്തുവർഷം 52 -ൽ കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യങ്കര എന്ന സ്ഥലത്താണ് കപ്പലിറങ്ങിയത്. മാല്യങ്കര എന്ന പദത്തിന് മലകളുടെ നാട് എന്നാണർത്ഥം. പാലസ്തീനായിൽ നിന്നും ഇൻഡ്യയിലേക്കും പശ്ചിമ ഏഷ്യയിലേക്കും യാത്രാസൗകര്യം കപ്പൽമാർഗ്ഗം ഉണ്ടായിരുന്നുവെന്നുള്ളത് വി.തോമസിന്റെ ഭാരത പര്യടനത്തിന്



www.malankaralibrary.com

കാരണമായി. പുരാതനമായി ഇവിടെ ഉപയോഗിക്കുന്ന പ്രാർത്ഥനകൾ, കലാരൂപങ്ങൾ തുടങ്ങിയവയൊക്കെ വി.തോമസിന്റെ പ്രേഷിതപ്രവർത്തനത്തിന്റെ അടയാളമായി കരുതിവരുന്നു. വി.തോമസ് ഈ മണ്ണിൽ ഏഴ് സഭാസമൂഹങ്ങൾ സ്ഥാപിച്ചുവെന്നാണ് പരമ്പരാഗത വിശ്വാസം.

ഇവിടെ ഉണ്ടായിരുന്ന സഭാ സമൂഹത്തിന് സ്വന്തമായ ആരാധനാരീതി, ഭക്താഭ്യാസങ്ങൾ, ആദ്ധ്യാത്മിക വീക്ഷണം, സഭാഭരണക്രമം എന്നിവ ഉണ്ടായിരുന്നു. മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ ഈ സഭാസമൂഹം അത് സ്വീകരിച്ച സുവിശേഷ സത്യം ഭാവിതലമുറയിലേക്ക് കൈമാറ്റുവാൻ എപ്പോഴും ശ്രദ്ധ വച്ചിരുന്നു.

ഇന്ന് മലങ്കര എന്ന വാക്ക് ഉൾക്കൊള്ളുന്ന അർത്ഥതലം അതിവിപുലമാണ്. ഒരു പ്രാദേശികമായ അർത്ഥ വ്യാപ്തിയിൽ നിന്നും ആദ്ധ്യാത്മികവും ആരാധനാപരവുമായ ഒരു അർത്ഥതലത്തിലേക്ക് അത് വളർന്നിരിക്കുന്നു. മലങ്കര എന്ന വാക്ക് നമ്മുടെ മനസ്സിലേക്കു നൽകുന്ന ചില സന്ദേശങ്ങളും ചില ഉത്തരവാദിത്വങ്ങളും ഉണ്ട്. നാം സ്വീകരിക്കേണ്ട അതിപുരാതനമായ ചിലപാരമ്പര്യങ്ങളും നാം ജീവിക്കുകയും ആഘോഷിക്കുകയും ചെയ്യേണ്ട ഒരു ആരാധനക്രമവും ആദ്ധ്യാത്മികതയും നാം തലമുറകളിലേക്ക് കൈമാറേണ്ട ചില പൈതൃകങ്ങളുമെല്ലാം അതിലുണ്ട്. ലോകത്തിന്റെ ഏതു കോണിലേക്ക് മലങ്കര മക്കൾ മാറ്റി നടപ്പെട്ടാലും ഇവയൊന്നും നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിന്റെ കാരണം മറ്റൊന്നല്ല. മലങ്കര എന്ന വാക്കിലൂടെ നാം ഏറ്റുവാങ്ങിയതും നമ്മുടെ ജീവിതത്തിന്റെ ഭാഗമായി തീർന്ന ഈ യാഥാർത്ഥ്യങ്ങളാണ്. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ ദൈവിക വെളിപാടുകളെ ഈ വ്യക്തിഗതസഭ എങ്ങനെ സ്വീകരിച്ചിരിക്കുന്നു, എങ്ങനെ മനസ്സിലാക്കുന്നു, എങ്ങനെ വ്യാഖ്യാനിക്കുന്നു, എങ്ങനെ ആഘോഷിക്കുന്നു തുടങ്ങിയ കാര്യങ്ങളാണ് ഈ സഭയെ അതിന്റെ തനത് വ്യക്തിത്വത്തിൽ നിലനിൽക്കുവാൻ സഹായിക്കുന്നത്. അതിനാൽ ഓരോ മലങ്കര കത്തോലിക്കായുവാവും യുവതിയും സഭയുടെ വ്യക്തിത്വത്തിൽ ഉൾച്ചേരുകയും അതിൽ വളരുകയും വേണം. അതേസമയം സഭയുടെ പ്രാദേശികമായ പരിമിതികൾ, വളർച്ചയുടെ പടവുകളിൽ കണ്ടുമുട്ടുന്ന പുത്തൻ യാഥാർത്ഥ്യങ്ങളുമായി കൂട്ടിമുട്ടുമ്പോൾ ഉണ്ടാകാവുന്ന പ്രതിസന്ധികളെ തരണം ചെയ്യാനുള്ള വെല്ലുവിളികൾ മലങ്കര കത്തോലിക്കാസഭയുടെ പുതിയ തലമുറകളിൽ പ്രത്യേകിച്ച് യുവജനങ്ങളിൽ നിഷിപ്തമായിരിക്കുന്നു. ഈ വെല്ലുവിളികൾ ഏറ്റെടുക്കുവാനുള്ള ആഹ്വാനം കൂടിയാണ് 'മലങ്കര' എന്ന വാക്കിലൂടെ നമുക്കു ലഭ്യമാകുന്നത്.

**കാത്തലിക്**

കാതോലികം എന്ന പദത്തിന് സമ്പൂർണ്ണതയനുസരിച്ചോ, സമഗ്രതയനുസരിച്ചോ സാർവ്വത്രിക എന്നാണർത്ഥം. ഈ രണ്ടർത്ഥത്തിലും സഭ കാതോലിക



www.malankaralibrary.com

മാണ്. നമ്മുടെ കർത്താവേശുമിശിഹ സഭയിൽ സന്നിഹിതനായിരിക്കുന്നതി നാൽ സഭ കാതോലികമാണ്. ക്രിസ്തുവിന്റെ രക്തത്താൽ വിലക്കുവാങ്ങപ്പെട്ട പുതിയ ജനമാണ് സഭ. ഈ പുതിയ ജനസമൂഹത്തിൽ ഉൾച്ചേരുന്നതിനുള്ള ആഹ്വാനം എല്ലാവർക്കുമുള്ളതാണ്. ദൈവത്തിന്റെ ഈ ആഹ്വാനം ലോകം മുഴുവനും വ്യാപിക്കേണ്ടതും അത് എല്ലാ യുഗങ്ങളിലും ഉണ്ടായിരിക്കേണ്ടതു മാണ്. മനുഷ്യവർഗ്ഗം മുഴുവനുമുള്ള ഒരു ദൗത്യവുമായി സഭ അയക്കപ്പെട്ടിരി ക്കുന്നതിനാൽ സഭ കാതോലികമാണ്.

കാതോലികമായ ഈ സഭ, സഭകളുടെ കൂട്ടായ്മയാണെന്ന സത്യം രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രഖ്യാപിച്ചു. അങ്ങനെ ഒരു സത്യം നമ്മുടെ സഭ യിൽ നിലനിൽക്കുമ്പോൾ ഒരു സഭ മറ്റൊരു സഭയുടെ ഭാഗമല്ല. ഈ സഭകൾ കൂട്ടായ്മയിലാണ്.

കാതോലികം എന്ന വാക്കിൽ നിന്നും സഭയുടെ രഹസ്യാത്മകതയും നാം മനസ്സിലാക്കണം. ദൈവികമായ രക്ഷാകര പദ്ധതിയുടെ ഭാഗമായിരിക്കുന്നതി നാലാണ് സഭ രഹസ്യം ആയിരിക്കുന്നുവെന്നു പറയുന്നത്. ദൈവിക രഹസ്യ ങ്ങൾ മനുഷ്യബുദ്ധി പൂർണ്ണമായി ഗ്രഹിക്കുന്നില്ല. അത് മനുഷ്യബുദ്ധിക്ക് അതീ തമാണ്. അത് മനുഷ്യബുദ്ധിക്ക് നിരക്കുന്നതല്ലെന്നർത്ഥമില്ല. അറിയുന്തോറും അത് നമ്മെ അതിശയിപ്പിക്കുന്നു. പഴയനിയമത്തിൽ ഒരു ജനം വിളിച്ചു വേർതി രിക്കപ്പെട്ടു. ദൈവം അവരുമായി ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു അതുപോലെ പുതിയനിയമത്തിൽ ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തിൽ ഒരു പുതിയ സമൂഹം - സഭ - ഉരുവാക്കപ്പെടുന്നു. യേശുവിന്റെ പെസഹാ രഹസ്യത്തിൽ ഉരുവാക്കപ്പെട്ടതിനാൽ അത് എന്നേക്കും നിലനിൽക്കുന്നതും സ്ഥായിയുമായ ഒരു ഉടമ്പടിയാണ്. ഇത് നിരന്തരം നയിക്കപ്പെടുന്നത് പരിശുദ്ധാത്മാവിലാണ്. പിതാവായ ദൈവത്താൽ സൃഷ്ടിക്കപ്പെടുകയും, തന്റെ ഏകജാതനായ ക്രിസ്തു വിൽ രക്ഷിക്കപ്പെടുകയും, പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുകയും ചെയ്യുന്ന സമൂഹമാണ് സാർവ്വത്രിക സഭ.

ഈ സഭ ലോകത്തിലേക്ക് അയക്കപ്പെട്ടിരിക്കുന്നത് ലോകത്തിന്റെ സുവി ശേഷവൽക്കരണം സ്ഥാപിക്കുകയെന്ന ദൗത്യമായിട്ടാണ്. അതിനാൽ സഭയുടെ ഈ ദൗത്യം വ്യക്തിപരമല്ല. അതുതികച്ചും സഭാത്മകമാണ്. അപ്പോൾ ഈ സഭയിലെ യുവതീയുവാക്കളായ നമുക്ക് ഒറ്റപ്പെട്ട ദൗത്യനിർവ്വഹണമല്ല നിർവ്വ ഹിക്കുവാനുള്ളത്; സഭയോടു ചേർന്നു നിന്നാണ് ആ ദൗത്യം നാം നിർവ്വഹി ക്കേണ്ടത്. നമ്മുടെ യുവജനങ്ങൾ ലോകത്തിന്റെ മദ്ധ്യത്തിൽ ഇടകലർന്നുജീ വിക്കുന്നവരാണ്. രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, തൊഴിൽ, സംസ്കാ രം, കല, ശാസ്ത്രം, മാദ്ധ്യമങ്ങൾ ഇങ്ങനെ യുവജനങ്ങൾ ഏർപ്പെടുന്ന മേഖല കൾ വിപുലവും,വ വിസ്തൃതവുമാണ്. ഈ എല്ലാ മേഖലകളിലും യുവജന ങ്ങൾക്ക് സുവിശേഷവൽക്കരണാശയങ്ങൾക്കനുസരിച്ചുള്ള സേവനങ്ങൾ നിർവ്വി ഹിക്കുവാൻ കഴിയും.



www.malankaralibrary.com

യുവത്വം

ഒരു മനുഷ്യായുസിലെ ഏറ്റവും ഊർജ്ജസ്വലമായ കാലഘട്ടമാണ് യൗവ്വനം. എല്ലാവർക്കും തങ്ങളുടെ യൗവ്വനം നഷ്ടപ്പെടാതെ യുവത്വത്തിലായിരിക്കുന്നതിലാണ് താൽപ്പര്യം. മുതിർന്ന തലമുറ പലപ്പോഴും അതിനുള്ള മിനുക്കുപണികളിലാണ്. യുവത്വം ആയിരിക്കുന്നതിൽ നിന്നും മറ്റു പലതിലേക്കുമുള്ള ഒരു പരിണാമത്തിന്റെ കാലഘട്ടമാണ്. ജീവിത പങ്കാളി, പിതാവ്, മാതാവ്, ഒരു കുടംബത്തിന്റെ നേതാവ് തുടങ്ങിയ പല ഉത്തരവാദിത്വങ്ങളിലേക്കും ഒരു വ്യക്തി കടന്നുവരുന്നത് തന്റെ യൗവ്വനത്തിലാണ്. ഈ പരിണാമത്തിലേക്ക് വരുമ്പോൾ യുവത്വം അതിനോടു പൊരുത്തപ്പെടാൻ പലപ്പോഴും ബുദ്ധിമുട്ടുന്നു. സ്വഭാവത്തിലും, മനോഭാവത്തിലും സമീപനങ്ങളിലും, മൂല്യ സങ്കല്പങ്ങളിലും പ്രകടമായ മാറ്റം നമുക്ക് ഈ കാലഘട്ടത്തിൽ കാണുവാൻ കഴിയും. വ്യത്യസ്തങ്ങളായ തയ്യാറെടുപ്പില്ലാതെ വിവിധ സംഗതികൾ യുവത്വം അഭിമുഖീകരിക്കുന്നു. ഉദാഹരണത്തിന് മാതാപിതാക്കളുടെ ഉത്തരവാദിത്വം വേണ്ടത്ര മനസ്സിലാക്കാതെ കുടുംബജീവിതത്തിലേക്കു കടന്നവരിക, വേണ്ടത്ര രാഷ്ട്രീയാവബോധമില്ലാതെ വോട്ടുചെയ്യേണ്ടിവരിക, ക്രമമായ ഒരു ജീവിത രീതിയില്ലാതെ അനിയന്ത്രിതമായി പണം കൈകളിൽ വന്നു ചേരുക. നിലവിലുള്ള വിദ്യാഭ്യാസ രീതികളോ, സമ്പ്രദായമോ ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമാകുന്നില്ല. യുവജനങ്ങളുടെ കഴിവിൽ അമിതമായ വിശ്വാസമുള്ള സമൂഹം ഈ കാര്യത്തിൽ അവർക്ക് പ്രത്യേക പരിഗണന കൊടുത്ത് സഹായിക്കുന്നില്ല. തങ്ങളുടെ പ്രത്യേകത എന്ന നിലയിൽ യുവജനങ്ങൾ ആരുടെയും ഉപദേശം കേൾക്കുവാൻ കൂട്ടാക്കുന്നുമില്ല. ബാല്യത്തിലും കൗമാരത്തിലും നേടിയ മൂല്യസങ്കല്പങ്ങളിൽ പ്രകടമായ മാറ്റം യൗവ്വനത്തിൽ സംഭവിക്കുന്നു. ഇതിനുള്ള കാരണങ്ങൾ പലതാണ്. തങ്ങളുടെ സമപ്രായക്കാരിൽ സ്വീകാര്യത ലഭിക്കുന്നതിനുള്ള പ്രഥമ പടിയാണീമാറ്റം. നിലവിലുള്ള പരമ്പരാഗത സങ്കല്പങ്ങളോടുള്ള എതിർപ്പ് മറ്റൊരു കാരണമാണ്.

യൗവ്വനം ഏറ്റവും ക്രിയാത്മകമായ ഒരു കാലഘട്ടമാണ്. ക്രിയാത്മകത ഒരു വ്യക്തിയുടെ താൽപ്പര്യം, കഴിവ്, അവസരലഭ്യത എന്നിവയെ ആശ്രയിച്ചിരിക്കും.

മലങ്കര കത്തോലിക്കാ യുവജനങ്ങളെ സംബന്ധിച്ച് സഭയ്ക്ക് അവരോട് ചില ഉത്തവാദിത്വങ്ങളുണ്ട്. യുവജനങ്ങൾക്ക് സഭയോട് ചില കടമകളും സഭ യുവജനങ്ങളെ അവരുടെ പ്രശ്നസങ്കീർണ്ണമായ കാലഘട്ടത്തിൽ അവർക്ക് ശരിയായ ദിശാവബോധം നൽകുന്നതിനുള്ള പരിശ്രമത്തിലാണ്. ശരിയും തെറ്റും വിവേചിച്ചറിയാൻ കഴിയാത്ത ഒരു ചുറ്റുപാടിൽ വിവേചന ശക്തിയിൽ വളരുവാൻ സഭ യുവജനങ്ങളെ സഹായിക്കുന്നു. സഭയുടെ ദൈനം ദിന



www.malankaralibrary.com

ജീവിതത്തിൽ നിരന്തരം ഉൾചേർന്നാണ് യുവജനങ്ങൾ തങ്ങളുടെ ഉത്തരവാദിത്വവും കടമയും നിർവ്വഹിക്കേണ്ടത്. അഴിമതിയിലും സ്വാർത്ഥതയിലും മുങ്ങിത്താഴുന്ന രാഷ്ട്രീയവ്യവസ്ഥിതിയും, സത്യത്തോട് പുറംതിരിഞ്ഞു നില്ക്കുന്ന മാദ്ധ്യമ സംസ്ക്കാരവും യുവധനങ്ങളെ വഴിതെറ്റക്കുന്നതിൽ വലിയ പങ്കാണു വഹിക്കുന്നത്. ഈ ജീർണ്ണിച്ച വ്യവസ്ഥിതിയിൽ സഭ യുവജനങ്ങളോടുചേർന്ന് വഴിയും സത്യവും ജീവനുമായ ക്രിസ്തുവിലേക്കുള്ള തീർത്ഥാടനത്തിലാണ്.

**മൂവ്മെന്റ്**

ഒരു സംഘടന എന്നതിലുപരി നമ്മുടെ യുവജനപ്രസ്ഥാനം ഒരു മൂവ്മെന്റ് ആണ്. മൂവ്മെന്റ് അതിനാൽ തന്നെ ചലനാത്മകമാണ്. ചില അടിസ്ഥാന ആശയങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്നതിലുപരി കാലികമായ പ്രശ്നങ്ങളോട് വസ്തുനിഷ്ഠമായ സമീപനങ്ങൾ സ്വീകരിക്കുകയും പ്രതികരിക്കുകയും പരിഹാരം കാണുകയോ, നിർദ്ദേശിക്കുകയോ ചെയ്യുന്നതാണ് നമ്മുടെ പ്രസ്ഥാനത്തിന്റെ സമീപനശൈലി. ചലനാത്മകമായ ഒരു താളം നമ്മുടെ യുവജനശുശ്രൂഷയുടെ എല്ലാ കർമ്മമേഖലകളിലും ഉണ്ട്. യുവജനങ്ങൾ ജീവന്റെ പ്രോൽസാഹകരും സംരക്ഷകരും ആയിരിക്കണം. അതുപോലെ അവർ സമൂഹത്തിൽ ചാലക ശക്തികളായിരിക്കണം.

മൂവ്മെന്റ് എന്നവാക്കിൽ നിന്നും നാം സ്വീകരിച്ചിരിക്കുന്ന മറ്റൊരാശയം വ്യക്തിപരമായ പ്രവർത്തന സാദ്ധ്യതകളേക്കാൾ സംഘാതമായ പ്രവർത്തനങ്ങൾക്ക് സാദ്ധ്യത ആരായുന്നുവെന്നുള്ളതാണ്. വ്യക്തിപരമായ പരിശ്രമങ്ങൾക്ക് പ്രാധാന്യം കുറിക്കുന്നുവെന്ന് ഇതിനർത്ഥമില്ല. എന്നാൽ സംഘാതമായ പ്രവർത്തനങ്ങൾക്കും അതുവഴിയായി നടക്കുന്ന സാമൂഹികാവബോധത്തിനും വളരെയേറെ പ്രാധാന്യമുണ്ട്. സ്വാർത്ഥത നിറയുന്ന ഒരു ലോകത്ത് സംഘാതമായ പ്രവർത്തനങ്ങൾക്കും, മുന്നേറ്റങ്ങൾക്കും യുവജനങ്ങൾ നേതൃത്വം കൊടുക്കേണ്ടതായിട്ടുണ്ട്. നമുക്കു ചുറ്റും തിന്മയുടെ ശക്തികൾ കൊടികളുയർത്തിനില്ക്കുമ്പോൾ അവിടെയൊക്കെ സുവിശേഷമൂല്യത്തിന്റെ സന്ദേശവാഹകരാകുവാൻ നമ്മുടെ യുവജനങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്തം അവർ നിറവേറ്റേണ്ടത് പൊതുമുതൽ നശിപ്പിച്ചും കൊന്നും കൊലവിളിച്ചുമല്ല. ചുറ്റുമുള്ള അനേകം യുവജനപ്രസ്ഥാനങ്ങളിൽ നിന്ന് എം.സി.വൈ.എം. നെ വേറിട്ടുനിർത്തുന്നതും ഇതാണ്.

**ഉപസംഹാരം**

മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തെ കൂടുതൽ അടുത്തറിയുവാനുള്ള പരിശ്രമമായിരുന്നു ഈ അദ്ധ്യായത്തിൽ നാം ചെയ്തത്. വിശ്വാസത്തിലും പാരമ്പര്യത്തിലും ആരാധനകളിൽ സജീവമായി പങ്കുചേർന്ന് സഭ



www.malankaralibrary.com

യുടെ കാലികമായ നിലപാടുകളോട് ചേർന്നുനിന്ന് യേശുക്രിസ്തു ഈ ലോകത്തുനു വച്ചുനീട്ടിയ രക്ഷയുടെ കരസ്പർശം വ്യാപകമായ മനുഷ്യസമൂഹത്തിനു നല്കാൻ നമ്മുടെ യുവജനങ്ങൾ ശക്തമായ മുന്നേറ്റങ്ങളാണ് നടത്തുന്നത്.

***ചർച്ചയ്ക്ക് :***

1. എം.സി.വൈ.എം.ന്റെ സവിശേഷമായ യുവജന ശുശ്രൂഷാദൗത്യം എന്താണെന്ന് ചർച്ചചെയ്യുക?
2. മറ്റു സംഘടനകളിൽ നിന്നും ഒരു സഭാ യുവജനപ്രസ്ഥാനമെന്ന നിലയിൽ എം.സി.വൈ.എം. എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
3. വിദേശനാടുകളിൽ നാം ഒരു മലങ്കര കത്തോലിക്കാ യുവാവോ യുവതിയോ ആയി രൂപീകരിക്കപ്പെടുന്നതിന്റെ സാംഗത്യം എന്ത്?

MALANKARA
LIBRARY



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (MCYM)
തിരുവനന്തപുരം മേജർ അതിരൂപത

www.malankaralibrary.com